# പൗരസ്ത്യ ഓർത്തഡോക്സ് സിറിയൻ സൺഡേസ്കൂൾ അസ്സോസിയേഷൻ

## ഗലീലി വിഭാഗം

### പാഠാവലി ആറ്

ശ്രേഷ്ഠാനുമതിയോടെ പ്രസിദ്ധീകരിക്കുന്നത്

സൺഡേസ്കൂൾ കേന്ദ്ര ഓഫീസ്
ദേവലോകം, കോട്ടയം-686 004
ossae.org, ossaebodhanam.org

**AN OSSAE PUBLICATION**

**Sunday School Padavali-VI**

First Edition : November 2013

Sixth Edition : November 2022

Copies: 5,000

Price ₹ 70.00

Printed at Alois Graphics, Kottayam. Mob: 94470 69847

# പ്രവേശിക

നമ്മുടെ സഭയുടെ ആത്മീയ-ആരാധനാ പാരമ്പര്യത്തിൽ ഏറ്റവും പ്രാധാന്യം ഉള്ള ഒന്നാണ് തിരുവചന പഠനം. ശിശുക്കളെ എന്റെ അടുക്കൽ വരുവാൻ വിടുവിൻ, അവരെ തടയരുത്. ദൈവരാജ്യം ഇങ്ങനെയുള്ളവരുടേതല്ലോ എന്ന ദൈവവചനം അവരോടുള്ള തമ്പുരാന്റെ ആർദ്രമായ കരുതലിനെ പ്രതിഫലിപ്പിക്കുന്നതും കുഞ്ഞുങ്ങളുടെ ശ്രേഷ്ഠതയെ വെളിപ്പെടുത്തുന്നതുമാണ്. ബാല്യം മുതലേ ഹൃദയത്തിൽ ദൈവത്തെ അറിഞ്ഞ് വളരുക എന്നത് ക്രൈസ്തവ ജീവിതത്തിന്റെ ഉദാത്തമായ അനുഭവമാണ്. ആത്മീയജീവിതത്തിന്റെ പാഠങ്ങൾ പരിശീലിപ്പിച്ച് ഉറപ്പിച്ച് വളരുന്ന ഒരു ജീവിതശൈലി ഉണ്ടാകണം, കാരണം നമ്മുടെ ജീവിതം അർത്ഥപൂർണ്ണമാകുവാൻ ശക്തമായ ഒരു ആത്മീയ അടിത്തറ ആവശ്യമാണ്. അതുകൊണ്ട് കുഞ്ഞുങ്ങളെ ക്രൈസ്തവ സാക്ഷ്യത്തിൽ പരിശീലിപ്പിക്കുക എന്നത് ക്രൈസ്തവ ദൗത്യവും ദൈവസന്നിധിയിലുള്ള വലിയ ഉത്തരവാദിത്വവുമാണ്. ദൈവാനുഭവത്തിലേക്ക് നയിക്കുന്ന തിരുവചനജ്ഞാനവും, അതിന്റെ സൗന്ദര്യം അനുഭവിച്ച വിശുദ്ധരുടെ ജീവിതവും, അതിന് നന്ദി കരേറ്റുന്ന ആരാധനയുടെ മഹത്വവും, ഇവയുടെ നിറവിലും സ്വത്വബോധത്തിലും നിർവ്വഹിക്കേണ്ട സമൂഹത്തോടുള്ള ഉത്തരവാദിത്വവും നമ്മുടെ കുഞ്ഞുങ്ങൾക്ക് പകർന്നു കൊടുക്കുന്ന പാവനമായ ശുശ്രൂഷയാണ് സൺഡേസ്കൂൾ വിദ്യാഭ്യാസം. നമ്മുടെ കുഞ്ഞുങ്ങൾക്ക് നമ്മൾ നൽകേണ്ട ഏറ്റവും വലിയ സമ്മാനം തലമുറകളായി നമ്മൾക്ക് പകർന്നു കിട്ടിയ ശക്തമായ സത്യവിശ്വാസമാണ്.

സൺഡേസ്കൂൾ വിദ്യാഭ്യാസം സെക്കുലർ വിദ്യാഭ്യാസത്തിന്റെ മാനദണ്ഡങ്ങളിൽകൂടി വിലയിരുത്തപ്പെടേണ്ടതല്ല. ജീവിതകാലം മുഴുവൻ നീളുന്ന, അദ്ധ്യാപകരും വിദ്യാർത്ഥികളും ഒരുമിച്ച് നടത്തുന്ന, ദൈവാന്വേഷണമാണത്. പഠിപ്പിക്കുന്നവർക്കും പഠിക്കുന്നവർക്കും ദൈവാത്മാവിന്റെ പ്രോജ്വലനം ലഭിക്കുമ്പോഴാണ് സൺഡേസ്കൂൾ പഠനം പ്രയോജനകരമാകുന്നത്. കാലങ്ങൾക്കു മുമ്പേ ലഭിച്ച ദൈവീക വെളിപ്പാടുകളുടെ കാലാതീതമായ മഹത്വം തിരിച്ചറിഞ്ഞ്, കാലാനുസൃതമായി വ്യാഖ്യാനിച്ചു കൊടുക്കുക എന്നതാണ് സൺഡേസ്കൂൾ വിദ്യാഭ്യാസത്തിന്റെ ഉദ്ദേശ്യം. സൺഡേസ്കൂൾ വിദ്യാഭ്യാസം തിരുവചനത്തിൽ കാണുന്ന മാതൃകയിൽ നിവർത്തിക്കപ്പെടേണ്ടതാണ്. ദൈവഹിതത്തെ ജനത്തെ അറിയിക്കുവാൻ തക്കവണ്ണം പ്രവാചകന്മാരെ കാലാകാലങ്ങളിൽ ദൈവം നിയോഗിച്ചിട്ടുണ്ട്. ആ നിയോഗം തന്നെയാണ് സൺഡേസ്കൂൾ അദ്ധ്യാപകരും നിർവ്വഹിക്കുന്നത്. അദ്ധ്യാപകരോടൊപ്പം മാതാപിതാക്കളും ഈ നിയോഗത്തിലും പഠനപ്രക്രിയയിലും പങ്കുചേരുമ്പോൾ ആണ് സൺഡേസ്കൂൾ പഠനം അർത്ഥവത്താകുന്നത്. ക്ലാസ്സുകളിൽ കുഞ്ഞുങ്ങൾ പഠിക്കുന്ന നല്ല മൂല്യങ്ങൾ കുടുംബത്തിൽ പരിശീലിക്കുമ്പോഴാണ് അത് അവർക്ക് പ്രയോജനകരമായി തീരുന്നത്. ദൈവകല്പനകളെ നിങ്ങളുടെ മക്കളെ പഠിപ്പിക്കണമെന്ന് മോശ യിസ്രായേൽ മക്കളോട് പറയുന്നുണ്ട്. നീ അവയെ നിന്റെ മക്കൾക്കു ഉപദേശിച്ചു കൊടുക്കുകയും നീ വീട്ടിൽ ഇരിക്കുമ്പോഴും വഴി നടക്കുമ്പോഴും കിടക്കുമ്പോഴും എഴുന്നേല്ക്കുമ്പോഴും അവയെക്കുറിച്ചു സംസാരിക്കുകയും വേണം (ആവ. 6:7).

സമൂഹത്തിൽ സംഭവിക്കുന്ന മാറ്റങ്ങളോട് ക്രിസ്തീയമായ ഒരു അവബോധത്തോടെ പ്രതികരിക്കുന്ന ഒരു തലമുറ രൂപപ്പെടേണ്ടത് ആവശ്യമാണ്. സംഘർഷഭരിതമാകുന്ന ഒരു ലോകത്തിൽ ക്ഷമയുടെയും സ്നേഹത്തിന്റെയും മാതൃകകളെ പകരുവാൻ കഴിവുള്ളവരായി നമ്മുടെ പുതുതലമുറ വളർന്നു വളരണം. എങ്കിൽ മാത്രമേ യേശുക്രിസ്തു കൈയ്യിലെടുത്ത് അനുഗ്രഹിച്ച ശിശുക്കളുടെ ഭാഗ്യത്തിലേക്ക് നമ്മുടെ കുഞ്ഞുങ്ങളും കടന്നുവരികയുള്ളൂ. ആ സാക്ഷ്യമാണ് സമൂഹത്തിന്റെ നന്മയിലേക്കുള്ള രൂപാന്തരത്തിനും സ്വർക്ഷരാജ്യാനുഭവത്തിലേക്കുള്ള വളർച്ചയ്ക്കുമായി സഭ നിർവ്വഹിക്കേണ്ട ആഗോള ദൗത്യം.

തിരുവചനവും സഭയുടെ പാരമ്പര്യങ്ങളും ആചാരങ്ങളും ഫലപ്രദമായി പകർന്നുകൊടുക്കത്തക്കവിധം നമ്മുടെ സൺഡേസ്കൂൾ പഠനപദ്ധതി ക്രിയാത്മകമായ പരിഷ്കരണങ്ങളോടെ മുമ്പോട്ടു പോകുകയാണ്. പാഠപുസ്തകങ്ങളുടെ ഉള്ളടക്കത്തിലും അദ്ധ്യാപന രീതിയിലും ഈ വ്യത്യാസങ്ങൾ പ്രകടമാണ്. ഓൺലൈൻ റിസോഴ്സുകൾ പഠനപ്രക്രിയയിൽ വലിയ സഹായം ആയി മാറിയിട്ടുണ്ട്. പുതിയ സാദ്ധ്യതകളെ പൂർണ്ണമായി പ്രയോജനപ്പെടുത്തി സൺഡേസ്കൂൾ വിദ്യാഭ്യാസം സന്തോഷകരമാക്കുവാനും അതിലൂടെ നമ്മുടെ കുഞ്ഞുങ്ങളുടെ ധാർമ്മികവും ആത്മീയവുമായ മൂല്യബോധത്തെ ഉയർത്തുവാനും സാധിക്കട്ടെ.

**അലക്സിയോസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്താ**
പ്രസിഡന്റ്, OSSAE

# ആമുഖം

യേശുക്രിസ്തു ഏക കർത്താവും രക്ഷകനും ദൈവവുമാകുന്നു എന്ന ബോധ്യം കുഞ്ഞുങ്ങളുടെ ഹൃദയത്തിൽ ഉറപ്പിക്കുകയെന്നതാണ് OSSAE യുടെ ബോധന ലക്ഷ്യം. എല്ലാ ക്ലാസ്സുകളിലും പ്രസ്തുത വിശ്വാസസത്യം ആവർത്തിക്കപ്പെടണം. വേദപുസ്തകവും ആരാധനയും, സഭാചരിത്രവും മഹത്വ്യക്തികളെക്കുറിച്ചുള്ള പഠനവും പ്രസ്തുത ലക്ഷ്യത്തിന്റെ പശ്ചാത്തലത്തിൽ നിർവ്വഹിക്കപ്പെടുവാൻ അദ്ധ്യാപകരും മാതാപിതാക്കളും ശ്രദ്ധിക്കണം. കുഞ്ഞുങ്ങളുടെ ഭാവി ജീവിതം കരുപിടിപ്പിക്കുന്നതിലും ജീവിത പങ്കാളിയെ തെരഞ്ഞെടുക്കുന്നതിലും 'യേശുക്രിസ്തു എന്റെ ദൈവമാകുന്നു' എന്ന ബോധ്യം ഉണ്ടാകണം. ത്രിയേക ദൈവത്തിൽ വിശ്വസിക്കുവാനും നമ്മുടെ കർത്താവും രക്ഷകനുമായ യേശുക്രിസ്തുവിന്റെ മനുഷ്യാവതാര മഹാസംഭവത്തിൽ വിശുദ്ധ സഭയുടെ അംഗമെന്ന നിലയിൽ പങ്കാളികളായി ദൈവരാജ്യ മഹത്വത്തിനായി ജീവിക്കുവാനും സൺഡേസ്കൂൾ പഠനം പ്രചോദനമാകണം.

'നിലവിൽ എന്താണ് എന്നതിനെക്കാൾ പ്രധാനമാണ് ഇനിയും എന്തൊക്കെയാകാം എന്നത്. പഠനം കഴിവതും വിദ്യാർത്ഥി കേന്ദ്രീകൃതമാക്കണം. അദ്ധ്യാപകർ ആജ്ഞാപിക്കുന്ന സ്ഥിരശൈലി മാറ്റി സഹായിയുടെയും സംരക്ഷകന്റേയും സംയുക്തശൈലിയിലേയ്ക്ക് മാറണം. പരമസത്യമായ ദൈവത്തെ അറിയുവാനും അനുഭവമാക്കുവാനും അതുപ്രകാരമുള്ള ജീവിതം നയിക്കുവാനുമുള്ള മാർഗ്ഗദർശനമാണ് ഇന്നിന്റെ ഗുരുധർമ്മം. 'വളർച്ച' അദ്ധ്യാപകനും വിദ്യാർത്ഥിക്കും ഒരുപോലെ സംജാതമാകണം. കഠോപനിഷത്തിന്റെ ശാന്തിപാഠം അധ്യയനത്തിന്റെ ഈ ആത്യന്തിക ലക്ഷ്യം വിവരിക്കുന്നു. "സഹനൗ അവതു; സഹനൗ ഭുനക്തു; സഹവീര്യം കരവാവഹേ; തേജസ്വിനൗ അധീതമസ്തു; [നമ്മെ (ഗുരുവിനെയും ശിഷ്യനെയും) ഒരുമിച്ച് (ദൈവം) അനുഗ്രഹിക്കട്ടെ. നാം രണ്ടുപേരും ഒരുമിച്ച് ഭുജിക്കട്ടെ. നാം രണ്ടുപേരും പരസ്പരം ശക്തിപകരട്ടെ. നാം അധ്യയനം ചെയ്ത് തേജസ്സ് ഉറ്റതാവട്ടെ.] ഭാരതത്തിന്റെ തദ്ദേശീയ ക്രൈസ്തവ സഭയായ മലങ്കരസഭ അതിന്റെ വളർന്നു വരുന്ന തലമുറയ്ക്ക് ദേശസ്നേഹവും സ്വത്വബോധവും പകർന്ന് നല്കണം.

മാതാപിതാക്കൾക്ക് കുഞ്ഞുങ്ങളെ ദൈവീകരായി വളർത്തുകയെന്ന സുവിശേഷ ദൗത്യത്തിൽ വലുതായ ഉത്തരവാദിത്വം ഉണ്ട്. പരീക്ഷയ്ക്ക് ആണ്ടിൽ ഒരിക്കൽ കുട്ടികളെ പരിശീലിപ്പിക്കുന്ന പതിവിനു പകരം ആഴ്ചയിൽ അല്പസമയമെങ്കിലും ക്രമമായി വേദപഠനത്തിന് സമയം കണ്ടെത്തണം. സ്വർണ്ണനാവുകാരനായ മാർ ഈവാനിയോസ് പ്രബോധിപ്പിക്കുന്നതുപോലെ ഭവനത്തിലെ സഭ (Home Church) ആണ് വേദപഠനത്തിന്റെ ഈറ്റില്ലം. മാതാപിതാക്കളാണ് കുഞ്ഞുങ്ങളെ സ്വാധീനിക്കുവാൻ ഏറ്റവും കഴിവുള്ള അദ്ധ്യാപകർ. ബാലപാഠം മുതൽ 12-ാം ക്ലാസ്സുവരെയുള്ള പാഠങ്ങൾ Video Class-കളായി ossaebodhanam.org എന്ന Website-ൽ ലഭ്യമാണ്. സൺഡേസ്കൂളിൽ അദ്ധ്യാപകർ നല്കുന്ന ക്ലാസ്സുകളോടൊപ്പം Online ക്ലാസ്സുകൾ കുഞ്ഞുങ്ങളെ പഠിപ്പിക്കുവാൻ മാതാപിതാക്കൾ ശ്രമിക്കണം. പരീക്ഷയിലെ ഉന്നത വിജയം മാത്രമല്ല ലക്ഷ്യം; കുഞ്ഞുങ്ങൾ ദൈവീകരാകുകയെന്നതാണ് പരമമായ ലക്ഷ്യം. ചെറുതായിരിക്കുന്നതു മാത്രമല്ല, വലുതാകാൻ ശ്രമിക്കാത്തതാണ് ആത്മീയ അപചയത്തിനു കാരണം! നന്മ നിറഞ്ഞതും ദൈവരാജ്യ മഹത്വത്തിന് അനുയോജ്യവുമായ ചിന്താധാരകൾ നമ്മുടെ മനസ്സുകളിൽ നിറയട്ടെ; വരും തലമുറയിലേക്ക് അവ അനസ്യൂതം പ്രവഹിക്കട്ടെ!

ദേവലോകം
26-02-2020

**ഫാ. ഡോ. വർഗീസ് വർഗീസ്**
*ഡയറക്ടർ ജനറൽ*

## ഉള്ളടക്കം


**യൂണിറ്റ് 1: വിശുദ്ധ വേദപുസ്തക സംഭവങ്ങൾ**

പാഠം 1: വിശുദ്ധ കുർബ്ബാന സ്ഥാപനം ........ 7
പാഠം 2: ഗത്സമന പ്രാർത്ഥന ........ 11
പാഠം 3: കർത്താവിന്റെ വിസ്താരം ........ 14
പാഠം 4: കർത്താവിന്റെ ക്രൂശുമരണം ........ 18
പാഠം 5: ഉയിർത്തെഴുന്നേൽപ്പ് ........ 22
പാഠം 6: പത്തു കൽപ്പനകൾ ........ 26
പാഠം 7: മരുഭൂയാത്രയും ആരാധനാജീവിതവും ........ 30
പാഠം 8: മോശെയുടെ പിൻഗാമി - യോശുവ ........ 35
പാഠം 9: യെറീഹോ മതിൽ വീഴുന്നു ........ 39
പാഠം 10: കനാൻ ദേശത്തിന്റെ വിഭജനം ........ 43

**യൂണിറ്റ് 2: പ്രാർത്ഥന**

പാഠം 11: 51-ാം സങ്കീർത്തനം ........ 47
പാഠം 12: 91-ാം സങ്കീർത്തനം ........ 50
പാഠം 13: 121-ാം സങ്കീർത്തനം ........ 53

**യൂണിറ്റ് 3: ആരാധനാഗീതങ്ങൾ**

പാഠം 14: യെശയ്യാ പ്രവാചകന്റെ ദർശനം ........ 56
പാഠം 15: ദൈവമക്കളാകുവാൻ ........ 59

**യൂണിറ്റ് 4: എന്റെ സഭ**

പാഠം 16: സഭയും സമൂഹവും ആദിമ നൂറ്റാണ്ടിൽ ........ 62
പാഠം 17: മാർത്തോമ്മാശ്ലീഹാ സ്ഥാപിച്ച പള്ളികൾ ........ 65

**യൂണിറ്റ് 5: വിശുദ്ധ കുർബ്ബാന**

പാഠം 18: വിശുദ്ധ കുർബ്ബാന — നിത്യാരാധനയുടെ തുടർച്ച ........ 68
പാഠം 19: വേദവായനകൾ വിശുദ്ധ കുർബ്ബാനയിൽ ........ 72

**യൂണിറ്റ് 6: വിശ്വാസസത്യങ്ങൾ**
പാഠം 20: ആത്മീയ വളർച്ചയ്ക്ക് കൂദാശകളുടെ പങ്ക് ....... 76
പാഠം 21: പരിശുദ്ധാത്മനൽവരവും ആത്മീയ വളർച്ചയും ....... 81

**യൂണിറ്റ് 7: മഹദ്വ്യക്തിപരിചയം**
പാഠം 22: വിശുദ്ധ അന്തോണിയോസ് ....... 84
പാഠം 23: വിശുദ്ധ പക്കോമിയോസ് ....... 87

**യൂണിറ്റ് 8: നല്ല ശീലങ്ങൾ**
പാഠം 24: ത്യാഗം - പരമോന്നതഗുണം ....... 89
പാഠം 25: നിയമത്തോടുള്ള ആദരവ് ....... 93

---

## പാഠങ്ങൾ തയ്യാറാക്കിയവർ

ഫാ. ഡോ. ഒ. തോമസ്
ഫാ. കെ. വി. തോമസ്
ഫാ. ഡോ. റജി മാത്യു
ഫാ. യൂഹാനോൻ ജോൺ
ഫാ. പി. വി. ജോൺ
ഫാ. തോമസ് വറുഗീസ്
പ്രൊഫ. വറുഗീസ് മാത്യു
പ്രൊഫ. ഡോ. ചെറിയാൻ തോമസ്
ഡോ. ഐപ്പ് വറുഗീസ്

## അർദ്ധവാർഷിക പരീക്ഷയ്ക്കുമുമ്പ് പഠിക്കേണ്ട പാഠങ്ങൾ

അദ്ധ്യായങ്ങൾ
1, 2, 3, 4, 5, 11, 12, 14, 16, 18, 20, 22, 24

യൂണിറ്റ് 1

# വിശുദ്ധ വേദപുസ്തക സംഭവങ്ങൾ

പാഠം 1

## വിശുദ്ധ കുർബ്ബാന സ്ഥാപനം

(വി. ലൂക്കോസ് 22:7–30)

**മുഖ്യസന്ദേശം:** മനുഷ്യാവതാരം ചെയ്ത നമ്മുടെ കർത്താവായ യേശുക്രിസ്തു, ക്രൂശുമരണത്തിനു മുൻപായി സെഹിയോൻ മാളികയിൽ വച്ച് തന്റെ തിരുശരീരരക്തങ്ങൾ ശിഷ്യർക്ക് നൽകി, വിശുദ്ധ കുർബ്ബാന സ്ഥാപിച്ചു. വിശുദ്ധ കുർബ്ബാന സംസർഗ്ഗത്തിലൂടെ ക്രിസ്തുകേന്ദ്രീകൃമായി അനുദിനം നാം ജീവിക്കണം.

**മനഃപാഠവാക്യം:** "അങ്ങനെ നിങ്ങൾ ഈ അപ്പം തിന്നുകയും പാനപാത്രം കുടിക്കുകയും ചെയ്യുമ്പോഴൊക്കേയും കർത്താവു വരുവോളം അവന്റെ മരണത്തെ പ്രസ്താവിക്കുന്നു" (1 കൊരിന്ത്യർ 11:26).

ആമേൻ, ആമേൻ ഞാൻ നിങ്ങളോടു പറയുന്നു: നിങ്ങൾ മനുഷ്യപുത്രന്റെ മാംസം തിന്നാതെയും അവന്റ രക്തം കുടിക്കാതെയും ഇരുന്നാൽ നിങ്ങൾക്ക് ഉള്ളിൽ ജീവൻ ഇല്ല (വി. യോഹന്നാൻ 6:53).

**പഠനസഹായികൾ**: അന്ത്യ അത്താഴത്തിന്റെ ചിത്രം, വി. കുർബ്ബാനക്രമം, ത്രോണോസിന്റെ ചിത്രം.

### ആമുഖം

നമ്മുടെ കർത്താവും രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ പരസ്യശുശ്രൂഷാകാലത്തെ സുപ്രധാനമായ ഒരു സംഭവമാണ് പെസഹാപെരുന്നാളിലെ അന്ത്യഅത്താഴം. ലിയനാർഡോ ഡാവിഞ്ചി വരച്ച അന്ത്യഅത്താഴത്തിന്റെ (ഘമരേ ടൗുുലൃ) ചിത്രം മിക്ക വീടുകളിലും നിങ്ങൾ കണ്ടിരിക്കുമല്ലോ. യേശുവിനെ യൂദാ കാണിച്ചു കൊടുത്ത ആ രാത്രിയിൽ കർത്താവ് നമുക്കു വേണ്ടി വി. കുർബ്ബാന സ്ഥാപിച്ചു. അതിലൂടെ തന്റെ ശരീരവും രക്തവും നമുക്കായി നൽകി. തുടർന്ന് ശിഷ്യന്മാരുടെ കാലുകൾ കഴുകി വിനയത്തിന്റെ അതിശ്രേഷ്ഠമായ ഒരു മാതൃകയും നമുക്കു കാട്ടിത്തന്നു.

യേശുക്രിസ്തുവിന്റെ മനുഷ്യാവതാരത്തിന്റെ ലക്ഷ്യമെന്തായിരുന്നു? പാപികളെ വീണ്ടെടുക്കുക. പാപത്തിൽ വീണു നശിച്ച മനുഷ്യവർഗ്ഗത്തിനുവേണ്ടി പാപപരിഹാര ബലിയായിത്തീരുവാൻ ദൈവം തന്റെ ഏകപുത്രനെ ഭൂമിയിലേക്കയച്ചു. യേശു ദാവീദ് വംശത്തിൽ കന്യക മറിയാമിന്റെ മകനായി ജനിച്ചു. മുപ്പതാം വയസ്സിൽ യോഹന്നാൻ സ്നാപകനിൽനിന്ന് മാമോദീസ സ്വീകരിച്ചു. മൂന്നര വർഷക്കാലം പരസ്യശുശ്രൂഷ നിർവ്വഹിച്ചു. അതിന്റെ പൂർത്തീകരണത്തിലേക്ക് ഇനി പ്രവേശിക്കുകയാണ്. ക്രൂശുമരണത്തിനു മുൻപായി തന്റെ തിരുശരീര രക്തങ്ങൾ നമുക്കായി നൽകുന്ന ധന്യമുഹൂർത്തമാണ് മർക്കോസിന്റെ മാളികയിലെ വി. കുർബ്ബാന സ്ഥാപനം. തുടർന്ന് എളിമയുടെ വലിയ പാഠം പഠിപ്പിക്കുവാനായി ഒരു ദാസനെപ്പോലെ തന്റെ ശിഷ്യരുടെ പാദങ്ങൾ കഴുകി. സുപ്രധാനമായ ഈ കാര്യങ്ങളാണ് നമ്മുടെ പഠനവിഷയം.

## പാഠഭാഗം

നിങ്ങൾ ആദ്യമായി വി. കുർബ്ബാന സ്വീകരിച്ചതിനെക്കുറിച്ച് ഓർമ്മയുണ്ടോ? മാതാപിതാക്കൾ നിങ്ങളെ കൈയിലേന്തി പള്ളിയിൽ കൊണ്ടുപോയി, വി. മാമോദീസ എന്ന ആദ്യ കൂദാശയിലൂടെ നാം ക്രിസ്തീയ സഭയുടെ അംഗങ്ങളായി. അതോടൊപ്പം വി. കുർബ്ബാനയും നമുക്ക് ലഭിച്ചു. തുടർന്ന് എത്രയോ ഞായറാഴ്ചകളിൽ വി. കുർബ്ബാനയിൽ പങ്കാളികളായി. നമ്മുടെ സഭ ഏറ്റവും പ്രാധാന്യം നൽകുന്ന ഈ കൂദാശ ആര് എപ്പോൾ സ്ഥാപിച്ചു എന്നറിയാമോ?

നമ്മുടെ കർത്താവിന്റെ പരസ്യശുശ്രൂഷയുടെ അവസാനഘട്ടം. യിസ്രായേലിന്റെ പ്രധാന പെരുന്നാളായ പെസഹാ സമാഗതമായി. ഈജിപ്തിലെ അടിമത്വത്തിൽനിന്നും വിമോചിക്കപ്പെട്ടതിന്റെ അനുസ്മരണമായ പുളിപ്പില്ലാത്ത അപ്പത്തിന്റെ പെരുന്നാൾ മോശയുടെ കാലം മുതൽ അനുഷ്ഠിക്കുന്നു. യഹൂദപാരമ്പര്യപ്രകാരം പെസഹാ ഒരുക്കുവാൻ കർത്താവ് രണ്ട് ശിഷ്യന്മാരെ അയച്ചു. അവർ യെരുശലേമിലെത്തി. വിരിച്ചൊരുക്കിയ ഒരു വൻമാളിക അവർക്ക് ലഭിച്ചു. മർക്കോസിന്റെ മാളികയെന്നാണ് പാരമ്പര്യം. സെഹിയോൻ മാളികയെന്നും അറിയപ്പെടുന്നു. അവിടെ യഹൂദ പാരമ്പര്യമനുസരിച്ച് ശിഷ്യന്മാർ പെസഹാ ഒരുക്കി.

സന്ധ്യയായപ്പോൾ, കർത്താവും പന്ത്രണ്ടു ശിഷ്യന്മാരും പെസഹാ ഭക്ഷിക്കുവാനിരുന്നു. ഭക്ഷണത്തിനിടയിൽ ഒരു മുന്നറിയിപ്പു നൽകി - 'നിങ്ങളിൽ ഒരുവൻ എന്നെ ഒറ്റിക്കൊടുക്കും.' ഇതുകേട്ട് അവർ ദുഃഖിച്ചു. പകച്ചുപോയ അവർ വഞ്ചകനാരെന്നറിയാതെ പരസ്പരം നോക്കി. താലത്തിൽ തന്നോടൊപ്പം കൈ മുക്കുന്നവൻ എന്ന് കർത്താവ് വ്യക്തമാക്കി. വഞ്ചകനായ ഇസ്ക്കരിയോത്ത യൂദായ്ക്ക് അവന്റെ ദുഷ്കൃത്യത്തിന്റെ ഉത്തരവാദിത്വത്തിൽനിന്ന് ഒഴിഞ്ഞുമാറുവാൻ കഴിയില്ലെന്ന് കർത്താവ് ഓർമ്മിപ്പിച്ചു. നമ്മുടെ ഓരോ പ്രവൃത്തിക്കും നാം മറുപടി പറയേണ്ടിവരുമെന്ന് എപ്പോഴും ഓർക്കണം.

പെസഹാ ഭക്ഷണത്തിനുശേഷം കർത്താവ് അപ്പമെടുത്ത് വാഴ്ത്തി നുറുക്കി അവർക്കു കൊടുത്തു. വാങ്ങി ഭക്ഷിപ്പിൻ ഇതെന്റെ ശരീരം എന്നു പറഞ്ഞു. തുടർന്ന് പാനപാത്രം എടുത്ത് സ്തോത്രം ചെയ്ത് അവർക്കു കൊടുത്തു - ഇത് അനേകർക്കുവേണ്ടി ചൊരിയുന്ന പുതിയനിയമത്തിനുള്ള എന്റെ രക്തം. 'എന്റെ ഓർമ്മയ്ക്കായി ഇതു ചെയ്യുവിൻ' എന്ന കല്പനയും കർത്താവ് നൽകി. അപ്പത്തെ സ്വന്തം ശരീരമായും രക്തത്തെ പുതിയ ഉടമ്പടിയുടെ അടയാളമായും യേശു നൽകി. താൻ തന്നെ പുതിയ പെസഹാ കുഞ്ഞാടാണെന്ന് പഠിപ്പിച്ചു. സെഹിയോൻ മാളികയിൽ കർത്താവ് സമാരംഭിച്ച ഈ കൂദാശ കാൽവറിയിലെ ക്രൂശുമരണത്തോടെ പൂർത്തീകരിക്കപ്പെട്ടു. ഇന്ന് നമ്മൾ അർപ്പിച്ചുവരുന്ന വിശുദ്ധ കുർബ്ബാന സെഹിയോൻ മാളികയിൽ കർത്താവ് സ്ഥാപിച്ചതും ഗോൽഗോഥായിൽ പൂർത്തീകരിച്ചതുമായ ബലിതന്നെയാണ്. ഇവിടെവച്ച് കർത്താവ് ശിഷ്യന്മാരുടെ കാലുകൾ കഴുകി. തങ്ങളുടെ ഇടയിൽ വലിയവൻ ആരെന്ന തർക്കത്തിന് കർത്താവ് നൽകിയ മറുപടിയാണ് ഈ ശ്രേഷ്ഠ കർമ്മം.

ഇന്നേ ദിവസം ദൈവതനൂജൻ
ശോശപ്പാ തന്നരയിൽ ചുറ്റി
ദാസന്മാർതൻ - പാദം കഴുകി
തോർത്തി പാരം വിമലത നൽകി
മേശയ്ക്കവരെ പന്തിയിരുത്തി

പെസഹാ വ്യാഴാഴ്ച ഉച്ചകഴിഞ്ഞു നടത്തുന്ന കാൽകഴുകൽ ശുശ്രൂഷയിൽ നിങ്ങൾ പങ്കെടുത്തിട്ടുണ്ടോ? സഭയിലെ ഒരു മേൽപ്പട്ടക്കാരൻ കർത്താവു ചെയ്തതുപോലെ പന്ത്രണ്ടു പേരുടെ കാലുകൾ കഴുകുന്ന നിമിഷങ്ങൾ ഹൃദയസ്പർശിയാണ്. നമ്മിൽ ശ്രേഷ്ഠരാകുവാൻ ആഗ്രഹിക്കുന്നവർ എളിയവരെ ശുശ്രൂഷിക്കണമെന്ന വലിയ പാഠമാണ് ശിഷ്യരുടെ കാലുകൾ കഴുകിയതിലൂടെ കർത്താവ് പഠിപ്പിച്ചത്.

കുർബ്ബാന എന്ന പദം 'കുർബോനോ' എന്ന സുറിയാനി പദത്തിൽ നിന്നുത്ഭവിച്ചതാണ്. കാഴ്ച, വഴിപാട്, സമർപ്പണം, യാഗം, ബലി എന്നെല്ലാമാണ് അതിന്റെ അർത്ഥം. കർത്താവ് സെഹിയോൻ മാളികയിൽ വച്ച് വി. കുർബ്ബാന സ്ഥാപിക്കുന്നതിനു മുൻപുതന്നെ അതിന്റെ ലക്ഷ്യവും പ്രാധാന്യവും ശിഷ്യന്മാരെ പഠിപ്പിച്ചിരുന്നു (വി. യോഹന്നാൻ 5, 6 അദ്ധ്യായങ്ങൾ). അതിനാൽ നമ്മുടെ സഭ വി. കുർബ്ബാന അർപ്പണത്തിനും സ്വീകരണത്തിനും വലിയ പ്രാധാന്യമാണ് നൽകിയിരിക്കുന്നത്. 'കൂദാശകളുടെ കൂദാശ', 'അമർത്യയുടെ ഔഷധം', 'ജീവനുള്ള ബലി' ഇങ്ങനെ പല വിശേഷണങ്ങളാണ് വി. കുർബ്ബാനയ്ക്ക് പിതാക്കന്മാർ നൽകിയിരിക്കുന്നത്. അന്ത്യോക്യയിലെ വി. ഇഗ്നാത്തിയോസ് വിശുദ്ധ കുർബ്ബാനയെ 'അമർത്യതയുടെ ഔഷധം' എന്നാണ് വിശേഷിപ്പിച്ചത്. വിശ്വസിച്ച് ഭക്തിപൂർവ്വം സംബന്ധിക്കുന്നവർക്കു മാത്രമേ വി. കുർബ്ബാനയെന്ന രഹസ്യം അനുഭവവേദ്യമാകൂ. പരിശുദ്ധ പൗലോസ് ശ്ലീഹാ പറയുന്നപ്രകാരം 'അങ്ങനെ നിങ്ങൾ ഈ അപ്പം തിന്നുകയും പാനപാത്രം കുടിക്കയും ചെയ്യുമ്പോഴൊക്കെയും കർത്താവ് വരുവോളം അവന്റെ മരണത്തെ പ്രസ്താവിക്കുന്നു (1 കൊരിന്ത്യർ 11:26). അനുഗ്രഹങ്ങളും, സമാധാനവും, ബലിയും സ്തോത്രവുമായ വി. കുർബ്ബാനയിൽ ഒരുക്കത്തോടെ പങ്കെടുക്കുവാൻ ശ്രദ്ധിക്കണം.

## നമുക്ക് പാടാം

രക്ഷകനുര ചെയ്താൻ എൻ മെയ് രക്തങ്ങൾ
കൈക്കൊള്ളുന്നോരിൽ - വാസം ചെയ്യും ഞാൻ.
വിശ്വാസാൽ ശുദ്ധ്യാ - എന്നെ കൈക്കൊണ്ട്
കൽപ്പന കാക്കുന്നോൻ എൻ സ്നേഹിതനല്ലോ.
ഗാത്രംഭക്ഷണമാം - രുധിരം കാസായാം
അവ കൈക്കൊൾവോനിൽ വാസം ചെയ്യും ഞാൻ.
ആത്മാവിനു മുക്തി - നേടാൻ പുണ്യമെഴും
രക്തശരീരങ്ങൾ - രക്ഷകനേ! നൽക.

## നമുക്ക് പ്രാർത്ഥിക്കാം

*മനുഷ്യനായി അവതരിച്ച വചനമായ കർത്താവേ, വിശുദ്ധ കുർബ്ബാനയിലൂടെ അങ്ങയെ ഞങ്ങൾ അനുഭവിക്കുന്നു. അവിടുത്തെ ശരീരം ഭക്ഷിക്കുവാനും തിരുരക്തം പാനം ചെയ്യുവാനും ഞങ്ങളെ യോഗ്യരാക്കേണമേ. കടങ്ങളുടെ പരിഹാരത്തിനും പാപങ്ങളുടെ മോചനത്തിനും നിത്യജീവനുമായി അവ ഞങ്ങളെ സഹായിക്കുമാറാകേണമേ. ആമ്മീൻ.*

## നിശ്ചയം

**പതിവായി ഒരുക്കത്തോടും ഭക്തിയോടും വിശുദ്ധിയോടുംകൂടി വി. കുർബ്ബാനയിൽ സംബന്ധിക്കുകയും അനുഭവിക്കുകയും ചെയ്യും.**

## നമുക്ക് ചിന്തിക്കാം

1. കർത്താവ് വി. കുർബ്ബാന സ്ഥാപിച്ചത് യഹൂദന്മാരുടെ ഏതു പെരുന്നാളിൽ?
2. വി. കുർബ്ബാനയുടെ സ്ഥാപന വചനങ്ങൾ എഴുതുക.
3. കുർബ്ബാന എന്ന വാക്കിന്റെ അർത്ഥമെന്താണ്?
4. വി. കുർബ്ബാനയ്ക്ക് പിതാക്കന്മാർ നൽകുന്ന ചില വിശേഷണങ്ങൾ ഏതെല്ലാം?
5. ഇന്നു നാം അർപ്പിക്കുന്ന വി. കുർബ്ബാന സെഹിയോൻ മാളികയിൽ നമ്മുടെ കർത്താവ് സ്ഥാപിച്ചതിന്റെ ആവർത്തനം മാത്രമോ?
6. വി. കുർബ്ബാന കേവലം ഒരു സംഭവ(സ്ഥാപനം)ത്തിന്റെ അനുസ്മരണയാണോ?

## പ്രവർത്തനങ്ങൾ

1. ഉൽപ്പത്തി പുസ്തകം 14-ാം അദ്ധ്യായത്തിൽ ഒരു മഹാപുരോഹിതൻ അബ്രഹാമിന്റെ സാന്നിദ്ധ്യത്തിൽ അപ്പവും വീഞ്ഞും വച്ച് ബലിയർപ്പിച്ചതായി കാണാം. അദ്ദേഹത്തിന്റെ പേര് കണ്ടുപിടിക്കുക.
2. കാൽകഴുകൽ ശുശ്രൂഷയിൽ നിങ്ങൾ പങ്കെടുത്തിട്ടുണ്ടോ? അതിൽ നിങ്ങൾ ശ്രദ്ധിച്ച കാര്യങ്ങൾ ചർച്ച ചെയ്യുക.
3. വി. കുർബ്ബാനയിൽ അലക്ഷ്യമായി പങ്കെടുക്കുന്നവർക്ക് വി. പൗലോസ് നൽകുന്ന താക്കീത് എന്താണ്? (1 കൊരിന്ത്യർ 11:27-31).
4. അന്ത്യഅത്താഴ ശുശ്രൂഷയുടെ (Last Supper) ചിത്രം പരിശോധിച്ച് അതിലെ പന്ത്രണ്ടു ശിഷ്യന്മാരെ തിരിച്ചറിയാൻ ശ്രമിക്കുക.
5. വി. കുർബ്ബാനയെ വർണ്ണിക്കുന്ന വിവിധ പദങ്ങൾ കണ്ടുപിടിക്കുക.

### തുടർവായനയ്ക്ക്

| ദിവസം | രാവിലെ | വൈകിട്ട് |
|---|---|---|
| ഞായർ | * | പുറ. 12:1-11 |
| തിങ്കൾ | മത്തായി 26:17-29 | പുറ. 12:21-28 |
| ചൊവ്വ | മർക്കൊ. 14:12-25 | പുറ. 13:1-10 |
| ബുധൻ | യോഹ. 13:1-20 | ലേവ്യ 16:3-10 |
| വ്യാഴം | യോഹ. 6:26-40 | യെഹ. 45:18-25 |
| വെള്ളി | യോഹ. 6:47-651 | കൊരി. 11:23-30 |
| ശനി | റോമർ 12:1-8 | * |

പാഠം 2

# ഗത്സമന പ്രാർത്ഥന

(വി. മത്തായി 26: 36-46)

**മുഖ്യസന്ദേശം:** ആസന്നമായ കുരിശുമരണത്തെ നേരിടുവാൻ കർത്താവ് പ്രാർത്ഥനയിലൂടെ ശക്തി സംഭരിക്കുന്നു. പ്രതിസന്ധികളിലൂടെ കടന്നു പോകുന്ന ഏവർക്കും ഉദാത്തമാതൃകയാണിത്. ദൈവേഷ്ടത്തിന് പൂർണ്ണമായി വിധേയപ്പെടുന്നതാണ് ആത്മീയതയുടെ കാതൽ.

**മനഃപാഠവാക്യം:** അബ്ബാ, പിതാവേ, നിനക്ക് എല്ലാം കഴിയും; ഈ പാനപാത്രം എങ്കൽ നിന്നു നീക്കേണമേ. എങ്കിലും ഞാൻ ഇച്ഛിക്കുന്നതല്ല നീ ഇച്ഛിക്കുന്നതത്രേ ആകട്ടെ. (വി. മർക്കൊസ് 14:36).

**പഠന സഹായികൾ:** കർത്താവ് ഗത്സമനയിൽ പ്രാർത്ഥിക്കുന്ന ചിത്രം, സുവിശേഷ ഗീതങ്ങൾ.

## ആമുഖം

നിങ്ങളുടെ ജീവിതത്തിൽ ഭയാശങ്കകളുടെ നിർണ്ണായക നിമിഷങ്ങളുണ്ടായിട്ടില്ലേ? പ്രിയപ്പെട്ടവർക്ക് ശസ്ത്രക്രിയ, റോഡപകടം, മരണം ഇങ്ങനെ എന്തെല്ലാമുണ്ടായിട്ടുണ്ടെന്ന് അനുഭവത്തിലൂടെ പങ്കുവയ്ക്കാം. നാളെ നടന്നേക്കാവുന്ന സംഭവങ്ങൾ നമ്മെ പിടിച്ചുലയ്ക്കുമെന്നറിയാം. അതിനെ നാം എങ്ങനെ നേരിടും? കർത്താവിന്റെ മാതൃക ശ്രദ്ധിക്കാം. തൊട്ടടുത്ത ദിവസം, താൻ ക്രൂശിൽ തറച്ചു കൊല്ലപ്പെടുമെന്ന് ഉറപ്പായി. അത് ദൈവേഷ്ടമാകയാൽ അതിന് വിധേയപ്പെടുവാൻ പ്രാർത്ഥനയിലൂടെ ശക്തി സംഭരിക്കുന്ന യേശുവിന്റെ പീഡാനുഭവങ്ങളുടെ തീവ്രമായ സന്ദർഭങ്ങൾ പരിചയപ്പെടാം. നമ്മുടെ കർത്താവ് കുരിശിൽ മരിച്ചതിന്റെ തലേദിവസം അനുഭവിച്ച സംഘർഷങ്ങളും ഗത്സമന തോട്ടത്തിൽ പിതാവാം ദൈവവുമായുള്ള പ്രാർത്ഥനാ ബന്ധത്തിൽ ശക്തി സമാർജ്ജിച്ചതുമാണ് പഠനവിഷയം.

## പാഠഭാഗം

യേശുവിന്റെ ജീവിതത്തിലെ ഹൃദയസ്പർശിയായ രംഗമാണ് ഗത്സമനയിലേത്. ഒലിവുമലയുടെ അരികിലുള്ള ഒരു തോട്ടമാണ് ഗത്സമന. വാക്കിന്റെ അർത്ഥം 'എണ്ണയാട്ടുന്ന ചക്ക്' എന്നാണ്. ആദിമനുഷ്യനായ ആദാം ഏതു തോട്ടത്തിൽ വച്ചാണ് അനുസരണക്കേട് കാണിച്ചത്? തന്മൂലം ശാപവും മരണവും മനുഷ്യവർഗ്ഗത്തിനുണ്ടായി. ഇവിടെ ഇതാ മറ്റൊരു തോട്ടത്തിൽ ദൈവപുത്രൻ നമുക്കെല്ലാം അനുഗ്രഹവും നിത്യരക്ഷയും ലഭിക്കുവാനായി പൂർണ്ണമായ അനുസരണത്തിനു വിധേയപ്പെടുന്നു. മറുരൂപമലയിൽ ദൈവതേജസ്സ് ദർശിച്ച മൂന്നു ശിഷ്യന്മാർ - പത്രോസ്, യാക്കോബ്, യോഹന്നാൻ എന്നിവരെ കൂട്ടിയാണ് ഗത്സമനയിലും കർത്താവ് വരുന്നത്.

ഗത്സമനയിൽ കർത്താവ് തന്റെ ഹൃദയവ്യഥ ശിഷ്യരുമായി പങ്കുവച്ചു. ഉണർന്ന് ജാഗ്രതയോടിരിപ്പാൻ നിർദ്ദേശിച്ചു. യേശു തനിയെ അൽപ്പം മുന്നോട്ടു പോയി. കഠിനമായ

ഹൃദയവ്യഥയോടെ പിതാവാം ദൈവത്തോട് പ്രാർത്ഥിച്ചു. ഗത്സമനതോട്ടത്തിൽ കർത്താവ് കവിണ്ണുവീണു പ്രാർത്ഥിച്ചു. ഒന്നല്ല മൂന്നു പ്രാവശ്യം. രക്തം വിയർപ്പുതുള്ളി പോലെ ഒഴുകിയതായി വി. ലൂക്കോസ് രേഖപ്പെടുത്തുന്നു. പ്രാർത്ഥനയ്ക്കുശേഷം മടങ്ങി വരുമ്പോൾ, ഉറങ്ങുന്ന ശിഷ്യന്മാരെയാണ് കർത്താവ് കാണുന്നത്. ഗുരുവിനോടൊപ്പം ഏതു പരീക്ഷണത്തിലും ഉണ്ടാവുമെന്ന് പറഞ്ഞ പത്രോസിനെ കർത്താവ് ശാസിക്കു ന്നുണ്ട്. ജഡവും ആത്മാവും തമ്മിലുള്ള പോരാട്ടത്തിൽ പ്രാർത്ഥിക്കാതെ ഉറങ്ങുന്നവർ പരാജയപ്പെടുമെന്ന് മുന്നറിയിപ്പു നൽകി.

കഷ്ടതയുടെ പാനപാത്രം നീങ്ങിപ്പോകുവാൻ കർത്താവ് ഉള്ളുരുകി പ്രാർത്ഥിച്ചു. എന്നാൽ അത് നീങ്ങിപ്പോയില്ല. 'എങ്കിലും എന്റെ ഇഷ്ടമല്ല, അവിടുത്തെ ഇഷ്ടം നടക്കട്ടെ' എന്ന് സമർപ്പിക്കുന്ന കർത്താവിന്റെ പ്രാർത്ഥന നമുക്ക് മാതൃക യാക്കാം. പ്രാർത്ഥനയ്ക്കുശേഷം യുദ്ധം ജയിച്ച ഒരു വീരനെപ്പോലെയാണ് കർത്താവ് പറയുന്നത് - "എഴുന്നേൽപ്പിൻ, നാം പോക". പ്രാർത്ഥനയുടെ ശക്തി അപാരമാണ്. പരിശുദ്ധ പിതാക്കന്മാരുടെയെല്ലാം വിജയ രഹസ്യം പ്രാർത്ഥന മാത്രമായിരുന്നു. കൂടുതൽ പ്രാർത്ഥിക്കുമ്പോൾ കൂടുതൽ ശക്തി ലഭിക്കുന്നു. ഇംഗ്ലീഷിലെ ഒരു ചൊല്ല് ഹൃദിസ്ഥമാക്കാം.

[illegible]

കർത്താവ് പ്രാർത്ഥനയിലൂടെ ശക്തിപ്രാപിച്ചു. എന്നാൽ ഉണർന്നിരുന്നു പ്രാർത്ഥി ക്കേണ്ട ശിഷ്യന്മാർ പരീക്ഷയിൽ വീണുപോയി. പത്രോസ് ശ്ലീഹാ മൂന്നുപ്രാവശ്യം സ്വന്ത ഗുരുവിനെ തള്ളിപറഞ്ഞു. എങ്കിലും പിന്നീട് സത്യമായി അനുതപിച്ചുവെന്നതാണ് അദ്ദേഹത്തിന്റെ മഹത്വം. മറ്റൊരു ശിഷ്യനായ ഇസ്ക്കരിയോത്ത യൂദാ കർത്താവിനെ ഒറ്റിക്കൊടുത്തു. ധനമോഹമായിരുന്നു ലക്ഷ്യം. വഞ്ചകനായ യൂദാ അനുതപിക്കുന്നതിനു പകരം ആത്മഹത്യയിലേക്ക് നീങ്ങി. അവനു ലഭിച്ച പണവും അവന്റെ കഴിവും യൂദായെ രക്ഷിച്ചില്ല. ലൗകികനേട്ടത്തിനുവേണ്ടി വിശ്വാസത്തിൽനിന്നു വ്യതിചലിക്കുന്ന വർക്കുള്ള അപകട മുന്നറിയിപ്പാണ് (Warning signal) യൂദായുടെ ദുരന്തം.

## നമുക്ക് പാടാം

(ദുഃഖവെള്ളിയാഴ്ച രാത്രി, ഒന്നാം കൗമാ)

ഈ രാ-വിൽ ശി-ഷ്യർ ക്രൂശി-പ്പോർ
രക്ഷി-പ്പോനും-നിദ്രവെടി-ഞ്ഞു
കൊന്നീടാനായ് - ക്രൂശിപ്പോരും
ഓടി-യൊളിപ്പാൻ - ശ്ലീഹന്മാ-രും
സൈത്തിൽ ഗിരിമേൽ-
ദൈവാത്മജനും - ഇന്നും

## നമുക്ക് പ്രാർത്ഥിക്കാം

*ഗത്സമനയിൽ ഞങ്ങൾക്കുവേണ്ടി അതിവ്യഥയിലായ കർത്താവേ, അവി ടുത്തെ പ്രാർത്ഥന ഞങ്ങൾ മാതൃകയാക്കുന്നു. കഷ്ടതയുടെ പാനപാത്രം കുടിക്കേണ്ടിവരുമ്പോൾ ദൈവേഷ്ടം നിറവേറ്റുവാൻ ഞങ്ങളെത്തന്നെ സമർപ്പി ക്കുവാൻ കൃപ നൽകേണമേ. ആമ്മീൻ.*

## നിശ്ചയം

**ജീവിച്ചാലും മരിച്ചാലും**
**ദൈവം മാത്രം മതിയെനിക്ക്.**

## നമുക്കു ചിന്തിക്കാം

1. ഗത്സമന എന്ന വാക്കിന്റെ അർത്ഥമെന്ത്?
2. ഗത്സമനയിലും താബോർമലയിലും കർത്താവിനോടൊപ്പമുള്ള ശിഷ്യന്മാർ ആരെല്ലാമായിരുന്നു?
3. ....................... ഒരുക്കമുള്ളത്; ...................... ബലഹീനമത്രേ

## പ്രവർത്തനങ്ങൾ

1. ഏദൻതോട്ടത്തിലെയും ഗത്സമനതോട്ടത്തിലെയും അനുഭവങ്ങൾ താരതമ്യം ചെയ്യുക.
2. നമ്മുടെ പ്രാർത്ഥനകളിൽ ദൈവേഷ്ടത്തിനാണോ അതോ സ്വന്ത ഇഷ്ടത്തിനാണോ പ്രാധാന്യം? ചർച്ച ചെയ്യുക.
3. പ്രാർത്ഥനയിലൂടെ പ്രതിസന്ധികളെ അതിജീവിച്ച ഓരോ അനുഭവം പങ്കുവയ്ക്കുക.
4. ഗത്സമനയിൽ കർത്താവ് ഹൃദയം തകർന്ന് പ്രാർത്ഥിക്കുമ്പോഴും ശിഷ്യന്മാർ ഉറങ്ങിപ്പോയി. പ്രാർത്ഥിക്കേണ്ട സമയത്ത് ഉറങ്ങുന്നത് ശരിയാണോ? അപ്പോൾ പൂർണ്ണ ജാഗ്രതയോടിരിക്കുവാൻ ശീലിക്കുക.
5. മരണതുല്യമായ വേദന അനുഭവിക്കുന്ന കർത്താവിനെ ധ്യാനിക്കാം.

## തുടർ വായനയ്ക്ക്

| ദിവസം | രാവിലെ | വൈകിട്ട് |
|---|---|---|
| ഞായർ | * | മർക്കൊ. 14:32-42 |
| തിങ്കൾ | ലൂക്കോ. 22:39-46 | യോഹ. 18:1-9 |
| ചൊവ്വ | സങ്കീ. 1:1-6 | മർക്കൊ. 10:35-45 |
| ബുധൻ | യോഹ. 12:27-36 | സങ്കീ. 31:1-14 |
| വ്യാഴം | എബ്രാ. 5:1-10 | സങ്കീ. 31:15-24 |
| വെള്ളി | യോഹ. 5:30-36 | സങ്കീ. 43:1-5 |
| ശനി | 2 കൊരി 12:1-10 | * |

പാഠം 3

# കർത്താവിന്റെ വിസ്താരം

(വി. മർക്കൊസ് 14:53-65)

**മുഖ്യസന്ദേശം:** കർത്താവിനെ വേദനിപ്പിക്കുന്ന പ്രവൃത്തികൾ നാമും ചെയ്യുന്നില്ലേ. നമ്മുടെ ഓരോ തിന്മകളും യേശുവിനെ വേദനിപ്പിക്കുന്നതാണ്. എന്നാൽ നന്മപ്രവൃത്തികളാൽ യേശുവിനെ നാം മഹത്വപ്പെടുത്തണം.

**മനഃപാഠവാക്യം:** സാക്ഷാൽ നമ്മുടെ രോഗങ്ങളെ അവൻ വഹിച്ചു; നമ്മുടെ വേദനകളെ അവൻ ചുമന്നു; നാമോ, ദൈവം അവനെ ശിക്ഷിച്ചും അടിച്ചും ദണ്ഡിപ്പിച്ചുമിരിക്കുന്നു എന്നു വിചാരിച്ചു (യെശയ്യാവ് 53:4).

**പഠനസഹായികൾ:** യേശു വിസ്തരിക്കപ്പെടുന്ന ചിത്രങ്ങൾ.

## ആമുഖം

ഏതെങ്കിലും കോടതിവിസ്താര രംഗങ്ങൾ നിങ്ങൾ കണ്ടിട്ടുണ്ടോ? ചിത്രങ്ങളെങ്കിലും കണ്ടിരിക്കുമല്ലോ. പ്രതിയെന്ന് ആരോപിക്കുന്നവർക്കുവേണ്ടി വാദിക്കുവാൻ അഭിഭാഷകനുണ്ടായിരിക്കും. ആയിരം കുറ്റവാളി രക്ഷപ്പെട്ടാലും ഒരു നിർദോഷി ശിക്ഷിക്കപ്പെടരുതെന്ന് നമ്മുടെ നീതിന്യായ വ്യവസ്ഥയ്ക്ക് നിർബന്ധമുണ്ട്. പക്ഷേ നീതിയും, നിയമവുമെല്ലാം മാറ്റിവച്ചുള്ള ഒരു കുറ്റവിചാരണയാണ് നീതിമാനും നിഷ്കളങ്കനുമായ യേശുവിന്മേൽ യഹൂദ നേതൃത്വം അടിച്ചേൽപ്പിച്ചത്. നീതിന്യായ ചരിത്രത്തിലെ കറുത്ത അദ്ധ്യായം! പാപദാസ്യത്തിൽനിന്നും, ശിക്ഷയിൽനിന്നും നമ്മെ സ്വതന്ത്രരാക്കുവാൻ അഹങ്കാരിയായ മനുഷ്യനിൽനിന്ന് ചെകിട്ടത്ത് അടി കൊള്ളുകയും കുറ്റക്കാരനെപ്പോലെ വിധിയേൽക്കുകയും ചെയ്ത കർത്താവ് പീഡയേറ്റത് നമുക്കുവേണ്ടിയായിരുന്നു. നമ്മുടെ കർത്താവ് കുരിശുമരണത്തിനു മുൻപായി നിരവധി വിസ്താരങ്ങളും, കൊടിയ മർദ്ദനങ്ങളും നേരിട്ടു. കെട്ടിച്ചമച്ച ആരോപണങ്ങളും അനീതി നിറഞ്ഞ വിചാരണകളും ക്ഷമയോടെ സഹിച്ചു. 'ഇതാ ആ മനുഷ്യൻ' എന്ന് പീലാത്തോസ് പ്രഖ്യാപിച്ച നമ്മുടെ അരുമനാഥന്റെ പീഡാനുഭവങ്ങൾ സുവിശേഷകന്മാർ ഹൃദയസ്പർശിയായി വരച്ചുകാട്ടുന്നത് ഗ്രഹിച്ച് ധ്യാനിക്കുവാൻ ശ്രമിക്കാം.

## പാഠഭാഗം

ഗത്സമനയിലെ പ്രാർത്ഥനയിലൂടെ ശക്തി സമാഹരിച്ച കർത്താവിനെ റോമാ പടയാളികളും യഹൂദപ്രമാണികൾ അയച്ച ദേവാലയ ഭടന്മാരും ചേർന്ന് അറസ്റ്റ് ചെയ്തു. വഞ്ചകനായ യൂദാ അവർക്ക് വഴി കാണിച്ചു കൊടുത്തു. മുൻപ് കർത്താവിനോടൊപ്പം പല പ്രാവശ്യം ഇവിടെ പ്രാർത്ഥനയ്ക്കായി വന്നിരുന്നതിനാൽ യൂദായ്ക്ക് സ്ഥലം നിശ്ചയമുണ്ടായിരുന്നു. യൂദാ ചുംബനത്തിലൂടെ കർത്താവിനെ കാട്ടിക്കൊടുത്തു. സൗമ്യതയോടും, പ്രശാന്തതയോടുംകൂടി കർത്താവ് ഈ പ്രതിസന്ധികളെ നേരിട്ടു. എന്നാൽ പത്രോസ് മഹാപുരോഹിതന്റെ ദാസനെ വാളെടുത്തു വെട്ടി. പത്രോസിനെ കർത്താവ് പുതിയ ഒരു പാഠം പഠിപ്പിച്ചു. മുറിവേറ്റവന് സൗഖ്യം നൽകുകയും ചെയ്തു. "വാളെടുക്കുന്നവൻ വാളാൽ നശിക്കും" എന്ന് അവിടുന്ന് അരുൾച്ചെയ്തു.

കർത്താവിന്റെ വിസ്താരം വിവിധ ഘട്ടങ്ങളിലായാണ് നടന്നത്. ഹന്നാസ്, കയ്യാഫാ, സന്നദ്രീംസംഘം, പീലാത്തോസ് എന്നിവരുടെ മുൻപിൽ യേശുവിനെ വലിച്ചിഴച്ച് വിസ്താരമെന്ന പ്രഹസനത്തിനു വിധേയനാക്കി. ഗത്സമനതോട്ടത്തിൽനിന്നും ബന്ധനസ്ഥനാക്കിയ യേശുവിനെ ആദ്യം ഹാജരാക്കിയത് മുൻ മഹാപുരോഹിതനായ ഹന്നാസിന്റെ മുമ്പാകെയാണ്. അക്കാലത്തെ മഹാപുരോഹിതനായ കയ്യാഫാവിന്റെ അമ്മായപ്പനായ ഹന്നാസിന് മുതിർന്ന മതനേതാവെന്ന നിലയിൽ സ്ഥാനവും അംഗീകാരവുമുണ്ടായിരുന്നു. കുശാഗ്രബുദ്ധിയായ ഹന്നാസിലൂടെ ആദ്യവിചാരണയിൽ തന്നെ കുറ്റകരമായ വല്ലതും കണ്ടുപിടിച്ചാൽ തന്റെ ജോലി എളുപ്പമാകുമെന്ന് കയ്യാഫാ ചിന്തിച്ചിരിക്കാം. രണ്ട് ആരോപണങ്ങളാണ് ഹന്നാസ് യേശുവിനെതിരെ ആരോപിച്ചത്. ഒന്ന്: യേശു ശിഷ്യന്മാരെ റോമാഗവൺമെന്റിനെതിരെ സംഘടിപ്പിക്കുന്നു. രണ്ട്: ദുരുപദേശങ്ങൾ പ്രചരിപ്പിക്കുന്നു. തികഞ്ഞ ധൈര്യത്തോടും, ആത്മവിശ്വാസത്തോടുംകൂടി യേശു മറുപടി നൽകി. താൻ ഗലീലാ പ്രദേശങ്ങളിൽ പരസ്യമായിട്ടാണ് ജനങ്ങളെ പഠിപ്പിച്ചത്. അതു കേട്ടവർ തനിക്കെതിരായി സാക്ഷ്യം നൽകട്ടെ എന്ന പ്രസ്താവന പട്ടാളക്കാരെ ചൊടിപ്പിച്ചു. അവർ യേശുവിന്റെ കരണത്തടിച്ചു. അവർ ആരോപിക്കുന്ന കുറ്റമൊന്നും കണ്ടുപിടിക്കാനാവാതെ യേശുവിനെ മഹാപുരോഹിതനായ കയ്യാഫാവിന്റെ അടുക്കലേക്ക് അയച്ചു. കയ്യാഫാവിന്റെ മുമ്പാകെയുള്ള വിസ്താര സമയത്താണ് പത്രോസ് ശ്ലീഹാ മൂന്നു പ്രാവശ്യം യേശുവിനെ തള്ളിപ്പറയുന്നത്.

കയ്യാഫാവിന്റെ മുമ്പാകെയുള്ള വിസ്താരവേളയിൽ നിയമപണ്ഡിതരും, ജനപ്രമാണികളും സന്നിഹിതരായിരുന്നു. നിരവധി കള്ളസാക്ഷികൾ മുൻപോട്ടു വന്നെങ്കിലും മതിയായ തെളിവൊന്നും ലഭിച്ചില്ല. 'നീ ദൈവപുത്രനായ മിശിഹായാകുന്നുവോ?' എന്ന കയ്യാഫാവിന്റെ ചോദ്യത്തിന് അതേയെന്ന് യേശു മറുപടി നൽകി. കൂടാതെ ഭാവിയിൽ മനുഷ്യപുത്രനുണ്ടാകുന്ന മഹത്വത്തെക്കുറിച്ചും, അധികാരത്തെക്കുറിച്ചും പ്രസ്താവിച്ചു. അപ്പോൾ ദൈവദൂഷണം പറഞ്ഞു എന്ന കുറ്റമാരോപിച്ച് വധശിക്ഷ നടത്തണമെന്ന് അവർ തീരുമാനിച്ചു. അവർ യേശുവിന്റെ മുഖത്ത് തുപ്പുകയും, മുഷ്ടി ചുരുട്ടി കുത്തുകയും, കരണത്തടിക്കുകയും ചെയ്തു.

പ്രഭാതത്തിൽ സന്നദ്രീം സംഘത്തിന്റെ മുൻപിൽ യേശുവിനെ വിസ്തരിച്ചു. മഹാപുരോഹിതനെ കൂടാതെ 72 അംഗങ്ങളുള്ള യഹൂദന്മാരുടെ പരമാധികാര കോടതിയായിരുന്നു അത്. അവരുടെ ചോദ്യങ്ങൾക്കുത്തരമായി താൻ മിശിഹായും, ദൈവപുത്രനുമാണെന്ന് യേശു അസന്നിഗ്ദ്ധമായി പറഞ്ഞു. മിശിഹായെന്ന രാജാവെന്നു പറഞ്ഞതിനാൽ രാജ്യദ്രോഹത്തിനും ദൈവപുത്രനെന്നു പറഞ്ഞതിനാൽ ദൈവദൂഷണത്തിനും ശിക്ഷയായി യേശുവിനെ വധിക്കുവാൻ സന്നദ്രീംസംഘം നിശ്ചയിച്ചു. വധശിക്ഷ നടപ്പാക്കുവാനുള്ള അധികാരം റോമൻ ഗവർണർക്കായതിനാൽ പീലാത്തോസിന്റെ അടുക്കലേക്ക് യേശുവിനെ കൊണ്ടുപോയി.

AD 26 മുതൽ 36 വരെ യഹൂദ്യയുടെ ഗവർണറായിരുന്ന പീലാത്തോസിന്റെ ആസ്ഥാനം കൈസര്യയായിരുന്നു. എന്നാൽ പെസഹായുടെ ഉത്സവകാലമായതിനാൽ ക്രമസമാധാന പാലനത്തിന് യെരുശലേമിലെ കൊട്ടാരത്തിൽ അദ്ദേഹം എത്തിയിരുന്നു. യേശുവിന്റെ വിസ്താരം ആ വസതിക്ക് പുറത്തും അകത്തുമായി പല ഘട്ടങ്ങളിലായി നിർവ്വഹിക്കപ്പെടുന്ന രംഗങ്ങൾ വി. യോഹന്നാൻ വിശദമായി വരച്ചുകാട്ടുന്നു (വി. യോഹ. 18:28-19:26). ഗലീലയുടെ ഭരണാധികാരി ഹേറോദാ അന്തിപ്പാസിന്റെ സൗഹൃദം നേടാനും യേശുവിന്റെ വിസ്താരത്തിൽ നിന്നൊഴിഞ്ഞുനിൽക്കാനുമായി ഹേറോദാവിന്റെ അടുക്കൽ അയച്ചു. യേശു നിർദോഷിയാണെന്നും നിരുപാധികം മോചിപ്പിക്കപ്പെടേണ്ടതാണെന്നും പീലാത്തോസിനു ബോധ്യമായി. ഹേറോദോസും യേശുവിൽ കുറ്റമൊന്നും കണ്ടില്ല.

എന്നാൽ യഹൂദന്മാർക്ക് തന്നോട് പകയും വെറുപ്പുമുള്ളതിനാൽ തീരുമാനം അവർക്കു വിട്ടുകൊടുത്ത് രക്ഷപ്പെടുവാൻ നിശ്ചയിച്ചു. പെരുന്നാളിൽ ഒരാളെ വിട്ടയയ്ക്കുന്ന പതിവനുസരിച്ച് കൊലപാതകിയായ ബറബാസിനെയോ അതോ യേശുവിനെയോ? ആരെ വിട്ടയയ്ക്കണമെന്ന് ചോദിച്ചു. ബറബാസിനെ എന്നവർ മറുപടി പറഞ്ഞു. യേശുവിനെ രക്ഷിക്കാൻ പീലാത്തോസ് വീണ്ടും ശ്രമിച്ചു. റോമൻ ചക്രവർത്തിയായ കൈസർക്കെതിരെ നീങ്ങിയ ഒരാളെ വിട്ടയച്ചാൽ കൈസർക്കു പരാതി നൽകുമെന്ന ഭീഷണിയിൽ ഭീരുവായ പീലാത്തോസ് അവർക്കു കീഴടങ്ങി. സ്വന്തം സ്ഥാനം അപകടത്തിലാക്കുന്ന ഒരു നടപടിക്കു തുനിയാതെ ആരവാരത്തിനു കീഴടങ്ങി യേശുവിനെ ക്രൂശിക്കുവാൻ വിധിച്ചു. പെസഹാക്കുഞ്ഞാടിനെ അറക്കുവാൻ യഹൂദർ ഒരുങ്ങുന്ന വേളയിൽ ദൈവത്തിന്റെ കുഞ്ഞാട് യാഗത്തിന് ഏൽപ്പിക്കപ്പെട്ടു (യോഹ. 19:14).

രാജാധിരാജൻ ചോരവാർന്നൊലിച്ച് പരിക്ഷീണിതനായി. കർത്താവിനെ തല്ലിയ കൈകൾ ആരുടെയൊക്കെ? യഹൂദന്മാരുടെയും റോമാക്കാരുടെയും മാത്രമോ? പുണ്യശ്ലോകനായ ഗീവർഗീസ് മാർ ഒസ്താത്തിയോസ് തിരുമേനി പാടുന്നു:

'എൻ ഹസ്തം നിന്നെ തല്ലി
എന്നിട്ടും സ്നേഹിക്കുന്നു'

## നമുക്ക് പാടാം

(ദുഃഖവെള്ളി പ്രഭാതം: മാർ അപ്രേമിന്റെ ബോവൂസോ)
ഉദയേശോഭന വസനത്താൽ-വാനത്തേ നീ ചമയിച്ചു
ഉദയേ വൈരിജനം നിന്നേ-നിന്ദാവസ്ത്രമുടുപ്പിച്ചു.
മഹിതം ബഹുമതി താവകമെ-ന്നുദയേ ക്രോബകളാർക്കുമ്പോൾ
അഗ്ന്യാത്മമയന്മാരീറേർ-കാദീശാഘോഷിക്കുമ്പോൾ,
നീക്കുക, നീക്കുക, ഭൂമിയിൽനി-ന്നുയിരുള്ളോരിൽനിന്നിവനേ
എന്നുദയേ വിധിപതി സവിധം-തേവടിയാൾ ബഹളം കൂട്ടി.
ദേവാ ദയയുണ്ടാ-കേണം നാഥാ കൃപതോന്നണമൻപാൽ

## നമുക്ക് പ്രാർത്ഥിക്കാം

*കർത്താവേ, ഞങ്ങൾക്കുവേണ്ടി മൗനതയാൽ അവിടുന്ന് വിധിയേറ്റു. ഞങ്ങളുടെ കുറ്റങ്ങളെപ്രതി ന്യായാധിപന്മാരുടെ ന്യായാധിപനായ അങ്ങയുടെ ദേഹത്തെ അടികൾക്കും, കവിൾത്തടങ്ങളെ മർദ്ദനങ്ങൾക്കും നൽകിയ ദിവ്യസ്നേഹം ഞങ്ങൾ തിരിച്ചറിയുന്നു. അങ്ങയെ എല്ലാക്കാലത്തും സ്നേഹിക്കുവാനും തിരുവിഷ്ടം നിറവേറ്റുവാനും ഞങ്ങളെ യോഗ്യരാക്കേണമേ. ആമ്മീൻ.*

## നിശ്ചയം

**എന്നെ രക്ഷിക്കുന്നതിനായി കുരിശിലെ മരണത്തോളം അനുസരണമുള്ളവനായി തീർന്ന കർത്താവിന്റെ അനുസരണയുള്ള പൈതലായി ഞാൻ ജീവിക്കും.**

## നമുക്ക് ചിന്തിക്കാം

1. രണ്ട് പുരോഹിതന്മാരും, രണ്ടു ഭരണാധികാരികളും യേശുവിനെ വിസ്തരിച്ചു. ആരൊക്കെ?

2. ....................... കർത്താവിനെ ഒറ്റികൊടുത്തു; ................. മൂന്നു പ്രാവശ്യം തള്ളിപറഞ്ഞെങ്കിലും അനുതപിച്ചു (പേരെഴുതുക).
3. പീലാത്തോസിന്റെ യെരുശലേമിലെ ആസ്ഥാനമന്ദിരത്തിന്റെ പേര്?
4. പത്രോസ് വാളിന് കാതറുത്ത ദാസനാരെന്ന് കണ്ടുപിടിക്കുക (യോഹ. 18:10).

## പ്രവർത്തനങ്ങൾ

1. യേശുവിന്റെ മരണവിധിയെഴുതിയ പീലാത്തോസിന്റെ നാമം വിശ്വാസപ്രമാണത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സത്യം അറിഞ്ഞിട്ടും നിർമ്മലനെ കൊലയ്ക്കു വിധിച്ച ഇയാളുടെ പേര് ഉൾപ്പെടുത്തിയതിനു കാരണമെന്തായിരിക്കും? ചർച്ച ചെയ്യുക.
2. പീലാത്തോസിനെപ്പോലെ ആരവാരത്തിന് കീഴ്പ്പെട്ട് തെറ്റുചെയ്ത ഒരു നേതാവിനെ പഴയ നിയമത്തിൽ കാണാം (മോശയുടെ കാലത്ത്) ആര്? സംഭവം വിവരിക്കുക.

### തുടർ വായനയ്ക്ക്

| ദിവസം | രാവിലെ | വൈകിട്ട് |
|---|---|---|
| ഞായർ | * | മത്തായി 26:47-56 |
| തിങ്കൾ | മത്തായി 26:57-75 | മത്തായി 27:1-10 |
| ചൊവ്വ | മത്തായി 27:11-26 | ലൂക്കോ. 22:47-71 |
| ബുധൻ | ലൂക്കോ. 23:1-12 | ലൂക്കോ. 23:13-25 |
| വ്യാഴം | യോഹ. 18:12-27 | യോഹ. 18:28-40 |
| വെള്ളി | യോഹ. 19:1-16 | യെശ. 50:1-9 |
| ശനി | യെശ. 53:1-12 | * |

പാഠം 4

# കർത്താവിന്റെ ക്രൂശുമരണം

(വി. യോഹന്നാൻ 19: 17–42)

**മുഖ്യസന്ദേശം:** കുരിശിനെ മനസ്സിൽ ധ്യാനിച്ച് ത്യാഗത്തിലും ക്ഷമയിലും ജീവിതം അർപ്പിക്കുവാനും കുരിശിൽകൂടി യേശു നമുക്കു നേടിത്തന്ന രക്ഷയെ ഉൾക്കൊള്ളുവാനും സാധിക്കുക.

**മനഃപാഠവാക്യം:** അവൻ ദൈവസ്വരൂപത്തിൽ ഇരിക്കെ ദൈവത്തോടുള്ള സമത്വം മുറുകെ പിടിച്ചുകൊള്ളേണം എന്നു വിചാരിക്കാതെ ദാസരൂപമെടുത്തു മനുഷ്യസാദൃശ്യത്തിലായി തന്നെത്താൻ ഒഴിച്ച് വേഷത്തിൽ മനുഷ്യനായി വിളങ്ങി തന്നെത്താൻ താഴ്ത്തി മരണത്തോളം ക്രൂശിലെ മരണത്തോളം തന്നേ, അനുസരണമുള്ളവനായി ത്തീർന്നു (ഫിലിപ്പ്യർ 2:6–9).

**പഠന സഹായി:** ദുഃഖവെള്ളിയാഴ്ച നമസ്കാരക്രമം.

## ആമുഖം

ദുഃഖവെള്ളിയാഴ്ച ഒരു പകൽക്കാലം മുഴുവൻ കർത്താവിന്റെ പങ്കപ്പാടുകൾ അനുസ്മരിച്ച് കുരിശിന്റെ വേദന സ്വായത്തമാക്കുന്ന ശുശ്രൂഷകളിൽ നാം ഭാഗഭാക്കാകുന്നു. ദൈവപുത്രനായ യേശുവിന്റെ ക്രൂശുമരണം എത്രയോ വേദനാജനകമായിരുന്നു. കുരിശിലെ അതിവേദന സഹിക്കുമ്പോഴും തന്നെ ദ്രോഹിച്ചവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ക്ഷമിക്കുകയും ചെയ്ത കർത്താവ് ലോകചരിത്രത്തിലെ ഉദാത്ത മാതൃകയാണ്. ബേത്‌ലഹേമിൽ ജനിച്ച് നസറത്തിൽ വളർന്ന് ഗലീലയിൽ സുവിശേഷം അറിയിച്ചും നന്മ മാത്രം ചെയ്തും ജീവിച്ച കർത്താവിന്റെ പീഡാനുഭവങ്ങളും കുരിശുമരണവും ആരുടെയും കരളലിയിപ്പിക്കുന്നതാണ്. മനുഷ്യഹൃദയങ്ങളെ പിടിച്ചുലയ്ക്കുന്ന ആ രംഗങ്ങളിൽക്കൂടി ധ്യാനപൂർവ്വം കടന്നുപോകാം.

## പാഠഭാഗം

പീലാത്തോസ് യേശുവിനെ ക്രൂശിക്കുവാൻ ഏൽപ്പിച്ചു കൊടുത്തു. അടിമകളെ ശിക്ഷിക്കുന്നതിനും മറ്റുള്ളവർക്ക് താക്കീതായും റോമക്കാർ ഉപയോഗിച്ച അതിനിഷ്ഠൂരമായ മാർഗ്ഗമായിരുന്നു ക്രൂശീകരണം. പടയാളികൾ യേശുവിനെ അടിക്കുകയും പരിഹസിക്കുകയും ചെയ്തു. വിലകുറഞ്ഞ ചുവന്ന കുപ്പായം ധരിപ്പിച്ച് മുൾമുടി തലയിൽ വച്ച് രാജദണ്ഡിനു പകരം കൈയിൽ കോലും കൊടുത്ത് അവഹേളിച്ച് തുപ്പുകയും അടിക്കുകയും ചെയ്തു. കർത്താവ് നിശബ്ദനായി എല്ലാം സഹിച്ചു. ദീർഘമായ ന്യായവിസ്താരങ്ങളും മർദ്ദനങ്ങളും മൂലം അവശനായ കർത്താവിനെ കൊണ്ട് കുരിശുമരം ചുമപ്പിച്ച് കാൽവറിയിലേക്ക് നടത്തി. ഈയക്കഷണങ്ങൾ പതിച്ച തോൽവാർ കെട്ടിയ ചമ്മട്ടിയാലുള്ള പ്രഹരത്താൽ ചോരയൊലിച്ചവശനായ യേശു ഭാരമേറിയ കുരിശുമായി നീങ്ങി. ഇടയ്ക്ക് തളർന്നുവീണപ്പോൾ അതുവഴി വന്ന കുറേനക്കാരൻ ശിമോനെ കുരിശു ചുമക്കുവാൻ പട്ടാളക്കാർ നിർബന്ധിച്ചു. ഒരു വലിയ ജനസമൂഹം യേശുവിനെ അനുഗമിച്ചു. വാവിട്ടു നിലവിളിച്ചുകരഞ്ഞ സ്ത്രീകളെ കർത്താവ് സമാശ്വസിപ്പിച്ചു.

യെരുശലേമിന് പുറത്ത് 'തലയോടിടം'എന്നർത്ഥമുള്ള ഗോൽഗോഥാ (Golgotha) എന്ന സ്ഥലത്ത് അവർ എത്തി. ലത്തീൻ ഭാഷയിൽ 'കാൽവറി'എന്നും അറിയപ്പെട്ട ആ കുന്നിൽ മൂന്നാം മണിനേരത്ത് (9 a.m.) യേശുവിനെ ക്രൂശിച്ചു. പ്രതിയുടെ കുറ്റപത്രം എഴുതിയ മേലെഴുത്ത് കുരിശിനു മുകളിൽ വയ്ക്കുന്ന പതിവനുസരിച്ച് 'നസറായനായ യേശു യഹൂദന്മാരുടെ രാജാവ്' എന്ന് എബ്രായ, ലത്തീൻ, ഗ്രീക്കു ഭാഷകളിൽ രേഖപ്പെടുത്തി. ഇടത്തും വലത്തുമായി രണ്ടു കള്ളന്മാരെയും ക്രൂശിച്ചു. യഹൂദപുരോഹിതന്മാരും, ശാസ്ത്രിമാരും യേശുവിനെ നിന്ദിച്ചുകൊണ്ടിരുന്നു. കുരിശിന്റെ ഇടതുവശത്തെ കള്ളൻ യേശുവിനെ അപഹസിച്ചപ്പോൾ മറുവശത്തുള്ളവൻ അനുതപിച്ച് പറുദീസായ്ക്ക് അവകാശിയായി. വേദനയുടെ പാരമ്യത്തിൽ പിടയുമ്പോഴും പാപിയുടെ പ്രാർത്ഥന കൈക്കൊള്ളുന്ന നമ്മുടെ നാഥന്റെ മാതൃക എത്രയോ ശ്രേഷ്ഠമാണ്!

ആറാം മണിവരെ (12 noon) മൂന്നുമണിക്കൂർ കർത്താവ് കുരിശിൽ കഠിനവേദന സഹിച്ചു. മരണത്തോടടുത്ത നിമിഷങ്ങളിൽ ഉച്ചരിച്ച ഏഴു വചനങ്ങൾ ദൈവസ്നേഹത്തിന്റെ പ്രകാശനമാണ്. ക്രൂശിലെ ഏഴു മൊഴികൾ ശ്രദ്ധിക്കാം.

1. പിതാവേ, ഇവർ ചെയ്യുന്നത് ഇന്നതെന്ന് ഇവർ അറിയായ്കകൊണ്ട് ഇവരോട് ക്ഷമിക്കേണമേ (ലൂക്കോ. 23:34).
2. വലതു വശത്തെ കള്ളനോട് - ഇന്നു നീ എന്നോടു കൂടെ പറുദീസായിൽ ഇരിക്കും (ലൂക്കോ. 23:43).
3. മാതാവായ മറിയാമിനോട് - സ്ത്രീയേ, ഇതാ നിന്റെ മകൻ എന്നും ശിഷ്യനായ യോഹന്നാനോട് - ഇതാ നിന്റെ അമ്മ എന്നും പറഞ്ഞു (യോഹ. 19:26,27).
4. എന്റെ ദൈവമേ, എന്റെ ദൈവമേ നീ എന്നെ കൈവിട്ടതെന്ത്! (മത്താ. 27:46).
5. എനിക്കു ദാഹിക്കുന്നു (യോഹ. 19:28).
6. നിവൃത്തിയായി (യോഹ. 19:30).
7. പിതാവേ, ഞാൻ എന്റെ ആത്മാവിനെ തൃക്കൈയിൽ ഏൽപ്പിക്കുന്നു (ലൂക്കോ. 23:46).

കർത്താവിന്റെ ക്രൂശിലെ വചനങ്ങൾ പ്രത്യാശയും ആത്മധൈര്യവും നിറഞ്ഞുതുളുമ്പുന്നവയായിരുന്നു.

യേശുവിന്റെ മരണവേളയിൽ പ്രകൃത്യാതീതമായ സംഭവങ്ങൾ ഉണ്ടായി. ഭൂമികുലുങ്ങി, പാറകൾ പിളർന്നു, ശവകുടീരങ്ങൾ തുറക്കപ്പെട്ടു. ദൈവേഷ്ടപ്രകാരം യേശു കുരിശുമരണം സ്വീകരിച്ചു. കാവൽ നിന്ന ശതാധിപനും കൂട്ടരും യേശു സത്യമായും ദൈവപുത്രനെന്ന് ഏറ്റുപറഞ്ഞു. യേശുവിന്റെ കുരിശുമരണത്താൽ പ്രപഞ്ചത്തിനു മുഴുവൻ രക്ഷയുണ്ടായി. പാപത്തിന്മേലും, മരണത്തിന്മേലും സാത്താന്റെ മേലുമുള്ള വിജയക്കൊടിയാണ് കുരിശ്. അനുഗ്രഹത്തിന്റെ ഉറവിടമായ കുരിശിന് നമ്മുടെ ആരാധനയിൽ സുപ്രധാന സ്ഥാനമുണ്ട്.

യേശു മരിച്ചുവെന്ന് ശതാധിപൻ മുഖാന്തിരം പീലാത്തോസ് ഉറപ്പുവരുത്തി. പിറ്റെ ദിവസം (ശനിയാഴ്ച) ശബ്ബത്തായതിനാൽ വൈകിട്ടുതന്നെ കബറടക്കം ആവശ്യമായിരുന്നു. അരിമത്യക്കാരൻ യോസേഫ് പീലാത്തോസിനെ സമീപിച്ച് യേശുവിന്റെ ശരീരം സംസ്കരിക്കുന്നതിന് അനുവാദം വാങ്ങി. യേശുവിനു രഹസ്യമായി ശിഷ്യപ്പെട്ടിരുന്നവനും സന്നദ്രീം സംഘത്തിലെ അംഗവുമായിരുന്ന അദ്ദേഹം തനിക്കുവേണ്ടി പണിത കല്ലറയിൽ യേശുവിന്റെ ശരീരം യഹൂദ മതാചാരപ്രകാരം സംസ്കരിച്ചു (മത്താ. 27). മറ്റൊരു രഹസ്യശിഷ്യനായ നിക്കോദിമോസും അദ്ദേഹത്തോടൊപ്പം ഉണ്ടായിരുന്നു. ശവക്കല്ലറ മുദ്രവയ്ക്കുവാനായി ഒരു വലിയ കല്ല് കല്ലറവാതിൽക്കൽ ഉരുട്ടിവച്ചു. മഗ്ദലന

ക്കാരി മറിയം, യോസെയുടെയും യാക്കോബിന്റെയും അമ്മ മറിയം, യേശുവിന്റെ അമ്മ മറിയം, ക്ലയോപ്പാവിന്റെ ഭാര്യ ശലോമി എന്നിവരും മറ്റു സ്ത്രീകളും ഈ സംഭവങ്ങൾക്കെല്ലാം സാക്ഷ്യം വഹിച്ചു.

കർത്താവിന്റെ ന്യായവിസ്താരം മുതൽ കബറടക്കം വരെയുള്ള എല്ലാ സംഭവങ്ങളും ധ്യാനപൂർവ്വം ക്രമീകരിച്ചിട്ടുള്ളതാണ് നമ്മുടെ ദുഃഖവെള്ളിയാഴ്ച ആരാധനകൾ. പ്രഭാതം മുതൽ പ്രദോഷം വരെ ദൈർഘ്യമുള്ള ഈ അനുഗൃഹീത ശുശ്രൂഷയിൽ ഭക്തിയോടും അനുതാപത്തോടുംകൂടി പങ്കെടുക്കുവാൻ ശ്രദ്ധിക്കുമല്ലൊ.

## നമുക്ക് പാടാം

(ദുഃഖവെള്ളിയാഴ്ച സ്ലീബാ ആരാധന - ഒന്നാം പ്രദക്ഷിണ ഗീതം)

സ്ലീബാ തോളിന്മേൽ താങ്ങി
കോട്ടയെ വിട്ടു പുറപ്പെട്ടാൻ
നെടുവീർപ്പൊടു നിലവിളികൂട്ടാൻ
മേളിച്ചെബ്രായാംഗനമാർ
അറിയുന്നോരേവരുമൊന്നി-
ച്ചകലത്തായ് നിന്നാൾ ജനനി
ബഹുസങ്കടവും വ്യാകുലവും-
പൂണ്ടവൾ പ്രാവു സമം കേണു.
എങ്ങെൻ മകനേ! വത്സലനേ!
എങ്ങിവർ നിന്നെ നയിക്കുന്നു?
വിദ്വേഷികളുടെ കൈകളിൽ നീ
എന്തിനു തനിയേ ഏൽപ്പിച്ചു?
ഹാ മകനേ! മമ വത്സലനേ!
എന്തു നിനക്കു ഭവിച്ചിന്നാൾ
ഞങ്ങൾക്കായുളവായൊരു നിൻ
വ്യഥയും താഴ്മയുമ-തിധന്യം

## നമുക്കു പ്രാർത്ഥിക്കാം

*നിത്യസ്നേഹത്താൽ ഞങ്ങൾക്കുവേണ്ടി കുരിശിലേറി കഠിനവേദന സഹിച്ച് മരണം വരിച്ച കർത്താവേ, അവിടുത്തെ പങ്കപ്പാടുകളെ ഞങ്ങൾ ധ്യാനിക്കുന്നു. ക്രൂശിലെ സ്നേഹം ജീവിതം മുഴുവൻ ഞങ്ങൾക്കു വഴികാട്ടിയായി ത്തീരേണമേ. ആമ്മീൻ.*

## നിശ്ചയം

**കഷ്ടങ്ങൾ വന്നാലും നഷ്ടങ്ങൾ വന്നാലും**
**ക്രൂശിന്മേൽ കാണുന്ന സ്നേഹത്തെ ഞാൻ ഓർക്കും.**
**പാപത്തെ സ്നേഹിപ്പാൻ ഞാനിനി പോകില്ല.**
**ദൈവത്തിന്റെ പൈതലായ് ഞാൻ ജീവിക്കും.**

## നമുക്ക് ചിന്തിക്കാം

1. യേശുവിന്റെ കുരിശ് ചുമക്കാൻ സഹായിച്ചയാൾ?
2. കുരിശിലെ മേലെഴുത്ത് എന്തായിരുന്നു? ഏതെല്ലാം ഭാഷകളിൽ?
3. വലതുവശത്തെ കള്ളന് കർത്താവു നൽകിയ വാഗ്ദാനം എന്തായിരുന്നു? (ലൂക്കോ. 23:43)
4. 'ഗോൽഗോഥാ', 'കാൽവറി' - ഏതു ഭാഷകളിലെ വാക്കുകളാണിവ? അർത്ഥമെന്ത്?
5. കർത്താവിന്റെ കബറടക്കത്തിനു നേതൃത്വം നൽകിയ രണ്ടു രഹസ്യ ശിഷ്യന്മാർ ആരൊക്കെ?

## പ്രവർത്തനങ്ങൾ

1. INRI യുടെ പൂർണ്ണരൂപം കണ്ടെത്തുക.
2. ക്രൂശിലെ ഏഴു മൊഴികൾ ഹൃദിസ്ഥമാക്കുക.
3. ദുഃഖവെള്ളിയാഴ്ച നമസ്കാരത്തിലെ കള്ളന്മാരുടെ സംവാദം കുട്ടികൾ ക്ലാസ്സിലും സണ്ടേസ്ക്കൂൾ ജനറൽ ക്ലാസ്സിലും ഇമ്പമായി ആലപിക്കുക.
4. *ഇടതുവശത്തെ* കള്ളൻ യേശുവിനെ നിന്ദിച്ചുവെന്നും, *വലതുവശത്തെ* കള്ളൻ മാനസാന്തരപ്പെട്ടുവെന്നും വേദപുസ്തകത്തിലുണ്ടോ? പരിശോധിക്കുക.
5. ദുഃഖവെള്ളിയാഴ്ച കുരിശു കുമ്പിടുമ്പോഴുള്ള പ്രതിവാക്യം പൂർണ്ണമാക്കുക - ഞങ്ങളുടെ ആത്മത്തിന................................
6. പാതിനോമ്പു മുതൽ സ്വർഗ്ഗാരോഹണംവരെ ദൈവാലയത്തിന്റെ അകത്ത് സ്ഥാപിക്കുന്ന ഗോഗുൽത്തായിൽ വരുന്ന മാറ്റങ്ങൾ നിരീക്ഷിച്ചു ചർച്ച ചെയ്യുക.

## തുടർ വായനയ്ക്ക്

| ദിവസം | രാവിലെ | വൈകിട്ട് |
|---|---|---|
| ഞായർ | * | മത്തായി 27:27-44 |
| തിങ്കൾ | മത്തായി 27:45-66 | മർക്കൊ. 15:16-32 |
| ചൊവ്വ | മർക്കൊ. 15:33-47 | ലൂക്കോ. 23:26-43 |
| ബുധൻ | ലൂക്കോ. 23:44-56 | സങ്കീ. 22:1-21 |
| വ്യാഴം | എബ്രാ. 13:8-17 | ലേവ്യ. 4:1-7 |
| വെള്ളി | സംഖ്യാ. 19:1-10 | ഹബ. 1:1-12 |
| ശനി | സങ്കീ. 35:1-17 | * |

പാഠം 5

# ഉയിർത്തെഴുന്നേൽപ്പ്

(വി. ലൂക്കോസ് 24:1-12)

**മുഖ്യസന്ദേശം:** ക്രൈസ്തവ വിശ്വാസത്തിന്റെ അടിസ്ഥാന പ്രമാണമാണ് യേശുക്രിസ്തുവിന്റെ പുനരുത്ഥാനം മരണത്തിന് അതീതമായ പുനരുത്ഥാനം നൽകുന്ന രക്ഷയുടെ പ്രത്യാശ ജീവിതത്തിൽ അനുഭവിച്ചറിയുക.

**മനഃപാഠവാക്യം:** "നിങ്ങൾ ജീവനുള്ളവനെ മരിച്ചവരുടെ ഇടയിൽ അന്വേഷിക്കുന്നത് എന്ത്? അവൻ ഇവിടെ ഇല്ല, ഉയിർത്തെഴുന്നേറ്റിരിക്കുന്നു" (വി. ലൂക്കോസ് 24:5-6).

**പഠന സഹായികൾ:** വി. കുർബ്ബാന ക്രമം, പെരുന്നാൾ ശുശ്രൂഷാക്രമം

## ആമുഖം

മറ്റു മതനേതാക്കന്മാരിൽനിന്ന് യേശുക്രിസ്തുവിനെ നിസ്തുലനാക്കുന്ന ഘടകമെന്താണെന്ന് ചിന്തിച്ചിട്ടുണ്ടോ? അവരെല്ലാം മരണത്തോടുകൂടി പര്യവസാനിച്ചു. എന്നാൽ നമ്മുടെ കർത്താവ് മരണത്തെ തോൽപ്പിച്ച് കല്ലറയിൽനിന്ന് ഉത്ഥാനം ചെയ്തു. കർത്താവിന്റെ മനുഷ്യാവതാരപ്രവർത്തനങ്ങളുടെ മഹത്വകരമായ പൂർത്തീകരണമയ ഉയിർപ്പിനെക്കുറിച്ച് ഈ പാഠത്തിൽ പഠിക്കാം.

## പാഠഭാഗം

വെള്ളിയാഴ്ച കർത്താവ് കുരിശിൽ മരിച്ച് കബറടക്കപ്പെട്ട ശേഷം എന്തു സംഭവിച്ചു? പീലാത്തോസിന്റെ കല്പനപ്രകാരം കല്ലറ മുദ്രവച്ച് പട്ടാളക്കാരെ കാവൽ ഏല്പിച്ചു. ശിഷ്യസമൂഹം നിരാശയോടും, ദുഃഖത്തോടും കൂടി മടങ്ങിപ്പോയി. 'ഇടയൻ വെട്ടേറ്റു, ആടുകൾ ചിതറിപ്പോയി' എന്ന അവസ്ഥ സംജാതമായി. സത്യം കുഴിച്ചുമൂടപ്പെട്ടുവോ എന്ന ആശങ്ക ശിഷ്യസമൂഹത്തിൽ പടർന്നു. എന്നാൽ അന്ധകാരം പ്രകാശത്തെ പിടിച്ചടക്കിയില്ല (വി. യോഹ. 1:5) എന്ന് നമുക്ക് വ്യക്തമാകും. കർത്താവ് കബറിൽ വിശ്രമിക്കുകയായിരുന്നില്ല. പകരം ആദാം മുതൽ അന്നേവരെ മരിച്ച എല്ലാവരോടും സുവിശേഷമറിയിച്ചു (1 പത്രോ. 3:19, 4:6). പൗരസ്ത്യ ഓർത്തഡോക്സ് സഭകൾ ഈ 'പാതാളപ്രവേശം' വിശ്വസിച്ച് സകല വാങ്ങിപ്പോയവരുടെയും ഓർമ്മയായി ദുഃഖശനിയാഴ്ച ആചരിക്കുന്നു.

ആഴ്ചവട്ടത്തിന്റെ ഒന്നാംനാളായ ഞായറാഴ്ച സമാഗതമായി. അതികാലത്തുതന്നെ മഗ്ദലനമറിയയും മറ്റു ചില സ്ത്രീകളും സുഗന്ധദ്രവ്യങ്ങളുമായി യേശുവിനെ തൈലം പൂശുവാൻ കല്ലറയിൽ എത്തി. കബറടക്കപ്പെട്ട മൃതദേഹത്തിൽ തൈലം പൂശുകയെന്നത് യഹൂദ സ്ത്രീകൾ ചെയ്തിരുന്ന പതിവാണ്. ഗുരുവിനോടുള്ള അളവറ്റ ഭക്തിയാൽ ഉത്സാഹത്തോടെ കബറിങ്കലേക്ക് നീങ്ങുമ്പോൾ കല്ലറയ്ക്കുള്ളിൽ എങ്ങനെ പ്രവേശിക്കുമെന്ന് അവർ തമ്മിൽ സംസാരിച്ചു. കാരണം കല്ലറയെ മൂടുന്ന വലിയ കല്ല് അവർ വെള്ളിയാഴ്ച നേരിൽ കണ്ടതാണ്. അത് ആര് ഉരുട്ടിമാറ്റും എന്ന ചിന്താഭാരത്തോടെ അവർ കല്ലറയ്ക്കൽ എത്തി.

അമ്പരപ്പിക്കുന്ന കാഴ്ചയാണ് അവർ കണ്ടത്. കല്ലറയുടെ വാതിൽക്കലെ വലിയ കല്ല് ആരോ ഉരുട്ടി മാറ്റിവച്ചിരിക്കുന്നു! അത്ഭുതപരതന്ത്രരായ അവരെ കാത്തിരുന്നത് അതിലും വലിയ വിസ്മയം - കല്ലറക്കരികെ വെള്ള നിലയങ്കി ധരിച്ച ദൈവദൂതൻ! കല്ലറ ശൂന്യമായതിന്റെ കാരണം മാലാഖ വ്യക്തമാക്കി. "ക്രൂശിക്കപ്പെട്ട യേശു ഉയിർത്തെഴുന്നേറ്റിരിക്കുന്നു." ഉയിർപ്പിന്റെ മഹാസന്തോഷം ശിഷ്യരെ അറിയിക്കുവാൻ മാലാഖ നിർദേശിച്ചു. അവർ ഭയത്തോടും ആനന്ദത്തോടും കൂടി പോകുമ്പോൾ യേശു അവർക്ക് പ്രത്യക്ഷനായി. അവരെ ധൈര്യപ്പെടുത്തി "ഭയപ്പെടേണ്ടാ; നിങ്ങൾ പോയി എന്റെ സഹോദരന്മാരോട് ഗലീലക്കു പോകുവാൻ പറവീൻ; അവിടെ അവർ എന്നെ കാണും" (വി. മത്താ. 28:10).

യേശുവിന്റെ ഉത്ഥാന വാർത്ത കേട്ടയുടനെ പത്രോസും യോഹന്നാനും കല്ലറയിലേക്കോടി. ആദ്യമെത്തുന്നത് യുവാവായ യോഹന്നാനാണ്. ഒഴിഞ്ഞ കല്ലറയും, മൃതശരീരം പൊതിഞ്ഞ തുണിയും അവിടെ കിടക്കുന്നത് കണ്ടു. മൃതശരീരം ആരും എടുത്തുകൊണ്ടുപോയതല്ല എന്നു വ്യക്തം. ക്രിസ്തുവിന്റെ പുനരുത്ഥാനത്തിന് സാക്ഷ്യം വഹിച്ച പത്രോസ്ശ്ലീഹാ പിന്നീട് പ്രഖ്യാപിക്കുന്നു: "ദൈവം അവനെ മരിച്ചവരിൽനിന്ന് എഴുന്നേൽപ്പിച്ചു; അതിനു ഞങ്ങൾ സാക്ഷികളാകുന്നു" (അപ്പോ. പ്രവൃ. 3:15). ഉത്ഥിതനായ ക്രിസ്തു ശിഷ്യന്മാർക്ക് പല സ്ഥലങ്ങളിൽ പല പ്രാവശ്യം പ്രത്യക്ഷപ്പെട്ടു. ആദ്യം പ്രത്യക്ഷപ്പെട്ടതും, ഉയിർപ്പിന്റെ സന്തോഷം ശിഷ്യരെ അറിയിക്കുവാനുള്ള ഭാഗ്യവും ലഭിച്ചത് മഗ്ദലനമറിയാമിനാണ്. മറിയാമിനോടുള്ള സംഭാഷണം ഉയിർപ്പ് പെരുന്നാളിലെ പ്രദക്ഷിണഗീതത്തിൽ മനോഹരമായി ചിത്രീകരിച്ചിരിക്കുന്നു...

ഓ മറിയാമേ! ഞാൻ തോട്ടക്കാരൻ തന്നെ
ഞാൻ പറുദീസായെ - സ്ഥാപിച്ചോൻ ശ്രേഷ്ഠൻ
ഓ മറിയാമേ! ഞാൻ - ജീവികൾ തൻ-ജീവൻതാൻ
പുനരുജ്ജീവനമോ-ടെഴുന്നേൽപ്പും ഞാൻ-താൻ....

ഉത്ഥിതനായ കർത്താവ് നാൽപ്പതു ദിവസം തന്റെ സാന്നിധ്യം ശിഷ്യർക്കു നൽകി. നാൽപ്പതാം ദിവസം ഒലിവുമലയിൽ വച്ച് അവരെ അനുഗ്രഹിച്ച് ഭൂലോകമൊക്കെയും സുവിശേഷമറിയിക്കുവാൻ കൽപ്പിച്ചശേഷം സ്വർഗ്ഗാരോഹണം ചെയ്തു. പത്ത് ദിവസം കഴിഞ്ഞ് പെന്തിക്കോസ്തി ദിനത്തിൽ തന്റെ ശരീരമായ സഭയിലേക്ക് പരിശുദ്ധാത്മാവിനെ അയച്ചു. ഇന്നും നമ്മോടൊപ്പം കർത്താവ് ജീവിക്കുന്നു.

യേശുവിന്റെ മരണം ക്രൂശീകരണം കൊണ്ട് അവസാനിച്ചിരുന്നുവെങ്കിൽ അതൊരു പരാജയമാകുമായിരുന്നു. എന്നാൽ ക്രിസ്തു മരണത്തെ കീഴ്പ്പെടുത്തി തിരുവെഴുത്തിൻ പ്രകാരം ഉയിർത്തെഴുന്നേറ്റു. കർത്താവ് ഉത്ഥാനം ചെയ്തത് ഞായറാഴ്ചയായതിനാൽ ശനിയാഴ്ചയ്ക്കു പകരം ഞായറാഴ്ച സഭ ആരാധനയ്ക്കായി കൂടിവരുന്നു. സഭയുടെ ഉത്ഭവവും വളർച്ചയുമാണ് പുനരുത്ഥാനത്തിന്റെ ഏറ്റവും വലിയ തെളിവ്. ഭയചകിതരായ ശിഷ്യസമൂഹത്തെ ധൈര്യപ്പെടുത്തി സുവിശേഷഘോഷണത്തിന് കരുത്ത് നൽകിയത് ഉയിർപ്പിന്റെ ശക്തിയാണ്. ഉയിർപ്പ് വിശ്വാസികളായ നമ്മുടെ വിശ്വാസത്തിന്റെ കേന്ദ്രബിന്ദുവാണ്. അവസാന നാളിൽ നമ്മുടെ ഉയിർത്തെഴുന്നേൽപ്പിന്റെയും നിത്യജീവന്റെയും ആധാരം ക്രിസ്തുവിന്റെ ഉത്ഥാനം തന്നെ. "യേശുവിനെ മരിച്ചവരിൽനിന്ന് ഉയിർപ്പിച്ചവന്റെ ആത്മാവ് നിങ്ങളിൽ വസിക്കുന്നു എങ്കിൽ ക്രിസ്തുയേശുവിനെ മരണത്തിൽനിന്ന് ഉയിർപ്പിച്ചവൻ നിങ്ങളിൽ വസിക്കുന്ന തന്റെ ആത്മാവിനെക്കൊണ്ട് നിങ്ങളുടെ മർത്യശരീരങ്ങളെയും ജീവിപ്പിക്കും" (റോമർ 8:11).

## നമുക്കു പാടാം

ദൈവമുയിർത്തു മഹത്ത്വത്തോടാ-ദാമിനെയും തൻ
മക്കളെയും ജീവിപ്പിച്ചു
ദൂതഗണം തൽപതിയെ വാഴ്ത്തി ഭൂമി വിളങ്ങി
ഭ്രമമൊടു കാവൽക്കാർ നിന്നു.
ശെമഓൻ കീപ്പാ യോഹന്നാനൊടുമൊന്നിച്ചീ നാൾ
അക്കബറിടമതിലേക്കോടി.
യാക്കോബാനന്ദിച്ചു, തോമ്മാ തൃപ്തിപ്പെട്ടു,
മത്തായി സ്തോത്രം പാടി
പാതാളം പുക്കിടയൻ വിഗ്രഹസേവ വിടർത്തി
തന്നുടെ സഭയെ രക്ഷിച്ചു
ജീവിച്ച് മഹത്ത്വത്തോടെഴുന്നേറ്റതിനെ ശക്ത്യാ
ശത്രുക്കളിൽനിന്നും വീണ്ടു
വീഞ്ഞിൻ ലഹരിയൊഴിഞ്ഞവനെപ്പോൽ കർത്താവീനാൾ
മരണത്തെ വിട്ടുണർവോടെ
മൃതിയെ കൊന്ന് തകർത്താപ്പാതാളത്തിൻ വാതിൽ
തീർത്തൊരു നിത്യക്കാൽപീഠം.

## പ്രാർത്ഥന

*മഹിമയോടെ കബറിൽനിന്ന് ഉയിർത്തെഴുന്നേറ്റ് മരണമുള്ളതായ ഞങ്ങളുടെ വർഗ്ഗത്തിന് നിത്യജീവൻ പ്രദാനം ചെയ്ത യേശുനാഥാ, പാപികളായ ഞങ്ങളുടെ ഹൃദയങ്ങളിലേക്ക് കടന്നു വരേണമേ. ആമ്മീൻ.*

## നിശ്ചയം

**ഉത്ഥാനത്തിന്റെ മഹാശക്തിയാൽ, പാപത്തിന്റെ ബന്ധനങ്ങളെ പൊട്ടിച്ച് കർത്താവിനുവേണ്ടി എന്നും സാക്ഷ്യജീവിതം നയിക്കും.**

## നമുക്ക് ചിന്തിക്കാം

1. ക്രിസ്തു ഉയിർത്തിട്ടില്ലെങ്കിൽ ഞങ്ങളുടെ ............... വ്യർത്ഥം; നിങ്ങളുടെ ............... വ്യർത്ഥം (1 കൊരി. 15:14)
2. ഉത്ഥിതനായ ക്രിസ്തു ആദ്യം പ്രത്യക്ഷപ്പെട്ടതാർക്ക്?
3. ഉയിർപ്പിന്റെ നാൽപ്പതാം ദിവസം സുപ്രധാനമായ ഒരു സംഭവമുണ്ട്. എന്താണത്?

## പ്രവർത്തനങ്ങൾ

1. പൗരസ്ത്യ പാരമ്പര്യത്തിൽ ക്രൂശിതരൂപമില്ലാത്ത ജഹമശി ഇൃീലെ ഉപയോഗിക്കുന്നു. എന്തുകൊണ്ട്?
2. ഉയിർപ്പിന്റെ മഹാസന്തോഷവും പ്രാധാന്യവും വ്യക്തമാക്കുന്ന അഞ്ച് ഗീതങ്ങൾ വി. കുർബ്ബാന ക്രമത്തിൽനിന്നും കണ്ടുപിടിക്കുക.
3. 'ഉയിർപ്പിന്റെ പ്രഖ്യാപനം'- ഉയിർപ്പുപെരുനാളിലെ വളരെ പ്രധാനപ്പെട്ട ശുശ്രൂഷയാണ്. പ്രസ്തുത പ്രഖ്യാപനം ആണ്ടുതക്സായിൽനിന്നും കണ്ടുപിടിച്ച് ക്ലാസ്സിൽ അവതരിപ്പിക്കുക.

4. “വിസ്മയ സഹിതം കബറു പിളർന്നു...” എന്ന ഗീതം ആലപിക്കുക.
5. ‘‘പാതാളത്തിൽ ചെന്ന് കർത്താവ് മരിച്ചവരോട് സുവിശേഷം അറിയിച്ചു.’’ ഇതിൽനിന്ന് നിങ്ങൾ എന്തു മനസ്സിലാക്കുന്നു?

## തുടർവായനയ്ക്ക്

| ദിവസം | രാവിലെ | വൈകിട്ട് |
|---|---|---|
| ഞായർ | * | യോഹ. 20:1-18 |
| തിങ്കൾ | യോഹ. 20:19-31 | യോഹ. 21:1-14 |
| ചൊവ്വ | മത്തായി 218:1-15 | മർക്കൊ. 16:1-8 |
| ബുധൻ | മർക്കൊ. 16:9-18 | ലൂക്കോ. 24:13-35 |
| വ്യാഴം | ലൂക്കോ. 24:44-53 | 1 കൊരി. 15:3-19 |
| വെള്ളി | യെശ. 60:1-15 | യെശ. 61:1-11 |
| ശനി | അ. പ്ര. 2:22-36 | * |

പാഠം 6

# പത്തു കല്പനകൾ

(പുറപ്പാട് 20: 1-17)

**മുഖ്യസന്ദേശം:** യഹോവയായ ദൈവം സ്വന്തജനമായ യിസ്രായേൽ ദൈവികസഹവാസം പുലർത്തുന്നതിനും നന്മയിൽ വളരുന്നതിനുമായി കൽപ്പനകൾ നൽകി. ദൈവ കല്പനകൾ എന്നും നാം അനുസരിക്കണം.

**മനഃപാഠവാക്യം:** "ആകയാൽ നിങ്ങൾ എന്റെ വാക്കു കേട്ട് അനുസരിക്കുകയും എന്റെ നിയമം പ്രമാണിക്കുകയും ചെയ്താൽ നിങ്ങൾ എനിക്കു സകല ജാതികളിലും വച്ച് പ്രത്യേക സമ്പത്തായിരിക്കും" (പുറപ്പാട് 19:5).

**പഠനസഹായികൾ:** രണ്ടു ചാർട്ട്പേപ്പറിലെഴുതിയ 'പത്തു കൽപ്പനകൾ,' മോശെക്കു കല്പനകൾ നൽകുന്ന ചിത്രങ്ങൾ.

## ആമുഖം

നമ്മുടെ നാട്ടിൽ കോടതിയും പോലീസും എന്തിനെന്ന് ചിന്തിച്ചിട്ടുണ്ടോ? നീതിയും ന്യായവും ക്രമസമാധാനവും നടപ്പാക്കാൻ. കോടതിക്കും പോലീസിനും സ്വന്ത ഇഷ്ടപ്രകാരം പ്രവർത്തിക്കുവാൻ അനുവാദമില്ല. ഇൻഡ്യൻ സിവിൽകോഡും ക്രിമിനൽ കോഡുമാണ് അവയുടെ ആധാരം. ഇവയ്ക്കെല്ലാം ഉപരിയായി ഇൻഡ്യൻ ഭരണഘടന യുണ്ട്. ജനങ്ങൾക്ക് നീതി ലഭിക്കുവാൻ ഇപ്രകാരമുള്ള അധികാര വ്യവസ്ഥിതികൾ നൂറ്റാ ണ്ടുകളിലൂടെ രൂപപ്പെട്ട ചരിത്രമൊക്കെ നിങ്ങൾ സെക്കുലർ ക്ലാസുകളിൽ പഠിക്കുന്നുണ്ട്. ദൈവത്തിന്റെ സ്വന്തം ജനമായ യിസ്രായേലിന്റെ നിയമവ്യവസ്ഥകൾ ആരംഭിച്ചതെങ്ങനെ യാണ്? അക്കാര്യങ്ങളാണ് ഈ പാഠത്തിന്റെ പ്രതിപാദ്യ വിഷയം.

## പാഠഭാഗം

വിശ്വാസികളുടെ പിതാവായ അബ്രാഹാമിനെ ദൈവം വിളിച്ച് വേർതിരിക്കുന്നതോടെ യാണ് യിസ്രായേൽ സമൂഹത്തിന്റെ ആരംഭം. തുടർന്ന് ഇസ്ഹാക്ക്, യാക്കോബ് എന്നിവരുടെ ജീവചരിത്രം ഉൽപ്പത്തി പുസ്തകത്തിൽ വിവരിക്കുന്നു. യാക്കോബിന്റെ മകനായ യോസഫ് മിസ്രയിം ദേശത്തിന്റെ (ഈജിപ്ത്) അധിപതിയായി. അദ്ദേഹം തന്റെ സഹോദരങ്ങളെ ക്ഷാമത്തിൽനിന്ന് രക്ഷിച്ച് മിസ്രയീമിൽ പാർപ്പിച്ചു. തലമുറകളായി അവിടെ പാർത്ത് ഒരു വലിയ സമൂഹമായി മാറിയ അവരെ നശിപ്പിക്കുവാൻ യോസ ഫിനെ അറിഞ്ഞിട്ടില്ലാത്ത ചില ഫറവോമാർ ശ്രമിച്ചു. അതികഠിനമായ പീഡകളിൽനിന്ന് അവരെ മോചിപ്പിക്കുവാൻ ദൈവം മോശയെ നിയോഗിച്ചു. കൊട്ടാര സൗഭാഗ്യങ്ങളെല്ലാം ഉപേക്ഷിച്ച് മോശെ സ്വന്തം ജനത്തിന് നേതൃത്വം നൽകി. സഹോദരനായ അഹരോനും സഹായത്തിനുണ്ടായിരുന്നു. ജനത്തെ വിട്ടയയ്ക്കുവാൻ ഫറവോനോട് പലവട്ടം അപേക്ഷിച്ചു. കഠിനഹൃദയനായ ഫറവോ മോശെയുടെ വാക്ക് ചെവിക്കൊണ്ടില്ല. ദൈവം പത്ത് ബാധകൾ ദേശത്ത് അയച്ചു. അവസാനം അടിമവീടായ മിസ്രയീമിൽ നിന്ന് വാഗ്ദത്തനാടായ കനാനിലേക്ക് യിസ്രായേൽ മക്കൾ പുറപ്പെട്ടു. ഈ മഹാപ്രയാണ ത്തിന്റെ ചരിത്രമാണ് പുറപ്പാട് പുസ്തകത്തിന്റെ ഉള്ളടക്കം. എബ്രായരുടെ ഒരു വലിയ സമൂഹം നാൽപ്പതു വർഷംകൊണ്ടാണ് ലക്ഷ്യത്തിലെത്തുന്നത്. ഈ മഹാദൗത്യം

ദൈവികനിയോഗത്താൽ സഫലമാക്കിയ നേതാവാണ് മോശെ. യഹോവ അഭിമുഖമായി അറിഞ്ഞ മോശെയെപ്പോലെ ഒരു പ്രവാചകൻ യിസ്രായേലിൽ പിന്നെ ഉണ്ടായിട്ടില്ല. (ആവ. 34:12). നേതാവ്, പ്രവാചകൻ, ദൈവപുരുഷൻ എന്നീ നിലകളിൽ ദൈവജനത്തെ നയിച്ച മോശെയിൽകൂടിതന്നെയാണ് ദൈവം നിയമസംഹിതകളും നൽകിയത്. യിസ്രാ യേൽ ജനതയെ വിടുവിച്ച ദൈവത്തിന്റെ കരുതലും സ്നേഹവുമാണ് ഇതിലൂടെ പ്രകട മാകുന്നത്.

യിസ്രായേൽജനം മിസ്രയീമിൽനിന്ന് പുറപ്പെട്ടതിന്റെ മൂന്നാം മാസത്തിൽ സീനായ് പർവ്വതത്തിൽ വച്ച് പത്തു കല്പനകൾ ദൈവം നൽകി. വിമോചിതദിനമായ പെസ ഹായ്ക്കു ശേഷമുള്ള അൻപതാം ദിവസം (പെന്തക്കോസ്തി പെരുന്നാൾ) കല്പനകൾ നൽകിയെന്നാണ് പാരമ്പര്യം. ദൈവിക മഹത്വം ദർശിക്കുവാനായി രണ്ടുദിവസം മോശെ ജനത്തെ ശുദ്ധീകരിച്ചു. മൂന്നാം ദിവസം ഇടിമുഴക്കവും, മിന്നലും കാഹളധ്വനിയും നിറഞ്ഞുനിന്ന സീനായ് പർവ്വതത്തിൽ മോശെ കയറി. ജനമെല്ലാം നടുക്കത്തോടെ അടിവാരത്തു നിന്നു. പർവ്വതത്തിന്റെ കൊടുമുടിയിൽ മോശെ ദൈവത്തെ അഭിമുഖീകരിച്ചു. നാൽപ്പതു ദിവസത്തെ ഉപവാസത്തോടെയാണ് ഇത് സാധ്യമായത്. തുടർന്ന് ധാർമ്മികതയുടെ കേന്ദ്രബിന്ദുവായ പത്തു കല്പനകൾ ദൈവം നൽകി (പുറ. 20:1-17). ആവർത്തനപുസ്തകം 5:7-21 ഇവ രേഖപ്പെടുത്തിയിട്ടുണ്ട്. ദൈവം സ്വജനത്തിനു നൽകിയ സന്മാർഗ്ഗിക സംഹിതയായ പത്തു കല്പനകൾ ഇപ്രകാരമാണ്.

1. നിന്റെ ദൈവമായ യഹോവയല്ലാതെ അന്യദൈവങ്ങൾ നിനക്ക് ഉണ്ടാകരുത്.
2. ഒരു വിഗ്രഹം ഉണ്ടാക്കരുത്. മീതെ സ്വർഗ്ഗത്തിലോ താഴെ ഭൂമിയിലോ ഭൂമിക്കു കീഴെ വെള്ളത്തിലുള്ളതോ ആയ യാതൊന്നിന്റെയും പ്രതിമയുണ്ടാക്കി നമസ്കരിക്കുകയോ സേവിക്കുകയോ ചെയ്യരുത്.
3. നിന്റെ ദൈവമായ യഹോവയുടെ നാമം വ്യഥാ എടുക്കരുത്.
4. ശാബതിനെ ശുദ്ധീകരിക്കുവാൻ ഓർക്ക.
5. നിനക്ക് ദീർഘായുസ്സുണ്ടാകുവാൻ നിന്റെ അപ്പനെയും അമ്മയെയും ബഹുമാ നിക്കുക.
6. കൊല ചെയ്യരുത്.
7. വ്യഭിചാരം ചെയ്യരുത്.
8. മോഷ്ടിക്കരുത്.
9. കൂട്ടുകാരനു നേരെ കള്ളസാക്ഷ്യം പറയരുത്.
10. കൂട്ടുകാരനുള്ള യാതൊന്നും മോഹിക്കരുത്.

മാനവചരിത്രത്തിൽ, വിശിഷ്യാ യിസ്രായേലിന്റെ ചരിത്രത്തിൽ വലിയ പ്രാധാന്യമുള്ള ധർമ്മസംഹിതയാണ് പത്തു കല്പനകൾ. ഇവയിൽ ആദ്യത്തെ നാലുപ്രമാണങ്ങൾ ദൈവ ത്തോടുള്ള മനുഷ്യബന്ധത്തെ സൂചിപ്പിക്കുന്നു. വിഗ്രഹാരാധന വെടിഞ്ഞ് ഏകദൈവ വിശ്വാസം അനുശാസിക്കുന്നു. അവസാനത്തെ ആറ് കല്പനകൾ മനുഷ്യന്റെ സാമൂഹ്യ ബന്ധങ്ങൾ സുദൃഢമാക്കുവാനുള്ളതാണ്. മാതാപിതാക്കളെ ബഹുമാനിക്കുകയും അനുസരിക്കുകയും ചെയ്യണമെന്നത് അനുഗ്രഹദായകമായ ഒരു ദൈവിക കല്പനയാ ണെന്ന് നാം എപ്പോഴും ഓർമ്മിക്കണം. പുതിയനിയമത്തിൽ യേശുക്രിസ്തു പത്തു കല്പനകളെ അംഗീകരിച്ച് പുതിയ അർത്ഥവ്യാപ്തി നൽകുന്നു. ഗിരിപ്രഭാഷണത്തിൽ (വി. മത്തായി 5, 6, 7 അദ്ധ്യായങ്ങൾ) പഴയനിയമപ്രമാണങ്ങളെ അവയുടെ നിഷേധാത്മക (negative) ഭാവത്തിൽനിന്ന് മോചിപ്പിച്ച് വാസ്തവിക (positive) സ്വഭാവമുള്ളതാക്കുന്നു. കൂടാതെ പത്തു കല്പനകളെ ആവർത്തനം 6:5, ലേവ്യ. 19:18 എന്നീ വാക്യങ്ങളുടെ അടി

സ്ഥാനത്തിൽ രണ്ടു കല്പനകളായി സംക്ഷേപിക്കുന്നത് ശ്രദ്ധേയമാണ്- "നിന്റെ ദൈവമായ കർത്താവിനെ പൂർണ്ണഹൃദയത്തോടും പൂർണ്ണആത്മാവോടും പൂർണ്ണ മനസ്സോടും സ്നേഹിക്കേണം... കൂട്ടുകാരനെ നിന്നെപ്പോലെതന്നെ സ്നേഹിക്കേണം." ഈ രണ്ടു കല്പനകളിൽ സകല ന്യായപ്രമാണവും പ്രവാചകന്മാരും അടങ്ങിയിരിക്കുന്നു (വി. മത്തായി 22: 37-40). പഴയനിയമത്തിലെ ന്യായപ്രമാണത്തിന്റെ അടിസ്ഥാനം പത്തു കല്പനകളാണ്. പുതിയനിയമത്തിൽ യേശുക്രിസ്തുവിലൂടെ ന്യായപ്രമാണത്തിന്റെ പുതുക്കവും പൂർണ്ണതയും ഉണ്ടായി. വി. യോഹന്നാൻ പഠിപ്പിക്കുന്നു- "ന്യായപ്രമാണം മോശെ മുഖാന്തരം ലഭിച്ചു; കൃപയും സത്യവും യേശുക്രിസ്തു മുഖാന്തരം വന്നു" (വി. യോഹന്നാൻ 1:17).

മോശെയുടെ അസാന്നിധ്യത്തിൽ യിസ്രായേൽ ജനം സത്യദൈവത്തെ മറന്നു. ബിംബാരാധനയ്ക്കായി അവർ അഹരോനെ നിർബന്ധിച്ചു, സ്വർണ്ണംകൊണ്ട് ഒരു കാള ക്കുട്ടിയെ വാർത്തുണ്ടാക്കി. പർവതത്തിൽ നിന്നിറങ്ങിവന്ന മോശെ കാളക്കുട്ടിയെ ആരാധി ക്കുന്ന സ്വന്തജനത്തെകണ്ട് അന്ധാളിച്ചുപോയി. കോപാവേശത്താൽ കല്പനകൾ എഴുതിയ രണ്ടു കൽപ്പലകകൾ എറിഞ്ഞുടച്ചു. പ്രായശ്ചിത്തമായി കാളക്കുട്ടിയെ തീയിലിട്ടു ചുട്ട് അരച്ചുപൊടിയാക്കി വെള്ളത്തിൽ വിതറി അവരെ കുടിപ്പിച്ചു. യഹോവയുടെ കോപത്തിൽനിന്ന് ജനത്തെ രക്ഷിക്കുന്നതിനായി മോശെ മദ്ധ്യസ്ഥത അർപ്പിച്ചു. മോശെയുടെ അപേക്ഷ ദൈവം സ്വീകരിച്ചു. ഉടമ്പടി ബന്ധം പുതുക്കി കനാനിലേക്കുള്ള തുടർയാത്രയിൽ അവരെ സഹായിച്ച് അനുഗ്രഹിച്ചു.

## നമുക്ക് പാടാം

(മാർഗ്ഗംകളി പാട്ട് "പുണ്യവാനിസ്സഹാക്കിനുണ്ടായി രണ്ടു മക്കൾ" എന്ന രീതി)

മോശതന്റെയാടുമേയ്ച്ചു കാനനത്തിൽ നിൽക്കുന്നേരം
മുൾപ്പടർപ്പെരിഞ്ഞീടാതെ കത്തുന്നഗ്നിജ്വാല കണ്ടു
മോശകണ്ടിട്ടമ്പരന്നു സൂക്ഷിച്ചങ്ങു നോക്കുന്നേരം
മോശയെന്നു താൻ വിളിച്ചു നോക്കുവാനായ് പിൻതിരിഞ്ഞു
ശുദ്ധമുള്ള ഭൂമിയാണ് അഴിക്കണം നീ ചെരുപ്പിൻ വാറ്
മിസ്രയീമിലെൻ ജനത്തിൻ കഷ്ടതയെക്കണ്ടു ഞാനും
നീയവരെ കൂട്ടിക്കൊണ്ടുവരുവാനായ് പോകയിപ്പോൾ
എൻ പിതാവേയെന്നെയല്ല വേറൊരുവൻ പോകട്ടിപ്പോൾ
വിക്കനായ എന്നെയവർ കേൾക്കയില്ല നിശ്ചയമായ്
വിക്കരെയും ചെകിടരെയും സൃഷ്ടിച്ചവൻ ഞാനല്ലയോ
മോശചെന്നുചൊല്ലിയിട്ടും തൻജനത്തെ വിട്ടതില്ല
ബാധ പത്ത് ഇറക്കിയിട്ടും തൻജനത്തെ വിട്ടതില്ല
ഫറവോന്റെ ആദ്യജാതൻ മരിച്ചപ്പോൾ വിട്ടയച്ചു
താ ഇന്ത തരികിട തികിത തെയ്

## നമുക്ക് പ്രാർത്ഥിക്കാം

*കർത്താവേ, ലോകമോഹങ്ങൾക്കു പിന്നാലെ പായാതെ, ദൈവികപദ്ധതി യനുസരിച്ച് ജീവിക്കുവാൻ അവിടുന്നു നൽകിയ കല്പനകൾ ഞങ്ങളുടെ ജീവിതപാതയിൽ എന്നും വഴികാട്ടിയായിരിക്കേണമേ. ആമ്മീൻ.*

**നിശ്ചയം**

**ദൈവിക കല്പനകളിൽനിന്ന് വ്യതിചലിക്കാതെ ജീവിതത്തിന്റെ എല്ലാ മേഖലകളിലും യേശുവിന്റെ പൈതലായി ഞാൻ ജീവിക്കും.**

## നമുക്ക് ചിന്തിക്കാം

1. പുറപ്പാട് പുസ്തകത്തിന്റെ പ്രധാന ഉള്ളടക്കം എന്താണ്?
2. പത്തുകല്പനകളിൽ വാഗ്ദത്തത്തോടു കൂടിയ കല്പന ഏത്?
3. പൂരിപ്പിക്കുക. ന്യായപ്രമാണം................ മുഖാന്തരം ലഭിച്ചു; കൃപയും സത്യവും ........... മുഖാന്തരം വന്നു. വേദവാക്യം എഴുതുക.
4. 'പത്തു കല്പന'കളുടെ ഉള്ളടക്കം ഹൃദിസ്ഥമാക്കി പ്രതിപാദിക്കുക.

## പ്രവർത്തനങ്ങൾ

1. പത്തുകല്പനകളെ പാഠത്തിൽ കൊടുത്തിരിക്കുന്നതല്ലാതെ മറ്റൊരു വിധത്തിൽ രണ്ടായി വിഭജിക്കുക. *ഉദാ.* ചെയ്യേണ്ടവയും (Do's), ചെയ്യരുതാത്തവയും (Dont's).
2. യിസ്രായേലിന്റെ പുറപ്പാട് ചരിത്രം അപ്പോസ്തല പ്രവൃത്തികളിലെ ഒരദ്ധ്യായത്തിൽ സവിസ്തരം ഒരു പ്രഭാഷണമായി രേഖപ്പെടുത്തിയിട്ടുണ്ട്. അദ്ധ്യായം ഏത്? പ്രഭാഷകൻ ആര്?
3. പുറപ്പാട് 19:16-18 അടിസ്ഥാനമാക്കി സീനായ് പർവ്വതത്തിൽ ഉണ്ടായ സംഭവങ്ങൾ എന്ത് എന്നു കണ്ടുപിടിക്കുക.

## തുടർ വായനയ്ക്ക്

| ദിവസം | രാവിലെ | വൈകിട്ട് |
|---|---|---|
| ഞായർ | * | പുറ. 20:18-26 |
| തിങ്കൾ | ആവ. 5:6-21 | പുറ. 19:1-13 |
| ചൊവ്വ | പുറ. 19:14-25 | പുറ. 21:1-19 |
| ബുധൻ | പുറ. 21:20-36 | പുറ. 23:1-17 |
| വ്യാഴം | പുറ. 23:18-33 | പുറ. 24:1-18 |
| വെള്ളി | പുറ. 31:18-32:14 | പുറ. 32:15-35 |
| ശനി | മത്തായി 5:1-20 | * |

പാഠം 7

# മരുഭൂയാത്രയും ആരാധനാ ജീവിതവും

(പുറപ്പാട് 40:1-16)

**മുഖ്യസന്ദേശം:** മരുപ്രയാണകാലത്ത് യിസ്രായേൽ മക്കളുടെ മദ്ധ്യേ ദൈവമുണ്ടായിരുന്നു. തങ്ങളോടൊപ്പം ദൈവം കൂടാരം അടിച്ചുപാർത്തിരുന്നു എന്ന് അവർ വിശ്വസിച്ചു. പകൽ മേഘസ്തംഭവും രാത്രി അഗ്നിത്തൂണും നൽകി അവരെ സഹായിച്ചത് അതിന്റെ അടയാളമായിരുന്നു. തന്നെ ആരാധിക്കുന്ന മക്കൾക്ക് ദൈവം ഇന്നും സമീപസ്ഥനും സഹായകനുമാകുന്നു.

**മനഃപാഠവാക്യം:** "ഞാൻ വിശുദ്ധനാകയാൽ നിങ്ങളും വിശുദ്ധന്മാരായിരിക്കേണം" (ലേവ്യ. 11:45).

**പഠന സഹായികൾ:** "പുറപ്പാടിന്റെ ഭൂപടം" (പ്രയാണത്തിന്റെ വഴി-രൂപരേഖ)

## ആമുഖം

നിങ്ങൾ കുടുംബമായോ സ്കൂളിൽനിന്നോ ദൂരയാത്ര നടത്തിയിട്ടില്ലേ? എന്തെല്ലാം കാര്യങ്ങൾ ക്രമീകരിക്കുമെന്ന് പറയാമോ? സന്ദർശിക്കേണ്ട സ്ഥലങ്ങൾ, സമയം, വാഹന ക്രമീകരണം, വിശ്രമസ്ഥലം, ഭക്ഷണം, പണം, വസ്ത്രങ്ങൾ ഇങ്ങനെ എത്രയോ കാര്യങ്ങൾ ആസൂത്രണം ചെയ്തിട്ടാണ് യാത്ര പുറപ്പെടുന്നത്. സന്തോഷത്തോടും, സാവകാശത്തിലും ഒരു ചെറുസമൂഹമാണ് യാത്ര ചെയ്യുന്നത്. എന്നാൽ 25 ലക്ഷത്തോളം ജനങ്ങൾ അവരുടെ ആടുമാടുകളും മറ്റ് സമ്പാദ്യങ്ങളുമായി പൊടുന്നനെ ഭയചകിതരായി പുറപ്പെടുന്നു! കൂട്ടത്തിൽ കുഞ്ഞുങ്ങളും വൃദ്ധരും രോഗികളും ഗർഭിണികളുമെല്ലാമുണ്ടെന്ന് ഓർക്കണം. യാത്രയോ മരുഭൂമിയിലൂടെ 40 വർഷവും! ലോകചരിത്രത്തിലെ ഈ അപൂർവ മഹാപ്രയാണത്തിൽ ദൈവപരിപാലനയുടെ അനുഭവങ്ങളാണ് നമുക്കു പഠിക്കുവാനുള്ളത്. ഇസ്രായേൽ മക്കൾ മിസ്രയീമിൽനിന്നും വിമോചിതരായി നാൽപ്പതു സംവത്സരം യാത്ര ചെയ്താണ് വാഗ്ദത്തനാടായ കനാനിലെത്തിച്ചേർന്നത്. പതിനായിരങ്ങൾ ഉള്ള ഒരു വൻ ജനസഞ്ചയം. യാത്ര മരുഭൂമിയിലൂടെ. അവർക്കുണ്ടായ അനുഭവങ്ങൾ, അവരുടെ പ്രതികരണങ്ങൾ, മോശെയുടെ അനുപമമായ നേതൃത്വം, യഹോവയുടെ അതുല്യമായ കരുതൽ. ഇവയെല്ലാമാണ് നമ്മുടെ പഠനവിഷയം. കൂടാതെ അവരുടെ ആരാധനാ ജീവിതത്തെപ്പറ്റിയും പഠിക്കാം.

## പാഠഭാഗം

മിസ്രയീമിലെ അടിമത്തത്തിൽ കഴിഞ്ഞ യിസ്രായേൽ ജനത്തെ ദൈവം മോശെ മുഖാന്തരം വിടുവിച്ചു. വാഗ്ദത്ത നാട്ടിലേക്ക് 6 ലക്ഷം പുരുഷന്മാരും അവരുടെ കുടുംബാംഗങ്ങളും അവരുടെ സമ്പാദ്യങ്ങളുമായി യഹൂദ കലണ്ടർ അനുസരിച്ച് ആബീബ് മാസം 14-ാം തീയതി പെസഹാ ആചരണത്തിനുശേഷം രാത്രിയിൽ പുറപ്പെട്ടു. മിസ്രയിം ഭവനങ്ങളിലെ ആദ്യജാതന്മാരും മൃഗങ്ങളുടെ കടിഞ്ഞൂലുകളും സംഹാരദൂതന്റെ വാളിനിരയായതിന്നാൽ അവർ നിലവിളിയിലും വിലാപത്തിലുമായിരുന്നു. കുഞ്ഞാടിന്റെ രക്തം കട്ടിളപ്പടിമേൽ പുരട്ടിയ യിസ്രായേൽ ഭവനങ്ങളെ സംഹാരദൂതൻ സ്പർശിച്ചതേയില്ല.

430 വർഷത്തെ അടിമത്തത്തിൽനിന്ന് ദൈവിക വീണ്ടെടുപ്പിന്റെ മഹാ സന്തോഷത്തോടെ ഗണം ഗണമായി ഗോത്രത്തലവന്മാരുടെയും വിശിഷ്യാ മോശെയുടെയും നേതൃത്വത്തിൽ പ്രയാണം ആരംഭിച്ചു.

മോശെ തിരഞ്ഞെടുത്ത "പുറപ്പാടി"ന്റെ വഴി ശ്രദ്ധേയമാണ്. ഒരു വർഷംകൊണ്ട് കനാനിലെത്താവുന്ന ഹ്രസ്വമായ തീരദേശപാത, ദൈവനിയോഗപ്രകാരം, തിരഞ്ഞെടുത്തില്ല. യുദ്ധവീരന്മാരായ ഫെലിസ്ത്യരുടെ പ്രദേശം ഒഴിവാക്കുകയായിരുന്നു ലക്ഷ്യം. യിസ്രായേൽ മക്കൾക്ക് യുദ്ധപരിചയം ഒട്ടുമില്ലായിരുന്നു. അവർ ചെങ്കടലിനരികെയുള്ള മരുഭൂമിവഴിയായി തെക്കോട്ട് യാത്ര തിരിച്ചു. വർഷങ്ങളോളം അമ്മാവിയപ്പനായ യിത്രോവിന്റെ ആടുകളെ പോറ്റുവാൻ മരുപ്രദേശങ്ങളിൽ അലഞ്ഞുനടന്ന പരിചയസമ്പത്ത് മോശെയ്ക്കുണ്ടായിരുന്നു.

മിസ്രയീമിൽനിന്ന് പുറപ്പെട്ട ജനത്തിന് ദൈവിക സംരക്ഷണം നിരന്തരമുണ്ടായിരുന്നു. പകലിന്റെ ചൂടിൽനിന്ന് രക്ഷയ്ക്കായി മേഘസ്തംഭവും രാത്രിയിൽ വെളിച്ചത്തിനായി അഗ്നിത്തൂണും അവരെ അനുഗമിച്ചു. ദൈവത്തിലാശ്രയിക്കുന്നവർക്ക് അത്ഭുതവഴികൾ എപ്പോഴും ഉണ്ടാകുമെന്ന് വിശ്വസിക്കണം. മോശെയും ജനമൊക്കെയും ദൈവത്തെ സ്തുതിച്ചു പാടി. 136-ാം സങ്കീർത്തനം ദൈവികപരിപാലനയുടെ ധ്യാനാത്മകമായ അനുസ്മരണമാണ്. സൂക്കോത്തിലും ഏഥോമിലും പാളയമടിച്ചു പാർത്തശേഷം യാത്ര ചെയ്യുമ്പോൾ ചെങ്കടൽ എന്ന വലിയ തടസ്സം മുന്നിൽ! പിടികൂടാനെത്തുന്ന മിസ്രയീമ്യ സൈന്യം പിന്നിൽ! ഈ പ്രതിസന്ധിഘട്ടത്തിൽ അത്ഭുതകരമായ ദൈവിക ഇടപെടലുണ്ടായി. ചെങ്കടലിന്റെ മദ്ധ്യേ ദൈവം ഉണങ്ങിയ വഴിയൊരുക്കി. യിസ്രായേൽ കടൽ കടന്നുകഴിഞ്ഞ് മിസ്രയീമ്യരും പുറകെ എത്തി. അപ്പോൾ കടൽ പൂർവ്വസ്ഥിതിയിലേക്കു മടങ്ങി. ശത്രുക്കൾ മുങ്ങി നശിച്ചു. ചെങ്കടൽ കടന്ന അവർ പാരാൻമരുഭൂമിയുടെ അതിർത്തിയിലൂടെ സഞ്ചരിച്ചു. വെള്ളമില്ലാതെ വലഞ്ഞു. മാറാ എന്ന സ്ഥലത്ത് ലഭിച്ചതോ കയ്പ്പുള്ള വെള്ളം! മോശെയുടെ അപേക്ഷ ദൈവം കേട്ടു. മധുരമുള്ള ജലം അവർക്കു കിട്ടി. തുടർന്ന് ഏലീമിൽ സുഖദായകമായ അന്തരീക്ഷമായിരുന്നു. അവരും മൃഗങ്ങളും ക്ഷീണം തീർത്ത് പ്രയാണം തുടർന്നു.

സീൻ മരുഭൂമിയിൽ വലിയ കഷ്ടതയും ദാരിദ്ര്യവുമുണ്ടായി. മിസ്രയീമിലെ ഇറച്ചിക്കലങ്ങളെയോർത്ത്, ദൈവത്തെ മറന്ന് അവർ പിറുപിറുത്തു. എങ്കിലും ദൈവം അവർക്ക് മന്നാ നല്കി (പുറപ്പാട് 16), 'തങ്ങൾക്കു ഭക്ഷിപ്പാൻ ഇറച്ചി തരിക' എന്നുപറഞ്ഞ് ജനം കരഞ്ഞപ്പോൾ മോശെപോലും ഉത്തരമില്ലാതെ വിഷമിച്ചു. തന്റെ കൂടെയുള്ള ആറുലക്ഷംപേർക്ക് മതിയാകത്തക്കവിധം ഇറച്ചി കൊടുക്കുവാൻ ദൈവത്തിനു കഴിയുമോ എന്നുപോലും മോശെ ചോദിച്ചു (സംഖ്യ. 11:21-22). ഈ സമയം ആവശ്യം പോലെ കാടപ്പക്ഷിയെ നല്കി ദൈവം അവരെ തൃപ്തിപ്പെടുത്തി. ഒരു മാസത്തിനുശേഷം രെഫീദിമിൽ പാളയ മിറങ്ങി. വെള്ളമില്ലാതെ ദാഹിച്ചു വലഞ്ഞ ജനം വീണ്ടും പിറുപിറുത്തു. ദൈവത്തെ പരീക്ഷിച്ചതിനാൽ 'മസ്സാ' (പരീക്ഷ) എന്നും 'മെരീബാ' (കലഹം) എന്നും ആ സ്ഥലത്തിനു പേരായി. മോശ യഹോവയോട് നിലവിളിച്ചു. ഹോറേബിലെ പാറമേൽ അടിച്ചപ്പോൾ സമൃദ്ധിയായി ജലം ലഭിച്ചു. തുടർന്ന് അമോലെക്യരുടെ ആക്രമണത്തിൽ നിന്നും യഹോവ അവരെ രക്ഷിച്ചു. മോശെ യാഗപീഠം പണിത് അതിന് 'യഹോവ നിസ്സി' (യഹോവ എന്റെ കൊടി) എന്നു പേരിട്ടു. അനന്തരം മോശെയുടെ കുടുംബം - ഭാര്യ സിപ്പോറായും പുത്രന്മാരായ ഗേർശോമും എലിയാസെരും അമ്മാവിയപ്പനായ യിത്രോവിനോടൊപ്പം ചേർന്നു. ഇങ്ങനെ മിദ്യാന്യപുരോഹിതനായ യിത്രോ സാക്ഷിക്കുന്നു: 'യഹോവ സകല ദേവന്മാരിലും വലിയവൻ.' ജനത്തെ ന്യായപാലനം ചെയ്യുകയെന്ന ഭാരിച്ച ദൗത്യം ഭംഗിയായി നിർവഹിക്കുവാൻ യിത്രോവിന്റെ നിർദ്ദേശങ്ങൾ പ്രയോജനപ്പെട്ടു.

## യിസ്രായേൽക്കാരുടെ ആരാധന

യഹോവയെ ആരാധിക്കുന്നതിൽ മോശെ എപ്പോഴും ശ്രദ്ധിച്ചു. ചിട്ടയായ ആരാധനാ ജീവിതത്തിന് ദൈവിക നിർദ്ദേശപ്രകാരം തിരുനിവാസം, നിയമപ്പെട്ടകം, സമാഗമനകൂടാരം എന്നിവ നിർമ്മിച്ചു. ദൈവം ഇറങ്ങിവസിച്ച ചെറു ആലയമായിരുന്നു തിരുനിവാസം. കൽപ്പലകകളും നിയമപുസ്തകവും വയ്ക്കുവാനുള്ള പെട്ടിയായിരുന്നു നിയമപ്പെട്ടകം. സമാഗമനകൂടാരം എന്നാൽ ദൈവവും മനുഷ്യരും തമ്മിൽ സമ്മേളിക്കുന്ന സ്ഥലമെന്നർത്ഥം. ജനങ്ങളുടെ പ്രതിനിധിയായി മോശെ അതിനുള്ളിൽ പ്രവേശിച്ചിരുന്നു. അതിവിശുദ്ധമായി കരുതിയ ഇവയുടെ നിർമ്മാണത്തെക്കുറിച്ച് പുറപ്പാടുപുസ്തകം 25-27 അദ്ധ്യായങ്ങളിൽ വിവരിക്കുന്നു. മരുഭൂമിയിൽ യിസ്രായേൽ മക്കൾ നിർമ്മിച്ച ദൈവസാന്നിദ്ധ്യമുള്ള ആലയമാണ് സമാഗമന കൂടാരം. മരുഭൂമിയിൽ പാളയമടിക്കുമ്പോൾ കൂടാരം നിവർത്തുകയും യാത്രയിൽ ലേവ്യർ ചുമന്നുകൊണ്ടുപോവുകയും ചെയ്തിരുന്നു. തിരുനിവാസവും സമാഗമന കൂടാരവും ഒന്നുതന്നെയാണെന്നും വ്യത്യസ്ത സാഹചര്യങ്ങൾ രണ്ടായി വിവരിക്കപ്പെട്ടുവെന്നും കരുതാം.

വിശുദ്ധ ജീവിതം നയിക്കുന്നതിനാവശ്യമായ ഒരു ആരാധനാ സംവിധാനവും നേതൃത്വം കൊടുക്കുവാനുള്ള പുരോഹിതന്മാരുടെ കർത്തവ്യങ്ങളും ദൈവം നൽകി. ഇവയെക്കുറിച്ചുള്ള വിവരണമാണ് മോശെയുടെ പഞ്ചഗ്രന്ഥങ്ങളിൽ മൂന്നാമത്തേതായ ലേവ്യപുസ്തകത്തിന്റെ ഉള്ളടക്കം. വിവിധ യാഗങ്ങൾ, അവ അർപ്പിക്കേണ്ട രീതികൾ ഇവയെല്ലാം വിശദമായി വിവരിക്കുന്നു. ആരാധനയിൽ മുഖ്യസ്ഥാനം ലേവ്യർക്കായതിനാൽ അവരുടെ ചുമതലകൾ പ്രധാനവിഷയമാണ്. ഹോമയാഗം, ഭോജനയാഗം, സമാധാനയാഗം, പാപയാഗം, അകൃത്യയാഗം എന്നിവയാണ് പ്രധാനയാഗങ്ങൾ. കാൽവറി കുരിശിലെ യേശുക്രിസ്തുവിന്റെ മരണം പഴയനിയമയാഗങ്ങളുടെ പൂർത്തീകരണമാണ്. ആ പരമയാഗത്തിന്റെ അനുസ്മരണവും അനുഷ്ഠാനവുമാണ് വി. കുർബ്ബാന. യിസ്രായേലിലെ ഉത്സവങ്ങൾ അഥവാ പെരുന്നാളുകൾ ആചരിക്കേണ്ടതിന്റെ ക്രമീകരണങ്ങൾ ലേവ്യപുസ്തകം 23-ാം അദ്ധ്യായത്തിൽ നൽകിയിട്ടുണ്ട്. പ്രധാന പെരുന്നാളുകൾ ഇവയാണ്: 1. കടിഞ്ഞൂൽ സംഹാരത്തിൽനിന്ന് രക്ഷിക്കപ്പെട്ടതിന്റെ ഓർമ്മയ്ക്കായി പെസഹാ പെരുന്നാൾ. മിസ്രയീമിൽനിന്നുള്ള പുറപ്പാട് അനുസ്മരിക്കുന്ന പുളിപ്പില്ലാത്ത അപ്പത്തിന്റെ പെരുന്നാളാണിത്. 2. ആദ്യഫല പെരുന്നാൾ അഥവാ കൊയ്ത്താരംഭത്തിലുള്ള പെന്തക്കോസ്തു പെരുന്നാൾ. 3. മരുഭൂയാത്രയിൽ ലഭിച്ച ദൈവികസംരക്ഷണം അനുസ്മരിക്കുന്ന കൂടാരപ്പെരുന്നാൾ. ഇന്നും യഹൂദന്മാർ ഈ പെരുന്നാളുകൾ പിൽക്കാലത്ത് രൂപപ്പെട്ട മറ്റു പെരുന്നാളുകളോടൊപ്പം ഭക്തിപൂർവ്വം ആചരിക്കുന്നു. 4. ദൈവത്തോട് നന്ദിയും സ്നേഹവും പ്രകടിപ്പിക്കുന്ന കാഹളധ്വനി പെരുന്നാൾ. 5. ജനത്തിന്റെ പാപങ്ങൾ നീക്കുന്ന പാപപരിഹാരപ്പെരുന്നാൾ. 6. ഇവകൂടാതെ പിൽക്കാലത്ത് രൂപപ്പെട്ട രണ്ടു പെരുന്നാളുകളാണ് പുരീം (എസ്തേർ 9:25-28, 2 മക്കാബിയർ 15:36), പ്രതിഷ്ഠോത്സവം (യോഹ. 10:2, 1 മക്കാബിയർ 4:52-59) എന്നിവ.

**ശാബതാചരണം:** യഹോവയായ ദൈവം കൊടുത്ത കല്പന അനുസരിച്ച യിസ്രായേൽമക്കൾ ഏഴാം ദിവസം ദൈവത്തിനായി വേർതിരിക്കുകയും അന്ന് ആരാധനയിൽ പങ്കെടുക്കുകയും ചെയ്തു. അന്ന് ചെയ്യേണ്ടതും ചെയ്യരുതാത്തതുമായ കാര്യങ്ങളെപ്പറ്റി വ്യക്തമായ നിബന്ധനകൾ ഉണ്ടായിരുന്നു. ശാബതിൽ യാതൊരു ലൗകിക ജോലിയും ചെയ്യാതെ പ്രാർത്ഥനയ്ക്കായിട്ടും തിരുവചനധ്യാനത്തിനായിട്ടും സുന്നഗോഗ് ആരാധനയ്ക്കായിട്ടും വേർതിരിച്ചിരുന്നു. യഹൂദന്മാരുടെ ശാബതാചരണത്തിനു സമാനമായി നാം ഏതു ദിവസമാണ് വേർതിരിച്ചിരിക്കുന്നത്? ഞായറാഴ്ചയാണ്. ഞായറാഴ്ച നമ്മൾ

സർവ്വവിധ ലൗകിക കാര്യങ്ങളിൽനിന്നും ഒഴിഞ്ഞ്, കളികളൊക്കെ മാറ്റിവച്ച്, പള്ളി ആരാധനയിലും സൺഡേസ്കൂളിലും പങ്കെടുക്കുന്നു.

സ്നേഹ ഉടമ്പടിയാൽ ബന്ധിക്കപ്പെട്ട സ്വന്തം ജനത്തെ ദൈവം മരുഭൂയാത്രയിൽ എപ്പോഴും കാവൽചെയ്ത് പരിപാലിച്ചു. നീതിക്കും സത്യത്തിനും വിശുദ്ധിക്കും ഊന്നൽ നൽകി ജീവിക്കുവാൻ അവർക്ക് കല്പനകളും ആരാധനാസംവിധാനങ്ങളും നൽകി. ജീവിതയാത്രയിൽ ഉടനീളം ആരാധനാജീവിതം തുടരണമെന്നാണ് ഇതിനർത്ഥം. വിളിക്കപ്പെട്ട ജനത്തിന്റെ കർത്തവ്യം ദൈവസ്വഭാവത്തിൽ ജീവിക്കുക എന്നതാണ്. ഞാൻ വിശുദ്ധനാകയാൽ നിങ്ങളും വിശുദ്ധരായിരിക്കേണം (ലേവ്യ. 11:45). പഴയനിയമത്തിന്റെ ഈ കേന്ദ്ര ആശയം എക്കാലവും പാലിക്കേണ്ടതാണ്.

## നമുക്ക് പാടാം

(ശ്ഹീമാ നമസ്ക്കാരം, ചൊവ്വ, പ്രഭാതം)

പുലർവേളയതിൽ പ്രാർത്ഥിപ്പാൻ
മൂശാനിബി ഗിരിശൃംഗത്തിൽ
ദൈവം പ്രത്യുത്തരമരുളി
മെസ്രേംകാരുടെ ദാസ്യത്തീ-
ന്നിസ്രായേല്യരെ രക്ഷിപ്പാൻ
വടിയും അധികാരവുമേകി

## നമുക്ക് പ്രാർത്ഥിക്കാം

*നാഥാ, യിസ്രായേൽ മക്കളെ മരുഭൂമിയിലൂടെ അത്ഭുതകരമായി നടത്തിയ അവിടുത്തെ സ്നേഹപരിപാലനം ഞങ്ങളുടെ ജീവിതയാത്രയിലും അനുനിമിഷം ഉണ്ടായിരിക്കേണമേ. ആമ്മീൻ.*

## നിശ്ചയം

**പ്രതിബന്ധങ്ങളിലും പ്രയാസങ്ങളിലും ഞങ്ങൾ**
**ദൈവത്തിൽ ആശ്രയിച്ചു മുന്നേറും**

## നമുക്ക് ചിന്തിക്കാം

1. മോശെയുടെ നേതൃത്വശൈലിയുടെ പ്രധാന സവിശേഷതകൾ ഏവ?
2. മരുഭൂയാത്രയിലെ ദൈവിക കരുതലിന്റെ അഞ്ചു സംഭവങ്ങൾ നൽകുക.
3. ബസലേൽ, ഒഹോലിയാബ് എന്നിവർ ആരായിരുന്നു? (പുറപ്പാട് 31:2,6)
4. യിസ്രായേലിലെ പ്രധാന പെരുന്നാളുകളും അവയുടെ പശ്ചാത്തലവും വിവരിക്കുക.

## പ്രവർത്തനങ്ങൾ

1. പുറപ്പാടിന്റെ സഞ്ചാരപഥം ഭൂപടത്തിന്റെ സഹായത്തോടെ ചർച്ച ചെയ്യുക (ബൈബിൾഭാഷ്യം/വേദശബ്ദ രത്നാകരം എന്നിവയിൽ ഭൂപടങ്ങളുണ്ട്).
2. യിസ്രായേലിന്റെ ഏതെല്ലാം പെരുന്നാളുകൾ ക്രിസ്തീയപെരുന്നാളുകളായി രൂപാന്തരപ്പെട്ടുവെന്ന് കണ്ടെത്തുക.

3. മാറാ, മെരീബാ, മസ്സാ, യഹോവ നിസി എന്നീ പദങ്ങളുടെ അർത്ഥം മലയാളത്തിലും ഇംഗ്ലീഷിലും പട്ടിക രൂപത്തിലാക്കുക.

4. 'Ten Commandments' എന്ന പ്രസിദ്ധമായ ഇംഗ്ലീഷ് സിനിമ പ്രൊജക്ടറുപയോഗിച്ച് സൺഡേസ്കൂളിൽ എല്ലാവരും ചേർന്ന് കാണുവാൻ ശ്രമിക്കുക. കുറഞ്ഞപക്ഷം ഇന്റർനെറ്റിൽ നിന്ന് പ്രധാന ഭാഗങ്ങൾ ഡൗൺലോഡ് ചെയ്ത് ലാപ്ടോപ്പിലൂടെ ക്ലാസ്സിൽ ഒരുമിച്ച് വീക്ഷിക്കുക.

## തുടർ വായനയ്ക്ക്

| ദിവസം | രാവിലെ | വൈകിട്ട് |
|---|---|---|
| ഞായർ | * | പുറ. 33:1-11 |
| തിങ്കൾ | പുറ. 33:12-23 | പുറ. 36:1-10 |
| ചൊവ്വ | പുറ. 37:1-16 | പുറ. 40:16-38 |
| ബുധൻ | ലേവ്യ 1:1-17 | സങ്കീ. 78:1-28 |
| വ്യാഴം | സങ്കീ. 78:29-51 | സങ്കീ. 78:52-72 |
| വെള്ളി | ലേവ്യ 23:1-14 | ലേവ്യ 23:33-44 |
| ശനി | സങ്കീ. 106:1-24 | * |

പാഠം 8

# മോശെയുടെ പിൻഗാമി - യോശുവ

(ആവർത്തനം 34:1-12)

**മുഖ്യസന്ദേശം:** ദൈവാശ്രയവും സമർപ്പണവുമുള്ളവരെ ദൈവം നേതൃസ്ഥാനത്തേക്ക് ഉയർത്തും. തന്റെ ജനത്തെ നയിക്കുവാൻ പ്രാപ്തരായവരെ ദൈവം യഥാസമയം കണ്ടെത്തും.

**മനഃപാഠവാക്യം:** "നിന്റെ ദൈവമായ യഹോവ നീ പോകുന്നേടത്തൊക്കെയും നിന്നോടു കൂടെ ഉള്ളതുകൊണ്ട് ഉറപ്പും ധൈര്യവുമുള്ളവനായിരിക്കാ; ഭയപ്പെടരുത്, ഭ്രമിക്കയും അരുത് എന്ന് ഞാൻ നിന്നോടു കല്പിച്ചുവല്ലോ"(യോശുവ. 1:9).

**പഠന സഹായികൾ:** കനാൻ നാടിന്റെ ചിത്രം.

## ആമുഖം

ഇൻഡ്യയുടെ ഇപ്പോഴത്തെ പ്രധാനമന്ത്രി ആരെന്നറിയാമല്ലോ? അദ്ദേഹത്തിന്റെ പിൻഗാമി ആരായിരിക്കും? പറയുവാൻ പ്രയാസമാണ്. അല്ലേ? അധികാര കൈമാറ്റം പലപ്പോഴും പ്രശ്നങ്ങൾ ഉണ്ടാക്കാറുണ്ട്. എന്നാൽ ആത്മീയരംഗത്ത് പിൻഗാമികളെ ദൈവം നേരത്തെ കണ്ടെത്തി പരിശീലിപ്പിക്കും. ഏലിയായുടെ പിൻഗാമി ഏലിശാ, ദാവീദിന്റെ പിൻഗാമി ശലോമോൻ എന്നിങ്ങനെ. നമ്മുടെ സഭയിലും സഭാതലവന്റെ പിൻഗാമിയെ നിയുക്ത കാതോലിക്കാബാവായായി തെരഞ്ഞെടുക്കാറുണ്ടെന്ന് അറിയാമല്ലോ?

യിസ്രായേൽജനതയെ അടിമത്തത്തിൽനിന്ന് ദൈവനിയോഗപ്രകാരം മോശെ വിമോചിപ്പിച്ചു. നാൽപ്പതുവർഷക്കാലം അവരെ നയിച്ച് വാഗ്ദത്ത നാട്ടിലെത്തിച്ചു. യഹോവയ്ക്ക് പ്രിയങ്കരനായ മോശെ കനാന്റെ പടിവാതിൽക്കൽവച്ച് ഇഹലോകവാസം വെടിഞ്ഞു. ദൈവം കബറടക്കിയ മനുഷ്യൻ എന്ന ബഹുമതി നേടി. ദൈവജനത്തെ തുടർന്ന് നയിക്കുവാൻ ശക്തമായ നേതൃത്വം വേണ്ടിയിരുന്നു. അതിനായി, പിൻഗാമിയായി പരിശീലനം നേടിയ യോശുവ ചുമതലയേറ്റു. യോശുവയുടെ നേതൃത്വത്തിലുള്ള സംഭവ ബഹുലമായ തുടർചരിത്രമാണ് നാമിനിയും പഠിക്കുന്നത്.

വളരെ നേരത്തെതന്നെ ദൈവം കണ്ടെത്തി പരിശീലിപ്പിച്ച യോശുവയെ ചുമതല യേൽപ്പിക്കുന്ന രംഗങ്ങൾ ശ്രദ്ധേയമാണ്. ദൈവമഹത്വത്തിനും ജനനന്മയ്ക്കുമാണ് നേതാക്കൾ പരിശ്രമിക്കേണ്ടത് എന്ന സന്ദേശവും ഇതു നൽകുന്നു.

## പാഠഭാഗം

സീനായ് മലയിൽവച്ച് പത്തുകൽപ്പനകൾ ലഭിച്ചശേഷം ദൈവനിയോഗപ്രകാരം യിസ്രായേലിലെ ആദ്യത്തെ ജനസംഖ്യാ നിർണ്ണയം നടത്തി. ഇരുപതു വയസ്സിനു മുകളി ലുള്ള യോദ്ധാക്കൾ ആറുലക്ഷം എന്നു കണ്ടു. മുപ്പത്തിയെട്ടുവർഷങ്ങൾക്കുശേഷം കനാനിൽ പ്രവേശിക്കുന്നതിനു മുൻപായി വീണ്ടും ജനസംഖ്യ എടുത്തു. അംഗസംഖ്യ ഏകദേശം പഴയതുതന്നെ. യഹോവയോടു പിറുപിറുപ്പും മത്സരവും നടത്തിയ അനേകാ യിരങ്ങൾ ദൈവകോപത്തിനിരയായി പട്ടുപോയതാണ് ജനസംഖ്യാവർദ്ധനവില്ലാത്തതിനു കാരണം. മോശെയുടെ നാലാം പുസ്തകമായ സംഖ്യാപുസ്തകത്തിന്റെ ഒന്നാമത്തേയും ഇരുപത്തിയാറാമത്തേയും അദ്ധ്യായങ്ങളിൽ ഈ ജനസംഖ്യാകണക്കെടുപ്പ് വിവരി ക്കുന്നതിനാലാണ് 'സംഖ്യാപുസ്തകം' (Numbers) എന്ന ശീർഷകം നൽകിയിരിക്കുന്നത്.

കനാൻ പ്രവേശത്തിന് മുൻപ് നിരവധി സംഭവങ്ങൾ അരങ്ങേറി. ജനത്തിന്റെ അനുസരണക്കേടും മത്സരവും ഒരു വശത്ത്. ദൈവത്തിന്റെ കരുതലും ദീർഘക്ഷമയും മറുവശത്ത്. ദൈവത്തിനും ജനത്തിനും മദ്ധ്യേ മോശെ. അനേകം വെല്ലുവിളികളെ അദ്ദേഹം ദൈവനിയോഗപ്രകാരം അതിജീവിച്ചു. മിര്യാമിന്റെ പാപം (അദ്ധ്യായം 12), കോരഹ്, ദാഥാൻ, അബീരാം എന്നിവരുടെ മത്സരം (അദ്ധ്യായം 16), അഹരോന്റെ മരണം (അദ്ധ്യായം 20), അഗ്നിസർപ്പങ്ങളും പിച്ചളസർപ്പവും (അദ്ധ്യായം 21), ബിലയാമും കഴുതയും (അദ്ധ്യായം 22), ബാൽപെയോരിലെ അനുസരണക്കേടും ശിക്ഷയും (അദ്ധ്യായം 25). ഇങ്ങനെ എത്രയോ സംഭവങ്ങൾ! മുപ്പത്തിമൂന്നാം അദ്ധ്യായത്തിൽ കഴിഞ്ഞ നാലു ദശാബ്ദങ്ങളായി അവർ സഞ്ചരിച്ച് പാളയമിറങ്ങിയ സ്ഥലങ്ങൾ അക്കമിട്ട് പറയുന്നു. വാഗ്ദത്ത നാടായ കനാന്റെ അതിരുകൾ, സങ്കേത നഗരങ്ങൾ എന്നിവയുടെ നിശ്ചയത്തോടെ സംഖ്യാപുസ്തകം സമാപിക്കുന്നു.

പുറപ്പാടിന്റെ നാൽപ്പതു വർഷത്തെ പ്രയാണം അവസാനിക്കുന്നതിനു തൊട്ടുമുൻപ് അവർ മോവാബ് സമഭൂമിയിൽ എത്തി. മിസ്രയീമിൽ നിന്നു പുറപ്പെട്ടവരിൽ യോശുവയും കാലേബും ഒഴികെയുള്ളവർ അവശേഷിച്ചിട്ടില്ല. പുതിയ തലമുറയോട് തന്റെ സ്മരണകളെ അടിസ്ഥാനമാക്കി മോശെ വിശദമായി സാസാരിക്കുന്നു. ഇതാണ് അഞ്ചാംപുസ്തകമായ ആവർത്തനപുസ്തകത്തിന്റെ ഉള്ളടക്കം. പാവനചരിത്രത്തിന്റെ ആവർത്തനം (Recital of sacred history), ദൈവകൽപ്പനകൾ, വാഗ്ദത്തനാട്ടിൽ പാലിക്കേണ്ട നിയമങ്ങൾ, ദൈവികനടത്തിപ്പിന്റെ പശ്ചാത്തലത്തിലുള്ള ആഹ്വാനങ്ങൾ, ഓരോ ഗോത്രത്തിനുമുള്ള അനുഗ്രഹങ്ങൾ, മോശെയുടെ അന്തിമ വചനങ്ങൾ... ഇങ്ങനെ മധുരമേറിയ ദൈവവചനങ്ങളുടെ ഒരു സമാഹാരമാണിത്. അവസാന അദ്ധ്യായത്തിൽ മോശെയുടെ നിര്യാണവും രേഖപ്പെടുത്തിയിരിക്കുന്നു.

വാഗ്ദത്ത നാടായ കനാനിൽ പ്രവേശിക്കുവാൻ മോശെക്കു കഴിഞ്ഞില്ല. നെബോ പർവ്വതത്തിൽ പിസ്ഗാ കൊടുമുടിയിൽ നിന്നുകൊണ്ട് അദ്ദേഹം കനാൻ നാടു മുഴുവൻ കൺകുളിർക്കെ കണ്ടു. അവിടെ വച്ചു മരിച്ചു. എന്തുകൊണ്ടാണ് മോശെക്ക് കനാനിലെത്താൻ കഴിയാതെപോയത് (ആവർത്തനം 32:50,52)? ബേത്ത് പെയോരിനെതിരെയുള്ള താഴ്വരയിൽ എവിടെയോ ദൈവം മോശെയെ സംസ്കരിച്ചുവെന്ന് വേദപുസ്തകം സാക്ഷിക്കുന്നു (ആവർത്തനം 34:1-6). യിസ്രായേൽ മക്കൾ മോശെയുടെ നിര്യാണത്തിൽ മുപ്പതു ദിവസം കരഞ്ഞു വിലപിച്ചു. യിസ്രായേലിന്റെ വിമോചകൻ, നേതാവ്, ന്യായപ്രമാണദാതാവ്, ധർമ്മോപദേഷ്ടാവ് എന്നിങ്ങനെ മോശെയുടെ വിശേഷണങ്ങൾ അനവധിയാണ്. 'എന്റെ ദാസനായ മോശെ' എന്ന് ദൈവം ആവർത്തിച്ചുപറയുന്നു. അത്രമാത്രം വിശ്വസ്തനും അനുസരണയുമുള്ളവനുമായിരുന്നു മോശെ. നാൽപ്പതുവർഷം ജനത്തോടൊപ്പം കഷ്ടപ്പാടുകളും പ്രതിസന്ധികളും നേരിട്ടു. ജനത്തിന്റെ നിന്ദയും മറുതലിപ്പുമെല്ലാം ക്ഷമയോടെ സഹിച്ച് അവരെ ദൈവികപന്ഥാവിൽ കനാനിൽ എത്തിച്ചു. മോശെയെക്കുറിച്ചുള്ള ഏറ്റവും നല്ല വിശേഷണം ആവർത്തന പുസ്തകത്തിന്റെ അന്തിമവാക്യത്തിൽ (34:12) രേഖപ്പെടുത്തിയിരിക്കുന്നു: "യഹോവ അഭിമുഖമായി അറിഞ്ഞ മോശെയെപ്പോലെ ഒരു പ്രവാചകൻ യിസ്രായേലിൽ പിന്നെ ഉണ്ടായിട്ടില്ല."

മോശെയുടെ പിൻഗാമിയായി എഫ്രയീം ഗോത്രത്തിലെ നൂന്റെ മകനായ യോശുവയെ ദൈവകല്പനപ്രകാരം മോശെ അഭിഷേകം ചെയ്തിരുന്നു (ആവ. 34:9). അമോലോക്യരുമായുള്ള യുദ്ധത്തിൽ നായകനായി നിയോഗിച്ചിരുന്നത് യോശുവയെ ആയിരുന്നു. സമർപ്പണബോധമുള്ള ഈ യുവാവിനെ മുൻപുതന്നെ കണ്ടെത്തിയിരുന്നതായി പുറപ്പാട് 33:11-ൽ വായിക്കുന്നു. "അവന്റെ (മോശെയുടെ) ശുശ്രൂഷക്കാരനായ നൂന്റെ പുത്രനായ യോശുവ എന്ന ബാല്യക്കാരനോ കൂടാരത്തെ വിട്ടു പിരിയാതിരുന്നു." കനാൻ നാട്

ഒറ്റുനോക്കുവാൻ മോശെ നിയോഗിച്ച പന്ത്രണ്ടു പേരിൽ യോശുവയും കാലേബും മാത്രമാണ് പ്രതികൂലഘടകങ്ങളെ ഭയപ്പെടാതെ യഹോവയിലുള്ള വിശ്വാസം പ്രഖ്യാപിക്കുന്നത്. മോശെയുടെ മരണശേഷം യോശുവ സർവ്വ യിസ്രായേലിനും തലവനായി. മോശെക്ക് ദർശിക്കുവാൻ മാത്രം ഭാഗ്യം സിദ്ധിച്ച കനാൻ നാട് അധീനമാക്കുവാൻ ദൈവം ഉപയോഗിച്ചത് ഇദ്ദേഹത്തെയാണ്. മോശെക്കു നൽകിയ ഉപദേശം തന്നെ യഹോവ യോശുവയോടും ആവർത്തിക്കുന്നു: "ഉറപ്പും ധൈര്യവുമുള്ളവനായിരിക്കുക" (Be strong and courageous). നമ്മുടെ ജീവിതത്തിന്റെ പ്രതികൂല സാഹചര്യങ്ങളിലും ഈ വാക്യം നമ്മെ ധൈര്യപ്പെടുത്തട്ടെ: 'ഉറപ്പും ധൈര്യമുള്ളവനായിരിക്കുക.'

മോശെയുടെ പഞ്ചഗ്രന്ഥങ്ങളെ യിസ്രായേലിന്റെ പിൽക്കാല ചരിത്രവുമായി ബന്ധിപ്പിക്കുന്ന കണ്ണിയാണ് യോശുവയുടെ പുസ്തകം. യോശുവയുടെ നേതൃത്വത്തിൽ വാഗ്ദത്ത നാട് കീഴടക്കുന്നതും ദേശം വിഭാഗിച്ച് വിവിധ ഗോത്രങ്ങളെ അവിടെ പാർപ്പിക്കുന്നതുമാണ് ഇതിലെ മുഖ്യ പ്രമേയം. മോശെയുടെ മരണശേഷം പിൻഗാമിയായി നിയോഗിക്കപ്പെട്ടിരുന്ന യോശുവ ചുമതലയേറ്റു. ദൈവികപ്രമാണങ്ങൾ അനുസരിച്ചു ജീവിക്കുമ്പോഴെല്ലാം വിജയിക്കുമെന്നും ഉറപ്പും ധൈര്യവുമുള്ളവനായിരിക്കണമെന്നും ദൈവം അദ്ദേഹത്തെ ഉൽബോധിപ്പിച്ചു. മോശെയെ അനുസരിച്ചതുപോലെ തങ്ങൾ യോശുവയെയും അനുസരിക്കുമെന്നും ജനം പ്രതിജ്ഞ ചെയ്തു.

കനാനിലേക്കുള്ള പടിവാതിൽ യെറീഹോ എന്ന പട്ടണമായിരുന്നു. ദേശം ഒറ്റുനോക്കുവാൻ യോശുവ രണ്ട് ചാരന്മാരെ അയച്ചു. അവർ എത്തിയെന്ന വിവരമറിഞ്ഞ് പിടികൂടുവാൻ രാജഭൃത്യന്മാർ പരിശ്രമിച്ചു. എന്നാൽ രാഹാബ് എന്ന സ്ത്രീ അവരെ രക്ഷപ്പെടുത്തി. പിന്നീട് യെറീഹോ ആക്രമിച്ച് കീഴടക്കുമ്പോൾ രാഹാബിനെയും കുടുംബത്തെയും യോശുവ സംരക്ഷിച്ചു.

യിസ്രായേൽ ജനം യാത്ര തുടർന്ന് ശിത്തീമിൽ യോർദ്ദാൻ തീരത്ത് എത്തി. ദൈവസാന്നിധ്യത്തിന്റെ പ്രതീകമായ നിയമപ്പെട്ടകം അവർ എപ്പോഴും കൂടെ വഹിച്ചിരുന്നു. ഇനി യോർദ്ദാൻ നദി കടക്കണം. മോശെ ചെങ്കടൽ കടന്നതുപോലെ യോശുവാ യോർദ്ദാൻ നദി കടക്കുന്ന അത്ഭുത സംഭവം അരങ്ങേറി. ജനത്തെ അദ്ദേഹം ശുദ്ധീകരിച്ചു. നിയമപ്പെട്ടകവുമായി ലേവ്യർ മുമ്പിൽ നടന്നു. ജനമെല്ലാം അവരെ അനുഗമിച്ചു. പുരോഹിതന്മാരുടെ പാദം വെള്ളത്തിൽ ചവിട്ടിയപ്പോൾ കരകവിഞ്ഞൊഴുകിയ യോർദ്ദാനിലെ പ്രവാഹം നിലച്ചു. വെള്ളം ചിറപോലെ ഒരുവശത്ത് ഉയർന്നു നിന്നു. പെട്ടകവുമായി ലേവ്യർ നദീമദ്ധ്യത്തിൽ ഉറച്ചുനിന്നു. ജനമെല്ലാം മറുകര കടന്നു. പെട്ടകം നിന്നിടത്തുനിന്ന് 12 കല്ലെടുത്ത് യോശുവ കരയിൽ സ്ഥാപിച്ചു. പുരോഹിതന്മാർ മറുകര എത്തിയപ്പോൾ യോർദ്ദാനിലെ വെള്ളം പൂർവ്വസ്ഥിതിയിലായി. അങ്ങനെ മോശെയെപ്പോലെ യോശുവയും ദൈവപുരുഷനാണെന്ന് ഏവർക്കും ബോധ്യമായി. ഗിൽഗാലിൽ എത്തിയപ്പോൾ യോശുവ എല്ലാവരെയും ദൈവത്തിന് സമർപ്പിച്ച് പെസഹാ ആചരിച്ചു. ദേശത്തെ വിളവുകൊണ്ട് ഭക്ഷണം കഴിച്ചു. അതോടെ, അന്നേവരെ ലഭിച്ചിരുന്ന മന്നാ നിന്നുപോയി. മരുപ്രയാണം പൂർത്തിയായി വാഗ്ദത്തനാട്ടിലെത്തിയെന്നു സാരം.

## നമുക്ക് പ്രാർത്ഥിക്കാം

*ദൈവമേ! മോശെ, യോശുവ എന്നീ ശ്രേഷ്ഠനായകന്മാരെപ്പോലെയുള്ള നേതാക്കളെ ഞങ്ങളുടെ സഭയ്ക്കും സമൂഹത്തിനും നൽകേണമേ. ദൈവാശ്രയത്തോടും സാമൂഹ്യപ്രതിബദ്ധതയോടും നേതൃത്വം നൽകുവാൻ നേതൃസ്ഥാനികളെ ഏവരെയും അനുഗ്രഹിക്കേണമേ. ആമ്മീൻ.*

## നിശ്ചയം

**എന്നെ എൽപ്പിക്കുന്ന ഏതു ചുമതലയും ദൈവേഷ്ടപ്രകാരം മോശെ, യോശുവ എന്നിവരെപ്പോലെ ഉറപ്പും ധൈര്യവുമുള്ളവനായി/ ധൈര്യമുള്ളവളായി നിർവഹിക്കും.**

### നമുക്കു ചിന്തിക്കാം

1. 'സംഖ്യാ', 'ആവർത്തനം' എന്നീ പുസ്തകങ്ങൾക്ക് ആ പേരുകൾ ലഭിക്കാൻ കാരണമെന്ത്?
2. മോശെ മരിച്ചത് എവിടെ വച്ച്? ശവസംസ്കാരം നടത്തിയത് ആര്?
3. പഞ്ചഗ്രന്ഥങ്ങളിൽ അവസാനപുസ്തകമാണ് ആവർത്തനപുസ്തകം. അതിന്റെ അവസാന വാക്യം എഴുതുക.
4. മിസ്രയീമിൽനിന്ന് പുറപ്പെട്ടവരിൽ കനാൻ നാട്ടിൽ പ്രവേശിച്ചത് രണ്ടുപേർ മാത്രമാണ്. ആരൊക്കെ?
5. മോശെയുടെ പിൻഗാമിയായ യോശുവയിൽ നിങ്ങൾ കാണുന്ന മൂന്ന് പ്രധാന യോഗ്യതകൾ ചർച്ച ചെയ്യുക.

### പ്രവർത്തനങ്ങൾ

1. നാടകീയ മുഹൂർത്തങ്ങൾ നിറഞ്ഞു നിൽക്കുന്ന സംഭവങ്ങളാണ് മിര്യാമിന്റെ പാപം, കോരഹിന്റെയും അനുചരന്മാരുടെയും കലഹം, പിച്ചളസർപ്പം, ബിലെയാമും കഴുതയും എന്നിവ. വേദപുസ്തക ഭാഗങ്ങൾ വായിച്ച് ഇവ ഓരോന്നും കഥാപ്രസംഗം അഥവാ Skit രൂപത്തിൽ സൺഡേസ്കൂൾ ജനറൽ ക്ലാസിൽ അവതരിപ്പിക്കുക.
2. ആവർത്തനപുസ്തകത്തിലെ ചില വാക്യങ്ങൾ നമ്മുടെ കർത്താവ് ഉദ്ധരിക്കുന്നത് വി. മത്തായി ശ്ലീഹാ രേഖപ്പെടുത്തിയിട്ടുണ്ട്. ഒത്തുവാക്യങ്ങളടങ്ങിയ (Concordance) പുതിയനിയമത്തിന്റെ സഹായത്തോടെ അവ കണ്ടുപിടിക്കുക.
3. 'ഉറപ്പും ധൈര്യമുള്ളവനായിരിക്കുക'- പലപ്പോഴും ആവർത്തിക്കുന്ന ഈ ഉപദേശത്തിന്റെ പ്രതിഫലനമായ പത്ത് പരാമർശനങ്ങൾ 'ആവർത്തനം', 'യോശുവ' പുസ്തകങ്ങളിൽനിന്ന് കണ്ടെത്തുക.
4. 'നൂന്റെ പുത്രനായ യോശുവ' എന്ന പ്രയോഗം ആവർത്തിച്ചുകാണാം. ഇതുപോലെ പിതാവിന്റെ പേരിനോട് ചേർത്തുള്ള വേറെ ബൈബിൾ കഥാപാത്രങ്ങളെ കണ്ടെത്താമോ?

## തുടർ വായനയ്ക്ക്

| ദിവസം | രാവിലെ | വൈകിട്ട് |
|---|---|---|
| ഞായർ | * | ആവ. 1: 1-22 |
| തിങ്കൾ | ആവ. 1: 23-46 | ആവ. 4: 1-25 |
| ചൊവ്വ | ആവ. 4: 26-49 | ആവ. 5: 1-21 |
| ബുധൻ | ആവ. 6: 1-17 | ആവ. 15: 1-15 |
| വ്യാഴം | ആവ. 31: 1-19 | സംഖ്യാ. 13: 21-33 |
| വെള്ളി | സംഖ്യാ. 14: 1-12 | യോശുവ 1: 1-18 |
| ശനി | സങ്കീ. 136: 1-26 | * |

പാഠം 9

# യെറീഹോ മതിൽ വീഴുന്നു

(യോശുവ 6:12-20)

**മുഖ്യസന്ദേശം:** ഏതു വലിയ പ്രതിസന്ധിയും ദൈവമക്കൾക്ക് അതിജീവിക്കുവാൻ കഴിയും. പ്രാർത്ഥനാപൂർവം എടുക്കുന്ന നല്ല തീരുമാനങ്ങൾ ദൈവം യാഥാർത്ഥ്യമാക്കിത്തരും.

**മനഃപാഠവാക്യം:** "എന്റെ അവകാശത്തിന്റെയും പാനപാത്രത്തിന്റെയും പങ്ക് യഹോവ ആകുന്നു; നീ എനിക്കുള്ള ഓഹരിയെ പരിപാലിക്കുന്നു. അളവുനൂൽ എനിക്കു മനോഹരദേശത്തു വീണിരിക്കുന്നു; അതേ, എനിക്കു നല്ലോരവകാശം ലഭിച്ചിരിക്കുന്നു" (സങ്കീർത്തനം 16:5-6).

**പഠനസഹായികൾ:** [illegible] ഇന്റർനെറ്റിൽനിന്ന് download ചെയ്ത് ക്ലാസ്സിൽ അവതരിപ്പിക്കുക.

## ആമുഖം

യോശുവ ദൈവജനത്തിന്റെ നായകത്വം ഏറ്റെടുത്തു. വെല്ലുവിളികളുടെ ഒരു നിരതന്നെയാണ് നേരിടേണ്ടത്. ചെറുതും വലുതുമായ ഏതു കാര്യത്തിലും യോശുവ ദൈവത്തോട് ആലോചന ചോദിച്ചു. ശരിയായ മാർഗ്ഗദർശനം ലഭിക്കുകയും ചെയ്തു. യോശുവയുടെ ഏറ്റവും വലിയ വെല്ലുവിളി യെറീഹോപട്ടണം കീഴ്പ്പെടുത്തുക എന്നതായിരുന്നു. സുശക്തമായ മതിലുകളാൽ സംരക്ഷിക്കപ്പെട്ട നഗരം ([illegible]) എന്നാണ് ഈ നഗരം അറിയപ്പെട്ടത്. മതിലുകൾ തകർക്കാതെ അകത്തേക്കു പ്രവേശിക്കാൻപോലും കഴിയില്ല. യെറീഹോ മതിൽ തകർത്ത യുദ്ധതന്ത്രം നാം അറിയണം.

ചരിത്രത്തിൽ പലതരം മതിലുകളെക്കുറിച്ച് നിങ്ങൾ പഠിച്ചിട്ടുണ്ട്. ചൈനയിലെ വന്മതിൽ ഇന്നും ഒരു ലോകാത്ഭുതമാണ്. ജർമ്മനിയെ വിഭജിച്ചിരുന്ന ബർലിൻ മതിൽ ഇന്നില്ല. മലയാള സാഹിത്യത്തിൽ ബഷീറിന്റെ 'മതിലുകൾ' എന്ന കൃതി ഏറെ ശ്രദ്ധിക്കപ്പെട്ടു. അതേ പേരിൽ ഒരു സിനിമയും ഉണ്ട്. വി. വേദപുസ്തകത്തിൽ യെരുശലേമിന്റെ മതിലുകൾ പണിയുവാൻ നെഹമ്യാവ് ഉത്സാഹിച്ചതും അതു പൂർത്തിയാക്കുവാൻ ദൈവം സംഗതിയാക്കിയതും നിങ്ങൾ പഠിച്ചതാണ്. പഴയനിയമത്തിലെ ശ്രദ്ധേയമായ മറ്റൊരു ഏടാണ് യെറീഹോ മതിൽ തകർക്കുന്ന സംഭവം. യോശുവയുടെ ജീവിതത്തിലെ ഏറ്റവും തിളക്കമാർന്ന ദൗത്യമാണിത്.

## പാഠഭാഗം

യിസ്രായേൽ മക്കൾ വാഗ്ദത്തനാട് കൈവശമാക്കുന്നതിന്റെ പ്രഥമപടി യെറീഹോ നഗരം കീഴ്പ്പെടുത്തുക എന്നതായിരുന്നു. ബലമേറിയ മതിലുകളാൽ ശക്തമായി സംരക്ഷിക്കപ്പെട്ട പുരാതന നഗരമാണത്. യുദ്ധത്തിനു പുറപ്പെടുന്നതിനു മുൻപ് യോശുവയ്ക്ക് ദൈവിക ദർശനം ലഭിച്ചു (യോശുവ 5:13-15). യഹോവയുടെ സൈന്യാധിപൻ വാളുമായി പ്രത്യക്ഷനായി. ദൈവത്തിന്റെ കല്പന യോശുവ ആരാഞ്ഞപ്പോൾ 'നീ നിൽക്കുന്ന സ്ഥലം

വിശുദ്ധമാകയാൽ കാലിലെ ചെരുപ്പ് അഴിച്ചുകളക' എന്ന നിർദ്ദേശമുണ്ടായി. ദൈവിക കല്പന അക്ഷരംപ്രതി അനുസരിച്ചു നീങ്ങിയ യോശുവയ്ക്ക് എല്ലാ യുദ്ധങ്ങളിലും ദൈവം വിജയം നൽകി. യഹൂദരുടെ ആരാധനയിൽ 'സൈന്യങ്ങളുടെ യഹോവേ' എന്ന സംബോധന അന്വർത്ഥമാണ്.

യോശുവ യോർദ്ദാൻ കടന്ന മഹാസംഭവവും തങ്ങളെ ആക്രമിക്കുവാൻ വരുന്ന വിവരവും അറിഞ്ഞ് യെറീഹോ നിവാസികൾ ഭയപ്പെട്ട് പട്ടണവാതിലുകൾ എല്ലാം ഭദ്രമായി അടച്ചു. യഹോവയുടെ നിർദ്ദേശങ്ങൾ യോശുവയും ജനങ്ങളും പൂർണ്ണമായി അനുസരിച്ചു. പുരോഹിതന്മാർ ഏഴുകാഹളങ്ങളുമായി മുമ്പിൽ നടന്നു. ജനമെല്ലാം പിന്നാലെ നടന്നു. പുരോഹിതന്മാർ കാഹളം ഊതി. ജനം ആർപ്പിട്ടു. പട്ടണത്തെ ഒരു പ്രാവശ്യം വലംവച്ച തിനുശേഷം പാളയത്തിലേക്കു മടങ്ങി. ഇങ്ങനെ ആറുദിവസം ചെയ്തു. ഏഴാം ദിവസം ഏഴു പ്രാവശ്യം ചുറ്റി. പുരോഹിതന്മാർ കാഹളം ഊതി. ജനം അത്യുച്ചത്തിൽ ആർപ്പിട്ടു. അഭേദ്യമെന്നു കരുതിയ യെറീഹോ മതിൽ ഇടിഞ്ഞുവീണു. ജനം പട്ടണത്തിൽ പ്രവേശിച്ച് അതിനെ കീഴടക്കി. യെറീഹോ നിവാസികളെ സംഹരിച്ചു. യിസ്രായേലിലെ ഒറ്റുകാരെ രക്ഷിച്ച രാഹാബിനെയും കുടുംബത്തെയും ജീവനോടെ രക്ഷിച്ചു.

യെറീഹോവിന്റെ പതനം യഹോവയുടെ അത്ഭുതപ്രവൃത്തിയായി യിസ്രായേൽ എക്കാലവും വിശ്വസിക്കുന്നു. തുടർന്നുള്ള വിജയങ്ങൾക്ക് നാന്ദിയായിരുന്നു ഈ വിജയം. യോശുവയുടെ നേതൃത്വം പൂർണ്ണമായി അംഗീകരിക്കപ്പെട്ടു. അദ്ദേഹം യിസ്രായേലിന്റെ വീരനായകനായിമാറി. ദൈവത്തെ മുറുകെ പിടിച്ചുകൊണ്ട് പരിശ്രമിക്കുമ്പോൾ നമുക്കും വിജയം സുനിശ്ചിതമാണ്. ദൈവമില്ലെങ്കിൽ വട്ടപൂജ്യവും!

[illegible] [illegible]

[illegible] [illegible]

യെറീഹോ കീഴ്പ്പെടുത്തിയതിന്റെ വിജയലഹരിയിൽ ശരിയായ തയ്യാറെടുപ്പില്ലാതെ ഹായി എന്ന പട്ടണം അവർ ആക്രമിച്ചു. എന്നാൽ ആ യുദ്ധത്തിൽ യിസ്രായേൽ തോറ്റോടി. അനേകർ കൊല്ലപ്പെട്ടു. സങ്കടത്തോടെ യോശുവയും ജനവും ദൈവസന്നിധിയിൽ നില വിളിച്ചു. പരാജയത്തിന്റെ കാരണം ദൈവം വെളിപ്പെടുത്തി. യെറീഹോ കൊള്ളയിട്ടപ്പോൾ കൈവശപ്പെടുത്തരുതെന്ന് ദൈവം കൽപ്പിച്ച വസ്തുക്കൾ ആരോ സ്വന്തമാക്കി. കല്പന ലംഘിച്ച് പാപം ചെയ്തതാണ് തോൽവിക്കു കാരണം. കുറ്റവാളിയെ യോശുവ കണ്ടെത്തി. യഹൂദാ ഗോത്രത്തിലെ സർഹ്യകുലത്തിലെ സേരഹിന്റെ കുടുംബത്തിലെ കർമ്മിയുടെ മകനായ ആഖാൻ ശപാഥാർപ്പിതമായ വസ്ത്രം, വെള്ളി, സ്വർണ്ണം എന്നിവ ഒളിച്ചുവച്ചി രുന്നു. ആഖാനെയും കുടുംബത്തെയും ആഖോർ താഴ്‌വരയിൽ കല്ലെറിഞ്ഞു കൊന്നു. വ്യക്തികൾ ചെയ്യുന്ന പാപങ്ങൾ സമൂഹത്തെ തകർക്കുമെന്ന് ഓർക്കണം. ചെറിയ പാപ ങ്ങളെ താലോലിക്കുന്നതു തന്നെ ഒരു വലിയ പാപമാണ്. [illegible].

പാപത്തിന്റെ സാന്നിധ്യം നീക്കം ചെയ്തപ്പോൾ ദൈവം സന്തുഷ്ടനായി. ഹായി പട്ടണം കൈവശമാക്കുവാൻ ദൈവത്തിന്റെ ഉപദേശം ലഭിച്ചു. യുദ്ധം ജയിച്ചു. യാഗപീഠം പണിത് ഹോമയാഗവും സമാധാനയാഗവും അർപ്പിച്ചു. പുരോഹിതന്മാർ ജനത്തെ ആശീർവദിച്ചു. ന്യായപ്രമാണ പുസ്തകം വായിച്ചുകേട്ട് ദൈവത്തെ ആരാധിച്ചു. തുടർന്ന്, ഗിബയോന്യരുമായി ഉടമ്പടി ചെയ്തത് യഹോവയ്ക്ക് അനിഷ്ടമായി. അവർക്കുവേണ്ടി അമോര്യ രാജാക്കന്മാരോട് യുദ്ധം ചെയ്യേണ്ടി വന്നു. ഈ യുദ്ധത്തിൽ അയ്യാലോൻ താഴ്‌വരയിൽ വച്ച് യോശുവ സൂര്യചന്ദ്രന്മാരെ നിശ്ചലമാക്കി. സൂര്യൻ ഒരു ദിവസം അസ്ത

മിക്കാതെ നിലകൊണ്ടു. യഹോവ ഒരു മനുഷ്യന്റെ വാക്കു കേട്ടനുസരിച്ച ആ ദിവസം പോലെ ഒരു ദിവസം അതിനു മുൻപും പിൻപും ഉണ്ടായിട്ടില്ല (യോശുവ 10:14). ദൈവത്തിന്റെ അഭിഷിക്തമാർക്ക് വലിയ സിദ്ധികളുണ്ടെന്ന് പ്രത്യേകം ഓർമ്മിക്കണം.

യുദ്ധത്തിന്റെ ഒരു പരമ്പരയാണ് പിന്നീടുണ്ടായത്. ഗിൽഗാൽ ആയിരുന്നു പ്രധാന യുദ്ധതാവളം. യഹോവ യിസ്രായേലിനു വേണ്ടി യുദ്ധം ചെയ്തുവെന്ന് വേദപുസ്തകം സാക്ഷിക്കുന്നു. കനാന്യർ, ഹിത്യർ, പെരിസ്യർ, യെബൂസ്യർ, ഹിവ്യർ, അനാക്യർ എന്നിവരുടെ ദേശമെല്ലാം ആക്രമിച്ച് സ്വന്തമാക്കി. കൊല്ലപ്പെട്ട 31 പ്രമുഖ രാജാക്കന്മാരുടെ പട്ടിക 12-ാം അദ്ധ്യായത്തിൽ നൽകിയിട്ടുണ്ട്. ഏഴു വർഷം നീണ്ടുനിന്ന യുദ്ധം അവസാനിച്ച് ദേശത്തിന് സ്വസ്ഥത കൈവന്നു. 24 അദ്ധ്യായങ്ങളുള്ള യോശുവയുടെ പുസ്തകത്തിന്റെ ആദ്യഭാഗം കനാൻനാട് കൈവശപ്പെടുത്തുന്ന സംഭവങ്ങളുടെ വിവരണമാണ്.

## നമുക്കു പാടാം

(ശ്ഹീമാ നമസ്കാരം വെള്ളി, സന്ധ്യ)
രോധിച്ചാൻ യോശ്വാ വാനവിതാനത്തിൽ
ചന്ദ്രാർക്കന്മാരെ; മാർത്തോമ്മാ ശ്ലീഹാ
തൽ പ്രിയരെന്നിവർ തൻ പ്രാർത്ഥനയാൽ നാഥാ
ഹാലേലൂയ്യാ ഉ ഹാലേലൂയ്യാ രോധിക്കുക ശിക്ഷ

## നമുക്ക് പ്രാർത്ഥിക്കാം

*വാഗ്ദത്തങ്ങളിൽ വിശ്വസ്തനായ കർത്താവേ, അവിടുത്തെ നൽവരങ്ങൾ പ്രാപിക്കുവാൻ ഞങ്ങളെയെല്ലാവരെയും യോഗ്യരാക്കേണമേ. ആമ്മീൻ.*

## നിശ്ചയം

**ജീവിതത്തിലെ പ്രതിസന്ധികളിൽ തളരാതെ യോശുവയെപ്പോലെ ദൈവകൽപ്പനകൾ മുറുകെപ്പിടിച്ച് മുന്നേറും.**

## നമുക്കു ചിന്തിക്കാം

1. യോശുവ യെറീഹോ മതിൽ തകർത്ത യുദ്ധതന്ത്രം വിവരിക്കുക.
2. യെറീഹോ നഗരം കീഴടക്കിയപ്പോൾ ഒരു കുടുംബത്തെ മാത്രം രക്ഷിച്ചു. ആരുടെ കുടുംബം? യിസ്രായേലിന്റെ വംശാവലിയിൽ ഇടം കണ്ടെത്തിയ ഈ വ്യക്തിയെ പരാമർശിക്കുന്ന ഭാഗവും, പ്രാധാന്യവും വി. മത്തായിയുടെ സുവിശേഷം ഒന്നാം അദ്ധ്യായത്തിൽനിന്ന് കണ്ടുപിടിക്കുക.
3. ഹായിയിലെ തോൽവിക്കു കാരണം എന്തായിരുന്നു? അത് പരിഹരിച്ചതെങ്ങനെ?
4. അയ്യാലോൻ താഴ്വരയിലെ മഹാത്ഭുതത്തെക്കുറിച്ച് യോശുവ 10:12-14 വായിച്ചശേഷം ചർച്ചചെയ്യുക.

## പ്രവർത്തനങ്ങൾ

1. യെറീഹോ കീഴടക്കുമ്പോൾ ഏഴ് എന്ന സംഖ്യ എത്ര തവണ ആവർത്തിക്കുന്നു? പൂർണ്ണതയുടെ സൂചകമായ ഏഴിന് വി. വേദപുസ്തകത്തിലും സഭയിലും പ്രാധാന്യമുണ്ട്. ഉദാഹരണങ്ങൾ കണ്ടുപിടിക്കുക.

2. യോശുവ സൂര്യചന്ദ്രന്മാരെ നിശ്ചലമാക്കി. മറ്റൊരു പ്രവാചകന്റെ പ്രാർത്ഥനയാൽ സൂര്യഘടികാരത്തിൽ ദൈവം വ്യതിയാനം വരുത്തിയിട്ടുണ്ട്. ഏതു പ്രവാചകൻ? (2 രാജാക്കന്മാർ 20-ാം അദ്ധ്യായം വായിക്കുക).
3. മോശെയും യോശുവയും തമ്മിലുള്ള സാമ്യങ്ങളും വ്യത്യാസങ്ങളും ഒരു പട്ടിക രൂപത്തിൽ തയ്യാറാക്കുക.

## തുടർ വായനയ്ക്ക്

| ദിവസം | രാവിലെ | വൈകിട്ട് |
|---|---|---|
| ഞായർ | * | യോശുവ 3:1-8 |
| തിങ്കൾ | യോശുവ 3:9-17 | യോശുവ 4:1-15 |
| ചൊവ്വ | യോശുവ 4:16-24 | യോശുവ 5:9-15 |
| ബുധൻ | യോശുവ 6:1-11 | യോശുവ 6:12-27 |
| വ്യാഴം | യോശുവ 10:1-43 | രാജാ. 20:1-11 |
| വെള്ളി | യെശ. 38:1-9 | യോശുവ 10:38-43 |
| ശനി | യോശുവ 11:1-15 | * |

പാഠം 10

# കനാൻ ദേശത്തിന്റെ വിഭജനം

(യോശുവ 14:13-21)

**മുഖ്യസന്ദേശം:** ദൈവിക വാഗ്ദാനങ്ങളിൽ വിശ്വസിച്ച് പ്രവർത്തിക്കുന്നവർക്ക് ദൈവം അളവില്ലാതെ ദാനങ്ങൾ നൽകും.

**മനഃപാഠവാക്യം:** "ഞാനും എന്റെ കുടുംബവുമോ, ഞങ്ങൾ യഹോവയെ സേവിക്കും" (യോശുവ 24:15).

**പഠന സഹായികൾ:** ഗോത്രങ്ങളുടെ അവകാശഭൂമി ചിത്രീകരിക്കുന്ന ഭൂപടം.

## ആമുഖം

കുടുംബസ്വത്ത് വീതിക്കുന്ന രംഗങ്ങൾ സിനിമയിലും സീരിയലിലുമൊക്കെ നിങ്ങൾ കണ്ടിരിക്കുമല്ലൊ. പലപ്പോഴും തർക്കങ്ങളും അഭിപ്രായവ്യത്യാസങ്ങളും ഉണ്ടാകുന്നു. ഒരു ചെറിയ കുടുംബത്തിലെ കാര്യമാണിത്. വീതിക്കേണ്ട വസ്തുവകകളും ലഭിക്കേണ്ട വ്യക്തികളും കുറവാണെങ്കിൽ വലിയ പ്രശ്നമില്ല. യിസ്രായേൽ മക്കൾ 31 രാജാക്കന്മാരെ നിർമ്മൂലമാക്കി വിശാലമായ കനാൻ നാട് സ്വന്തമാക്കി കഴിഞ്ഞു. പന്ത്രണ്ടു ഗോത്രങ്ങളിലായി ആയിരക്കണക്കിനു കുടുംബങ്ങൾ! ദൈവാലോചനപ്രകാരം ഈ ദൗത്യം എപ്രകാരം നിർവഹിച്ചുവെന്ന് നമുക്കു പഠിക്കാം. യിസ്രായേൽ മക്കൾ യോശുവയുടെ നേതൃത്വത്തിൽ നിരന്തരയുദ്ധങ്ങളിലൂടെ വാഗ്ദത്തദേശം കൈവശമാക്കി. പന്ത്രണ്ടു ഗോത്രങ്ങളിലായി 25 ലക്ഷത്തോളം ജനങ്ങൾക്ക് തങ്ങളുടെ അവകാശഭൂമി നീതിപൂർവം വിഭജിച്ചു നൽകി യഥായോഗ്യം ഓരോരുത്തരെയും കുടിപാർപ്പിക്കുക എന്ന കഠിനജോലിയാണ് ഇനിയും ചെയ്യേണ്ടത്. ദൈവിക കൽപ്പനപ്രകാരം ആ ദൗത്യവും യോശുവ ഭംഗിയായി പൂർത്തിയാക്കി നിത്യതയിലേക്ക് പ്രവേശിക്കുന്നതാണ് പാഠഭാഗം.

## പാഠഭാഗം

യോശുവയുടെ പുസ്തകം 13 മുതൽ 21 വരെയുള്ള അദ്ധ്യായങ്ങളിലാണ് ദേശവിഭജനം വിവരിക്കുന്നത്. മോശെയുടെ കാലത്തുതന്നെ യോർദ്ദാൻ നദിയുടെ കിഴക്കുവശത്തുള്ള പ്രദേശം രണ്ടര ഗോത്രക്കാർക്ക് നൽകിയിരുന്നു. രൂബേൻ, ഗാദ് എന്നിവർക്കും മനെശ്ശയുടെ പകുതിക്കുമാണ് അവരുടെ അപേക്ഷപ്രകാരം അവകാശഭൂമി നേരത്തെ നൽകിയത്. എന്നാൽ ഒരു വ്യവസ്ഥ ഉണ്ടായിരുന്നു. ഈ രണ്ടര ഗോത്രങ്ങളിലെ പുരുഷന്മാർ തുടർന്നുള്ള എല്ലാ യുദ്ധങ്ങളിലും സജീവമായി പങ്കെടുക്കണം. അവർ പിന്നീട് അപ്രകാരം യോശുവയെ അനുസരിച്ച് പ്രവർത്തിച്ചതായും കാണാം.

പുരോഹിതനായ എലെയാസെരും യോശുവയും ഗോത്രപിതാക്കന്മാരും ചേർന്നാണ് ദേശവിഭജനം നിർവ്വഹിച്ചത്. സമാഗമനകൂടാരത്തിന്റെ വാതിൽക്കൽ യഹോവയുടെ സന്നിധിയിൽവച്ച് ചീട്ടിട്ടാണ് അവകാശങ്ങൾ നിശ്ചയിച്ചത്. യോസേഫിന്റെ മക്കളായ മനശ്ശെയെയും എഫ്രയിമിനെയും ഗോത്രപിതാക്കന്മാരായി കണക്കാക്കി അവർക്ക് മറ്റുള്ളവരെപ്പോലെ വീതം നൽകി. ഗോത്രം ഗോത്രമായി വിഭജിക്കുമ്പോഴും ഒരു വ്യക്തിക്ക് ദേശ

ത്തിന്റെ ഒരു ചെറിയ ഭാഗം നൽകുന്നതായി 14-ാം അദ്ധ്യായത്തിൽ വായിക്കുന്നു. മോശെയുടെ വിശ്വസ്തനായിരുന്നു കാലേബ്. മിസ്രയീമിൽനിന്ന് പുറപ്പെട്ടവരിൽ വാഗ്ദത്തനാട്ടിൽ പ്രവേശിച്ചത് യോശുവയും കാലേബും മാത്രമാണല്ലോ. ദേശം ഒറ്റുനോക്കുവാൻ പോയ 12 പേരിൽ യോശുവയും കാലേബും മാത്രമാണ് യഹോവയിൽ വിശ്വാസമർപ്പിച്ച് ധൈര്യപൂർവ്വം ജനത്തെ പ്രോത്സാഹിപ്പിച്ചത്. യോശുവയോടു ചേർന്ന് എല്ലാ യുദ്ധങ്ങളിലും പൊരുതിയ കാലേബിന് ഹെബ്രോൻമല അവകാശമായി നൽകി. ഏൽപ്പിക്കുന്ന ഏതുകാര്യത്തിലും വിശ്വസ്തത പാലിക്കുക എന്നത് വളരെ പ്രധാനമാണ്. മദർ തെരേസ ഇങ്ങനെ പറഞ്ഞു: "വിജയിക്കുക എന്നതല്ല, വിശ്വസ്തരായിരിക്കുക എന്നതാണ് പ്രധാനം."

യിസ്രായേൽ ഗോത്രങ്ങൾ അടയാളപ്പെടുത്തിയിട്ടുള്ള ഭൂപടം പരിശോധിക്കുക. ബൈബിളിന്റെ അനുബന്ധമായി ഇത് ചേർത്തിട്ടുണ്ട്. ദേശവിഭജനത്തെക്കുറിച്ച് ഏകദേശ രൂപം കിട്ടും. ബേത്‌ലഹേം ഉൾപ്പെടുന്ന പ്രദേശം യഹൂദാഗോത്രത്തിനു ലഭിച്ചു. ലേവി ഗോത്രം ഭൂപടത്തിലില്ല. ലേവി ഗോത്രത്തിനോ മോശെ ഒരു അവകാശവും കൊടുത്തില്ല; യിസ്രായേലിന്റെ ദൈവമായ യഹോവ അവരോടു കൽപ്പിച്ചതുപോലെ താൻതന്നെ അവരുടെ അവകാശം ആകുന്നു (യോശുവ 13:33). മോശെയുടെ നിർദ്ദേശം യോശുവ പാലിച്ചു. അവകാശഭൂമി നൽകിയില്ലെങ്കിലും 48 പട്ടണങ്ങളും അതിനു ചുറ്റുമുള്ള പുൽപ്പുറങ്ങളും അവർക്കു ലഭിച്ചു. ഈ പട്ടണങ്ങൾ 12 ഗോത്രങ്ങളിലായിട്ടാണ് നൽകിയത്. ന്യായപ്രമാണപഠനം, പൗരോഹിത്യശുശ്രൂഷ ഇവ എല്ലാ ഗോത്രത്തിനും ലഭിക്കുന്നതിനായിട്ടാണ് ഇപ്രകാരം ചെയ്തത്. സീനായിൽവച്ച് അഹരോൻ കാളക്കുട്ടിയെ ഉണ്ടാക്കിയപ്പോൾ എതിർത്ത് മാറിനിന്നത് ലേവ്യർ മാത്രമാണെന്നോർക്കണം. എല്ലാവരുടെയും ദശാംശം ലേവ്യർക്കു നൽകണമെന്നും ലേവ്യർ യുദ്ധത്തിൽ പങ്കെടുക്കേണ്ടതില്ലെന്നും മോശെ അനുശാസിച്ചിരുന്നു. ദൈവജനം പാർക്കുന്നേടത്തെല്ലാം യഹോവയുടെ നിത്യ സാക്ഷികളായി ലേവ്യരുടെ സേവനം പ്രതീക്ഷിച്ചു.

ലേവ്യർക്കു നൽകിയ 48 പട്ടണങ്ങളിൽ ആറെണ്ണം സങ്കേതനഗരങ്ങളായി ദൈവ കല്പന പ്രകാരം വേർതിരിച്ചു. യോർദ്ദാൻ നദിക്കു കിഴക്കും പടിഞ്ഞാറുമായി മൂന്നു വീതം. ആരെങ്കിലും അബദ്ധവശാൽ ഒരാളെ കൊന്നുപോയാൽ അവർക്ക് വിസ്താരം കഴിയുംവരെ വസിക്കുന്നതിനായി വേർതിരിച്ച നഗരങ്ങളാണിവ. കൊലപാതകം കൈപ്പിശകായി സംഭവിച്ചതാണെന്ന് വിസ്താരത്തിലൂടെ തെളിഞ്ഞുകഴിഞ്ഞാൽ സങ്കേതനഗരത്തിൽതന്നെ പാർക്കുകയും ചെയ്യാം. കേദേശ്, ശേഖേം, ഹെബ്രോൻ, ബേസെർ, രാമോത്ത്, ഗോലാൻ എന്നിവയായിരുന്നു അഭയനഗരങ്ങൾ. നീതിമാനായ ദൈവം എപ്പോഴും കരുണയുള്ളവനും കരുതുന്നവനുമാണെന്ന് ഓർക്കുക.

കനാൻനാട് കീഴ്പ്പെടുത്തുവാൻ ഏഴു വർഷമെടുത്തു. ഏതാണ്ട് അത്രയും കാലം വേണ്ടിവന്നു ദേശവിഭജനം നടത്തി എല്ലാവരെയും യഥാസ്ഥാനത്താക്കുവാൻ. ഗോത്രം ഗോത്രമായി ഏവർക്കും അവകാശഭൂമി നൽകി. സ്വസ്ഥമായ ജീവിതത്തിനുവേണ്ട ക്രമീകരണങ്ങൾ ചെയ്തു. ആരാധനാസംവിധാനവും ക്രമീകരിച്ചു. ഇന്നത്തെ ആധുനിക യുഗത്തിൽ മികച്ച സൈന്യവും ഭരണതന്ത്രജ്ഞരും അഹോരാത്രം അദ്ധ്വാനിച്ചാൽ മാത്രമേ ഇപ്രകാരമൊരു ദൗത്യം പൂർത്തിയാക്കുവാൻ കഴിയൂ. ദൈവത്തോടു ചേർന്ന് പതിറ്റാണ്ടുകൾ സ്വന്തജനത്തിനുവേണ്ടി പടപൊരുതിയും വിയർപ്പൊഴുക്കിയും സേവനം ചെയ്ത യോശുവ വൃദ്ധനായി. തന്റെ അന്ത്യം സമീപിച്ചുവെന്ന് ബോധ്യമായി. അദ്ദേഹം എല്ലാ യിസ്രായേൽ മക്കളെയും വിളിച്ചുകൂട്ടി. കഴിഞ്ഞകാലങ്ങളിൽ ദൈവം ചെയ്ത നന്മകൾ ഓരോന്നായി ഓർമ്മിപ്പിച്ചു. ദൈവവുമായുള്ള ഉടമ്പടിബന്ധം ലംഘിച്ചാൽ ശിക്ഷാവിധിയുണ്ടാകുമെന്ന് മുന്നറിയിപ്പും നൽകി.

മരിക്കുന്നതിനുമുൻപ് യോശുവ യിസ്രായേൽ ഗോത്രങ്ങളെയെല്ലാം ശേഖേം പട്ടണത്തിലെ താഴ്വരയിൽ വിളിച്ചുകൂട്ടി. അബ്രഹാമിനെ വിളിച്ചതു മുതൽ കനാൻദേശം കൈവശമാക്കുന്നതുവരെയുള്ള ദൈവജനത്തിന്റെ ചരിത്രം അനുസ്മരിച്ച് സംസാരിച്ചു. തങ്ങൾ പ്രയത്നം ചെയ്യാത്ത ദേശവും പണിയാത്ത പട്ടണങ്ങളും നട്ടിട്ടില്ലാത്ത മുന്തിരിത്തോട്ടങ്ങളും ഒലിവ് തോട്ടങ്ങളും ദൈവം നൽകിയിരിക്കുന്നു. ദൈവത്തിന്റെ രക്ഷാപദ്ധതിയിൽ തുടരണമെങ്കിൽ അനുസരണവും സമർപ്പണവും വേണം. നിങ്ങൾ ദൈവത്തെ വിശ്വസ്തതയോടെ സേവിക്കുമോ അതോ അന്യദേവന്മാരെ പിൻതുടരുമോ? ഒരു ഉറച്ച തീരുമാനത്തിന് ആഹ്വാനം ചെയ്തുകൊണ്ട് യോശുവ പ്രഖ്യാപിക്കുന്നു: "ഞാനും എന്റെ കുടുംബവുമോ ഞങ്ങൾ യഹോവയെ സേവിക്കും (But as for me and my household we will serve the Lord)." യോശുവയുടെ പ്രതിജ്ഞ ജനമെല്ലാം ഏറ്റുപറഞ്ഞ് ദൈവവുമായുള്ള ഉടമ്പടി പുതുക്കി. ശേഖേം പ്രതിജ്ഞ യിസ്രായേൽ ജനതയുടെ ധന്യമുഹൂർത്തമാണ്. പൂർണ്ണസംതൃപ്തിയോടെ യോശുവ 110-ാം വയസിൽ മരിച്ചു. ഗായേശ്മലയിൽ തന്റെ അവകാശഭൂമിയിൽ യോശുവയെ അടക്കം ചെയ്തു. യിസ്രായേൽ ചരിത്രത്തിലെ ഒരു സുപ്രധാനഘട്ടത്തിന് ഇതോടെ തിരശീല വീഴുന്നു.

## നമുക്ക് പ്രാർത്ഥിക്കാം

*സ്നേഹവാനായ കർത്താവേ, യിസ്രായേൽ മക്കളെ മിസ്രയീമിലെ അടിമവീട്ടിൽനിന്നും മോചിപ്പിച്ച് മരുഭൂയാത്രയിൽ വഴിനടത്തി വാഗ്ദത്തനാട്ടിൽ പ്രവേശിപ്പിച്ച് അവകാശഭൂമി നൽകിയ ചരിത്രം പഠിക്കുവാൻ സാധിച്ചു. ലോകജീവിതമാകുന്ന ഞങ്ങളുടെ മരുപ്രയാണത്തിലും ഞങ്ങളേവരെയും വഴിനടത്തി സ്വർഗ്ഗീയ കനാനിലെ അവകാശത്തിന് യോഗ്യരാക്കേണമേ. ആമ്മീൻ.*

## നിശ്ചയം

**ഞാനും എന്റെ കുടുംബവുമോ, ഞങ്ങൾ കർത്താവിനെ സ്നേഹിക്കുകയും അനുസരിക്കുകയും ചെയ്ത് ജീവിക്കും.**

## നമുക്കു ചിന്തിക്കാം

1. മോശെയുടെ കാലത്തുതന്നെ അവകാശഭൂമി നൽകിയിരുന്ന ഗോത്രങ്ങൾ ഏവ? അവർ പാലിക്കേണ്ട നിബന്ധന എന്തായിരുന്നു?
2. ലേവിഗോത്രത്തിന്റെ അവകാശങ്ങളുടെ സവിശേഷതകൾ എന്തെല്ലാം? അതിനുള്ള കാരണങ്ങൾ എന്തെല്ലാം?
3. ഗോത്രങ്ങൾക്കായി ദേശവിഭജനം നടത്തിയപ്പോൾ ഒരു വ്യക്തിക്ക് പ്രത്യേകമായി അവകാശം നൽകി. ആർക്ക്? എന്തുകൊണ്ട്?
4. സങ്കേതനഗരങ്ങൾ എന്നാലെന്ത്? എത്ര? ഏവ?
5. ശേഖേം പ്രതിജ്ഞ എന്താണ്? പ്രാധാന്യം എന്ത്?

## പ്രവർത്തനങ്ങൾ

1. യോസേഫിന്റെ മക്കളായ മനെശ്ശെക്കും എഫ്രയിമിനും മറ്റു ഗോത്രക്കാരെപ്പോലെ തുല്യ അവകാശങ്ങൾ നൽകാൻ കാരണമെന്തായിരിക്കുമെന്ന് ചർച്ച ചെയ്യുക. (യോസേഫിന്റെ മിസ്രേമിലെ ചരിത്രവും ഉല്പത്തി 49, ആവർത്തനം 33 എന്നീ അദ്ധ്യായങ്ങളും പരിശോധിക്കുക.).

2. ഭാവിയിൽ നിങ്ങളുടെ കുടുംബത്തിലെ സ്വത്ത് വീതം വയ്ക്കുമ്പോൾ നിങ്ങൾ നൽകുന്ന അഞ്ചു മുൻഗണനകൾ ഓരോരുത്തരായി പറയുക.
3. ലോകജീവിതത്തിൽ അവകാശഭൂമിക്കും അവകാശങ്ങൾക്കുമായി നാം പരിശ്രമിക്കുന്നു. ഏറ്റവും പ്രധാനപ്പെട്ട സ്വർഗ്ഗീയ കനാനിലെ അവകാശത്തെക്കുറിച്ച് വി. സഭ ഓർമ്മിപ്പിക്കുന്നു:

   "ക്രോബകളാർക്കും സ്രാപ്പികൾ കുഴലൂതും
   പറുദീസാ തൻ അവകാശി വരിക."

   ഈ ഗാനശകലം എവിടെനിന്ന്? ഈ വിളിക്ക് അർഹരാകുവാൻ എങ്ങനെ കഴിയും?
4. ശേഖേം പ്രതിജ്ഞ മാതൃകയാക്കി നിങ്ങളുടെ ക്ലാസിൽ പ്രതിജ്ഞയെടുക്കുക.

## തുടർ വായനയ്ക്ക്

| ദിവസം | രാവിലെ | വൈകിട്ട് |
|---|---|---|
| ഞായർ | * | യോശുവ 13:15-33 |
| തിങ്കൾ | യോശുവ 14:1-15 | യോശുവ 18:1-10 |
| ചൊവ്വ | യോശുവ 20:1-9 | ആവ. 19:1-13 |
| ബുധൻ | യോശുവ 21:1-12 | യോശുവ 21:34-45 |
| വ്യാഴം | യോശുവ 22:1-12 | യോശുവ 22:13-20 |
| വെള്ളി | യോശുവ 23:1-8 | യോശുവ 23:9-16 |
| ശനി | യോശുവ 24:1-10 | * |

യൂണിറ്റ് 2

# പ്രാർത്ഥന

*പ്രാർത്ഥനകളുടെ അർത്ഥം മനസ്സിലാക്കി ധ്യാനപൂർവ്വം നമസ്കരിക്കുന്ന ശീലം നകുട്ടികളിൽ വളർത്തിയെടുക്കുവാനാണ് ഈ യൂണിറ്റിലുള്ള പാഠങ്ങൾകൊണ്ട് ഉദ്ദേശ്യമാക്കുന്നത്. സന്ധ്യാനമസ്കാരവും പ്രഭാത നമസ്ക്കാരവും കൃത്യമായി കുട്ടികൾ നടത്തുന്നുണ്ട് എന്ന് അദ്ധ്യാപകർ ഉറപ്പുവരുത്തണം.*

പാഠം 11

## 51-ാം സങ്കീർത്തനം

**പാഠോദ്ദേശ്യം:** 51-ാം സങ്കീർത്തനത്തിന്റെ അർത്ഥവും സാംഗത്യവും മനസ്സിലാക്കുക. സന്ധ്യാനമസ്ക്കാരവും പ്രഭാതനമസ്ക്കാരവും കുട്ടികൾ കൃത്യമായി നടത്തുന്നു എന്ന് ഉറപ്പുവരുത്തുവാൻ അദ്ധ്യാപകർ ശ്രദ്ധിക്കണം. പ്രാർത്ഥനകളുടെ അർത്ഥം മനസ്സിലാക്കി വ്യാഖ്യാനപൂർവ്വം നമസ്ക്കരിക്കുവാനാണ് തുടർന്നുള്ള പാഠങ്ങൾകൊണ്ട് ഉദ്ദേശ്യമാക്കുന്നത്.

**മനഃപാഠവാക്യം:** "ദൈവമേ, നിർമ്മലമായൊരു ഹൃദയം എന്നിൽ സൃഷ്ടിച്ചു സ്ഥിരമായോരാത്മാവിനെ എന്നിൽ പുതുക്കേണമേ" (സങ്കീർത്തനം 51:10).

### ആമുഖം

ഓർത്തഡോക്സ് സഭ ആരാധനയ്ക്ക് വളരെ പ്രാധാന്യം കൊടുക്കുന്ന സഭയാണ്. ഓർത്തഡോക്സ് സഭയുടെ നമസ്കാരങ്ങളിലും മറ്റു ശുശ്രൂഷകളിലും അനേകം വേദഭാഗങ്ങളും സങ്കീർത്തനങ്ങളും ഉപയോഗിക്കുന്നു. പഴയനിയമകാലത്ത് പല വ്യക്തികളാൽ രചിക്കപ്പെട്ടിട്ടുള്ള പ്രാർത്ഥനകളും, അപേക്ഷകളും, സ്തുതിഗീതങ്ങളും ചേർന്നതാണ് സങ്കീർത്തനങ്ങൾ. കീർത്തനരൂപത്തിലാണ് ഇവ എഴുതപ്പെട്ടിരിക്കുന്നത്. വേദപുസ്തകത്തിൽ 150 സങ്കീർത്തനങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഇവയിൽ 73 സങ്കീർത്തനങ്ങൾ യിസ്രായേലിലെ ഗായകനായ ദാവീദ് രാജാവിന്റെ പേരിലാണ് അറിയപ്പെടുന്നത്. 51-ാം സങ്കീർത്തനത്തെക്കുറിച്ചാണ് ഇന്ന് നമുക്ക് പഠിക്കാനുള്ളത്.

### പാഠഭാഗം

"ദൈവമേ, നിന്റെ കൃപയിൻപ്രകാരം എന്നോടു കരുണയുണ്ടാകണമെ... എന്നു തുടങ്ങുന്ന 51-ാം സങ്കീർത്തനം ചൊല്ലുന്നത് നിങ്ങൾ കേട്ടിട്ടുണ്ടാകും, ചൊല്ലിയിട്ടുണ്ടാകും. 51-ാം സങ്കീർത്തനം 'അനുതാപത്തിന്റെ സങ്കീർത്തന'മാണ് (The Psalm of Repentance). ദാവീദ് രാജാവ് ചെയ്ത പാപത്തെക്കുറിച്ച് നാഥാൻ പ്രവാചകൻ അവനു പറഞ്ഞു മനസ്സിലാക്കി കൊടുത്തപ്പോൾ ദാവീദ് പാടിയ പശ്ചാത്താപഗീതമാണിത് (2 ശമുവേൽ 11, 12).

നൂറ്റാണ്ടുകളായി ക്രിസ്തീയ സഭയുടെ ആരാധനാപാരമ്പര്യത്തിൽ ഈ സങ്കീർത്തനം ഉപയോഗിച്ചുവരുന്നു. നമ്മുടെ സഭയിൽ നമസ്കാരങ്ങൾക്കും, ശുശ്രൂഷകൾക്കും പ്രാരംഭമായി 51-ാം സങ്കീർത്തനം ചൊല്ലാറുണ്ട്. അനുതാപത്തോടുകൂടി ആരാധനയിലേക്ക് പ്രവേശിക്കുന്നതിന്റെ സൂചനയാണിത്. ദൈവസന്നിധിയിൽ പ്രാർത്ഥിക്കുമ്പോൾ

അനുതാപം വളരെ അത്യാവശ്യമാണെന്ന് കർത്താവ് ശിഷ്യന്മാരെ പഠിപ്പിക്കുന്നുണ്ടല്ലോ. (പരീശന്റെയും ചുങ്കക്കാരന്റെയും ഉപമ, ലൂക്കോസ് 18:9-14). 51-ാം സങ്കീർത്തനത്തിൽ ഉൾക്കൊണ്ടിരിക്കുന്ന പ്രധാന ആശയങ്ങൾ എന്തൊക്കെയാണെന്ന് പരിശോധിക്കാം.

**1. ദൈവകൃപയാണ് പാപത്തെ സുഖപ്പെടുത്തുന്നത് (51:1)**

ശരീരത്തിന് രോഗം ബാധിക്കുന്നതുപോലെ ആത്മാവിനെയും ശരീരത്തെയും മനസ്സിനെയും ബാധിക്കുന്ന രോഗമായിട്ടാണ് പിതാക്കന്മാർ പാപത്തെക്കുറിച്ച് പഠിപ്പിക്കുന്നത്. ദൈവകൃപയും ദൈവകരുണയുടെ ബഹുത്വവുമാണ് (അളവില്ലാത്ത ദൈവകരുണ) നമ്മുടെ പാപങ്ങളെ മായിച്ചുകളയുന്നത്. ദൈവമാണ് മനുഷ്യനെ വിശുദ്ധീകരിക്കുന്നത്.

**2. എല്ലാ പാപങ്ങളും ദൈവത്തിനെതിരെയാണ്**

"നിന്നോടു തന്നെ ഞാൻ പാപം ചെയ്തു; നിനക്കു അനിഷ്ടമായുള്ളതു ഞാൻ ചെയ്തു" (51:3). ദൈവയിഷ്ടത്തിനു വിരുദ്ധമായ പ്രവർത്തനങ്ങളെയാണ് പാപം എന്നു വിളിക്കുന്നത്. പാപം ദൈവത്തിൽനിന്നുള്ള അകൽച്ചയാണ്. Sin is the seperation from God. മറ്റു മനുഷ്യരോടും സഹജീവികളോടും പ്രകൃതിയോടും ചെയ്യുന്ന പാപങ്ങളെല്ലാം ആത്യന്തികമായി ദൈവത്തിനെതിരായ പാപമാണ്.

**3. നിർമ്മലമായൊരു ഹൃദയം നമുക്കാവശ്യം (51:10)**

"ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ, അവർ ദൈവത്തെ കാണും" (മത്തായി 5:8) എന്ന് കർത്താവ് പഠിപ്പിക്കുന്നു. ഹൃദയം എന്ന അവയവത്തെക്കുറിച്ചല്ല ഇവിടെ പ്രതിപാദിക്കുന്നത്. മനുഷ്യവ്യക്തിത്വത്തിന്റെ കേന്ദ്രമായാണ് വേദപുസ്തക ഭാഷയിൽ 'ഹൃദയം' എന്ന പദം ഉപയോഗിക്കപ്പെടുന്നത് (Heart as the centre of human personality). മനസ്സിന് പര്യായം എന്ന രീതിയിൽ 'ഹൃദയം' എന്ന പദം ഉപയോഗിക്കുന്നു.

**4. ദൈവാത്മാവിന്റെ നിരന്തരമായുള്ള സഹായം നമുക്ക് വേണം (51:10)**

പാപത്തിൽ വീഴാതെ നന്മയിൽ ജീവിക്കുവാൻ പരിശുദ്ധാത്മാവിന്റെ സഹായം നമുക്ക് ആവശ്യമാണ്. പരിശുദ്ധാത്മാവ് നമ്മുടെ ബലഹീനതയ്ക്ക് തുണ നിൽക്കുന്നു (റോമർ 8:26). പരിശുദ്ധ റൂഹാ നമ്മിൽ നിറയുമ്പോൾ നമുക്ക് ആനന്ദവും സന്തോഷവും ഉണ്ടാകും. ക്ഷീണമുള്ള നമ്മുടെ അസ്ഥികൾ ബലപ്പെടും (51:8).

**5. ദൈവമാണ് എല്ലാ ജ്ഞാനത്തിന്റെയും ഉറവിടം (51:6)**

"നിന്റെ ജ്ഞാനത്തിന്റെ രഹസ്യം എന്നെ അറിയിക്കണമെ" എന്ന് സങ്കീർത്തനക്കാരൻ പ്രാർത്ഥിക്കുന്നു. എല്ലാ അറിവുകളുടെയും ജ്ഞാനത്തിന്റെയും ഉറവിടം ദൈവമാണ്. പ്രപഞ്ചത്തിന്റെ എല്ലാ അറിവുകൾക്കും ഉള്ളിൽ മറഞ്ഞിരിക്കുന്ന രഹസ്യമാണ് ദൈവം. ദൈവത്തെ അറിയുന്നതാണ് ഏറ്റവും വലിയ അറിവ് (സങ്കീർത്തനം 14:2, 53:2).

**6. അനുതാപഹൃദയത്തെ ദൈവം നിരസിക്കുന്നില്ല (51:17)**

കർത്താവിന്റെ സന്നിധിയിൽ പശ്ചാത്താപത്തോടെ ചെല്ലുന്ന ഏതൊരു പാപിയെയും ദൈവം ഉപേക്ഷിക്കില്ല. അനുതാപ ഹൃദയത്തോടെ വേണം പ്രാർത്ഥിക്കേണ്ടതും, ബലിയർപ്പിക്കേണ്ടതും.

## നമുക്ക് പാടാം

*(എന്നെ തന്നെ സന്നിധിയിൽ... എന്ന രീതി)*

അനുതാപത്താൽ എൻ നയനം
നനയുന്നെങ്കിലുമനുനിമിഷം
പെരുകി വരുന്നു പാപങ്ങൾ

കരുണക്കടലേ കനിയണമേ.
കരളിൽ നിരാശ നിറയ്ക്കരുതേ
കനിവിൻ വാതിലടയ്ക്കരുതേ
കരുണ വെടിഞ്ഞു വിധിക്കരുതേ
കരുണക്കടലേ കനിയണമേ.

## നമുക്ക് പ്രാർത്ഥിക്കാം

*കാരുണ്യവാനായ കർത്താവേ, അങ്ങയുടെ തിരുമുമ്പിൽ ഞങ്ങളുടെ തെറ്റുകളും പാപങ്ങളും ഏറ്റുപറഞ്ഞ് അനുതപിക്കുന്നു. നിർമ്മല ഹൃദയ ത്തോടെ ജീവിക്കുവാൻ സ്ഥിരമായൊരു ആത്മാവിനെ എപ്പോഴും ഞങ്ങൾക്ക് തരേണമേ. നിന്റെ കൃപയെ ഞങ്ങളിൽനിന്ന് മാറ്റിക്കളയരുതേ. ആമ്മീൻ.*

## നിശ്ചയം

**ഇനി മുതൽ 51-ാം സങ്കീർത്തനം ചൊല്ലുമ്പോൾ, ഓരോ വാക്കും ശ്രദ്ധിച്ച് അനുതാപത്തോടെ, ചൊല്ലി ധ്യാനിക്കും.**

## നമുക്ക് ചിന്തിക്കാം

1. ദാവീദ് രാജാവിന് പാപത്തെക്കുറിച്ച് ബോധ്യം വരുത്തിയ പ്രവാചകൻ ആര്?
2. 51-ാം സങ്കീർത്തനം ............................... സങ്കീർത്തനമാണ്.
   (അനുതാപത്തിന്റെ, സന്തോഷത്തിന്റെ)
3. 'സങ്കീർത്തനം' എന്നതിന് ഇംഗ്ലീഷ് ഭാഷയിലും, സുറിയാനി ഭാഷയിലും ഉപയോഗിക്കുന്ന പദങ്ങൾ ഏവ എന്ന് കണ്ടെത്തുക.
4. നമസ്കാരത്തിനും, ശുശ്രൂഷകൾക്കും പ്രാരംഭമായി 51-ാം സങ്കീർത്തനം ചൊല്ലുന്നതിന്റെ സാംഗത്യം എന്ത്?
5. 51-ാം സങ്കീർത്തനത്തിന്റെ മുഖ്യ സന്ദേശം എന്താണ്?
6. 14-ാം സങ്കീർത്തനവും 51-ാം സങ്കീർത്തനവും തമ്മിലുള്ള സാമ്യം ശ്രദ്ധിക്കുക.

## തുടർവായനയ്ക്ക്

| ദിവസം | രാവിലെ | വൈകുന്നേരം |
|---|---|---|
| ഞായർ | * | സദൃ. 10:1-12 |
| തിങ്കൾ | മത്തായി 5:43-48 | യാക്കോബ് 1:19-27 |
| ചൊവ്വ | എഫേ. 5:15-21 | സങ്കീ. 103 |
| ബുധൻ | സങ്കീ. 84 | മത്തായി 23:1-12 |
| വ്യാഴം | യോനാ. 2:1-10 | അ. പ്ര. 2:37-47 |
| വെള്ളി | മത്തായി 7:1-5 | 1 തിമൊ. 6:11-16 |
| ശനി | യെശ. 43:1-3 | * |

പാഠം 12

# 91-ാം സങ്കീർത്തനം

**പഠനോദ്ദേശ്യം:** അനുദിനം സൂത്താറ നമസ്കാരത്തിൽ ഉപയോഗിക്കുന്ന 91-ാം സങ്കീർത്തനത്തിന്റെ അർത്ഥവും പൊരുളും ഗ്രഹിക്കുക.

**മനഃപാഠവാക്യം:** "അവൻ എന്നോട് പറ്റിയിരിക്കയാൽ ഞാൻ അവനെ വിടുവിക്കും; അവൻ എന്റെ നാമത്തെ അറികയാൽ ഞാൻ അവനെ ഉയർത്തും" (സങ്കീർത്തനം 91:14).

**മുഖ്യസന്ദേശം:** ദൈവം സംരക്ഷിക്കുന്ന മനുഷ്യനെ പ്രപഞ്ചത്തിലെ യാതൊരു ശക്തിക്കും ഉപദ്രവിക്കാൻ സാധിക്കില്ല.

## ആമുഖം

നിങ്ങൾ വീട്ടിൽ സന്ധ്യയ്ക്ക് ഒരുമിച്ച് പ്രാർത്ഥിക്കാറുണ്ടോ? സന്ധ്യയ്ക്ക് നടത്തുന്ന കുടുംബപ്രാർത്ഥനയിൽ 91-ാം സങ്കീർത്തനം ചൊല്ലുന്നുണ്ടോ? 91-ാം സങ്കീർത്തനത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ഈ പാഠത്തിൽ പഠിക്കാം.

## പാഠഭാഗം

ദൈവം നൽകുന്ന സംരക്ഷണത്തെക്കുറിച്ച് വിശ്വാസിക്ക് ബോധ്യം നൽകുന്ന മനോഹരമായ സങ്കീർത്തനമാണിത്. ദേവാലയത്തിൽ നടത്തുന്ന സൂത്താറ നമസ്കാരത്തിൽ (ശയന നമസ്കാരം) പ്രാധാന്യത്തോടെയാണ് 91-ാം സങ്കീർത്തനം ചൊല്ലുന്നത്. രണ്ട് ശുശ്രൂഷകർ ഹൈക്ലായിൽ നമസ്കാരമേശയുടെ രണ്ട് വശങ്ങളിലായി നിന്ന് 91-ാം സങ്കീർത്തനം ചൊല്ലുന്നത് നിങ്ങൾ കണ്ടിട്ടുണ്ടാകും. പെരുന്നാൾ ദിവസങ്ങളിൽ അവയുടെ പദ്യരൂപവും ചൊല്ലാറുണ്ട്. പ്രപഞ്ചത്തിലെ ഒരു ശക്തിക്കും ദൈവഭക്തനെ കീഴ്പ്പെടുത്താനാകില്ലെന്ന് 91-ാം സങ്കീർത്തനം ഉദ്ഘോഷിക്കുന്നു. എല്ലാ ദിവസവും 91-ാം സങ്കീർത്തനം ചൊല്ലുമ്പോൾ അതുമൂലം നമുക്ക് ദൈവം നൽകുന്ന സംരക്ഷണത്തിൽ ആത്മവിശ്വാസം വർദ്ധിക്കും. 91-ാം സങ്കീർത്തനത്തിൽ ഉൾക്കൊണ്ടിരിക്കുന്ന പ്രധാന സന്ദേശങ്ങൾ പരിശോധിക്കാം.

1. **സർവ്വശക്തനായ ദൈവത്തിന്റെ സംരക്ഷണയിൽ നാം എപ്പോഴും ജീവിതം നയിക്കണം.** ദൈവത്തെ നമ്മുടെ സങ്കേതവും കോട്ടയും ആക്കിക്കൊണ്ട് അവനിൽ തന്നെ ആശ്രയിച്ചു ജീവിക്കാൻ നമ്മോടു ആഹ്വാനം ചെയ്യുന്നു (91:2). അത്യുന്നതൻ, മഹോന്നതൻ, സർവ്വശക്തൻ, എന്നീ പദങ്ങൾ പൗരാണികമായി ദൈവത്തെ സൂചിപ്പിക്കുന്ന പദങ്ങളാണ്.

2. **ദൈവത്തിൽ ആശ്രയിക്കുന്ന വിശ്വാസിക്ക് യാതൊന്നിനെയും ഭയപ്പെടേണ്ടതില്ല.** ദൈവത്തിൽ പൂർണമായി വിശ്വസിച്ച് ആശ്രയിക്കുന്ന വ്യക്തിക്ക് എല്ലാ ഭയങ്ങളിൽനിന്നും മോചനം ലഭിക്കും. വേട്ടക്കാരന്റെ കെണി, നാശകരമായ മഹാമാരി, രാത്രിയിലെ ഭയം, പകൽ പറക്കുന്ന അസ്ത്രം, ഇരുട്ടിൽ സഞ്ചരിക്കുന്ന വചനം, ഉച്ചയിൽ ഊതുന്ന കാറ്റ്, സർപ്പം, അണലി, സിംഹം, പെരുമ്പാമ്പ്, അനർത്ഥം, ബാധ

എന്നിവയെ ഒന്നും ഭയപ്പെടേണ്ടതില്ല. അതായത് ദൈവത്തിൽ ആശ്രയിക്കുന്ന വ്യക്തികൾക്ക് പ്രകൃതി ശക്തികളെയോ, പൈശാചിക ഉപദ്രവങ്ങളെയോ, വന്യമൃഗങ്ങളെയോ, മനുഷ്യരുടെ കുടിലതന്ത്രങ്ങളെയോ ഭയപ്പെടേണ്ട. കാരണം ദൈവഭക്തനെ തന്റെ തൂവലുകൾകൊണ്ടു ദൈവം മറയ്ക്കും. പക്ഷികൾ തങ്ങളുടെ കുഞ്ഞുങ്ങളെ സംരക്ഷിക്കുന്നതുപോലെ ദൈവം തന്റെ ഭക്തരെ സംരക്ഷിക്കുമെന്ന് ആലങ്കാരികഭാഷയിൽ ഇവിടെ പറയുന്നു.

3. **ദൈവത്തിൽ ആശ്രയിക്കുന്നവന് മാലാഖമാരുടെ സംരക്ഷണം ഉണ്ടാകും.**
“നിന്റെ എല്ലാ വഴികളിലും നിന്നെ കാക്കേണ്ടതിനും അവൻ നിന്നെക്കുറിച്ചു തന്റെ മാലാഖമാരോടു കൽപ്പിക്കും. നിന്റെ കാൽ കല്ലിൽ തട്ടിപ്പോകാതിരിക്കേണ്ടതിനും അവൻ നിന്നെക്കുറിച്ച് തന്റെ ദൂതൻമാരോടു കൽപ്പിക്കും” (91:11,12).

4. **ദൈവഭക്തന് കഷ്ടകാലത്ത് ദൈവം കൂട്ടിനുണ്ടാകും.**
“കഷ്ടകാലത്ത് ഞാൻ അവനോടു കൂടെ ഇരിക്കും; ഞാൻ അവനെ വിടുവിച്ചു മഹത്വപ്പെടുത്തും” (91:15). പ്രതിസന്ധികളിൽ ഭക്തന് ആശ്രയം ദൈവം നൽകും.

5. **ദൈവഭക്തന് ദൈവം ദീർഘായുസ്സു നൽകി തൃപ്തി വരുത്തും (91:16).**
ആരോഗ്യത്തോടെയുള്ള ദീർഘായുസ്സ് ദൈവദാനമായി പൗരാണികകാലം മുതൽ കരുതി വരുന്നു. ആയുസ്സ് എത്രയായാലും അത് ദൈവത്തിന്റെ വലിയ ദാനമാണെന്ന് തിരിച്ചറിവ് നമുക്കുണ്ടാകണം.

## നമുക്കു പാടാം

(രാഗം പട്ടക്കാരനോട് ചോദിച്ചു മനസ്സിലാക്കുക)
ബാറെക്മോർ, അത്യുന്നതനുടെ മറവിങ്കൽ-ഹാലേലുയ്യാ
ദേവേശൻ തൻ നിഴലിലിരുപ്പോൻ സംസ്തുത്യൻ.
ബാറെക്മോർ, കർത്താവോടുരചെയ്തീടുമവൻ-ഹാലേലുയ്യാ
ശരണവുമെൻ ഗതിയാം-പരനും നീ.’

## നമുക്ക് പ്രാർത്ഥിക്കാം

*മഹോന്നതനായ ദൈവമെ, നീ ഞങ്ങളുടെ സങ്കേതവും, കോട്ടയും, ആശ്രയവുമാണ്. ഞങ്ങളുടെയുള്ളിൽ ഉണ്ടാകുന്ന എല്ലാ ഭയങ്ങളെയും അങ്ങ് നീക്കിക്കളയേണമേ. നിർഭയമായി ജീവിക്കാൻ ഞങ്ങൾക്ക് കൃപ നൽകണമേ. ആമ്മീൻ.*

## നിശ്ചയം

**ഇനി മുതൽ ശ്രദ്ധയോടും നല്ല വിശ്വാസത്തോടും ഞാൻ 91-ാം സങ്കീർത്തനം എന്നും ചൊല്ലി പ്രാർത്ഥിക്കും.**

## പ്രവർത്തനങ്ങൾ

1. 91-ാം സങ്കീർത്തനം വിശ്വാസിക്ക് നൽകുന്ന പ്രധാന ബോധ്യം എന്ത്?
2. 91-ാം സങ്കീർത്തനത്തിന്റെ സന്ദേശം അഞ്ച് വാചകങ്ങളിൽ എഴുതുക?
3. 91-ാം സങ്കീർത്തനത്തിന്റെ കുർബ്ബാന ക്രമത്തിലുള്ള പദ്യരൂപം ചൊല്ലി നോക്കുക.

## തുടർവായനയ്ക്ക്

| ദിവസം | രാവിലെ | വൈകുന്നേരം |
|---|---|---|
| ഞായർ | * | സങ്കീ. 91 |
| തിങ്കൾ | തെസ. 3:1-5 | മാർക്കോ. 4:35-41 |
| ചൊവ്വ | സദൃ. 2:1-12 | മത്തായി 5:1-12 |
| ബുധൻ | ലൂക്കോ. 12:1-7 | സങ്കീ. 27 |
| വ്യാഴം | എബ്രാ.11:1-6 | യോഹ. 15:1-7 |
| വെള്ളി | സങ്കീ. 53 | സദൃ. 3:1:12 |
| ശനി | ലൂക്കോ. 11:5-13 | * |

പാഠം 13

# 121-ാം സങ്കീർത്തനം

**പാഠോദ്ദേശ്യം:** 121-ാം സങ്കീർത്തനത്തിന്റെ അർത്ഥതലങ്ങളെ മനസ്സിലാക്കുക.

**മനഃപാഠം:** "എന്റെ സഹായം ആകാശത്തെയും ഭൂമിയെയും ഉണ്ടാക്കിയ യഹോവയിങ്കൽ നിന്നും വരുന്നു" (സങ്കീർത്തനം 121:2).

**പഠന സഹായികൾ:** വി. വേദപുസ്തകം, വി. കുർബ്ബാനക്രമം.

## ആമുഖം

91-ാം സങ്കീർത്തനത്തോട് ചേർത്ത് സൂത്താറാ നമസ്ക്കാരത്തിൽ ഉപയോഗിക്കുന്ന സങ്കീർത്തനമാണിത്. ശയനനമസ്കാരത്തിന് (ഉറങ്ങാൻ പോകുന്നതിന് മുമ്പുള്ള പ്രാർത്ഥന) ഓർത്തഡോക്സ് സുറിയാനി പാരമ്പര്യത്തിൽ ഉപയോഗിക്കുന്ന പദമാണ് സൂത്താറാ. സൂത്താറ എന്ന വാക്കിന്റെ അർത്ഥം കാവൽ എന്നാണ്. ഉറങ്ങാൻ പോകുന്നതിനു മുമ്പ് ദൈവത്തിന്റെ കാവലിനായി അപേക്ഷിക്കുന്ന പ്രാർത്ഥനാക്രമമാണ് സൂത്താറാ നമസ്കാരം. ദൈവമക്കളുടെ ജീവിതം യഹോവയാം ദൈവത്തിന്റെ പരിപാലനത്തിൽ സമർപ്പിക്കണം.

## പാഠഭാഗം

121-ാം സങ്കീർത്തനം ഒരു തീർത്ഥാടന ഗീതമാണ്. ആരോഹണഗീതം എന്നാണ് ഈ സങ്കീർത്തനത്തിന് വേദപുസ്തകത്തിൽ ശീർഷകം കൊടുത്തിരിക്കുന്നത്. യഹൂദന്മാർ തീർത്ഥാടനമായി യെരുശലേം ദേവാലയത്തിലേക്ക് കയറിപ്പോകുമ്പോൾ ചൊല്ലിയിരുന്ന സങ്കീർത്തനങ്ങളിൽ ഒന്നാണിത്. സ്വർഗ്ഗത്തേക്ക് നോക്കി തീർത്ഥയാത്ര ചെയ്യുന്ന സംഘമായ പരിശുദ്ധസഭയിലെ തീർത്ഥാടകരാണ് നാം ഓരോരുത്തരും. ആ യാത്രയിൽ നമ്മുടെ വിശ്വാസം ഉറപ്പിക്കുന്ന ഒരു സങ്കീർത്തനമാണിത്.

"ഞാൻ എന്റെ കണ്ണ് പർവ്വതങ്ങളിലേക്ക് ഉയർത്തുന്നു. എനിക്ക് സഹായം എവിടെ നിന്നും വരും" എന്ന് ചോദിച്ചുകൊണ്ട് സങ്കീർത്തനം ആരംഭിക്കുന്നു. അതിനുത്തരമായി "എന്റെ സഹായം ആകാശത്തെയും ഭൂമിയെയും ഉണ്ടാക്കിയ യഹോവയിൽനിന്നും വരുന്നു" എന്നു പ്രഖ്യാപിക്കുന്നു. സ്രഷ്ടാവായ ദൈവത്തിന്റെ പരിപാലനത്തിലുള്ള ആഴമായ വിശ്വാസമാണ് ഇവിടെ പ്രകടമാകുന്നത്.

നമ്മുടെ ജീവിതയാത്രയിൽ കാൽ വഴുതിപ്പോകാതെ കാക്കുന്നത് സൃഷ്ടാവായ ദൈവമാണ് (121:3). നമ്മുടെ പരിപാലകനായ ദൈവത്തിന് നിദ്രാഭാരമില്ല. അവൻ ഉറക്കമില്ലാത്ത ഉണർവ്വുള്ളവനാണ് (121:4). രാത്രിയിലും പകലിലും നമ്മെ കാത്തുനടത്തുന്നത് അവന്റെ ശക്തിയാണ് (121:6,7). ഒരു ദോഷവും തട്ടാതെയാണ് നമ്മുടെ ജീവനെ അവൻ പരിപാലിക്കുന്നത്. നമ്മുടെ ഗമനത്തെയും, ആഗമനത്തെയും (പോക്കിനെയും വരവിനെയും) അവൻ കാത്തുകൊള്ളുന്നു (121:8). ദൈവം നമ്മെ എത്ര അനുഗ്രഹീതമായി പുലർത്തുന്നു എന്ന് ചിന്തിക്കാനും ധ്യാനിക്കാനും ഈ സങ്കീർത്തനം നമ്മെ സഹായിക്കുന്നു.

**1. എന്റെ കണ്ണ് പർവ്വതങ്ങളിലേക്ക് ഉയർത്തും**

എല്ലാ മതങ്ങളും പർവ്വതങ്ങൾക്ക് പ്രത്യേകം പ്രാധാന്യം നൽകാറുണ്ട്. യഹൂദമതത്തിലും ഈ ആശയം കാണാം. യിസ്രായേൽ ചരിത്രത്തിൽ സീനായ് മലയിൽനിന്നുമാണ് യഹോവയുടെ അരുളപ്പാട് മോശെയ്ക്കുണ്ടായത്. ഏലിയപ്രവാചകനെ കർമ്മേലിലെ കൊടുമുടിയിൽ നാം കാണുന്നു. പുതിയനിയമത്തിൽ യേശുക്രിസ്തുവിന്റെ 'പർവ്വതപ്രസംഗം' എന്നറിയപ്പെടുന്ന ഗിരിപ്രഭാഷണം ഒരു മലയിൽ കയറി ഇരുന്നുകൊണ്ടാണ് കർത്താവ് നടത്തിയത്. യേശു രൂപാന്തരപ്പെട്ടത് മറ്റൊരു മലയിൽ വച്ചായിരുന്നു. കർത്താവ് സ്വർഗ്ഗാരോഹണം ചെയ്യുന്നത് ഒലിവ് മലയിൽവച്ചാണ്. അതുകൊണ്ട് പർവ്വതങ്ങളിലേക്ക് കണ്ണുകൾ ഉയർത്തുന്നത് ദൈവകൃപയ്ക്കായുള്ള പ്രതീക്ഷയോടും പ്രത്യാശയോടുംകൂടിയാണ്. അങ്ങനെ പ്രത്യാശയോടെ കണ്ണുകൾ ഉന്നതങ്ങളിലേക്കുയർത്തുമ്പോൾ സ്വർഗ്ഗവും ഭൂമിയും സൃഷ്ടിച്ച ദൈവത്തിൽനിന്നും നമുക്ക് സഹായം ലഭിക്കും. ഈ പ്രത്യാശയാണ് ഈ സങ്കീർത്തനത്തിന്റെ കാതൽ.

**2. നിന്റെ കാൽ വഴുതുവാൻ അവൻ സമ്മതിക്കയില്ല (വാക്യം 3)**

ദൂരെ നിന്നുകൊണ്ട് കാവൽ നടത്തുന്നവനല്ല, ചാരെ ചേർന്നു നടന്നുകൊണ്ട് സംരക്ഷണം നൽകുന്നവനാണ് നമ്മുടെ ദൈവം. അപകടങ്ങളിലേക്കും തെറ്റായ ജീവിതരീതികളിലേക്കും കാൽ വഴുതാതെ നമ്മെ കാത്തുകൊള്ളുന്നവനാണ് നമ്മുടെ ദൈവം. പിച്ചവച്ചു നടക്കുന്ന പൈതലിനെ സ്നേഹത്തോടെ കൈപിടിച്ചു നടത്തുന്ന മാതാവിനെപ്പോലെയാണ് നമ്മുടെ പ്രത്യാശയായ ദൈവം.

**3. മയങ്ങാത്ത കാവൽക്കാരൻ (വാക്യം 4)**

സുഖമായി ഉറങ്ങുവാൻ ധൈര്യം നൽകുന്ന ഒരു വാക്യമാണിത്. നമ്മുടെ കാവൽക്കാരനായ ദൈവം ഒരിക്കലും ഉറങ്ങുകയോ ഉറക്കം തൂങ്ങുകയോ ചെയ്യാത്തവനാണ്. നാം ഉറങ്ങുമ്പോൾ മാത്രമല്ല, പ്രവർത്തനനിരതരായിരിക്കുമ്പോഴും പ്രതിസന്ധികളിൽകൂടി കടക്കുമ്പോഴും നമ്മെ കാക്കുന്നതിന് അവൻ മയങ്ങാതെയും മറക്കാതെയും കൂടെ ഉണ്ട്.

**4. ഗമനാഗമനങ്ങളെ കാക്കുന്നു (വാക്യം 8)**

ഗമനത്തെയും ആഗമനത്തെയും ഇന്നു മുതൽ എന്നേക്കും പരിപാലിക്കും എന്നു പറഞ്ഞാണ് സങ്കീർത്തനം അവസാനിക്കുന്നത്. ഗമനത്തെയും ആഗമനത്തെയും പരിപാലിക്കും എന്നു പറഞ്ഞാൽ എല്ലാ സമയത്തും നമ്മുടെ എല്ലാ പ്രവർത്തനങ്ങളിലും ദൈവം നമ്മെ കാത്തു പരിപാലിക്കും എന്നാണർത്ഥം.

## നമുക്ക് പാടാം

1. "ശരീരമടങ്ങിയുറങ്ങുമ്പോൾ
   കാവലതായതു നിൻശക്തി
   സൗരഭ്യമായ ധൂപം പോൽ
   എന്റെ ഉറക്കം തിരുമുമ്പിൽ."

2. ആഗതനായീടുമെവിടുന്നെന്നാശ്രയമായോൻ-ഹാലേലുയ്യ
   എൻ തുണ കർത്താവിൻ തിരുമുമ്പിൽ നിന്നും
   വാനിടവും പാരും നിർമ്മിച്ചോൻ-ഹാലേലുയ്യ
   നിൻ പാദം വഴുതിടുവാനവനിടയാക്കുകയില്ല.

## നമുക്ക് പ്രാർത്ഥിക്കാം

*ഞങ്ങളുടെ കാൽവഴുതി പോകാതെയും ഒരു ദോഷവും ഭവിക്കാതെയും ഞങ്ങളെ പരിപാലിക്കുന്ന കർത്താവേ, നീ ഞങ്ങൾക്ക് നൽകുന്ന പരിപാലനത്തെ എന്നും നന്ദിയോടെ ഓർക്കുവാൻ ഞങ്ങളെ സഹായിക്കണമേ. ആമ്മീൻ.*

## നിശ്ചയം

**ഉറക്കമില്ലാത്ത ഉണർവ്വുള്ളവനായ ഒരു ദൈവം സഹായത്തിനുണ്ട് എന്ന ധൈര്യം എപ്പോഴും ഞങ്ങൾക്കുണ്ടായിരിക്കും.**

## നമുക്ക് ചിന്തിക്കാം

1. ആരോഹണഗീതം എന്നാൽ എന്ത്?
2. 'സൂത്താറാ' എന്ന വാക്കിന്റെ അർത്ഥം എന്ത്?
3. 121-ാം സങ്കീർത്തനത്തിൽ ഉൾക്കൊണ്ടിരിക്കുന്ന ആശയങ്ങൾ എന്തെല്ലാമാണ്?
4. ഈ സങ്കീർത്തനത്തിൽ ദാവീദ് പ്രകടിപ്പിക്കുന്ന ധൈര്യവും പ്രത്യാശയും ദൈവത്തെ സംബന്ധിച്ച് നമുക്കുണ്ടോ?

## പ്രവർത്തനങ്ങൾ

1. 121-ാം സങ്കീർത്തനം ഹൃദിസ്ഥമാക്കുക.
2. എല്ലാ ദിവസവും കിടന്നുറങ്ങുന്നതിനു മുമ്പ് ഈ സങ്കീർത്തനം ധ്യാനപൂർവ്വം ചൊല്ലാം.

## തുടർ വായനയ്ക്ക്

| ദിവസം | രാവിലെ | വൈകുന്നേരം |
|---|---|---|
| ഞായർ | * | റോമർ 12:1-15 |
| തിങ്കൾ | സങ്കീ. 123 | ആവ. 6:4-9 |
| ചൊവ്വ | ലൂക്കോ. 18:1-8 | കൊലോ. 3:1-10 |
| ബുധൻ | സങ്കീ. 119:129-136 | റോമർ 8:26-30 |
| വ്യാഴം | മത്തായി 6:5-15 | സദൃ. 4:1-15 |
| വെള്ളി | ഫിലി. 4:4-7 | മർക്കൊ. 10:46-52 |
| ശനി | ലൂക്കോ. 9:28-36 | * |

യൂണിറ്റ് 3

# ആരാധനാഗീതങ്ങൾ

പാഠം 14

## യെശയ്യാപ്രവാചകന്റെ ദർശനം

**പഠനോദ്ദേശ്യം:** "അൻപുടയോനേ നിൻ വാതിൽ" എന്നു തുടങ്ങുന്ന ഗീതത്തിന് ഒപ്പം പാടുന്ന 'സ്രാപ്പികളെക്കണ്ടേശായാ' എന്ന ഗീതം പഠിക്കുക.

**മനഃപാഠവാക്യം:** "അടിയൻ ഇതാ, അടിയനെ അയയ്ക്കേണമേ" (യെശയ്യാവ് 6:8).

**പഠന സഹായികൾ:** വി. വേദപുസ്തകം, വി. കുർബ്ബാനക്രമം.

### ആമുഖം

വി. കുർബ്ബാന സമയത്ത് മറ ഇടുന്ന ചില സന്ദർഭങ്ങൾ ഉണ്ടെല്ലോ. വി. കുർബ്ബാന പരസ്യമായി ആരംഭിച്ചശേഷം ആദ്യം മറയിടുന്ന സമയത്ത് പാടുന്ന അൻപുടയോനേ എന്ന ഗീതം നാം മുമ്പ് പഠിച്ചു. ഈ ഗാനം പാടുന്ന സമയത്ത് നാം ധ്യാനിക്കുന്ന വിഷയങ്ങൾ ഓർമ്മയിലുണ്ടോ? കർത്താവിന്റെ മരണവും ഉയിർപ്പും ഓർക്കുന്ന അതിപ്രധാന സമയമാണിത്. ചില ദിവസങ്ങളിൽ 'അൻപുടയോനേ' എന്ന ഗീതത്തിനു പകരം മറ്റു ചില ഗീതങ്ങൾ പാടാറുള്ളത് ശ്രദ്ധിച്ചിട്ടുണ്ടോ? അങ്ങനെ പാടുന്ന ഒരു ഗീതമാണ് "സ്രാപ്പികളെ കണ്ടേശായ" എന്നു തുടങ്ങുന്ന പാട്ട്. ഈ പാട്ടിന്റെ അർത്ഥവും സന്ദർഭവും മനസ്സിലാക്കി നമുക്കിന്നു പഠിക്കാം.

### പാഠഭാഗം

യെശയ്യാ പ്രവാചകൻ സ്വർഗ്ഗത്തിന്റെ ദർശനം കണ്ട സംഭവം യെശയ്യാ പ്രവാചകന്റെ പുസ്തകം 6-ാം അദ്ധ്യായത്തിൽ വിവരിക്കുന്നുണ്ട്. ഈ സംഭവമാണ് ഗാനരൂപത്തിൽ നാം ഇന്നു പഠിക്കുന്നത്. സ്വർഗ്ഗത്തിൽ ഒൻപതുകൂട്ടം മാലാഖമാർ ഉണ്ട്. ഓരോ വിഭാഗത്തിനും വിവിധ ദൗത്യങ്ങളാണ് ചെയ്യുവാനുള്ളത്. യെശയ്യാവിന്റെ ദർശനത്തിൽ അദ്ദേഹം കണ്ടത് സ്രോപ്പേന്മാർ (Seraphs) എന്ന വിഭാഗത്തിൽപ്പെട്ട മാലാഖമാരെയാണ്. ഇവർ സദാസമയവും ദൈവത്തെ സ്തുതിച്ചുകൊണ്ട് സ്വർഗ്ഗത്തിൽ കഴിയുന്നവരാണ്. എപ്പോഴും തേജോമയനായ ദൈവത്തിന്റെ സന്നിധിയിൽ കഴിയുന്നതുകൊണ്ട് അവരുടെ രൂപത്തിലും ഭാവത്തിലും ഉള്ള പ്രത്യേകതകളാണ് ഗീതത്തിന്റെ ആദ്യഭാഗങ്ങളിൽ വിശദീകരിക്കുന്നത്.

'സ്രാപ്പികളെ കണ്ടേശായ
ബെസ്ക്കുദിശായിൽ നിൻ മുമ്പിൽ
ചിറകുകളാറാറുള്ളവരായ്
എരിതീയാമാത്മാക്കളവർ.'

'യെശയ്യാവ് സ്രാപ്പികളെ കണ്ടത് ബെസ്ക്കുദിശായിൽ നിന്റെ മുമ്പിലാണ്' എന്ന് ദൈവത്തോടു പറഞ്ഞുകൊണ്ടാണ് ഗീതം ആരംഭിക്കുന്നത്. വി. കുർബ്ബാന സ്വർഗ്ഗീയ ആരാധനയാണ്. ഈ അവസരത്തിൽ നാമും സ്വർഗ്ഗത്തിൽ ആയിരിക്കുന്ന പ്രതീതിയാണ് നമുക്കുണ്ടാകുന്നത്. അതുകൊണ്ട് ജ്വലിച്ചു പ്രകാശിക്കുന്ന ദൈവത്തെ മുമ്പിൽ കണ്ടു ധ്യാനിച്ചുകൊണ്ടാണ് നാം ഈ സമയം നില്ക്കുന്നത്. 'ബെസ്കുദിശാ' എന്ന സുറിയാനി വാക്കിന് 'ശുദ്ധസ്ഥലം' എന്നാണർത്ഥം.

ആറു ചിറകുകൾ വീതമുള്ള അഗ്നിമയന്മാരാണ് സ്രോപ്പേന്മാർ എന്ന വിഭാഗത്തിൽപ്പെട്ട മാലാഖമാർ. എരിയുന്ന തീപോലെ ജ്വലിക്കുന്നവരായിട്ടാണ് യെശയ്യാവ് മാലാഖമാരെ കണ്ടത്. ഇവരുടെ ആറു ചിറകുകളെക്കുറിച്ചാണ് തുടർന്നു വരുന്ന വരികളിൽ നാം പാടുന്നത്.

'കാണായ്‌വാൻ നിൻ ദൈവത്വം
മുഖമവർ മൂടുന്നിരുചിറകാൽ
എരിയായ്‌വാൻ നിൻ ജ്വാലയതിൽ
ഇരുചിറകാലെ കാലുകളും.'

ദൈവത്തിന്റെ ശോഭ നേരിട്ടു കാണാതിരിക്കുവാൻ രണ്ടു ചിറകുകളാൽ അവർ മുഖം മറച്ചിരിക്കയാണ്. ആ പ്രകാശജ്വാലയിൽ എരിഞ്ഞു പോകാതിരിക്കുവാൻ രണ്ടു ചിറകുകൊണ്ട് അവർ കാലുകളും (ശരീരം) മറച്ചിരിക്കുന്നു.

'അട്ടഹസിക്കുന്നിരു ചിറകും
കൊട്ടിയവർ നിന്നിട്ടേവം
പരിശുദ്ധൻ നീ പരിശുദ്ധൻ
പരിശുദ്ധൻ നീ ദൈവസുതാ.'

അവശേഷിക്കുന്ന രണ്ടു ചിറകുകൾ തമ്മിൽ കൊട്ടിക്കൊണ്ട് അവർ "കർത്താവേ നീ പരിശുദ്ധൻ പരിശുദ്ധൻ പരിശുദ്ധൻ" എന്ന് അട്ടഹസിക്കുകയാണ്. ഇവിടെ "ദൈവസുതൻ" എന്ന സംബോധനയാണ് ഗീതത്തിൽ ഉപയോഗിച്ചിരിക്കുന്നത്.

'പരിശുദ്ധൻ നീ നിൻ പക്കൽ
നിൻ ബഹുമാനം സ്തുത്യമഹോ.'

"കർത്താവിന്റെ ബഹുമാനം തന്റെ സ്ഥാനത്തുനിന്ന് എന്നേക്കും വാഴ്ത്തപ്പെട്ടതാകുന്നു" എന്ന ക്രൂബകളുടെ സ്തുതിപ്പിന്റെ വാചകമാണ് ഇവിടെ ചേർത്തിരിക്കുന്നത്. ഇതും സ്വർഗ്ഗത്തിൽ കേൾക്കുന്ന ഒരു സ്തുതിഗീതമാണ്.

ഈ ഗീതം 'ദൈവത്തിനു സ്തുതി' എന്നർത്ഥമുള്ള ഹാല്ലേലുയ്യ എന്നും, 'കർത്താവേ വാഴ്ത്തണമേ' എന്ന് അർത്ഥമുള്ള ബാറെക്മോർ എന്നും 'കർത്താവേ കരുണ ചെയ്യേണമേ' എന്നർത്ഥമുള്ള കുറിയേലായിസ്സോൻ എന്നും ഇടയ്ക്കു ചേർത്ത് പാടാറുണ്ട്. ഈ ഗീതം പാടുമ്പോൾ സ്വർഗ്ഗത്തിൽ സ്രോപ്പേന്മാർ ദൈവത്തെ സ്തുതിക്കുന്ന രംഗവും വി. കുർബ്ബാനയിൽ പ്രസ്തുത സന്ദർഭത്തിൽ ഓർക്കുന്ന കർത്താവിന്റെ ക്രൂശുമരണവും ഉയിർപ്പും നമ്മുടെ മനസ്സിലെ ധ്യാനവിഷയങ്ങളായിരിക്കണം. യെശയ്യാവിന്റെ ദർശനം വി. കുർബ്ബാനയിലെ ഒരു പ്രധാന ധ്യാനവിഷയമാണ്. (യെശയ്യാവ് 6:4-8 വായിക്കുക). സ്വർഗ്ഗീയദർശനം കണ്ട യെശയ്യായ്ക്കുണ്ടായ അനുതാപവും (ഞാൻ ശുദ്ധിയില്ലാത്ത അധരങ്ങൾ ഉള്ളോരു മനുഷ്യൻ) യാഗപീഠത്തിൽ നിന്നെടുത്ത തീക്കട്ടകൊണ്ട് പ്രവാചകനെ ശുദ്ധീകരിക്കുന്നതും (വി. കുർബ്ബാനാനുഭവം), പാപത്തിനു പരിഹാരം ലഭിച്ചു ക

ഴിഞ്ഞപ്പോൾ ദൈവവേലയ്ക്കായി സമർപ്പിക്കുന്നതും (അടിയനെ അയയ്ക്കേണമേ) വി. കുർബ്ബാനയിൽ സംബന്ധിക്കുമ്പോൾ നമുക്കുണ്ടാകേണ്ട രൂപാന്തരങ്ങളാണ്.

## നമുക്ക് പ്രാർത്ഥിക്കാം

*കർത്താവേ, സ്രോപ്പേന്മാരെപ്പോലെ ഇടവിടാതെ നിന്നെ സ്തുതിക്കുവാൻ ഞങ്ങൾക്കു മനസ്സും ഉത്സാഹവും നൽകണമേ. ആമ്മീൻ.*

## നിശ്ചയം

**ഞങ്ങൾ ആരാധനയിൽ സംബന്ധിക്കുമ്പോൾ അർത്ഥവും സന്ദർഭത്തിന്റെ പ്രാധാന്യവും മനസ്സിലാക്കി ശ്രദ്ധാപൂർവ്വം നില്ക്കും.**

## നമുക്ക് ചിന്തിക്കാം

1. ആറു ചിറകുകൾ വീതമുള്ള മാലാഖമാരുടെ വൃന്ദത്തിന്റെ പേരെന്ത്?
2. ഈ മാലാഖമാർ എങ്ങനെയാണ് സ്വർഗ്ഗത്തിൽ അട്ടഹസിക്കുന്നത്
3. ഇവർ എന്തിനാണ് കാലുകൾ മൂടുന്നത്?

## പ്രവർത്തനങ്ങൾ

1. യെശയ്യാവ് 6:1-10 വരെ ശ്രദ്ധാപൂർവ്വം വായിക്കുക.
2. ഒൻപതുകൂട്ടം മാലാഖമാരുടെയും പേരു കണ്ടുപിടിക്കുക.
3. ക്രോബേമാലാഖമാർക്കുള്ള പ്രത്യേകതകൾ എന്താണ്?
4. 'കൊട്ടിയവർ നിന്നിട്ടേവം' എന്നു പാടി ചിലപ്പോഴെങ്കിലും പാട്ട് അവസാനിപ്പിക്കുന്നതിന്റെ അപൂർണതയും ഭംഗിക്കുറവും ശ്രദ്ധിക്കുക.

## തുടർ വായനയ്ക്ക്

| ദിവസം | രാവിലെ | വൈകുന്നേരം |
|---|---|---|
| ഞായർ | * | യെശയ്യാവ് 6:1-5 |
| തിങ്കൾ | മത്തായി 18:15-20 | യെശയ്യാവ് 6:6-10 |
| ചൊവ്വ | ലൂക്കോ. 1:11-20 | യെശയ്യാവ് 6:11-13 |
| ബുധൻ | ദാനിയേൽ 7:13-14 | അ. പ്ര. 12:6-11 |
| വ്യാഴം | ന്യായാ. 13:2-7 | മത്തായി 13:24-30 |
| വെള്ളി | സങ്കീ. 91:1-16 | ദാനിയേൽ 10:7-12 |
| ശനി | 2 ശമുവേൽ 24:10-17 | * |

പാഠം 15

# ദൈവമക്കളാകുവാൻ

**പഠനോദ്ദേശ്യം:** വി. കുർബ്ബാനയിലെ കുക്കിലിയോൻ എന്ന മദ്ധ്യസ്ഥപ്രാർത്ഥനകൾക്കു മുമ്പായി പാടുന്ന 'ദൈവസുതന്മാരായിടുവാൻ' എന്ന ഗീതം പഠിക്കുക.

**മനഃപാഠവാക്യം:** "നിങ്ങളോട് ദൈവവചനം പ്രസംഗിച്ച് നിങ്ങളെ നടത്തിയവരെ ഓർത്തു കൊൾവിൻ. അവരുടെ ജീവാവസാനം ഓർത്ത് അവരുടെ വിശ്വാസം അനുകരിപ്പിൻ" (എബ്രാർ 13:7).

**പഠന സഹായികൾ:** വി. കുർബ്ബാനക്രമം, നമസ്കാരക്രമങ്ങൾ

### ആമുഖം

വി. കുർബ്ബാനക്രമത്തിൽ കാണുന്ന രാത്രിനമസ്കാരസമയത്ത് ചൊല്ലുന്ന ഒരു പ്രാർത്ഥനയാണ് ഇവിടെ ചേർക്കുന്നത്. "ദൈവത്തിന്റെ, മക്കളായിത്തീരുവാൻ, ജീവിച്ചിരുന്നപ്പോൾ നമ്മെ പഠിപ്പിച്ചവരായ നമ്മുടെ മാതാപിതാക്കന്മാരെ, കുർബ്ബാനകളിലും നമസ്കാരങ്ങളിലും നാം ഓർക്കണം. അഴിവില്ലാത്ത ലോകമായ സ്വർഗ്ഗരാജ്യത്തിൽ നീതിമാന്മാരോടും പുണ്യവാന്മാരോടുംകൂടെ ദൈവപുത്രൻ അവരെ ആശ്വസിപ്പിക്കും. കർത്താവേ, കൃപ ചെയ്ത് സഹായിക്കേണമേ." ഈ പ്രാർത്ഥന നിത്യപ്രാർത്ഥനയിൽ പ്രഭാതത്തിൽ ചൊല്ലുന്നു.

ഈ പ്രാർത്ഥനയുടെ പദ്യരൂപമാണ് നാം വി. കുർബ്ബാനയിൽ ചൊല്ലാറുള്ള 'ദൈവസുതന്മാരായിടുവാൻ' എന്നു തുടങ്ങുന്ന ഗീതം. ഈ ഗീതം അർത്ഥം മനസ്സിലാക്കി നമുക്കു പഠിക്കാം.

### പാഠഭാഗം

ദൈവസുതന്മാരായിടുവാൻ
ആയുഷ്ക്കാലേ പഠിപ്പിച്ച
താതൻമാരെ ഓർക്കേണം
പ്രാർത്ഥന കുർബ്ബാനകളിൽ നാം
ശാശ്വതരാജ്യേ സ്വർഗ്ഗത്തിൽ
നീതിജ്ഞന്മാർ സിദ്ധന്മാർ
എന്നിവരൊപ്പം ദൈവസുതൻ
ആശ്വാസമവർക്കേകിടും

ഈ ഗീതത്തിന് മലയാളത്തിൽതന്നെ പാഠഭേദങ്ങൾ ഉണ്ട്. 'നാം ദൈവസുതന്മാരായിടുവാൻ' എന്നു തുടങ്ങുന്ന മറ്റൊരു ഗീതവും 'തിരുസുതരായ്‌വരുവാൻ നമ്മെ' എന്നു തുടങ്ങുന്ന ഒരു രൂപവും 'ദൈവസുതർ നാം ആയിടുവാൻ' എന്നു തുടങ്ങുന്ന ഗീതവും ഉണ്ടെങ്കിലും എല്ലാ ഗീതങ്ങളുടെയും അർത്ഥം ഒരു പ്രാർത്ഥന തന്നെയാണ്.

വി. കുർബ്ബാനയിൽ കുക്കിലിയോന് മുമ്പാണ് ഈ ഗീതം പാടുന്നത്. വി. കുർബ്ബാനയിൽ ചൊല്ലുന്ന കുക്കിലിയോനുകൾ എല്ലാം വാങ്ങിപ്പോയവരെ ഓർക്കുന്ന മദ്ധ്യസ്ഥ

പ്രാർത്ഥനകളാണ്. വി. കന്യകമറിയം, പരിശുദ്ധ സഹദേർ എന്നിവരുടെ മദ്ധ്യസ്ഥത യിൽ അഭയം പ്രാപിക്കുകയും വാങ്ങിപ്പോയ പട്ടക്കാർ, വിശ്വാസികൾ എന്നിവർക്കുവേണ്ടി പ്രാർത്ഥിക്കുകയുമാണ് നാം ഈ അവസരത്തിൽ ചെയ്യുന്നത്. ജീവിച്ചിരുന്നപ്പോൾ നമ്മെ പഠിപ്പിക്കുകയും വഴിനടത്തുകയും ചെയ്തവരെ കുർബ്ബാനയിലും പ്രാർത്ഥനകളിലും നാം ഓർക്കണമെന്നും അങ്ങനെ ചെയ്താൽ, അവരെ ദൈവപുത്രൻ അഴിവില്ലാത്ത ലോക മായ സ്വർഗ്ഗത്തിൽ പുണ്യവാന്മാരായ പിതാക്കന്മാരോടൊപ്പം നിർത്തി ആശ്വാസം നല്കി ക്കൊള്ളും എന്നുമാണ് ഈ പ്രാർത്ഥനയിൽ നാം ചൊല്ലുന്നത്.

വാങ്ങിപ്പോയവർക്കുവേണ്ടി പ്രാർത്ഥിക്കേണ്ടതിന്റെ ആവശ്യകതയാണ് ഈ ഗീതത്തി ലൂടെ നമ്മെ പഠിപ്പിക്കുന്നത്. ഈ ഓർമ്മപ്പെടുത്തലിനു ശേഷമാണ് വാങ്ങിപ്പോയവരു മായി സംസർഗ്ഗം പുലർത്തുന്ന മദ്ധ്യസ്ഥപ്രാർത്ഥനകളിലേക്ക് വി. കുർബ്ബാനമദ്ധ്യേ നാം പ്രവേശിക്കുന്നത്.

## കുക്കിലിയോൻ

കുക്കിലിയോൻ എന്ന വാക്കിന് പ്രാർത്ഥനാചക്രം എന്നാണർത്ഥം. ഓർത്തഡോക്സ് ആരാധനാപാരമ്പര്യത്തിൽ കുക്കിലിയോനുകൾ ഉപയോഗത്തിലുണ്ട്. ഒരു കുക്കിലിയോ നിൽ ഒരു സങ്കീർത്തനഭാഗവും, ഒരപേക്ഷയും കോലോകൾ എന്നറിയപ്പെടുന്ന ഒരു കൂട്ടം ഗീതങ്ങളും, വീണ്ടും ഒരു സമാപന അപേക്ഷയും ഉണ്ടാകും. പ്രൊമിയോനും ധൂപപ്രാർത്ഥ നയും ചേർത്ത് കുക്കിലിയോനുകൾ വിപുലമായി ചൊല്ലുന്ന രീതിയും ഉണ്ട്.

പ്രഭാതനമസ്കാരത്തിൽ കുക്കിലിയോൻ പൊതുവായി ചൊല്ലുമ്പോൾ പരേതർക്കു വേണ്ടിയുള്ള പ്രാർത്ഥനയായി ഈ ഗീതമാണ് ഉപയോഗിക്കുന്നത്. ഓർത്തഡോക്സ് ആരാധനയുടെ പ്രത്യേകത വെളിപ്പെടുത്തുന്ന ഒരു ഗീതം കൂടിയാണിത്. ഇവിടെ അപേ ക്ഷകൾക്കല്ല പ്രാധാന്യം കൊടുത്തിരിക്കുന്നത്. വിശ്വാസികൾ സത്യവിശ്വാസത്തിൽ ജീവി ക്കുക എന്നതിനാണ്. ഒരു വാചകം മാത്രമേ അപേക്ഷയായി ഉൾപ്പെടുത്തിയിട്ടുള്ളൂ. "കർത്താവേ കൃപ ചെയ്തു ഞങ്ങളെ സഹായിക്കണമേ." എന്നതിന്റെ സുറിയാനിയാണ് നാം ഗീതത്തിൽ ഉപയോഗിക്കുന്ന 'മൊറിയോ റാഹേം മേലൈൻ ഉ ആദാറൈൻ' എന്നത്.

## നമുക്ക് പ്രാർത്ഥിക്കാം

*കർത്താവേ, ഞങ്ങളെ ദൈവവചനവും വിശ്വാസവും പഠിപ്പിച്ചവരെ എല്ലാ പ്രാർത്ഥനകളിലും ഓർക്കുവാൻ ഞങ്ങളെ ഒരുക്കേണമേ. ആമ്മീൻ.*

## നിശ്ചയം

**ഞങ്ങളുടെ എല്ലാ ആരാധനകളിലും ഞങ്ങളുടെ വാങ്ങിപ്പോയവരെ ഞങ്ങൾ ഓർത്തു പ്രാർത്ഥിക്കും. അവർ ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുന്നു എന്ന് ഞങ്ങൾ വിശ്വസിക്കുന്നു.**

## പ്രവർത്തനങ്ങൾ

1. ഈ ഗീതം സ്ലീബാ, കൃംതാ പ്രഭാതനമസ്കാരങ്ങളിൽ കണ്ടുപിടിക്കുക.
2. വിവിധ രൂപത്തിലുള്ള ഈ ഗീതം കണ്ടെത്തി താരതമ്യം ചെയ്യുക.

3. ഈ ഗീതം സുറിയാനി ഭാഷയിലും പഠിക്കുവാൻ ശ്രമിക്കുക (ബ്കുർബോനേ ബസ്‌ലാ വോസോ...)

4. നീതിജ്ഞൻ എന്ന പദത്തിനു പകരം ഉപയോഗിച്ചിട്ടുള്ള വാക്കു കണ്ടെത്തി അർത്ഥം മനസ്സിലാക്കുക.

## തുടർ വായനയ്ക്ക്

| ദിവസം | രാവിലെ | വൈകുന്നേരം |
|---|---|---|
| ഞായർ | * | എബ്രാ. 13:1-9 |
| തിങ്കൾ | അ. പ്ര. 28 | 2 തീമോ. 2:1-7 |
| ചൊവ്വ | റോമർ 9:1-12 | 2 പത്രോസ് 1:12-15 |
| ബുധൻ | എബ്രാ. 2:11-18 | എബ്രാ. 2:7-14 |
| വ്യാഴം | എബ്രാ. 11:1-6 | 2 തീമോ. 2:8-13 |
| വെള്ളി | എബ്രാ. 1:2-6 | 2 തീമോ. 2:22-26 |
| ശനി | സദൃ. 3:1-10 | * |

യൂണിറ്റ് 4

# എന്റെ സഭ

പാഠം 16

# സഭയും സമൂഹവും ആദിമനൂറ്റാണ്ടിൽ

**പഠനോദ്ദേശ്യം:** ക്രൈസ്തവസഭ ഉത്ഭവിക്കുകയും വളരുകയും ചെയ്ത സാഹചര്യങ്ങൾ മനസ്സിലാക്കുക.

**മനഃപാഠവാക്യം:** "എളിയവരോട് സദ്വർത്തമാനം ഘോഷിപ്പാൻ യഹോവ എന്നെ അഭിഷേകം ചെയ്തിരിക്കകൊണ്ട് യഹോവയായ കർത്താവിന്റെ ആത്മാവ് എന്റെ മേൽ ഇരിക്കുന്നു" (യെശയ്യാവ് 61:1).

## ആമുഖം

വൃക്ഷത്തൈകളും മറ്റ് സസ്യങ്ങളും നടുന്നതിനു മുമ്പായി അതിനാവശ്യമായ മുൻകരുതലുകൾ നാം ചെയ്യാറുണ്ട്. സുഗമമായ വളർച്ചയ്ക്ക് വേണ്ട അനുകൂല സാഹചര്യങ്ങൾ ഒരുക്കുകയാണ് ഇതിലൂടെ ചെയ്യുന്നത്. ക്രൈസ്തവസഭയുടെ വളർച്ചയ്ക്കും വികാസത്തിനും അന്നത്തെ രാഷ്ട്രീയ-സാമൂഹ്യ-മതപരമായ ചുറ്റുപാടുകൾ വളരെ സഹായിച്ചിട്ടുണ്ട്. അവയെക്കുറിച്ച് നമുക്ക് ഈ പാഠത്തിൽ പഠിക്കാം.

## പാഠഭാഗം

ദൈവപുത്രന്റെ മനുഷ്യാവതാരം സംഭവിച്ച ചരിത്രകാലത്തിന് ചില സവിശേഷതകൾ ഉണ്ടായിരുന്നു. അവയെപ്പറ്റി പരിശോധിക്കാം.

### രാഷ്ട്രീയസാഹചര്യങ്ങൾ

റോമാസാമ്രാജ്യത്തിന്റെ അധീനതയിലാണ് പാലസ്തീൻ/യറുശലേം ഉൾപ്പെടെയുള്ള ഭൂപ്രദേശം നിലനിന്നിരുന്നത്. വ്യത്യസ്ത ഭാഷകളും മതങ്ങളും ആചാരാനുഷ്ഠാനങ്ങളും ജീവിതരീതികളും ഉണ്ടായിരുന്ന ജനവിഭാഗങ്ങളെ ഒരുമിച്ച് നിർത്തിയിരുന്നത് റോമൻ ഭരണസംവിധാനമാണ്. പരസ്പര സഹകരണവും മെച്ചപ്പെട്ട ഗതാഗത-വാർത്താവിനിമയ സൗകര്യങ്ങളും റോമാഭരണത്തിന്റെ പ്രത്യേകതകളായിരുന്നു. ഇത് ക്രിസ്തീയസഭയുടെ വളർച്ചയ്ക്ക് സഹായകരമായിത്തീർന്നു.

### ബൗദ്ധിക കാരണങ്ങൾ

റോമാസാമ്രാജ്യത്തിൽ വ്യാപിച്ചിരുന്നത് ഗ്രീക്ക് ഭാഷയും സംസ്കാരവുമായിരുന്നു. ഗ്രീക്ക് തത്വചിന്തകൾക്കും ഗ്രീക്ക് ചിന്തകർ ഉയർത്തിയ ചോദ്യങ്ങൾക്കും മറുപടിയും വ്യാഖ്യാനവുമായി ക്രിസ്തുമതം വന്നത് പണ്ഡിതർക്ക് ഏറെ പ്രയോജനപ്പെട്ടു. ഗ്രീക്ക്

ഭാഷയുടെ വ്യാപനം സഭ വളരെ വേഗം വ്യാപിക്കുവാൻ കാരണമായി. കാരണം ശിഷ്യ ന്മാരുടെ പ്രസംഗങ്ങളും സുവിശേഷങ്ങളും മറ്റും ഗ്രീക്ക് ഭാഷയിലായിരുന്നു.

### മതപരമായ കാരണങ്ങൾ

അന്ധവിശ്വാസങ്ങളിലും അനാചാരങ്ങളിലും മുഴുകി കഴിഞ്ഞ മതബോധവും ചക്ര വർത്തി ആരാധനയുമാണ് അന്ന് റോമാസാമ്രാജ്യത്തിൽ നിലനിന്നിരുന്നത്. അമാനുഷിക ശക്തികളിലും അറിയപ്പെടാത്ത ദേവന്മാരിലുമുള്ള ഭക്തിയും വിശ്വാസവും അവരെ ഭരി ച്ചിരുന്നു. എന്നാൽ മരണാനന്തര ജീവിതം, ഉയിർപ്പ്, അമർത്യത മുതലായ ചിന്തകൾക്ക് വ്യക്തമായ മറുപടി ക്രിസ്തുമതത്തിൽനിന്നും ലഭിച്ചത് അനേകരെ സഭയിലേക്ക് ആകർഷിച്ചു.

### സാമൂഹിക കാരണങ്ങൾ

സാമൂഹികഘടന നിർണയിച്ചിരുന്നത് സമ്പത്തിന്റെ അടിസ്ഥാനത്തിലായിരുന്നു. ധാർമിക മൂല്യങ്ങൾക്ക് കാര്യമായ പ്രാധാന്യവുമില്ലായിരുന്നു. സത്യം, നീതി, ധർമ്മം എന്നിവ അവഗണിക്കപ്പെട്ടിരുന്നു. ദൈവഭയവും സമസൃഷ്ടികളോടുള്ള സ്നേഹവും സമൂഹത്തിൽനിന്നും മിക്കവാറും അന്യമായിരുന്നു. ഈ സാഹചര്യത്തിൽ സത്യം, നീതി, ധർമ്മം എന്നിവയ്ക്ക് ഊന്നൽ നല്കിയ ക്രിസ്തീയസഭ അനേകരെ ആകർഷിച്ചു. പണ്ഡി തരെയും സാധാരണ ജനങ്ങളെയും ഒരുപോലെ ആകർഷിക്കുന്നതായിരുന്നു ക്രിസ്തീയ വിശ്വാസ സംഹിതകൾ.

### യഹൂദ പശ്ചാത്തലം

ഗ്രീക്കുകാരിൽനിന്നും റോമാക്കാരിൽനിന്നും ധാരാളം പീഡനങ്ങൾ ഏറ്റുവാങ്ങിയ വിഭാഗമായിരുന്നു യഹൂദർ. തങ്ങളുടെ രക്ഷയ്ക്കായി 'മശിഹാ' വരുമെന്ന് അവർ വിശ്വ സിച്ചിരുന്നു. ഈ 'മശിഹാ' യേശുവാണെന്ന് അപ്പോസ്തോലന്മാർ ജനത്തിന് കാണിച്ചു കൊടുത്തു. യഹൂദമതജീവിതത്തിന്റെ ഒഴിച്ചുകൂടാനാവാത്ത സുനഗോഗ് ആരാധന, ഏക ദൈവവിശ്വാസം, സദാചാരബോധം, വി. ഗ്രന്ഥപാരായണം മുതലായവ ക്രിസ്തീയസഭ യുടെ വളർച്ചയ്ക്ക് വളരെയധികം സംഭാവനകൾ നല്കി. ഇപ്രകാരം ഗ്രീക്ക്, റോമൻ, യഹൂദ സംസ്ക്കാരങ്ങൾ ആദിമസഭയുടെ വളർച്ചയ്ക്ക് വളക്കൂറുള്ള മണ്ണായി പ്രവർത്തിച്ചു.

## നമുക്ക് പാടാം

മശിഹാ ജീവിച്ചെഴുന്നേറ്റു
കാവൽക്കാർ ലജ്ജപ്പെട്ടു
തൻ പ്രിയയാം സഭ സന്തോഷ-
ത്താലാത്മ പ്രിയനെ വാഴ്ത്തും.

## നമുക്ക് പ്രാർത്ഥിക്കാം

*ദൈവമേ, നിന്റെ ഏകജാതന്റെ വരവിനും സഭയുടെ വളർച്ചയ്ക്കുമായി സമൂ ഹത്തെ നീ ഒരുക്കിയതുപോലെ, നിന്റെ ജീവൻ നൽകുന്ന വചനങ്ങളെ സ്വീക രിപ്പാൻ ഞങ്ങളെയും ഒരുക്കണമേ. ആമ്മീൻ.*

## നിശ്ചയം

**സുവിശേഷാനുസൃതമായ വളർച്ചയ്ക്കായി ഞാൻ പരിശ്രമിക്കും**

## നമുക്ക് ചിന്തിക്കാം

1. ക്രിസ്തുസഭയുടെ വളർച്ചയ്ക്ക് സഹായകരമായ രാഷ്ട്രീയ കാരണങ്ങൾ ഏവ?
2. ഗ്രീക്ക് ഭാഷ എങ്ങനെ സഭയുടെ വളർച്ചയ്ക്ക് സഹായകമായി?
3. അന്ധവിശ്വാസങ്ങൾക്കും ദുരാചാരങ്ങൾക്കും സഭയുടെ മറുപടി എന്തായിരുന്നു?
4. ക്രിസ്തീയ സഭയുടെ ആദിമകാലത്തെ സാംസ്കാരിക പശ്ചാത്തലം എന്ത്?
5. സമൂഹത്തിൽ സഭ എപ്രകാരം വ്യത്യസ്തമായി?
6. യഹൂദപശ്ചാത്തലം സഭയുടെ വളർച്ചയ്ക്ക് എങ്ങനെ സഹായകരമായി?

## പ്രവർത്തനങ്ങൾ

1. ക്രൈസ്തവസഭയിൽ ഗ്രീക്ക്-റോമൻ-യഹൂദ സ്വാധീനങ്ങളുടെ പട്ടിക തയ്യാറാക്കുക.
2. ഗ്രീക്ക്-റോമൻ തത്വചിന്തകരുടെ പേരുകൾ കണ്ടുപിടിക്കുക.
3. വ്യത്യസ്ത മത-സാംസ്കാരിക സാഹചര്യങ്ങൾ ഉള്ള ഒരു പ്രദേശത്ത് നിങ്ങൾ എപ്രകാരം സഭയുടെ വളർച്ചയ്ക്കായി പ്രവർത്തിക്കുമെന്നതിനെക്കുറിച്ച് ചിന്തിക്കുക.

## തുടർ വായനയ്ക്ക്

| ദിവസം | രാവിലെ | വൈകുന്നേരം |
|---|---|---|
| ഞായർ | * | അ. പ്ര. 2:1-13 |
| തിങ്കൾ | അ. പ്ര. 9:26-31 | അ. പ്ര. 2:14-21 |
| ചൊവ്വ | അ. പ്ര. 9:32-43 | അ. പ്ര. 2:37-47 |
| ബുധൻ | അ. പ്ര. 10:24-33 | റോമർ 16:1-16 |
| വ്യാഴം | അ. പ്ര. 13:1-12 | റോമർ 16:17-20 |
| വെള്ളി | അ. പ്ര. 14:8-15 | അ. പ്ര. 8:1-8 |
| ശനി | അ. പ്ര. 14:19-28 | * |

പാഠം 17

# മാർത്തോമ്മാശ്ലീഹാ സ്ഥാപിച്ച പള്ളികൾ

**പഠനോദ്ദേശ്യം:** ദക്ഷിണേന്ത്യയിൽ (മലങ്കരയിൽ) വി. മാർത്തോമ്മാ ശ്ലീഹാ സ്ഥാപിച്ച പള്ളികളെക്കുറിച്ച് മനസ്സിലാക്കുക.

**മനഃപാഠവാക്യം:** "നിന്റെ ആലയത്തെക്കുറിച്ചുള്ള എരിവ് എന്നെ തിന്നുകളഞ്ഞു" (സങ്കീർത്തനം 69:9).

## ആമുഖം

വി. മാർത്തോമ്മാ ശ്ലീഹാ ദക്ഷിണേന്ത്യയിൽ വന്ന് എട്ട് പള്ളികൾ (ഏഴരപള്ളികൾ എന്നറിയപ്പെടുന്നു) സ്ഥാപിച്ചു. ഇവയിൽ നമ്മുടെ സഭയുടെ കൈവശമുള്ള ദൈവാലയങ്ങളാണ് നിരണം പള്ളിയും തിരുവിതാംകോട് അരപ്പള്ളിയും. മാർത്തോമ്മാ ശ്ലീഹാ സ്ഥാപിച്ച പള്ളികളെക്കുറിച്ച് ഈ പാഠത്തിൽ പഠിക്കാം.

## പാഠഭാഗം

കൊടുങ്ങല്ലൂർ, പാലയൂർ, പറവൂർ, ഗോക്കമംഗലം, കൊല്ലം, നിരണം, ചായൽ, തിരുവിതാംകോട് എന്നിവിടങ്ങളിൽ മാർത്തോമ്മാ ശ്ലീഹാ സ്ഥാപിച്ച എട്ട് പള്ളികൾ, ഏഴരപള്ളികൾ എന്നറിയപ്പെടുന്നു. ഇവിടെയെല്ലാം മാർത്തോമ്മാ ശ്ലീഹാ അനേകരെ മാമോദീസായിലൂടെ പരിശുദ്ധ സഭയുടെ അംഗങ്ങളായ ക്രിസ്ത്യാനികളാക്കി. ആദ്യം കുരിശും പിന്നീട് ആരാധനയ്ക്ക് സമ്മേളിക്കാനുള്ള വേദിയും രൂപപ്പെടുത്തി. അവയെക്കുറിച്ച് വിശദമായി പഠിക്കാം.

### കൊടുങ്ങല്ലൂർ

ഭാരതത്തിലെ ക്രിസ്ത്യാനികളുടെ തറവാട് എന്ന് വേണമെങ്കിൽ ഈ ദൈവാലയത്തെ വിളിക്കാം. മുസിരിസ്, മഹോദയപുരം, തിരുവഞ്ചിക്കുളം, മാലിയാങ്കര തുടങ്ങിയ പേരുകളിലും ഇവിടം അറിയപ്പെടുന്നു. ഈ ദേവാലയം കാലക്രമത്തിൽ കടലിനടിയിലായി.

### പാലയൂർ

ഗുരുവായൂരിനും ചാവക്കാടിനും മദ്ധ്യേയാണ് പാലയൂർ സ്ഥിതി ചെയ്യുന്നത്. ഒരു പുരാതന വാണിജ്യകേന്ദ്രമായിരുന്ന ഇവിടെ ധാരാളം യഹൂദന്മാരുടെ സാന്നിധ്യം ഉണ്ടായിരുന്നു. ഇവിടെ ഒരു ഹൈന്ദവക്ഷേത്രം പള്ളിയായി പരിണമിക്കുകയായിരുന്നു എന്നാണ് വിശ്വാസം. അതുകൊണ്ട് തന്നെ ഇവിടുത്തെ യാഥാസ്ഥിതിക ബ്രാഹ്മണർ ഈ പ്രദേശം ഉപേക്ഷിച്ചുപോയി. അങ്ങനെ ഈ പ്രദേശത്തിന് 'ശാപക്കാട്' എന്നർത്ഥമുള്ള ചാവക്കാട് എന്നും പേരായി.

### പറവൂർ/കോട്ടയ്ക്കാവ്

ഒരു തുറമുഖ വാണിജ്യകേന്ദ്രമായിരുന്നു ഇത്. ആലുവായ്ക്ക് പടിഞ്ഞാറ്, കായൽ തീരത്തോട് ചേർന്നുനില്ക്കുന്ന ഒരു സ്ഥലമാണ് പറവൂർ. ഈ പട്ടണത്തിന്റെ അരികിലാണ് കോട്ടയ്ക്കാവ് പള്ളി സ്ഥിതി ചെയ്യുന്നത്. ഇവിടെ നിന്നാണ് മാർത്തോമ്മാ ശ്ലീഹാ മൈലാപ്പൂരിലേക്ക് പോയതെന്ന് പറയപ്പെടുന്നു.

### ഗോക്കമംഗലം

വേമ്പനാട്ടുകായലിന്റെ പടിഞ്ഞാറേതീരത്ത് ആലപ്പുഴയ്ക്കും തണ്ണീർമുക്കത്തിനും മദ്ധ്യേ സ്ഥിതിചെയ്യുന്ന പ്രദേശമാണിത്. ഇവിടെ അനേകം ആളുകളെ മാർത്തോമ്മാ

ശ്ലീഹാ മതപരിവർത്തനം നടത്തുകയും ഒരു കുരിശ് സ്ഥാപിക്കുകയും ചെയ്തു. എന്നാൽ ശത്രുക്കൾ കുരിശ് നശിപ്പിച്ചു. പിൽക്കാലത്ത് ദൈവാലയം നിർമ്മിച്ചു.

### കൊല്ലം

കേരളത്തിലെ രണ്ടാമത്തെ പുരാതന വാണിജ്യതുറമുഖമായിരുന്നു ഇത്. കൊടുങ്ങല്ലൂരിൽനിന്നും ശിഷ്യനായ കേപ്പായോടൊപ്പം മാർത്തോമ്മാ ശ്ലീഹാ കൊല്ലത്തേക്ക് വന്നുവെന്ന് റമ്പാൻപാട്ടിൽ പറയുന്നു. ഈ ദൈവാലയവും കാലാന്തരത്തിൽ കടലെടുത്തുവെന്നാണ് വിശ്വാസം.

### നിരണം

കടലിനോട് വളരെ അടുത്ത് സ്ഥിതി ചെയ്തിരുന്ന മറ്റൊരു പ്രധാന വാണിജ്യകേന്ദ്രമായിരുന്നു ഇത്. ഇവിടെ മാർത്തോമ്മാ ശ്ലീഹാ ആദ്യം ഒരു കുരിശ് നാട്ടുകയും എന്നാൽ അത് ശത്രുക്കൾ പിഴുതെടുത്ത് ആറ്റിലെറിയുകയും ചെയ്തു. ഈ കുരിശ് ആറിൽ താണുപോകാതെ മറ്റൊരു തീരത്തടിഞ്ഞു. അവിടെയാണ് പിന്നീട് ദൈവാലയം സ്ഥാപിച്ചത്. ഇന്ന് മലങ്കരസഭയുടെ പരിപാലനത്തിൽ നിലനിൽക്കുന്ന ഒന്നാണ് ഈ ദൈവാലയം. ഇന്നു കാണുന്നത് പുനർനിർമ്മിക്കപ്പെട്ട ദൈവാലയമാണ്.

### നിലയ്ക്കൽ/ചായൽ

ഒരു വാണിജ്യകേന്ദ്രമായിരുന്നു നിലയ്ക്കൽ. ഇവിടെ മാർത്തോമ്മാ ശ്ലീഹാ സ്ഥാപിച്ച ദൈവാലയം പിന്നീട് നാമാവശേഷമായി. പ്രകൃതിക്ഷോഭമോ കൊള്ളക്കാരുടെ ആക്രമണം മൂലമോ ഇവിടെയുണ്ടായിരുന്നവർ വിവിധ ദേശങ്ങളിലേക്ക് പലായനം ചെയ്തു. ഈ പ്രദേശം വിജനമാകുവാനും ദൈവാലയ നാശത്തിനും ഇതാവാം കാരണം. ഇന്നിവിടെ ഒരു എക്യൂമെനിക്കൽ ദൈവാലയം സ്ഥിതിചെയ്യുന്നു.

### തിരുവിതാംകോട്

മാർത്തോമ്മാ ശ്ലീഹായാൽ സ്ഥാപിതമായ "അരപ്പള്ളി"യാണിത്. ഇന്നത്തെ കന്യാകുമാരിക്കടുത്താണ് ഈ ദേവാലയം സ്ഥിതിചെയ്യുന്നത്. നമ്മുടെ സഭയുടെ കൈവശത്തിലുള്ള ഈ ചെറിയ ദേവാലയം പുരാതന ദേവാലയത്തിന്റെ അവശിഷ്ടങ്ങളാൽ സമ്പുഷ്ടമാണ്. അരചൻ പണിതപള്ളി (രാജാവിന്റെ സഹായത്തോടെ പണിതത്) എന്നതിനാലാണ് അരപ്പള്ളി എന്നു പേരുണ്ടായതെന്നു പറയപ്പെടുന്നു.

മാർത്തോമ്മാ ശ്ലീഹായാൽ സ്ഥാപിതമായ ദേവാലയങ്ങളുടെ പൊതുസ്വഭാവം നമുക്ക് ഇങ്ങനെ സംഗ്രഹിക്കാം.

* ഈ ദേവാലയങ്ങൾ സ്ഥാപിതമായിരിക്കുന്ന സ്ഥലങ്ങൾ പ്രധാന വാണിജ്യകേന്ദ്രങ്ങളായിരുന്നു.
* ഈ പ്രദേശങ്ങൾ കടലുമായി വളരെ അടുത്ത് സ്ഥിതി ചെയ്തിരുന്നവയായിരുന്നു.
* യഹൂദന്മാരുടെ സാന്നിധ്യം എല്ലാ പ്രദേശങ്ങളിലും ഉണ്ടായിരുന്നു.
* ഈ സ്ഥലങ്ങളിലെല്ലാം അനേകർ ക്രിസ്തുവിശ്വാസം സ്വീകരിച്ചു.
* വിശ്വാസികൾ താമസിച്ചിരുന്ന സ്ഥലങ്ങളിലെല്ലാം കുരിശുകൾ നാട്ടുകയും തുടർന്ന് പള്ളിയായി അത് രൂപാന്തരപ്പെടുകയും ചെയ്തു.

### നമുക്ക് പാടാം

മൈലാപൂരിൽ മശിഹായെപ്രതി തൻ-
ജീവൻ വച്ചവനെ
നിരണം മുതലായവയേഴു ഭവനം-സംസ്ഥാപിച്ചവനേ

ഇന്ത്യായുടെ കാവൽക്കാരാ
മാന്യപിതാവേ മാർത്തോമ്മാ
ഓർക്കണമേ ഞങ്ങളെയെന്നാളും

## നമുക്ക് പ്രാർത്ഥിക്കാം

*കർത്താവേ, വി. തോമ്മാശ്ലീഹാ കഷ്ടതകൾ സഹിച്ച് സഭയുടെ വളർച്ചയ്ക്കായി പ്രവർത്തിച്ചതുപോലെ സഭയുടെ ഉന്നമനത്തിനായി പ്രവർത്തിക്കുവാൻ ഞങ്ങളെ പ്രാപ്തരാക്കണമേ. ആമ്മീൻ.*

## നിശ്ചയം

**ഏത് പ്രതിസന്ധിയിലും മാർത്തോമ്മാ ശ്ലീഹായെപ്പോലെ സുവിശേഷവേലയ്ക്കായും സഭയുടെ കെട്ടുറപ്പിനായും ഞാൻ യത്നിക്കും.**

## നമുക്കു ചിന്തിക്കാം

1. കൊടുങ്ങല്ലൂർ പള്ളിയുടെ സവിശേഷത എന്ത്?
2. റമ്പാൻപാട്ട് കൊല്ലം പള്ളിയെക്കുറിച്ച് നമുക്ക് നൽകുന്ന വിവരമെന്ത്?
3. നിരണം പള്ളി ഇന്ന് കാണുന്ന സ്ഥലത്ത് വന്നതെങ്ങനെ?
4. പാലയൂരിന് ചാവക്കാട് എന്ന് പേരുവരാൻ കാരണമെന്ത്?
5. മാർത്തോമ്മാ ശ്ലീഹാ സ്ഥാപിച്ചതായി മലങ്കര ഓർത്തഡോക്സ് സഭയുടെ കൈവശമുള്ള ദൈവാലയങ്ങൾ ഏവ?
6. മാർത്തോമ്മാ ശ്ലീഹാ സ്ഥാപിച്ച ദൈവാലയങ്ങളുടെ പൊതുസ്വഭാവങ്ങളെന്തെല്ലാം?

## പ്രവർത്തനങ്ങൾ

1. തിരുവിതാംകോട് പള്ളി 'അരപ്പള്ളി' എന്നു അറിയപ്പെടുന്നത് എന്തുകൊണ്ടാകാം? ഒന്നിലധികം സാധ്യതകൾ ആരായുക.
2. "മാർത്തോമ്മായുടെ ദൈവാലയങ്ങൾ" ഒരു പ്രോജക്ട് തയ്യാറാക്കുക.
3. മാർത്തോമ്മാ ശ്ലീഹാ സ്ഥാപിച്ച ദൈവാലയങ്ങൾ സന്ദർശിക്കുക.
4. മാർത്തോമ്മാ ശ്ലീഹാ സ്ഥാപിച്ച പള്ളികളുടെയും സ്ഥലങ്ങളുടെയും പേരുള്ള നമ്മുടെ സഭയിലെ ഭദ്രാസനങ്ങൾ കണ്ടുപിടിക്കുക.

## തുടർ വായനയ്ക്ക്

| ദിവസം | രാവിലെ | വൈകുന്നേരം |
|---|---|---|
| ഞായർ | * | എഫെ. 1:15-23 |
| തിങ്കൾ | അ. പ്ര. 16:1-5 | മർക്കോസ് 16:14-18 |
| ചൊവ്വ | അ. പ്ര. 16:11-15 | 1 കൊരി. 14:26-33 |
| ബുധൻ | അ. പ്ര. 16:19-34 | അ. പ്ര. 15:1-5 |
| വ്യാഴം | റോമർ 4:9-13 | അ. പ്ര. 9:26-43 |
| വെള്ളി | റോമർ 4:14-20 | ഗലാ. 1:11-18 |
| ശനി | റോമർ 5:1-13 | * |

യൂണിറ്റ് 5

# വിശുദ്ധ കുർബ്ബാന

പാഠം 18

# വിശുദ്ധ കുർബ്ബാന - നിത്യാരാധനയുടെ തുടർച്ച

**പാഠനോദ്ദേശ്യം:** വി. കുർബ്ബാന നിത്യാരാധനയുടെ തുടർച്ചയാണെന്നു മനസ്സിലാക്കുക.

**മനഃപാഠവാക്യം:** ക്രിസ്തു വാസ്തവമായതിന്റെ പ്രതിബിംബമായി കൈപ്പണിയായ വിശുദ്ധ മന്ദിരത്തിലേക്കല്ല, ഇപ്പോൾ നമുക്കുവേണ്ടി ദൈവസന്നിധിയിൽ പ്രത്യക്ഷനാവാൻ സ്വർഗ്ഗത്തിലേക്കത്രേ പ്രവേശിച്ചത് (എബ്രായർ 9:24).

## ആമുഖം

സർവ്വ പ്രപഞ്ചത്തിന്റെയും സൃഷ്ടാവും പരിപാലകനും പൂർത്തീകരണം നല്കുന്നവനുമായ ദൈവത്തിന്റെ സന്നിധിയിൽ നിത്യവും ആരാധന നടക്കുന്നു എന്നു നാം വിശ്വസിക്കുന്നു. പ്രവാചകനായ മോശെയുണ്ടാക്കിയ സമാഗമനകൂടാരത്തിൽ ഈ ആരാധനയുടെ മാതൃകയിലാണ് എല്ലാ കാര്യങ്ങളും ക്രമീകരിക്കുവാൻ ദൈവം ആജ്ഞാപിച്ചത്. പ്രവാചകന്മാരായ യെശയ്യാവും യെഹസ്കിയേലും ദാനിയേലുമൊക്കെ ഈ നിത്യാരാധനയുടെ ദർശനങ്ങൾ കണ്ട ദൈവമനുഷ്യരാണ്.

## പാഠഭാഗം

### നിത്യാരാധന പുതിയനിയമത്തിൽ

വെളിപാടു പുസ്തകം നാലു മുതൽ ആറു വരെയുള്ള അദ്ധ്യായങ്ങളിൽ സ്വർഗ്ഗീയമായ ഈ ആരാധനയുടെ വിവരണങ്ങൾ നാം വായിക്കുന്നു. അവിടെ നടുവിൽ പിതാവാം ദൈവത്തിന്റെ സ്വർഗ്ഗീയസിംഹാസനവും അറുക്കപ്പെട്ട കുഞ്ഞാടിനെയും കാണുന്നു. അതിനുചുറ്റും ഇരുപത്തിനാലു മൂപ്പന്മാർ കിരീടം ധരിച്ചുകൊണ്ട് നില്ക്കുന്നു; ഇവർ പഴയനിയമത്തിലെ പന്ത്രണ്ട് ഗോത്രങ്ങളെ പ്രതിനിധീകരിക്കുന്നവരും പുതിയനിയമത്തിലെ പന്ത്രണ്ട് അപ്പോസ്തലന്മാരെ പ്രതിനിധീകരിക്കുന്നവരുമാണ്. ഇവർ ഇടയ്ക്കിടയ്ക്ക് തങ്ങളുടെ കിരീടം മാറ്റിവച്ച് കുഞ്ഞാടിനെ കുമ്പിട്ടു നമസ്കരിക്കുന്നു. കാരണം, കുഞ്ഞാട് ലോകത്തിന്റെ പാപത്തെ വഹിക്കുന്ന ദൈവിക കുഞ്ഞാടായ യേശുക്രിസ്തുവാണ് (യോഹന്നാൻ 1:29). അവൻ നമ്മുടെ പാപങ്ങളെ വഹിച്ചവനും നമുക്കുവേണ്ടി മുറിവേറ്റവനുമാണ് (യെശയ്യാവ് 53:4-8).

ഇരുപത്തിനാലു മൂപ്പന്മാരും അവനെ കവിണ്ണുവീണു നമസ്കരിക്കുമ്പോൾ പാടുന്നത്. “സർവ്വശക്തിയുള്ള കർത്താവായ ദൈവം പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ” എന്നാണ്. ഈ പ്രാർത്ഥന “അവർ രാവും പകലും വിശ്രമം കൂടാതെ പറഞ്ഞുകൊണ്ടിരിക്കുന്നു” (വെളിപ്പാട് 4:8-9). “കർത്താവേ നീ സർവ്വവും സൃഷ്ടിച്ചവനും എല്ലാം നിന്റെ ഇഷ്ടം ഹേതുവാൽ ഉണ്ടായതും സൃഷ്ടിക്കപ്പെട്ടതും ആകയാൽ മഹത്വവും ബഹുമാനവും

ശക്തിയും കൈക്കൊള്ളുവാൻ യോഗ്യൻ" (വെളിപ്പാട് 4:11) എന്നും അവർ പാടിക്കൊണ്ടിരിക്കുന്നു. സ്വർഗ്ഗീയമായ ഈ ആരാധനയുടെ നിഴലായിട്ടാണ് നാം ഭൂമിയിൽ ആരാധിക്കുന്നത് (എബ്രായർ 9:23-27). തുടർച്ചയായി നടക്കുന്ന ഈ ആരാധനയിൽ വിശ്വാസികളായ നമ്മോടൊപ്പം വാങ്ങിപ്പോയവരും വിശുദ്ധരും മാലാഖമാരും സംബന്ധിക്കുന്നുണ്ട് (വെളിപ്പാട് 6:9, 7:1-12).

## നിത്യാരാധനയുടെ തുടർച്ചയായ വിശുദ്ധ കുർബ്ബാന

വിശുദ്ധ കുർബ്ബാനകളിൽ സ്വർഗ്ഗീയരും ഭൗമികരുമായ ഏവരും സംബന്ധിക്കുന്നുണ്ട് എന്നുള്ളത് എല്ലാ ആരാധനയിലും നാം പാട്ടിലൂടെ അനുസ്മരിക്കുന്നു. ഉദാഹരണമായി "നിഷ്ഠയിൽ നിന്നെപ്പെറ്റ...." എന്ന ഗാനം ശ്രദ്ധയോടെ പഠിക്കാം. ഇതിലെ ഓരോ ഖണ്ഡികയും ശ്രദ്ധയോടെ പാടി അതിന്റെ വിശദമായ അർത്ഥം മനസ്സിലാക്കുവാൻ നമുക്ക് ശ്രമിക്കാം. വിശുദ്ധ കുർബ്ബാനക്രമം എടുത്തുപാടാം.

1. നിഷ്ഠയിൽ നിന്നെപ്പെറ്റ....

നിഷ്ഠയോടെ നിന്നെ പ്രസവിച്ച പരിശുദ്ധ കന്യകമറിയാമിനോടൊപ്പം നിന്നെ സ്തുതിച്ചു പുകഴ്ത്തുവാൻ ഞങ്ങളെ യോഗ്യരാക്കാണമേ.

2. മുന്നം നിന്നാഗമനം....

നിന്റെ മനുഷ്യാവതാരത്തെപ്പറ്റി പ്രവചിച്ച പ്രവാചകന്മാരോടൊപ്പം നിന്നെ സ്തുതിച്ചു പുകഴ്ത്തുവാൻ ഞങ്ങളെ യോഗ്യരാക്കണമേ.

3. ദണ്ഡനപീഢകളേറ്റ....

നിനക്കുവേണ്ടി പീഡനങ്ങൾ സഹിച്ച സഹദേരോടും വൃതജീവിതം സ്വീകരിച്ച മൗദ്യാനന്മാരോടുമൊപ്പം നിന്നെ സ്തുതിച്ചു പുകഴ്ത്തുവാൻ ഞങ്ങളെ യോഗ്യരാക്കണമെ.

4. മഹിതന്മാർ....

നിന്നെപ്പറ്റിയുള്ള വിശ്വാസം ദൃഢമായി പഠിപ്പിച്ച കപ്പദോക്യൻ പിതാക്കന്മാരായ വലിയ മാർ ബസേലിയോസിനോടും നാസിയാൻസിലെ മാർ ഗ്രിഗോറിയോസിനോടുമൊപ്പം നിന്നെ സ്തുതിച്ചു പുകഴ്ത്തുവാൻ ഞങ്ങളെ യോഗ്യരാക്കണമെ.

5. പരുമല മാർ ഗ്രിഗോറിയോസ്....

മലങ്കര സഭയുടെ പുണ്യപിതാക്കന്മാരായ പരിശുദ്ധ പരുമല ഗീവറുഗീസ് മാർ ഗ്രീഗോറിയോസ് തിരുമേനിയോടും വട്ടശ്ശേരിൽ ഗീവറുഗീസ് മാർ ദിവന്നാസ്യോസ് തിരുമേനിയോടുമൊപ്പം നിന്നെ സ്തുതിച്ചു പുകഴ്ത്തുവാൻ ഞങ്ങളെ യോഗ്യരാക്കണമെ.

6. ഉജ്ജ്വലദീപ.....

മണവാളനെ എതിരേൽക്കുവാനായി വിളക്കിൽ എണ്ണയുമായി കാത്തിരുന്ന ബുദ്ധിയുള്ള അഞ്ചു കന്യകമാരോടൊപ്പം നിന്നെ സ്തുതിച്ചു പുകഴ്ത്തുവാൻ ഞങ്ങളെ യോഗ്യരാക്കണമെ.

7. വിശ്വാസത്താൽ പറുദീസാ...

ജീവിതത്തിൽ പല പിഴവുകൾ പറ്റിയെങ്കിലും അവസാന നിമിഷമെങ്കിലും നിന്നെ തിരിച്ചറിയുകയും മരണത്തിനു തൊട്ടുമുമ്പ് നിന്നെ ഏറ്റുപറയുകയും ചെയ്ത കള്ളനോടൊപ്പം നിന്ന് നിന്നെ സ്തുതിച്ചു പുകഴ്ത്തുവാൻ ഞങ്ങളെ യോഗ്യരാക്കണമേ.

8. അനവരത സ്തുതി...

ഇടവിടാതെ സ്തുതി കീർത്തനങ്ങൾ പാടിക്കൊണ്ടിരിക്കുന്ന വിശുദ്ധ മാലാഖമാരോടൊപ്പം നിന്നെ സ്തുതിച്ചു പുകഴ്ത്തുവാൻ ഞങ്ങളെ യോഗ്യരാക്കണമെ.

## നിത്യാരാധനയിൽ നമുക്ക് പങ്കാളിത്തം

മുകളിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ അനുസരിച്ച് വിശുദ്ധ ആരാധനയുടെ അടിസ്ഥാനപരമായ ചില കാര്യങ്ങൾ താഴെപ്പറയുന്നതാണ്.

1. ദൈവത്തിന്റെ സന്നിധിയിലുള്ള ആരാധന ഇടവിടാതെ നടന്നുകൊണ്ടിരിക്കുന്നു.
2. നമ്മുടെ വി. കുർബ്ബാന സ്വർഗ്ഗത്തിൽ നടക്കുന്ന നിത്യാരാധനയുടെ ഭൗമികമായ നിഴലാണ്.
3. സ്വർഗ്ഗീയാരാധനയിൽ വി. കന്യകമറിയാമും പഴയനിയമ പിതാക്കന്മാരും പുതിയ നിയമസഭയിലെ വിശുദ്ധരും പരിശുദ്ധ മാലാഖമാരും ക്രിസ്തുവിന്റെ നാമത്തിൽ ജീവിച്ച് മരിച്ചവരും സംബന്ധിക്കുന്നു.
4. ഈ സ്വർഗ്ഗീയാരാധനയിൽ സംബന്ധിക്കുവാൻ നമുക്ക് ലഭിച്ചിരിക്കുന്ന അവസരം വലിയ പദവിയാണ്.

ആയതിനാൽ നാം വിശുദ്ധ പൗലോസിനെപ്പോലെ "അയ്യോ, ഞാൻ അരിഷ്ടമനുഷ്യൻ" എന്നും യെശയ്യാപ്രവാചകനെപ്പോലെ "ഞാൻ ശുദ്ധിയില്ലാത്ത അധരങ്ങൾ ഉള്ള ഒരു മനുഷ്യൻ" എന്നും തിരിച്ചറിഞ്ഞ് ഈ സ്വർഗ്ഗീയാരാധനയിൽ സംബന്ധിച്ചാൽ നാം അനുഗ്രഹം പ്രാപിക്കും.

## നമുക്ക് പ്രാർത്ഥിക്കാം

*കർത്താവേ, നിത്യാരാധനയുടെ തുടർച്ചയായ വി. കുർബ്ബാനയിൽ മുടക്കം കൂടാതെ സംബന്ധിക്കുവാൻ പരിശുദ്ധാത്മാവ് ഞങ്ങളെ ശക്തിപ്പെടുത്തേണമേ. ആമ്മീൻ.*

## നിശ്ചയം

**വി. കുർബ്ബാനയിൽ സംബന്ധിക്കുവാൻ കടപ്പെട്ട ദിവസങ്ങളിൽ ഞങ്ങൾ മുടക്കം വരുത്തുകയില്ല.**

## പ്രവർത്തനങ്ങൾ

1. "നിഷ്ഠയിൽ നിന്നെ പെറ്റ..." ഗീതം വി. കുർബ്ബാനാക്രമത്തിൽനിന്നും ആലപിച്ച് പഠിക്കുക.
2. ഈ പാട്ടുകൾ എല്ലാവരും ഒരുമിച്ചു പാടുവാൻ തക്കവണ്ണം പ്രഭാതനമസ്കാരം തുടങ്ങുന്നതിനുമുമ്പുതന്നെ പള്ളിയിൽ എത്തും എന്ന് പ്രതിജ്ഞ ചെയ്യുക.
3. കപ്പദോക്യൻ പിതാക്കന്മാർ ആരെല്ലാം? അവർ മൂന്നു പേരുണ്ടെങ്കിലും രണ്ടുപേരുകളേ നാം ഇന്നു പഠിച്ച പാട്ടിൽ പരാമർശിക്കുന്നുള്ളൂ. എന്തുകൊണ്ടായിരിക്കും എന്നു ചർച്ച ചെയ്യുക.
4. "നിഷ്ഠയിൽ നിന്നെപ്പെറ്റ..." എന്ന ഗീതത്തിൽ മലങ്കര ഓർത്തഡോക്സ് സഭയിലെ രണ്ടു പരിശുദ്ധന്മാരെ സ്മരിക്കുന്നു. അവരുടെ പൂർണമായ പേര് താഴെ എഴുതുക.

## തുടർ വായനയ്ക്ക്

| ദിവസം | രാവിലെ | വൈകുന്നേരം |
|---|---|---|
| ഞായർ | * | മത്തായി 1:18-21 |
| തിങ്കൾ | ലൂക്കോ. 2:1-7 | മത്തായി 1:22-25 |
| ചൊവ്വ | മർക്കൊ. 14:12-25 | യെശയ്യാവ് 7:10-17 |
| ബുധൻ | ലൂക്കോ. 22:7-13 | ലൂക്കോ. 22:14-23 |
| വ്യാഴം | യോഹ. 13:21-30 | ലൂക്കോ. 1:26-38 |
| വെള്ളി | 1 കൊരി. 11:23-26 | ലൂക്കോ. 1:46-56 |
| ശനി | മത്തായി 25:1-13 | * |

പാഠം 19

# വേദവായനകൾ വിശുദ്ധ കുർബ്ബാനയിൽ

**പഠനോദ്ദേശ്യം:** വി. കുർബ്ബാനയിലെ വേദവായനകളെക്കുറിച്ചു പഠിക്കുകയും വേദവായന ക്കുറിപ്പിനെക്കുറിച്ച് മനസ്സിലാക്കുകയും ചെയ്യുക.

**മനഃപാഠവാക്യം:** ദരിദ്രന്മാരോടു സുവിശേഷം അറിയിപ്പാൻ കർത്താവ് എന്നെ അഭി ഷേകം ചെയ്കയാൽ അവന്റെ ആത്മാവ് എന്റെമേൽ ഉണ്ട് (വി. ലൂക്കോസ് 4:18).

## ആമുഖം

ഓർത്തഡോക്സ് സഭയിലെ വിശുദ്ധ കുർബ്ബാനയിലെ അതിപ്രധാനമായ ഭാഗമാണ് വി. വേദപുസ്തകത്തിൽനിന്നുള്ള വായനകൾ. പലർക്കും അറിയാൻ കഴിയാത്ത ഒരു യാഥാർത്ഥ്യമാണ്, നമ്മുടെ ആരാധനയിലെ വേദപുസ്തക അടിസ്ഥാനങ്ങൾ. വി. വേദ പുസ്തകത്തിൽ നിന്നുള്ള വായനകൾ കൂടാതെ, സങ്കീർത്തനങ്ങളിൽ നിന്നുള്ള ധാരാളം പ്രാർത്ഥനകൾ നമ്മുടെ കാനോനിക നമസ്കാരങ്ങളിലും കൂദാശകളിലും പെരുന്നാൾ നമസ്കാരങ്ങളിലുമുണ്ട്. ഏതു ആരാധനയുടെയും ശ്രദ്ധാകേന്ദ്രം വി. വേദവായനകളാണ്. ഈ പാഠത്തിൽ നാം വി. കുർബ്ബാന മദ്ധ്യേയുള്ള വേദവായനകളെപ്പറ്റി മാത്രമാണ് പഠി ക്കുവാൻ പോകുന്നത്.

## പാഠഭാഗം

നമ്മുടെ സഭാവർഷം ആരംഭിക്കുന്ന ഞായറാഴ്ചയുടെ പേരെന്താണെന്നറിയാമോ? കൂദോശ് ഈത്തോ. ഇത് ഓരോ വർഷവും ഒക്ടോബർ മാസത്തിന്റെ അവസാനമോ നവംബർ മാസത്തിന്റെ ആരംഭമോ ആയിരിക്കും. സഭയുടെ കലണ്ടറിൽ ഒക്ടോബർ 30, 31 എന്നീ തീയതികൾ ഞായറാഴ്ച വരികയാണെങ്കിൽ അന്നോ അതല്ലായെങ്കിൽ നവംബർ മാസത്തിന്റെ ആദ്യത്തെ ഞായറാഴ്ചയോ ആയിരിക്കും, 'കൂദോശ് ഈത്തോ' പെരുന്നാൾ. അന്നു തുടങ്ങി ഒരു വർഷത്തേക്ക് വി. ആരാധനാമദ്ധ്യേ വായിക്കേണ്ട ഭാഗങ്ങളെ വി. വേദ വായനക്കുറിപ്പിൽ (വായനപ്പടി) ഉൾപ്പെടുത്തിയിരിക്കുന്നു. ഇംഗ്ലീഷിൽ ഇതിന് Lectionary എന്നു പറയും.

## വി. വേദവായനക്കുറിപ്പ്

യഹൂദന്മാരുടെ വിശ്വാസമനുസരിച്ച് വി. വേദവായനക്കുറിപ്പിന്റെ ആരംഭം മോശെയുടെ കാലം മുതലാണ്. പ്രധാന പെരുന്നാളുകളായ പെസഹാ, പെന്തിക്കോസ്തി, കൂടാരപ്പെ രുന്നാൾ എന്നിവയിൽ വായിക്കേണ്ട തിരുവചനഭാഗങ്ങൾ അവർ നിശ്ചയിച്ചു. എന്നാൽ ഇന്നറിയപ്പെടുന്ന ഏറ്റവും പുരാതനമായ യഹൂദവേദവായനക്കുറിപ്പ് എ. ഡി. 200 ന് ശേഷമുള്ളതാണ്. ഇതിൽ മോശെയുടെ ന്യായപ്രമാണപുസ്തകങ്ങളിൽനിന്നും പ്രവച നപുസ്തകങ്ങളിൽ നിന്നുമുള്ള വായനകൾ കാണുന്നു. യേശുതമ്പുരാൻ നസ്രത്തിലെ സുനഗോഗിൽ യെശയ്യാപ്രവചനഭാഗം വായിച്ചത് (ലൂക്കോ 4:16-20) ഇതിന്റെ മുൻകാല രൂപത്തിലുള്ള അപൂർണ്ണമായ ഒരു ചുരുളിൽ നിന്നാകാൻ സാധ്യതയുണ്ട്.

വേദവായനകളുടെ അടുക്കും ചിട്ടയും മൂലം, ക്രിസ്തീയ ചരിത്രത്തിന്റെ തുടക്കം മുതൽതന്നെ ആരാധനാമദ്ധ്യേ വായിക്കേണ്ട ഭാഗങ്ങൾ കൂട്ടിച്ചേർത്ത ഒരു പുസ്തകമാണെന്ന് വാദിക്കുന്ന പണ്ഡിതന്മാർ ഉണ്ട്. ഏതായാലും ഇന്ന് അറിയപ്പെടുന്ന ഏറ്റവും പഴയ സഭാവായനക്കുറിപ്പ് സുറിയാനി പിതാവായ ടാഷ്യന്റെ (Tatian) ദിയാടെസ്സറോൺ (Diatessaron) ആണ്. ഇത് എ. ഡി. രണ്ടാം നൂറ്റാണ്ടിന്റെ മദ്ധ്യത്തിൽ ഉടലെടുത്തതാണ്. ഇതിൽ ഇന്നു നാം വായിക്കുന്ന നാല് സുവിശേഷങ്ങളിൽ പറയുന്ന കാര്യങ്ങളെല്ലാം കൂടി തുന്നിച്ചേർത്ത ഒരു സുവിശേഷമാണ്. യേശുവിന്റെ ജീവചരിത്രം 55 ഖണ്ഡികകളിലായി പറയുന്നു. നമ്മുടെ ദുഃഖവെള്ളിയാഴ്ച വായിക്കപ്പെടുന്ന സുവിശേഷഭാഗങ്ങൾ ശ്രദ്ധിച്ചിട്ടില്ലേ? ഇതിൽ പലപ്പോഴും ആവർത്തനങ്ങൾ സാധാരണമാണ്. ടാഷ്യന്റെ ദിയാടെസ്സറോണിൽനിന്നും കടമെടുത്തതാണ് ഈ ഭാഗങ്ങൾ എന്ന് ചിലർ അഭിപ്രായപ്പെടുന്നു. ഇന്ന് നാം അറിയുന്ന ഏറ്റവും പഴക്കമുള്ള സുറിയാനി 'വേദവായനക്കുറിപ്പ്' എ. ഡി. 411-ൽ എഡേസ്സായിലെ ദാനിയേൽ എന്ന സന്യാസിയും അദ്ദേഹത്തിന്റെ ശിഷ്യനും ബിഷപ്പുമായിരുന്ന ബെന്യാമിനും ചേർന്നു തയ്യാറാക്കിയതാണ്. ഇത് ഇപ്പോൾ ബ്രിട്ടീഷ് മ്യൂസിയത്തിൽ സൂക്ഷിച്ചുവരുന്നു. പിൽക്കാലത്ത് ഇതിന് വകഭേദങ്ങൾ ഉണ്ടായിട്ടുണ്ട്.

മലങ്കര ഓർത്തഡോക്സ് സഭയുടെ വേദവായനക്കുറിപ്പ് കൂദോശ് ഈത്തോ ഞായറാഴ്ച മുതൽ ക്രമീകരിച്ചിരിക്കുന്നു. ഇതിൽതന്നെ പല കാലഘട്ടങ്ങൾ (season) ഉണ്ട്. ഉദാഹരണമായി കൂദോശ് ഈത്തോ മുതൽ ക്രിസ്തുമസ് വരെ കർത്താവിന്റെ ജനനപെരുന്നാളിന്റെ മുൻപുള്ള എട്ടു ഞായറാഴ്ചകൾ കാണും. യേശുവിന്റെ ജനനത്തിനു മുന്നോടിയായിട്ടുള്ള സുവിശേഷഭാഗങ്ങളായിരിക്കും ഓരോ ഞായറാഴ്ചയും വായിക്കപ്പെടുന്നത്. ഇതിൽ സഖറിയാവിനോടുള്ള അറിയിപ്പ്, വി. മറിയാമിനോടുള്ള അറിയിപ്പ്, മറിയാമിന്റെയും ഏലീശുബായുടെയും കൂടിക്കാഴ്ച, യോഹന്നാന്റെ ജനനം, യൗസേഫിനുണ്ടായ വെളിപാട്, യേശുവിന്റെ വംശാവലി എന്നിവ കൂദോശ് ഈത്തോ, ഹുദോസ് ഈത്തോ ഞായറാഴ്ചകൾക്കുശേഷം കടന്നുവരുന്നു. ക്രിസ്തുമസിനു ശേഷമുള്ളത് 'ദനഹക്കാല'മാണ്. അതു കഴിയുമ്പോൾ 'വലിയ നോമ്പിന്റെ കാല'വും പിന്നീട് 'പെന്തിക്കോസ്തികാല'വും 'ശ്ലീഹാ കാല'വും, 'സ്ലീബാകാല'വും ഒക്കെ കടന്നുവരുന്നു. ഓരോന്നിലും ഏകദേശം എട്ടു ഞായറാഴ്ചകൾ വീതം ഉണ്ടായിരിക്കും. അതാതു കാലത്തെ വേദവായനകൾ അക്കാലത്തെ പ്രധാന ചിന്താവിഷയവുമായി ബന്ധപ്പെട്ടതായിരിക്കും. ചില പാശ്ചാത്യസഭകൾക്ക് മൂന്നുവർഷംകൊണ്ട് തീരുന്ന വേദവായനകൾ (cycle A,B,C) ഉണ്ടെങ്കിലും നമുക്ക് ഒരു വർഷംകൊണ്ട് തീരുന്ന വായനപ്പടി മാത്രമേ ഉള്ളൂ.

## വി. കുർബ്ബാനയിലെ വേദവായനകൾ

ഓരോ ഞായറാഴ്ചയും നമുക്ക് ഓരോ പ്രധാന ചിന്താവിഷയം കാണും. അതനുസരിച്ച് പഴയനിയമത്തിലെയും പുതിയനിയമത്തിലെയും സുവിശേഷങ്ങളിലെയും വായനകൾ വേദവായനക്കുറിപ്പിൽ ചേർത്തിരിക്കുന്നു. വിശുദ്ധ കുർബ്ബാനയിലെ മൂന്നു പ്രധാന വായനയും നമ്മുടെ പ്രഭാത നമസ്കാരത്തിന്റെ അവസാനമാണ് ക്രമീകരിച്ചിരിക്കുന്നത്. പഴയനിയമ വായനകൾക്കും പുതിയനിയമ വായനകൾക്കുമിടയിൽ 'വെളിവുനിറഞ്ഞോരീശോ', 'നിൻ മാതാവ് വിശുദ്ധന്മാർ' എന്നീ ഗീതങ്ങളും 'ദൈവമേ നീ പരിശുദ്ധനാകുന്നു' എന്ന പ്രാർത്ഥനയും ഉണ്ട്.

ഇവയെ ഒന്നായിക്കാണുകയും അതിനെ തുടർന്നു പട്ടക്കാരൻ കുർബ്ബാന മദ്ധ്യേയുള്ള തന്റെ പ്രസംഗം നടത്തുകയും ചെയ്യുകയായിരുന്നു പുരാതനകാലത്തെ പതിവ്.

ഇവയെല്ലാം ചേർന്ന് വിശുദ്ധ കുർബ്ബാനയുടെ ഈ ഭാഗത്തെ 'തിരുവചനത്തിന്റെ ആരാധന' (Liturgy of the Word) എന്നും വിളിച്ചിരുന്നു. അവിശ്വാസികൾക്കും വിശ്വാസപഠിതാക്കൾക്കും ഈ ഭാഗംവരെ മാത്രമേ സംബന്ധിക്കുവാൻ അവകാശമുണ്ടായിരുന്നുള്ളൂ. അതിനാൽ ഈ ഭാഗത്തെ 'വിശ്വാസപഠിതാക്കളുടെ ആരാധന അഥവാ (Liturgy of the catechumen) എന്നും ആദിമസഭയിൽ വിളിച്ചിരുന്നു. ഇനി ഓരോ വായനയെയുംപ്പറ്റി ചിന്തിക്കാം.

**1. പഴയനിയമവായന:** സാധാരണയായി പഴയനിയമത്തിൽ നിന്നും മൂന്നു വായനകൾ കാണും. ഇതിൽ ആദ്യത്തേത് മോശെയുടെ ന്യായപ്രമാണപുസ്തകങ്ങളിൽ നിന്നും (ഉല്പത്തി, പുറപ്പാട്, ലേവ്യാപുസ്തകം, സംഖ്യാപുസ്തകം, ആവർത്തനപുസ്തകം) രണ്ടാമത്തേത് തിരുവെഴുത്തുകൾ (സങ്കീർത്തനങ്ങൾ, സദൃശ്യവാക്യങ്ങൾ, ഉത്തമഗീതം മുതലായവ) എന്ന വിഭാഗത്തിൽനിന്നും ആയിരിക്കും. സുറിയാനി പഴയനിയമത്തിൽ (Peshitta) ഉൾപ്പെടുന്ന ഇതര കാനോനിക ഗ്രന്ഥങ്ങളിൽനിന്നും (മക്കാബ്യർ, തോബിത്ത്, യൂദിത്ത് മുതലായവ) വായിക്കുകയും പതിവാണ്. എന്തായിരുന്നാലും യെശയ്യാ പ്രവചനത്തിൽനിന്നുമുള്ള വായനകൾ ഉണ്ടെങ്കിൽ അതായിരിക്കും പഴമവായനയുടെ അവസാനഭാഗം. യെശയ്യാ പ്രവചനം 'പഴയനിയമത്തിലെ സുവിശേഷം' എന്നറിയപ്പെടുന്നതിനാൽ ആണ് ഇങ്ങനെ സംഭവിക്കുന്നത്. "മഹത്വമുള്ളവനായ യെശയ്യാ പ്രവാചകന്റെ പുസ്തകത്തിൽനിന്നും' എന്നാണ് പറയുന്നത്. നമ്മുടെ എപ്പിസ്കോപ്പൽ സുന്നഹദോസിന്റെ നിശ്ചയമനുസരിച്ച് മദ്ബഹായിൽ പ്രവേശിക്കാത്തവർക്കും പഴമവായനയിൽ പങ്കെടുക്കാം. സ്ത്രീകൾക്കും ഇതിനുള്ള അവകാശമുണ്ട്.

**2. പുതിയനിയമ ലേഖനങ്ങൾ:** വി. കുർബ്ബാന ആരംഭിച്ചാലുടൻ പുതിയനിയമത്തിലെ ലേഖനങ്ങൾ വായിക്കും. മദ്ബഹായുടെ ഇടതുഭാഗത്ത് വായിക്കപ്പെടുന്നത് അപ്പോസ്തലപ്രവർത്തികൾ, പൊതുവായ ലേഖനങ്ങൾ (യാക്കോബ്, 1-2 പത്രോസ്, 1-3 യോഹന്നാൻ, യൂദാ) എന്നിവയിൽനിന്നുള്ള വായനകളാണ്. മദ്ബഹായുടെ വലതുവശത്ത് വി. പൗലോസിന്റെ എബ്രായലേഖനമുൾപ്പടെയുള്ള 14 ലേഖനങ്ങളിൽ നിന്നും വായിക്കും.

**3. ഏവൻഗേലിയോൻ വായന:** വിശുദ്ധ കുർബ്ബാനയുടെ പ്രധാനമായ സന്ദർഭമാണ് സുവിശേഷവായന. ഇത് പട്ടക്കാരനും മേൽപ്പട്ടക്കാരനും അവകാശപ്പെട്ടതാണ്. പ്രത്യേക അവസരത്തിൽ പൂർണ്ണ ശെമ്മാശനും ഏവൻഗേലിയോൻ വായന അനുവാദത്തോടെ നിർവ്വഹിക്കാം. പുതിയനിയമത്തിലെ നാലു സുവിശേഷങ്ങളിൽനിന്ന് അന്നത്തെ ചിന്തയ്ക്കനുസൃതമായി വി. വേദവായനക്കുറിപ്പിൽ ചേർത്തിരിക്കുന്ന ഭാഗം വായിക്കുന്നു. 'ഏവൻഗേല്യോൻ' എന്നത് 'സുവിശേഷം' എന്നതിന്റെ ഗ്രീക്കുപദമാണ്. ഈ ഏവൻഗേല്യോന്റെ ചിന്തകളോട് ചേർന്നുവരുന്നതായിരിക്കും മിക്കവാറും അന്നത്തെ ലേഖനത്തിലെ വായനകളും പഴയനിയമവായനകളും.

ചുരുക്കത്തിൽ, നമ്മുടെ വേദവായനകളുടെ പിറകിൽ ഒരു വേദശാസ്ത്രമുണ്ട് എന്ന് മനസ്സിലാകും. അതനുസരിച്ച് ഓരോ ഞായറാഴ്ചയിലെയും വായനകൾ വി. വേദവായനക്കുറിപ്പിൽ ക്രമീകരിച്ചിരിക്കുന്നു. ചില നൂതന സഭകൾചെയ്യുന്നതുപോലെ ഇഷ്ടമുള്ള വേദഭാഗം ആരാധനാമദ്ധ്യേ വായിക്കുവാൻ സഭ അനുവദിക്കുന്നില്ല. പുതിയനിയമഭാഗങ്ങൾ പ്രത്യേകിച്ചും. സുവിശേഷഭാഗങ്ങൾ വായിക്കുമ്പോൾ നാം എഴുന്നേറ്റുനില്ക്കുകയും ഇരുവശത്തും മെഴുകുതിരികൾ കത്തിച്ചു പിടിക്കുകയും ചെയ്യണം. അത് മനുഷ്യാവതാരം ചെയ്ത വചനമായ നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ വചനങ്ങളാണ്. നാം വി. വേദവായനകൾ ശ്രദ്ധയോടെ കേൾക്കുകയും അതിനെപ്പറ്റി പഠിക്കു

കയും പട്ടക്കാരന്റെ പ്രസംഗവുംകൂടി ശ്രവിച്ച് ആ ആഴ്ച മുഴുവൻ അതിനെപ്പറ്റി ധ്യാനിക്കുകയും ചെയ്യണം. അങ്ങനെ ചെയ്താൽ നമ്മുടെ പ്രവൃത്തികൾ തിരുവചനാധിഷ്ഠിതമായിത്തീരും.

## നമുക്ക് പ്രാർത്ഥിക്കാം

*ദൈവമേ, ആരാധനയിൽ സംബന്ധിക്കുമ്പോൾ വിശുദ്ധ വേദവായനകൾ ശ്രദ്ധയോടെ മനസ്സിലാക്കുവാനും അതനുസരിച്ചു ജീവിക്കുവാനും ഞങ്ങളെ സഹായിക്കേണമേ. ആമ്മീൻ.*

## നിശ്ചയം

**ആരാധനയിൽ ഉൾപ്പെടുത്തിയിട്ടുള്ള വേദപുസ്തകഭാഗങ്ങൾ തിരിച്ചറിയുവാൻ ഞങ്ങൾ ശ്രമിക്കും.**

## പ്രവർത്തനങ്ങൾ

1. സ്വന്തമായി വേദവായനക്കുറിപ്പ് വാങ്ങി അതിന്റെ ഉള്ളടക്കം മനസ്സിലാക്കുക.
2. കർത്താവ് നസ്രേത്തിലെ സുന്നഗോഗിൽ വായിച്ച ഭാഗം ക്ലാസ്സിൽ ചർച്ച ചെയ്യുക.
3. തിരുവചനത്തിന്റെ ആരാധന (Liturgy of the Word) എന്നാൽ എന്ത്?
4. 'പഴയനിയമത്തിലെ സുവിശേഷം' ഏത്?
5. വിശുദ്ധ കുർബ്ബാനയിൽ വടക്കുവശത്തു വായിക്കുന്ന പുസ്തകങ്ങളുടെ ലിസ്റ്റ് തയ്യാറാക്കുക.
6. കൂദോശ് ഈത്തോയുടെ ദിവസം നിശ്ചയിക്കുന്നതെങ്ങനെ?

## തുടർ വായനയ്ക്ക്

| ദിവസം | രാവിലെ | വൈകുന്നേരം |
|---|---|---|
| ഞായർ | * | യോഹ. 13:1-10 |
| തിങ്കൾ | യോഹ. 6:26-31 | യോഹ. 13:12-17 |
| ചൊവ്വ | യോഹ. 6:32-40 | യോഹ. 13:18-30 |
| ബുധൻ | യോഹ. 6:41-46 | യോഹ. 13:31-38 |
| വ്യാഴം | യോഹ. 6:47-51 | ലൂക്കോ. 22:1-13 |
| വെള്ളി | യോഹ. 6:53-59 | ലൂക്കോ. 22:14-20 |
| ശനി | സങ്കീ. 50:7-15, 23 | * |

## യൂണിറ്റ് 6
# വിശ്വാസസത്യങ്ങൾ

## പാഠം 20
# ആത്മീയ വളർച്ചയ്ക്ക് കൂദാശകളുടെ പങ്ക്

**പഠനോദ്ദേശ്യം:** ആത്മീയ വളർച്ചയെ സഹായിക്കുന്നത് പ്രധാനമായും അർത്ഥവത്തായ കൂദാശാനുഷ്ഠാനങ്ങളാണ്. പൗരസ്ത്യസഭകളുടെ ഈ പ്രബോധനത്തിന്റെ പ്രായോഗിക അർത്ഥം മനസ്സിലാക്കാൻ ശ്രമിക്കുക.

**മനഃപാഠവാക്യം:** "ആരുടെ പാപങ്ങൾ നിങ്ങൾ മോചിക്കുന്നുവോ അവർക്കു മോചിക്കപ്പെട്ടിരിക്കുന്നു; ആരുടെ പാപങ്ങൾ നിർത്തുന്നുവോ അവർക്കു നിർത്തിയിരിക്കുന്നു" (വി. യോഹന്നാൻ 20:23).

### ആമുഖം

കൂദാശകൾ എന്താണ്, അവയുടെ സാംഗത്യം, സവിശേഷതകൾ മുതലായവ മനസ്സിലാക്കാൻ ഈ പാഠത്തിൽ ശ്രമിക്കാം.

### പാഠഭാഗം

*ആത്മീയവളർച്ച എന്നാൽ എന്താണ്?*

മനുഷ്യന്റെ ആളത്വത്തിൽ മനസ്സ്, ശരീരം, ആത്മാവ് എന്നീ മൂന്നു ഘടകങ്ങളുണ്ട്. അതിൽ ആത്മാവിനെ സംബന്ധിച്ചതാണ് ആത്മീയമെന്നു വിവക്ഷിക്കുന്നവരുണ്ട്. എന്നാൽ ഓർത്തഡോക്സ് ആദ്ധ്യാത്മികതയിൽ ഇങ്ങനെ ഒരു വേർതിരിവ് അനുവദിക്കുന്നില്ല. മനുഷ്യനിലെ ആത്മ-ശരീര-മനസ്സുകളെ വേർതിരിക്കാനാവില്ല. മൂന്നും അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. വ്യക്തിത്വത്തിൽ നന്മയും തിന്മയും ഇടകലർന്നാണ് സ്ഥിതിചെയ്യുന്നത്. ഇതിൽ തിന്മയെ ഇല്ലാതാക്കി, നന്മയിൽ വളരുന്ന പ്രക്രിയയ്ക്ക് ആത്മീയവളർച്ചയെന്നു പറയുന്നു. നന്മ മാത്രം ഉള്ള ഒരാളെ ഭൂമിയിൽ ഉണ്ടായിട്ടുള്ളു. അത് യേശുക്രിസ്തുവാണ്. തിന്മയുടെ പ്രലോഭനം ഉണ്ടായി എങ്കിലും യേശുതമ്പുരാൻ അതിൽ വീണില്ല. "അവനിൽ ഇരുട്ട് ഒട്ടുമില്ല" എന്ന് യോഹന്നാൻ ശ്ലീഹ സാക്ഷിക്കുന്നു (യോഹന്നാൻ 1:15, 1 യോഹന്നാൻ 1:5). ഈ അവസ്ഥയിലേക്കു എല്ലാവരും എത്തിച്ചേരണമെന്നതാണ് ദൈവത്തിന്റെ ഉദ്ദേശ്യം. ഒരു പക്ഷേ, ലോകത്തിൽ അത്തരം അവസ്ഥയിൽ നാം എത്തിച്ചേരുകയില്ലായിരിക്കാം. എന്നാലും ലക്ഷ്യം അതിൽ കുറഞ്ഞതാകാൻ പാടില്ല. അതുകൊണ്ടാണ് കർത്താവ് കല്പിച്ചത് ''നിങ്ങളുടെ പിതാവ് സൽഗുണസമ്പൂർണ്ണനായിരിക്കുന്നതുപോലെ നിങ്ങളും സൽഗുണസമ്പൂർണ്ണരാകുവിൻ" (മത്തായി 5:48) എന്ന്.

തിന്മയിൽനിന്ന് നന്മയിലേക്കുള്ള രൂപാന്തരപ്പെടലിന് പൗരസ്ത്യ ദൈവശാസ്ത്രം Theosis അഥവാ Deification എന്നും പറയും (ദൈവീകരണം). ഇതു ദൈവസ്വഭാവത്തിൽ പങ്കുചേരലാണ്. ദൈവത്തിന്റെ സ്വഭാവത്തിലേക്കു വളരുമ്പോഴാണ് വിശ്വാസികൾ 'ആത്മീയ'രായിത്തീരുന്നത്.

*കൂദാശകൾ ഈ വളർച്ചയെ എങ്ങനെ സഹായിക്കുന്നു?*

കൂദാശകൾ സഭയുടേതാണ്. ഒരു വ്യക്തിയുടെ ജനനം മുതലുള്ള വളർച്ച നാം പരിശോധിച്ചാൽ സഭയും കൂദാശകളും എങ്ങനെ ആത്മീയവളർച്ചയെ സഹായിക്കുന്നു എന്നു മനസ്സിലാക്കാം. വ്യക്തി ഒരു മാതാവിന്റെയും പിതാവിന്റെയും സന്തതിയായി ഒരു ഭവനത്തിൽ ജനിക്കുന്നു. ആ ഭവനത്തിലെ കുടുംബത്തിലെ ഭൗതികസാഹചര്യങ്ങളും മറ്റ് അംഗങ്ങളും ഈ ശിശുവിന്റെ വളർച്ചയെ സഹായിക്കുന്നു. അല്ലാതെ ഒരു ശിശു തനിയെ ജനിക്കുകയോ വളരുകയോ ചെയ്യുന്നില്ല. സഭയും കൂദാശകളും തമ്മിലുള്ള ബന്ധം ഇതിലൂടെ നാം മനസ്സിലാക്കുന്നു.

ഇവിടെ ഭവനം എന്ന് ഉദ്ദേശ്യമാക്കുന്നത് പരിശുദ്ധ സഭയാണ്. സഭയിൽ ദൈവമാതാവും അപ്പോസ്തലന്മാരും, വിശുദ്ധരും വാങ്ങിപ്പോയവരും ജീവനോടിരിക്കുന്നവരും എല്ലാം ഉണ്ട്. അവർ ഒരുമിച്ചുചേർന്ന് അനുഷ്ഠിക്കുന്ന കർമ്മങ്ങളാണ് കൂദാശകൾ. ഇവിടെ ഓരോ വിശ്വാസിയും ആത്മീയരായി വളരണമെങ്കിൽ വീണ്ടും ജനിക്കണം. ശാരീരികജനനം പോലെ തന്നെ ആത്മീയ ജനനം; അതാണ് മാമോദീസായിൽ സംഭവിക്കുന്നത്. മാമോദീസാത്തൊട്ടി ഗർഭപാത്രവും സഭ മാതാവുമാണ്. ഭൗതികവളർച്ചയ്ക്ക് കുഞ്ഞിന് ഭക്ഷണം നല്കുന്നതുപോലെ ആത്മീയവളർച്ചയ്ക്ക് സഭ ആത്മീയഭക്ഷണം നല്കുന്നു.

*ആത്മീയവളർച്ചയ്ക്ക് എത്ര കൂദാശകൾ വേണം!*

ഇത് അർത്ഥവത്തായ ഒരു ചോദ്യമാണ്. റോമൻ കത്തോലിക്കാ സഭ ഏഴായി നിജപ്പെടുത്തിയിരിക്കുകയാണ്. ഇങ്ങനെയൊരു സംഖ്യാനിർണ്ണയം ആദിമ ക്രൈസ്തവ സഭയിൽ ഉണ്ടായിരുന്നില്ല. പാശ്ചാത്യ നവീകരണസഭകൾ (പതിനാറാം നൂറ്റാണ്ടിൽ മാർട്ടിൻ ലൂതർ തുടങ്ങിവച്ചത്) മാമോദീസായും കുർബ്ബാനയും മാത്രം കൂദാശകളായി കണക്കാക്കി. പുരാതന സഭകൾ കൂദാശയായി കണക്കാക്കിയിരുന്നവയെ അവർ തള്ളിപ്പറഞ്ഞു. അപ്പോഴാണ് റോമൻ കത്തോലിക്കാ സഭ ഏഴെണ്ണം എന്ന വിധിതീർപ്പ് ഉണ്ടാക്കിയത്. ഓർത്തഡോക്സ് സഭകൾ അങ്ങനെ സംഖ്യ പരിമിതപ്പെടുത്തിയിട്ടില്ല. എങ്കിലും റോമൻ കത്തോലിക്കാ സഭ നിശ്ചയിച്ച ഏഴും ഓർത്തഡോക്സ് സഭയിൽ കൂദാശകൾ തന്നെയാണ്. മാമോദീസാ, മൂറോൻ, കുമ്പസാരം, വി. കുർബ്ബാന, വിവാഹം, പട്ടത്വം, രോഗികളുടെ തൈലാഭിഷേകം എന്നിവയാണ് ആ ഏഴു കൂദാശകൾ. ഇവയിൽ മാമോദീസായും മൂറോൻ അഭിഷേകവും പട്ടത്വവും ആവർത്തിക്കപ്പെടുന്നതല്ല. പട്ടത്വം പ്രത്യേകം വിളിക്കപ്പെട്ടവർക്കു മാത്രമുള്ളതുമാണ്. വിവാഹവും ആവർത്തിക്കുന്നില്ല. എന്നാൽ ചില പ്രത്യേക സാഹചര്യങ്ങളിൽ രണ്ടാം വിവാഹം അനുവദിച്ചിട്ടുണ്ട്.

ഇതു കൂടാതെ പള്ളികൂദാശ, മൂറോൻ കൂദാശ, ഭവനകൂദാശ, ശവസംസ്കാര ശുശ്രൂഷ മുതലായവയും കൂദാശകളുടെ പട്ടികയിൽ ഓർത്തഡോക്സ് സഭകൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഓരോ കൂദാശയ്ക്കും ആത്മീയവളർച്ചയെ സഹായിക്കുവാൻ പ്രത്യേകം കൃപാവരങ്ങളുണ്ട്. അതുകൊണ്ടാണ് പ്രത്യേകം പ്രത്യേകം കൂദാശകൾ ആവശ്യമായി വന്നത്. *അവയെപ്പറ്റി ഇനി ചുരുക്കമായി പ്രതിപാദിക്കാം.*

**1. വിശുദ്ധ മാമോദീസ**

ഒരു ക്രിസ്തീയ വിശ്വാസി ആദ്യം സ്വീകരിക്കുന്ന കൂദാശയാണ് വി. മാമോദീസാ. കുട്ടികളുടേത്, മുതിർന്നവരുടേത് എന്ന് മാമോദീസായെ വേർതിരിക്കുന്നില്ല. മിക്കവാറും ജനിച്ച് ചില മാസങ്ങൾക്കുള്ളിൽ ഇതു നടത്തപ്പെടുന്നു. ശിശു ജനിക്കുന്നത് ശിശു അറിയുന്നില്ല. മുലപ്പാൽ കുടിക്കുന്നതും പ്രത്യേകം ആവശ്യപ്പെട്ടിട്ടല്ല. അതുകൊണ്ട് ജനനവും

വളർച്ചയും ഇല്ലാതെ പോകുന്നില്ലല്ലോ. അതുപോലെ കുഞ്ഞ് അറിഞ്ഞില്ലെങ്കിലും മാമോദീസാ അഥവാ സ്നാനത്തിലൂടെ ആത്മീയമായി വീണ്ടും ജനനം നടക്കുന്നു. ദൈവികരണപ്രക്രിയയുടെ തുടക്കം ഇവിടെയാണ്. അതായത് സാത്താനെ ഉപേക്ഷിച്ച് മശിഹായെ സ്വീകരിക്കുന്നു. ഈ പ്രതിജ്ഞ സഭയുടെ പ്രതിനിധിയായ തലതൊട്ടപ്പൻ/തലതൊട്ടമ്മ, കുഞ്ഞിനുവേണ്ടി എടുക്കുന്നു. ക്രിസ്തുവിലുള്ള പുതുജീവൻ ഇവിടെ ആരംഭിക്കുന്നു.

**2. വിശുദ്ധ മൂറോൻ അഥവാ പരിശുദ്ധാത്മ അഭിഷേകം**

മാമോദീസായോടുകൂടി മൂറോനഭിഷേകം പ്രാർത്ഥനാപൂർവ്വം നടത്തപ്പെടുന്നു. വീണ്ടും ജനനം നടക്കുന്നത് പരിശുദ്ധാത്മാവിലൂടെയാണ്. സഭ പ്രത്യേകമായി ശുദ്ധീകരിച്ചെടുക്കുന്ന മൂറോൻ പരിശുദ്ധാത്മ അഭിഷേകത്തിന്റെ അടയാളമാണ്. സ്നാനാർത്ഥിയെ ഇതു പൂശുമ്പോൾ പരിശുദ്ധാത്മാവിനെ പ്രാപിക്കുന്നു. ഒരിക്കലായി ലഭിച്ച ആത്മാവിനെ പുതുക്കുകയല്ലാതെ വീണ്ടും പ്രാപിക്കേണ്ടതില്ല. അതുകൊണ്ട് സത്യവിശ്വാസത്തിൽനിന്ന് വ്യതിചലിച്ച് പിന്നീട് തിരിച്ചുവന്നാലും രണ്ടാമത് മൂറോൻ പൂശുകയില്ല. തെറ്റുകൾ ഏറ്റുപറഞ്ഞ് പശ്ചാത്തപിച്ചാൽ മതിയാകും എന്നാണ് സഭ പഠിപ്പിക്കുന്നത്. വീണ്ടും ജനിച്ച ശിശുവിനെ തിന്മയിൽനിന്ന് നന്മയിലേക്കു രൂപാന്തരപ്പെടുത്തുന്നത് പരിശുദ്ധാത്മാവാണ്.

**3. വിശുദ്ധ കുമ്പസാരം**

ആത്മീയവളർച്ച വിശ്വാസിയുടെ ഒരു ശിശു വളരുന്നതുപോലെയാണ്. ഒരു ദിവസം കൊണ്ടോ പ്രത്യേക കാലഘട്ടം കൊണ്ടോ പൂർണ്ണതയിൽ എത്തുകയില്ല. പൂർണ്ണതയിലേക്കു വളർന്നുകൊണ്ടേയിരിക്കുന്നു എന്നാണ്. നടക്കുവാൻ തുടങ്ങുന്ന ശിശു വീഴുന്നതുപോലെ, ലോകത്തിലെ തിന്മകളിൽ വിശ്വാസി ഇടറിവീഴാൻ സാധ്യതയുണ്ട്. അവിടെ കിടക്കാതെ അവിടെനിന്ന് എഴുന്നേല്ക്കണം. തെറ്റുകളെക്കുറിച്ച് അനുതപിക്കണം. പശ്ചാത്തപിക്കണം. പാപത്തിൽനിന്ന് മോചനം ലഭിച്ചു എന്ന് പൂർണ്ണ ബോദ്ധ്യവും ഉണ്ടാകണം. അതിനാലാണ് കുമ്പസാരം എന്ന കൂദാശ സഭ കല്പിച്ചാക്കിയിരിക്കുന്നത്.

**4. വിശുദ്ധ കുർബ്ബാന**

എല്ലാ കൂദാശകളെയും പൂർണ്ണമാക്കുന്ന കൂദാശയെന്നും കൂദാശകളുടെ രാജ്ഞി എന്നും പൗരസ്ത്യസഭകൾ വി. കുർബ്ബാനയെ വിശേഷിപ്പിക്കുന്നുണ്ട്. മിക്ക കൂദാശകളും വി. കുർബ്ബാനയോടുകൂടിയാണ് നടത്തപ്പെടുന്നതും. ആത്മീയ വളർച്ചയ്ക്കായി തന്ന ഭക്ഷണത്തിൽ ഏറ്റവും പ്രധാനമായത് ക്രിസ്തുവിന്റെ ശരീരരക്തങ്ങൾ തന്നെയാണ്. ക്രിസ്തുവിനെപ്പോലെയായിത്തീരാൻ ഇതിനെക്കാൾ മെച്ചമേറിയ മറ്റൊരു പോഷകാഹാരമില്ല. 'എന്റെ ശരീരം ഭക്ഷിക്കുകയും എന്റെ രക്തം കുടിക്കുകയും ചെയ്യുന്നവന് നിത്യജീവൻ ഉണ്ട്.' ഓർത്തഡോക്സ് സഭകൾ ആക്ഷരികമായി ഇതു വിശ്വസിക്കുകയും വിശ്വാസികൾ ദൈവീകരണം പ്രാപിക്കുവാൻ വിശുദ്ധ കുർബ്ബാന കൂടെക്കൂടെ അനുഭവിക്കുകയും ചെയ്യുന്നു. രൂപാന്തരം പ്രാപിച്ചില്ലെങ്കിൽ വിശുദ്ധ കുർബ്ബാനാനുഭവം വ്യക്തിതലത്തിൽ കേവലം ഒരു ചടങ്ങായിത്തീരുമെന്നതും വിസ്മരിക്കരുത്.

**5. പട്ടത്വം**

സഭയാണ് കൂദാശകൾ അനുഷ്ഠിക്കുന്നത്. അതിനു നേതൃത്വം വഹിക്കുവാൻ കാർമ്മികർ വേണം. എല്ലാവരും കാർമ്മികരായാൽ ഒരു രാജ്യം ഭരിക്കാൻ പ്രജകൾ എല്ലാംകൂടി തയ്യാറാകുന്നതുപോലെയിരിക്കും. രാജ്യത്തിന് ഭരണകർത്താക്കൾപോലെ സഭയിൽ കൂദാശകൾ വിശ്വാസികൾക്ക് നല്കുവാനായി പരികർമ്മികൾ വേണം. കർത്താവുതന്നെ അതിനു മാതൃക കാണിച്ചു തന്നു. അപ്പോസ്തലന്മാരെ തെരഞ്ഞെടുത്തതുപോലെ സഭ

ശെമ്മാശന്മാർ, കശീശ്ശന്മാർ, എപ്പിസ്കോപ്പമാർ എന്നിവരെ തെരഞ്ഞെടുത്ത് പരിശീലനം നല്കി കൂദാശകൾ നടത്തുവാനുള്ള അധികാരം നല്കുന്നു. കൂദാശാനുഷ്ഠാനങ്ങളിൽകൂടി വിശ്വാസികളെ ആത്മീയരാക്കി വളർത്തുന്നു. യേശുക്രിസ്തുവാകുന്ന നല്ല ഇടയനെപ്പോലെ ഇവർ ആടുകളെ ശുശ്രൂഷിപ്പാൻ കടപ്പെട്ടിരിക്കുന്നു.

**6. വിവാഹം**

കുടുംബം ദൈവത്തിന്റെ സൃഷ്ടിയാണെന്ന് ഉൽപ്പത്തിയിലെ സൃഷ്ടി വിവരണത്തിൽ കാണുന്നു (ഉല്പത്തി 1:26, 2:18). സ്ത്രീയും പുരുഷനും ഭാര്യാഭർത്താക്കന്മാരും മാതാപിതാക്കളുമായി ആജീവനാന്തം വേർപിരിയാതെ ജീവിക്കണമെങ്കിൽ ദൈവികകൃപ ധാരാളമായി വേണം. വിവാഹകൂദാശയിൽക്കൂടി ഈ കൃപയാണ് ദമ്പതികൾക്കു നല്കുന്നത്.

**7. രോഗികളുടെ തൈലാഭിഷേകം**

കർത്താവ് അപ്പോസ്തലന്മാർക്കും അറിയിപ്പുകാർക്കും നല്കിയ പ്രത്യേകമായ കൃപാവരമാണ് രോഗസൗഖ്യം. ഇത് സഭയ്ക്കും നല്കപ്പെട്ടിരിക്കുന്നു. ദീനമായി കിടക്കുന്നവരെ മൂപ്പന്മാർ എണ്ണപൂശി രോഗസൗഖ്യം നല്കണമെന്ന് യാക്കോബ് ശ്ലീഹാ (5:14–19) ഉത്ബോധിപ്പിക്കുന്നുണ്ട്. മനുഷ്യർ ഏറ്റവും നിസ്സഹായരാകുന്ന സന്ദർഭമാണ് രോഗാവസ്ഥ. ദൈവകൃപയിൽ ശക്തിപ്പെടുവാൻ വിശ്വാസത്തോടുകൂടി നടത്തപ്പെടുന്ന തൈലാഭിഷേകശുശ്രൂഷ പ്രയോജനപ്പെടുന്നു. ഇത് അന്ത്യകൂദാശയല്ല. രോഗസൗഖ്യത്തിനും പാപമോചനത്തിനും കൂടി ഒരുമിച്ചുള്ളതാണെന്ന് ഓർത്തഡോക്സ് സഭ പഠിപ്പിക്കുന്നു.

ഭവനകൂദാശ, പള്ളികൂദാശ, മൂറോൻകൂദാശ എന്നിവയിലെല്ലാം പരിശുദ്ധാത്മാവിന്റെ കൃപ വ്യാപരിക്കുന്നു. ശവസംസ്കാരശുശ്രൂഷയിലൂടെ വാങ്ങിപ്പോയ ആത്മാക്കൾക്കും ദൈവകൃപയുടെ പരിരക്ഷണം ലഭിക്കുന്നു. എന്തുകൊണ്ടെന്നാൽ 'മരിച്ചവരോടും ജീവനുള്ളവരോടും ദയവിടാത്ത ദൈവമാണല്ലോ നമുക്കുള്ളത്' (രൂത്ത് 2:20). ചുരുക്കത്തിൽ കൂദാശാനുഷ്ഠാനങ്ങൾ ഒഴിവാക്കിയുള്ള ഒരു ആത്മീയവളർച്ച ഓർത്തഡോക്സ് സഭകൾക്കു ചിന്തിക്കാനാവുകയില്ല.

## നമുക്ക് പ്രാർത്ഥിക്കാം

*കർത്താവേ, നിരന്തരമായ കൂദാശാനുഭവത്തിലൂടെ ദൈവികരായിത്തീരുവാൻ ഞങ്ങളെ സഹായിക്കണമേ. ആമ്മീൻ.*

## നിശ്ചയം

**വി. കൂദാശകൾ അർത്ഥപൂർണ്ണമായി സ്വീകരിക്കുവാൻ ഞങ്ങൾ എപ്പോഴും ശ്രമിക്കും.**

## പ്രവർത്തനങ്ങൾ

1. ഓരോ കൂദാശയിലെയും പരിശുദ്ധാത്മ നൽവരങ്ങളെപ്പറ്റി മനസ്സിലാക്കുക.
2. കൂദാശകളിൽകൂടി ലഭിച്ചിരിക്കുന്ന നൽവരത്തെപ്പറ്റി വ്യക്തിപരമായ അനുഭവങ്ങൾ പങ്കിടുക. *ഉദാ.* വി. കുമ്പസാരം, വി. കുർബ്ബാന, തൈലാഭിഷേകം മുതലായവ.
3. Theosis അഥവാ ദൈവീകരണ പ്രക്രിയ നമ്മിൽ തുടങ്ങിയോ എന്നു പരിശോധിക്കാൻ ചില മാനദണ്ഡങ്ങൾ കണ്ടെത്തുക. *ഉദാ.* ശത്രുവിനെ സ്നേഹിക്കുവാൻ കഴിയുന്നതുപോലെയുള്ള അനുഭവങ്ങൾ.

4. കൂദാശകളുടെ രാജ്ഞിയാണ് വി. കുർബ്ബാന എന്നതിന്റെ പ്രായോഗിക അർത്ഥതലങ്ങൾ കൂട്ടായി ചർച്ച ചെയ്ത് മനസ്സിലാക്കുക.
5. ശിശുക്കൾക്ക് സ്നാനം നല്കുന്നത് വേദാനുസരണമെന്ന് തെളിയിക്കുക.

## തുടർ വായനയ്ക്ക്

| ദിവസം | രാവിലെ | വൈകുന്നേരം |
|---|---|---|
| ഞായർ | * | 1 പത്രോസ് 4:1-6 |
| തിങ്കൾ | യോഹ. 14:8-13 | 1 പത്രോസ് 4:7-11 |
| ചൊവ്വ | യോഹ. 14:14-24 | 1 പത്രോസ് 4:12-15 |
| ബുധൻ | എബ്രാ. 11:1-6 | 1 പത്രോസ് 4:17-19 |
| വ്യാഴം | എബ്രാ. 11:7-12 | യാക്കോബ് 2:14-26 |
| വെള്ളി | യാക്കോബ് 2:1-6 | 1 പത്രോസ് 1:3-12 |
| ശനി | യാക്കോബ് 2:7-13 | * |

പാഠം 21

# പരിശുദ്ധാത്മനൽവരവും ആത്മീയവളർച്ചയും

**പഠനോദ്ദേശ്യം:** കൂദാശകളിൽകൂടി പരിവർത്തിക്കുന്നത് പരിശുദ്ധാത്മശക്തിയാണ്. അതിൽക്കൂടി ലഭിക്കുന്ന നൽവരങ്ങൾ ആത്മീയവളർച്ചയെ എങ്ങനെ സഹായിക്കുന്നു എന്നു കണ്ടെത്തുക.

**മനഃപാഠവാക്യം:** "ആകയാൽ വിശ്വാസം, പ്രത്യാശ, സ്നേഹം ഇവ നിലനില്ക്കുന്നു. ഇവയിൽ വലുതോ സ്നേഹം തന്നെ" (1 കോരിന്ത്യർ 13:14).

## ആമുഖം

പരിശുദ്ധാത്മാവിനെ സംബന്ധിച്ചുള്ള വേദഭാഗങ്ങൾ (വി. യോഹന്നാൻ 14:16, 16:12, 13, 1 കൊരിന്ത്യർ 12,13 അദ്ധ്യായങ്ങൾ, ഗലാത്യർ 5:22 മുതലായവ) വായിക്കുക. ആത്മീയവളർച്ചയെ പരിശുദ്ധാത്മാവ് സഹായിക്കുന്നത് എങ്ങനെയാണ് നാം കണ്ടെത്തുന്നത്? വി. കൂദാശകളിൽക്കൂടി പരിശുദ്ധാത്മാവ് ദൈവീകരണത്തിലേക്കു നമ്മെ നയിക്കുന്നു. കൂദാശാനുഷ്ഠാനം വ്യക്തിപരമല്ല, സാമൂഹ്യപരമാണ്. വിശ്വാസത്തോടെ അതിൽ സംബന്ധിക്കുന്ന എല്ലാവരിലും കൃപ വ്യാപരിക്കുന്നുണ്ട്. എന്നാൽ അത്തരത്തിൽ ഒരു വളർച്ചയുണ്ടായിട്ടുണ്ടോ എന്ന് വ്യക്തിപരമായി വിലയിരുത്താൻ ചില മാനദണ്ഡങ്ങൾകൂടി വേണം. അവയെക്കുറിച്ചാണ് ഈ പാഠത്തിൽ പ്രതിപാദിക്കുന്നത്.

## പാഠഭാഗം

പരിശുദ്ധാത്മാവ് ഏതെല്ലാം വിധത്തിൽ പ്രവർത്തിക്കുന്നു? പ്രധാനമായും വ്യക്തികളുടെ ജീവിതത്തോട് ബന്ധപ്പെട്ടു രണ്ടു വിധത്തിൽ പ്രവർത്തിക്കുന്നതായി കാണുന്നു. 1. വ്യത്യസ്തമായ കൃപാവരങ്ങൾ (grace) 2. ആത്മഫലം (Fruit of the Holy Spirit).

കൃപാവരങ്ങൾ ഏതെല്ലാമാണ്? ലോകത്തെ ദൈവാഭിമുഖ്യത്തിലേക്ക് രൂപാന്തരപ്പെടുത്തുവാൻ വ്യത്യസ്ത നിലകളിൽ വിശ്വാസികൾ പ്രവർത്തിക്കേണ്ടിയിരിക്കുന്നു. അതിനായി പരിശുദ്ധാത്മാവ് കൃപാവരങ്ങൾ വ്യക്തികൾക്കു നല്കുന്നു. അതു ഒരുപോലെയാകണമെന്നില്ല. "എന്നാൽ കൃപാവരങ്ങളിൽ വ്യത്യാസം ഉണ്ട്; ആത്മാവ് ഒന്നത്രേ. ശുശ്രൂഷകളിൽ വ്യത്യാസം ഉണ്ട്... ഓരോരുത്തന് ആത്മാവിന്റെ പ്രകാശനം പൊതു പ്രയോജനത്തിനായി നല്കപ്പെടുന്നു." രോഗശാന്തികളുടെ വരം, പ്രവചനവരം ഇങ്ങനെ വ്യത്യസ്തമായ കൃപാവരങ്ങൾ നല്കിയിരിക്കുന്നതായി ഇവിടെ കാണുന്നു. (1 കൊരിന്ത്യർ 12:4-31).

കൃപാവരങ്ങൾ എല്ലാവർക്കും ഒരുപോലെ ലഭിക്കണമെന്നില്ല. എന്നാൽ അത് വ്യക്തികൾക്ക് നല്കുന്നത് എല്ലാവർക്കും പ്രയോജനപ്പെടുന്നതിനുവേണ്ടിയാണ്. ഉദാഹരണത്തിന് ചിലർക്ക് രോഗശാന്തി വരം ലഭിച്ചു എന്നിരിക്കാം. എന്നാൽ അത് സ്വന്ത നേട്ടത്തിനോ ലാഭത്തിനോ അല്ലെങ്കിൽ ജനത്തിന്റെ അംഗീകാരം പിടിച്ചുപറ്റുന്നതിനോ വേണ്ടിയാകരുത്. ലോകത്തിൽനിന്ന് യാതൊരു പ്രതിഫലവും ഇച്ഛിക്കാതെ രഹസ്യത്തിൽ അത്തരം നൽവരങ്ങൾ മറ്റുള്ളവർക്കുള്ള പ്രയോജനത്തിനായി വിനിയോഗിക്കണം. അതിശയങ്ങൾ പ്രവർത്തിച്ച കർത്താവ് "ആരോടും പറയരുത്" എന്ന് കല്പിച്ചതാണ് ഈ കാര്യത്തിൽ വിശ്വാസികൾക്ക് മാതൃകയാക്കാനുള്ളത്.

**ജഡസ്വഭാവത്തിന് മാറ്റം വരുന്നു**

കൃപാവരങ്ങൾ എല്ലാവർക്കും ഒരുപോലെ ലഭിക്കണമെന്നില്ല. എന്നാൽ ആത്മാവിന്റെ ഫലം എല്ലാവർക്കും ലഭിക്കാവുന്നതാണ്. അതിൽക്കൂടി ജഡസ്വഭാവത്തിനു മാറ്റം വരുന്നു. മൃതശരീരത്തിനാണല്ലോ ജഡം എന്നു പറയുന്നത്. അപ്പോൾ ജഡസ്വഭാവം എന്നത് മരണവുമായി ബന്ധപ്പെട്ടിരിക്കുന്നു. "പാപത്തിന്റെ ശമ്പളം മരണമത്രെ. ദൈവത്തിന്റെ കൃപാവരമോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിൽ നിത്യജീവൻതന്നെ" (റോമർ 6:23). ഇവിടെ മരണമെന്നത് ശാരീരിക മരണത്തെയല്ല. ആത്മാവിന്റെ മരണത്തെയാണ് സൂചിപ്പിക്കുന്നത്. ശരീരം ജീവനോടിരിക്കുമ്പോഴും ആത്മീയമരണം സംഭവിക്കാം. പിശാചിന് അഥവാ തിന്മയ്ക്ക് കീഴ്പ്പെട്ടു ജീവിക്കുമ്പോൾ അത് ജഡീകജീവിതമാകുന്നു. അതേപ്പറ്റി പൗലൂസ് ശ്ലീഹാ ഇങ്ങനെ പഠിപ്പിക്കുന്നു. "ജഡത്തിന്റെ പ്രവൃത്തികളോ ദുർന്നടപ്പ്, അശുദ്ധി, ദുഷ്ക്കാമം, വിഗ്രഹാരാധന, ആഭിചാരം, പക, പിണക്കം, ജാരശങ്ക, ക്രോധം, ശാഠ്യം, ദ്വന്ദ്വപക്ഷം, ഭിന്നത, അസൂയ, മദ്യപാനം, വെറിക്കൂത്ത് മുതലായവ എന്നു വെളിവാകുന്നു" (ഗലാത്യർ 5:19-21). വ്യക്തിയിലും സമൂഹത്തിലും മുകളിൽ പറഞ്ഞ തിന്മകൾ വർദ്ധിക്കുമ്പോൾ, പരിശുദ്ധാത്മാവിന്റെ പ്രവർത്തനം നിലച്ചിരിക്കുന്നു എന്നു പറയാം.

എന്നാൽ പരിശുദ്ധാത്മാവ് പ്രവർത്തിക്കുമ്പോൾ ഈ ജഡികസ്വഭാവം രൂപാന്തരപ്പെട്ട് ആത്മികസ്വഭാവമുള്ളവരായിത്തീരുന്നു. അതിനെപ്പറ്റിയും പ. പൗലൂസ് ശ്ലീഹാ പഠിപ്പിക്കുന്നുണ്ട്. "ആത്മാവിന്റെ ഫലമോ സ്നേഹം, സന്തോഷം, സമാധാനം, ദീർഘക്ഷമ, ദയ, പരോപകാരം, വിശ്വസ്തത, സൗമ്യത, ഇന്ദ്രിയജയം (ഗലാത്യർ 5:22-23). ഇവിടെ ആത്മാവിന്റെ ഫലങ്ങൾ എന്നു പറയാതെ, ഫലം എന്നു പറഞ്ഞിരിക്കുന്നതു ശ്രദ്ധിക്കുക. ഈ ഒൻപതും കൂടി കൂടുന്നതാണ് ആത്മാവിന്റെ ഫലം എന്നർത്ഥം. ഒരു വ്യക്തി ആത്മീയമായി വളർന്നുവോ എന്ന് സ്വയപരിശോധന നടത്തുവാൻ ഇത് ഒരു അളവുകോലായി സ്വീകരിക്കാം. ഈ ഒൻപതു സദ്ഫലങ്ങൾ പുറപ്പെടുവിക്കുന്നിടത്ത് പരിശുദ്ധാത്മാവ് സജീവമായി പരിവർത്തിക്കുന്നു. വി. കൂദാശകളിലൂടെയും പ്രാർത്ഥന, നോമ്പ്, ഉപവാസം എന്നിവയിൽക്കൂടിയും വിശ്വാസികൾ ഈ നൽവരം ബോധപൂർവ്വം പ്രാപിക്കേണ്ടിയിരിക്കുന്നു. അതിനായി പ്രത്യേകം പ്രാർത്ഥിക്കുകയും വേണം.

ആത്മീയ നൽവരങ്ങൾ ഏതെല്ലാമാണ്?

ഈ ആത്മീയനൽവരങ്ങളെ മൂന്ന് ഗണങ്ങളായി തിരിച്ചിരിക്കുന്നു. ദൈവത്തോടും സഹജീവികളോടും സ്വയത്തോടുമുള്ള ബന്ധത്തെയാണ് ഇവിടെ സൂചിപ്പിക്കുന്നത്.

**1. ദൈവത്തോടുള്ള ബന്ധം: സ്നേഹം, സന്തോഷം, സമാധാനം**

സ്നേഹം, സന്തോഷം, സമാധാനം എന്നിവ ദൈവികബന്ധങ്ങളിൽകൂടി വിശ്വാസി എത്തിച്ചേരുന്ന ഉന്നതമായ ആത്മീയ തലങ്ങളാണ്. ദൈവം സ്നേഹമാകുന്നു (1 യോഹന്നാൻ 4:9,16) എന്ന വെളിപ്പെടുത്തലിന് ഒട്ടേറെ അർത്ഥതലങ്ങളുണ്ട്. ദൈവത്തിന്റെ നിത്യസ്വഭാവം സ്നേഹമാണ്. വിശ്വാസംപോലും മനുഷ്യരെ ഭിന്നിപ്പിച്ചു എന്നിരിക്കാം. എന്നാൽ സ്നേഹം വ്യത്യസ്ത വിശ്വാസത്തിൽ നിൽക്കുന്നവരെയും ഒരുമിപ്പിക്കുന്നതാണ്. അതുകൊണ്ട് 'സ്നേഹത്തിന്റെ ഏകമതം' ഭൂമിയിൽ ഉണ്ടാകണമെന്ന് ഭാഗ്യസ്മരണാർഹനായ ഡോ. ഗീവറുഗീസ് മാർ ഒസ്താത്തിയോസ് തിരുമേനി പഠിപ്പിച്ചു.

സന്തോഷം, ലൗകിക വസ്തുക്കൾ ഉളവാക്കുന്ന ഇന്ദ്രിയാനുഭൂതിയല്ല. മറിച്ച് ഭൗതിക വസ്തുക്കൾകൂടിയാലും കുറഞ്ഞാലും, സുഖവും ദുഃഖവും മാറി മാറിവന്നാലും ദൈവത്തിൽ എപ്പോഴും സന്തോഷിക്കുന്ന അനുഭവമാണ്. അതുപോലെ ലോകം കൊടുക്കാത്ത സമാധാനവും പരിശുദ്ധാത്മാവ് യഥാർത്ഥ ഭക്തന്മാർക്ക് നല്കുന്നു (യോഹ. 14:27).

**2. മനുഷ്യർ തമ്മിലുള്ള ബന്ധം: ദീർഘക്ഷമ, ദയ, പരോപകാരം**

ആത്മീയതയുടെ അടയാളം ദൈവത്തോടും മനുഷ്യരോടും ഒരുപോലെ ബന്ധം ഉണ്ടാകുന്നതിലാണ്. അതായത് ക്രിസ്തുവിനെപ്പോലെ ദൈവികതയിൽ വളരുമ്പോൾ

മനുഷ്യരോടുള്ള ബന്ധത്തിലും അതുപോലെ ആഴമുണ്ടാകും. മനുഷ്യരോടുള്ള ബന്ധം ദൃഢമാകുന്നത് ദീർഘക്ഷമ, ദയ, പരോപകാരം എന്നിവയിലൂടെയാണ്. സഹോദരനോട് ഏഴ് എഴുപതുവട്ടം ക്ഷമിക്കുവാനും ശത്രുവിനെപ്പോലും സ്നേഹിക്കുവാനും കർത്താവ് പഠിപ്പിച്ചു. ദീർഘക്ഷമയുള്ളവർക്കു മാത്രമേ ഇതു സാദ്ധ്യമാവൂ. അതുപോലെ സഹാനുഭൂതിയുളവാക്കുന്ന ദയ, അന്യരുടെ ദുഃഖത്തിൽ പങ്കുചേർന്ന് അവരെ സഹായിക്കാനുള്ള താല്പര്യം (പരോപകാരം) എന്നിവ നല്ല മനുഷ്യബന്ധങ്ങൾക്ക് അത്യാവശ്യമുള്ളതാണ്.

**2. സ്വയത്തോടുള്ള ബന്ധം: സൗമ്യത, വിശ്വസ്തത, ഇന്ദ്രിയജയം**

വ്യക്തിത്വത്തിന്റെ ആത്മീയസ്വഭാവങ്ങളിൽ തന്നോടുതന്നെയുള്ള ബന്ധത്തെ വെളിപ്പെടുത്തുന്നതുമായ നൽവരങ്ങളുമുണ്ട്. താഴ്മയുള്ളവരെ ദൈവം ഉയർത്തുന്നു. താഴ്മ വരിക്കുന്നവർക്ക് മറ്റുള്ളവരുമായി നല്ല ബന്ധത്തിൽ ജീവിക്കുവാൻ സാധിക്കുന്നു. സമയം, പണം, വ്യക്തിബന്ധം, വൈകാരികത ഇവയിലൊക്കെ വിശ്വസ്തത പുലർത്തുന്നു. പൈശാചിക പരീക്ഷകളുടെ മേൽവിജയം വരിക്കുന്ന ഇന്ദ്രിയജയമുള്ളവരാകുവാനും വിശ്വാസികൾക്കു സാധിക്കണം. മദ്യപാനവും പുകവലിയും അധാർമ്മികതയും ഉപേക്ഷിക്കാനും, ഭക്ഷണത്തിൽ ആത്മസംയമനം നേടാനും ഇന്ന് പലർക്കും സാധിക്കാതെ പോകുന്നത് വേണ്ടത്ര പരിശുദ്ധാത്മ ശക്തി പ്രാപിക്കാത്തതുകൊണ്ടാണ്. ചുരുക്കത്തിൽ വിശ്വാസി, ആത്മീയമായി വളർച്ച നേടിയോ എന്ന് പരിശോധിക്കുവാൻ ഈ ഒൻപതു ഉരകല്ലുകൾ ആധാരമാക്കാവുന്നതാണ്.

## നമുക്ക് പ്രാർത്ഥിക്കാം

*കർത്താവേ, ജഡാഭിലാഷങ്ങളെ ഞങ്ങളിൽനിന്നകറ്റി നിർത്തുവാനും ആത്മാവിന്റെ ഫലം സമൃദ്ധിയായി ഉണ്ടാകുവാനും പരിശുദ്ധാത്മാവ് ഞങ്ങളെ വഴി നടത്തുമാറാകണമേ. ആമ്മീൻ.*

## നിശ്ചയം

**ജഡത്തിന്റെ പ്രവൃത്തികളെ ഞങ്ങളിൽനിന്നും അകറ്റിക്കളയുവാൻ എപ്പോഴും താല്പര്യത്തോടെ ഞങ്ങൾ ശ്രമിക്കും.**

## പ്രവർത്തനങ്ങൾ

1. കൃപാവരവും നൽവരവും തമ്മിൽ എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നു?
2. ക്ലാസ്സിലെ കുട്ടികൾക്ക് ഓരോ നൽവരത്തിന്റെ പേരുകൊടുത്തിട്ട് അതിന്റെ സവിശേഷതകളെക്കുറിച്ച് അവരെക്കൊണ്ട് പറയിപ്പിച്ച് അഭിനയിക്കുക.
3. പരിശുദ്ധാത്മ നൽവരങ്ങളിൽ ഏറ്റവും വലിയത് ഏതാണ്? (1 കൊരിന്ത്യർ 13-ാം അദ്ധ്യായം അടിസ്ഥാനമാക്കി ചർച്ച ചെയ്യുക.)

## തുടർ വായനയ്ക്ക്

| ദിവസം | രാവിലെ | വൈകുന്നേരം |
|---|---|---|
| ഞായർ | * | യോഹ. 14:12-17 |
| തിങ്കൾ | യോഹ. 15:23-27 | യോഹ. 14:25-28 |
| ചൊവ്വ | യോഹ. 16:7-15 | യോഹ. 16:7-15 |
| ബുധൻ | എഫെ. 1:1-7 | ഗലാ. 5:16-26 |
| വ്യാഴം | എഫെ. 1:15-23 | റോമർ 8:12-17 |
| വെള്ളി | എഫെ. 6:1-9 | എഫെ. 1:7-14 |
| ശനി | എഫെ. 6:10-18 | * |

യൂണിറ്റ് 7

# മഹദ്വ്യക്തിപരിചയം

പാഠം 22

# വിശുദ്ധ അന്തോനിയോസ്

**മുഖ്യസന്ദേശം:** സ്വജീവിതം പരിപൂർണ്ണമായി ക്രിസ്തുവിനുവേണ്ടി അർപ്പിച്ച്, മാതാപിതാക്കളെയും സഹോദരങ്ങളെയും സ്ഥാനമാനങ്ങളെയും സമ്പത്തിനെയും ഉപേക്ഷിച്ച്, പ്രാർത്ഥന, നോമ്പ്, ഉപവാസം, ധ്യാനം, ആരാധന, വേദപുസ്തകവായന, സാധുസംരക്ഷണം എന്നിവയിൽ ശ്രദ്ധിച്ച് ഹൃദയശുദ്ധീകരണം പ്രാപിച്ചവരാണ് ക്രൈസ്തവ സന്യാസിമാർ. അങ്ങനെയുള്ളവരിൽ പ്രഥമസ്ഥാനീയനാണ് വി. അന്തോനിയോസ് (Antony). അദ്ദേഹത്തിന്റെ മദ്ധ്യസ്ഥത നമുക്ക് കോട്ടയായിരിക്കട്ടെ. പൗരസ്ത്യ സന്യാസപ്രസ്ഥാനത്തിന്റെ പ്രാരംഭത്തെപ്പറ്റി മനസ്സിലാക്കുക.

**മനഃപാഠവാക്യം:** "എന്റെ നാമം നിമിത്തം വീടുകളേയോ സഹോദരന്മാരെയോ, സഹോദരികളെയോ, അപ്പനേയോ, അമ്മയേയോ, മക്കളേയോ, നിലങ്ങളെയോ വിട്ട് കളഞ്ഞവന് എല്ലാം നൂറുമടങ്ങും ലഭിക്കും; അവൻ നിത്യജീവനെയും അവകാശമാക്കും" (വി. മത്തായി 19:29).

## ആമുഖം

ദയറാകൾ എന്നുകേട്ടിട്ടുണ്ടോ? നിങ്ങൾക്ക് അറിയാവുന്ന ദയറാകളുടെ പേരുകൾ പറയാമോ? പത്തനാപുരം മൗണ്ട് താബോർ, റാന്നി ബഥനി ആശ്രമം, വാകത്താനം വള്ളിക്കാട്ടു ദയറാ, പാമ്പാടി ദയറാ എന്നിവ ഉദാഹരണങ്ങളാണ്. പരിശുദ്ധന്മാരായ പരുമല തിരുമേനി, വട്ടശ്ശേരിൽ തിരുമേനി, പാമ്പാടി തിരുമേനി, ഗീവറുഗീസ് ദ്വിതീയൻ ബാവാ തിരുമേനി, പരിശുദ്ധ ബസ്സേലിയോസ് മാത്യൂസ് ദ്വിതീയൻ ബാവാ തിരുമേനി, പരിശുദ്ധ ദിദിമോസ് പ്രഥമൻ ബാവാ തിരുമേനി മുതലായി അനേകം പേർ ദയറാപ്രസ്ഥാനത്തിലൂടെ സഭയുടെ നേതൃസ്ഥാനത്തേക്ക് കടന്നുവന്നവരാണ്. ഇവർ പിന്തുടർന്ന ദയറാജീവിതത്തിന്റെ അഥവാ സന്യാസവൃത്തിയുടെ സ്ഥാപകപിതാവായ വി. അന്തോനിയോസിനെക്കുറിച്ചാണ് ഈ പാഠത്തിൽ മനസ്സിലാക്കുന്നത്.

## പാഠഭാഗം

"കർത്താവായ യേശുക്രിസ്തുവിനെത്തന്നെ ധരിച്ചുകൊൾവിൻ. മോഹങ്ങൾ ജനിക്കുമാറു ജഡത്തിന്നായി ചിന്തിക്കരുത്" (റോമർ 13:14) എന്നുള്ള പരിശുദ്ധനായ പൗലോസ് ശ്ലീഹായുടെ ഉപദേശത്തെ പൂർണ്ണമായി സ്വീകരിച്ച്, ജഡത്തെ അതിന്റെ രാഗമോഹങ്ങളോടെ ഉപേക്ഷിച്ച് യേശുവിനുവേണ്ടി മാത്രം ജീവിച്ചവരാണ് സന്യാസിമാർ. സഭയുടെ വളർച്ചയ്ക്കും കെട്ടുറപ്പിനും, വിശ്വാസസ്ഥിരതയ്ക്കും, ആരാധനാക്രമത്തിന്റെ വളർച്ചയ്ക്കും അവർ ചെയ്തിട്ടുള്ള സംഭാവനകൾ വലുതും വിലമതിക്കാൻ കഴിയാത്തതുമാണ്. അങ്ങനെയുള്ളവരിൽ പ്രഥമഗണനീയനായ ഒരു വിശുദ്ധനാണ് ഈജിപ്റ്റിൽ ജീവിച്ചിരുന്ന അന്തോനിയോസ്.

എ.ഡി. 251-ൽ ഈജിപ്റ്റിലെ കോമ (Coma) എന്ന സ്ഥലത്ത് ധനികരായ ക്രിസ്തീയ മാതാപിതാക്കളുടെ മകനായി വി. അന്തോനിയോസ് ജനിച്ചു. അന്തോനിയോസിന് 18 വയസ് തികയുന്നതിനുമുമ്പ് മാതാപിതാക്കൾ മരിച്ചു. വലിയ പിതൃസ്വത്തിന് അവകാശിയായിത്തീർന്ന അന്തോനിയോസും തന്റെ സഹോദരിയും മാത്രമായി ജീവിതം തുടർന്നു.

ഒരു ദിവസം അന്തോനിയോസ് ദേവാലയത്തിൽ ആരാധനയ്ക്കായി ചെന്നപ്പോൾ സുവിശേഷഭാഗങ്ങൾ വായിക്കുന്നതു ശ്രദ്ധിച്ചു. യേശുക്രിസ്തു ധനികനായ യുവാവിനോട് ഉപദേശിക്കുന്ന ഭാഗമാണ് അന്തോനിയോസ് കേട്ടത്. "സൽഗുണപൂർണ്ണനാകുവാൻ ഇച്ഛിക്കുന്നു എങ്കിൽ നീ ചെന്നു നിനക്കുള്ളത് വിറ്റു ദരിദ്രർക്കു കൊടുക്കുക. എന്നാൽ സ്വർഗ്ഗത്തിൽ നിനക്കു നിക്ഷേപം ഉണ്ടാകും. പിന്നെ വന്ന് എന്നെ അനുഗമിക്കുക" (വി. മത്തായി 19:21). കർത്താവിന്റെ ഈ വചനങ്ങൾ വ്യക്തിപരമായി തന്നോടു പറയുന്നതായി അന്തോനിയോസിനു ബോദ്ധ്യമായി. യേശുവിന്റെ കല്പന അനുസരിക്കുവാൻ അദ്ദേഹം തീരുമാനിച്ചു.

അന്തോനിയോസ് തന്റെ വസ്തുവകകൾ മുഴുവൻ പാവപ്പെട്ടവർക്കും അശരണർക്കുമായി വീതിച്ചു കൊടുത്തു. കുറച്ചു സ്വത്തുക്കൾ ഏക സഹോദരിക്കും നീക്കി വച്ചു. സഹോദരിയെ ഒരു ക്രിസ്തീയ കുടുംബത്തിൽ ഏൽപ്പിച്ചിട്ട് തുടർന്ന് 24 വർഷം അന്തോനിയോസ് ഏകാന്തവാസത്തിനായി ഈജിപ്റ്റിലെ മണലാരണ്യത്തിൽ വസിച്ച് പ്രാർത്ഥനയ്ക്കും സസ്യങ്ങൾ വച്ചു പിടിപ്പിക്കുന്നതിനും മറ്റുമായി സമയം ചെലവഴിച്ചു. ചെടികളും മറ്റും നടുമ്പോൾ സങ്കീർത്തനങ്ങളും പ്രാർത്ഥനകളും ഉരുവിടുമായിരുന്നു. ലോകത്തിന്റെ ദുഃഖങ്ങളിൽനിന്നും ആകുലചിന്തകളിൽനിന്നും സ്വയം വിട്ടകന്നിട്ട് പ്രാർത്ഥനയിലും ധ്യാനത്തിലും ജീവിതം നയിച്ചു. അന്തോനിയോസിന്റെ തീവ്രമായ സന്യാസജീവിതം അനേകരെ ആകർഷിച്ചു. അനേകർ അന്തോനിയോസിനെ അനുഗമിച്ചു.

അന്തോനിയോസ് ഏകാന്തജീവിതത്തെ അല്പസമയത്തേയ്ക്കു മാറ്റിവച്ചിട്ട് നഗരത്തിൽ രണ്ടു പ്രാവശ്യം വന്നു. ഒരിക്കൽ അദ്ദേഹം വന്നത് രക്തസാക്ഷികളെ ധൈര്യപ്പെടുത്തുന്നതിനും അവർക്കുവേണ്ടി നിയമകോടതികളിൽ നിൽക്കുന്നതിനും വേണ്ടിയായിരുന്നു. മറ്റൊരവസരത്തിൽ വന്നത് 90 വയസ്സിനുമേൽ പ്രായമുള്ളവനായിട്ടായിരുന്നു. അന്ന് അദ്ദേഹം നിഖ്യാവിശ്വാസപ്രമാണത്തെ അനുകൂലിച്ച്, അറിയോസിന്റെ വേദവിപരീതത്തിനെതിരായി വി. അത്താനാസിയോസിനോടു ചേർന്ന് പടപൊരുതി. തന്റെ ജീവിതാവസാനത്തിങ്കൽ വി. അന്തോനിയോസ് ലോകവ്യാപകമായി പ്രശസ്തി നേടി. മരുഭൂമിയിൽ അദ്ദേഹത്തിന്റെ ഏകാന്തജീവിതത്തെ പിന്തുടർന്നവരുടെ സംഖ്യ അനുദിനം വർദ്ധിച്ചു. സന്യാസിമാരുടെ പിതാവായി വി. അന്തോനിയോസ് അറിയപ്പെടുന്നു. വി. അന്തോണിയോസിന്റെ ജീവിതത്തെ കുറിച്ച് കൂടുതലായി മനസ്സിലാക്കാൻ വി. അത്താനാസിയോസ് രചിച്ച ജീവചരിത്രം (Life of Antony) സഹായിക്കും. എ. സി. 356-ൽ വി. അന്തോണിയോസ് അന്തരിച്ചു.

## നമുക്ക് പാടാം

ഉന്നതകുലജാതാ - ആത്മോന്നതി കരുതി-
ട്ടൈഹികസമ്പാദ്യം - സകലം വിട്ടതിഭീതികരം
മിസ്രേം കാനനമാർന്നവനേ
ദയറാജീവിതവഴികാട്ടി - സിദ്ധൻ മാർഅന്തോനിയോസ്
ഓർക്കണമേ ഞങ്ങളെയെന്നാളും.

## നമുക്ക് പ്രാർത്ഥിക്കാം

*കർത്താവിനുവേണ്ടി ലോകത്തെയും അതിന്റെ മോഹങ്ങളെയും ഉപേക്ഷിച്ച് മരുഭൂമിയിൽ ഏകാന്തവാസമനുഷ്ഠിച്ച വിശുദ്ധ അന്തോനിയോസ് പിതാവേ, ലൗകികമോഹങ്ങളെ അതിജീവിക്കുവാനുള്ള ആത്മനിയന്ത്രണം നേടുവാൻ ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമേ. ആമ്മീൻ.*

## നിശ്ചയം

**പ്രാർത്ഥന, നോമ്പ്, ഉപവാസം, ധ്യാനം, ആരാധന, വേദപുസ്തകവായന, സാധുസംരക്ഷണം മുതലായ പ്രവൃത്തികളിൽ ഏർപ്പെട്ട് ഹൃദയശുദ്ധീകരണം പ്രാപിക്കുവാൻ ഞങ്ങൾ ശ്രമിക്കും.**

## നമുക്കു ചിന്തിക്കാം

1. വി. അന്തോനിയോസിന്റെ ജന്മസ്ഥലം ഏത്? അദ്ദേഹം ജനിച്ച വർഷം ഏത്?
2. അദ്ദേഹത്തിന്റെ മാതാപിതാക്കൾ മരിച്ചത് എപ്പോൾ?
3. സന്യാസ ജീവിതത്തിലേക്ക് അദ്ദേഹത്തെ ആകർഷിച്ച വി. വേദവാക്യം ഏത്? തുടർന്ന് അദ്ദേഹം ചെയ്തത് എന്ത്?
4. ഏകാന്തവാസത്തിനായി തെരഞ്ഞെടുത്ത സ്ഥലം ഏത്? എത്ര വർഷം ഏകാന്തവാസമനുഷ്ഠിച്ചു? നഗരത്തിൽ എത്ര പ്രാവശ്യം വന്നു?
5. അദ്ദേഹം അറിയപ്പെടുന്നത് എങ്ങനെ?

## പ്രവർത്തനങ്ങൾ

അടുത്തുള്ള ദയറാകൾ സന്ദർശിക്കുക. അന്തോണിയോസ് എന്ന നാമം ധരിച്ചിട്ടുള്ള സഭയിലെ പിതാക്കന്മാരുടെ പേരുകൾ കണ്ടുപിടിക്കുക.

## തുടർ വായനയ്ക്ക്

| ദിവസം | രാവിലെ | വൈകുന്നേരം |
|---|---|---|
| ഞായർ | * | ഗലാ. 3:5-10 |
| തിങ്കൾ | 1 പത്രോസ് 2:1-6 | ഗലാ. 3:11-22 |
| ചൊവ്വ | 1 തെസ്സ. 2:13-15 | ഗലാ. 3:23-28 |
| ബുധൻ | 2 തെസ്സ. 3:1-5 | ഗലാ. 4:12-15 |
| വ്യാഴം | എഫെ. 5:1-6 | ഗലാ. 4:16-20 |
| വെള്ളി | എഫെ. 4:7-13 | എഫെ. 1:3-14 |
| ശനി | എഫെ. 5:13-21 | * |

പാഠം 23

# വിശുദ്ധ പക്കോമിയോസ്

**മുഖ്യസന്ദേശം:** തന്നെക്കുറിച്ചുള്ള ദൈവികനിയോഗം എന്താണെന്ന് തിരിച്ചറിഞ്ഞ് അതിനായി സ്വജീവിതം സമർപ്പിക്കുമ്പോഴാണ് ജീവിതം അർത്ഥപൂർണ്ണമാകുന്നത്. സന്യാസജീവിതത്തിലേക്കാണ് ദൈവം തന്നെ വിളിച്ചിരിക്കുന്നത് എന്ന് മനസ്സിലാക്കി, സൈനിക സേവനം ഉപേക്ഷിച്ച വിശുദ്ധ പക്കോമിയോസിന്റെ മദ്ധ്യസ്ഥത നമ്മെക്കുറിച്ചുള്ള ദൈവനിയോഗം ഗ്രഹിക്കാൻ സഹായിക്കട്ടെ. ലൗകിക സുഖങ്ങളേക്കാൾ സന്യാസിമാർ വിലമതിച്ചതെന്താണെന്നു ഗ്രഹിക്കാം.

**മനഃപാഠവാക്യം:** "ഞാൻ ലൗകികനല്ലാത്തതുപോലെ അവരും ലൗകികന്മാരല്ല" (വി. യോഹന്നാൻ 17:16).

## ആമുഖം

ജീവിതവിജയത്തിന് ഏകാഗ്രത അനുപേക്ഷണീയമാണ്. ഏകാഗ്രത നേടണമെങ്കിൽ മനസ്സിനെ നിയന്ത്രിക്കാൻ കഴിയണം. ആത്മനിയന്ത്രണം പ്രാപിക്കണമെങ്കിൽ ധ്യാനം എന്ന ആത്മീയശിക്ഷണം ശീലിക്കണം. അതാകട്ടെ സന്യാസിമാർക്കുമാത്രമല്ല, ഏതു മനുഷ്യനും ആവശ്യമായതാണ്. ചെയ്യുന്ന പ്രവൃത്തികൾ പൂർണ്ണമായി വിജയിക്കണമെങ്കിൽ മനസ്സ് ഏകാഗ്രമായി അതിൽ ലയിച്ചിരിക്കണം. മനുഷ്യമനസ്സ് ചഞ്ചലമാണ്, അതിനെ നിയന്ത്രിക്കുക ദുഷ്കരവുമാണ്. പഠിക്കുന്ന കാര്യങ്ങൾ പൂർണ്ണമായി ഉൾക്കൊള്ളാൻ മനസ്സിനെ ഏകാഗ്രമാക്കാൻ ശീലിച്ചേ മതിയാകൂ. അതിന് സന്യാസിമാരുടെ ആത്മശിക്ഷണരീതി നാമും ശീലിക്കണം. പണ്ട് വിദ്യാർത്ഥിയെ ബ്രഹ്മചാരി എന്നുകൂടി വിളിച്ചിരുന്നു. ആത്മശിക്ഷണം എങ്ങനെ ശീലിക്കാം എന്നു സ്വജീവിതത്തിലൂടെ വെളിപ്പെടുത്തിയ സന്യാസിവര്യനാണ് വിശുദ്ധ പക്കോമിയോസ്. സന്യാസജീവിതശൈലിയുടെ പിതാവ് വിശുദ്ധ അന്തോനിയോസാണെങ്കിലും സന്യാസജീവിതചര്യയെ ചിട്ടപ്പെടുത്തി ഒരു പ്രസ്ഥാനമാക്കി രൂപപ്പെടുത്തിയത് വി. പക്കോമിയോസ് എന്ന വിശുദ്ധനാണ്. അദ്ദേഹത്തെക്കുറിച്ചു ഇന്നു പഠിക്കാം.

## പാഠഭാഗം

എ. ഡി. 290-ൽ ഈജിപ്റ്റിലെ എസ്നാ (Esna) എന്ന സ്ഥലത്ത് അവിശ്വാസികളും വിഗ്രഹാരാധനക്കാരുമായ മാതാപിതാക്കളുടെ മകനായി വി. പക്കോമിയോസ് ജനിച്ചു. യൗവനാരംഭത്തിൽ പക്കോമിയോസ് റോമൻ സൈന്യത്തിൽ സേവനം അനുഷ്ഠിച്ചിരുന്നു. ഒരു ദിവസം അനേകം പട്ടാളക്കാരോടൊരുമിച്ച് അദ്ദേഹം എത്യോപ്യയിലേക്കയക്കപ്പെട്ടു. അവരുടെ യാത്രയിൽ ഗ്രാമീണരായ ക്രിസ്തീയ സഹോദരന്മാർ അവരെ കണ്ടുമുട്ടി. അവർ ആ പട്ടാളക്കാരെ തങ്ങളുടെ ഭവനങ്ങളിലേക്ക് സ്വാഗതം ചെയ്തു. ക്രിസ്ത്യാനികളായ ഗ്രാമവാസികളുടെ സ്വഭാവശ്രേഷ്ഠതയിലും ആചാരമര്യാദയിലും പക്കോമിയോസ് ആകൃഷ്ടനായി. പട്ടാളക്കാരുടെ കാലുകൾ കഴുകുകയും അവർക്കു ഭക്ഷണം നൽകുകയും ചെയ്യുന്ന ക്രിസ്ത്യാനികളെ കണ്ടിട്ട് അദ്ദേഹം അത്ഭുതപ്പെട്ടു. യുദ്ധത്തിനു ശേഷം പക്കോമിയോസ് വി. മാമോദീസാ സ്വീകരിച്ച് ക്രിസ്ത്യാനിയായിത്തീർന്നു. അന്നത്തെ പേരുകേട്ട ഏകാന്തവാസിയായ പലൈമോനുമായി (Palaemon) പരിചയപ്പെടുകയും അദ്ദേഹത്തെ പിന്തുടരുകയും ചെയ്തു.

ഒരു വ്യക്തി ആശ്രമത്തിൽ ചേരുവാൻ ആഗ്രഹിക്കുമ്പോൾ അയാളുടെ ആത്മാർത്ഥതയെയും സന്യാസിയായിത്തീരുവാനുള്ള അയാളുടെ ഉറച്ച തീരുമാനത്തെയും വിശുദ്ധ പക്കോമിയോസ് പരിശോധിക്കുമായിരുന്നു. ലോകത്തോടുള്ള വിപ്രതിപത്തിയെ അദ്ദേഹം തന്റെ ശിഷ്യഗണങ്ങളിൽ ഇടയ്ക്കിടെ പരിശോധിച്ചിരുന്നു. ഒരു നല്ല സന്യാസിയായിത്തീരുന്നതിന് അനുസരണം, ദൈവികസ്നേഹം, ദാരിദ്ര്യം, ബ്രഹ്മചര്യം, ഭക്തി എന്നിവ ഏറ്റവും ആവശ്യമായ ഘടകങ്ങളാണെന്ന് പക്കോമിയോസ് പഠിപ്പിച്ചു. വേദപുസ്തകപഠനത്തിനും തിരുവചനങ്ങൾ ഹൃദിസ്ഥമാക്കുന്നതിനും അദ്ദേഹം പ്രാധാന്യം നൽകി. സന്യാസിമാരെ ക്രിസ്തീയ വിശ്വാസപ്രമാണം എഴുതുവാനും വായിക്കുവാനും അദ്ദേഹം പഠിപ്പിച്ചു. എ.ഡി. 320-ൽ നൈൽനദീതീരത്ത് സന്യാസികൾക്കായി അദ്ദേഹം ആശ്രമം സ്ഥാപിച്ചു. സന്യാസജീവിതത്തിന് ചില പൊതുജീവിതക്രമങ്ങൾ ചിട്ടപ്പെടുത്തി. ആശ്രമപ്രസ്ഥാനം അങ്ങനെയാണ് സഭയുടെ ഒരു പ്രധാന ശാഖയായി പരിണമിച്ചത്. അദ്ദേഹം മരിച്ചവർഷം അറിയില്ല. എങ്കിലും മെയ് 24 അദ്ദേഹത്തിന്റെ ഓർമ്മദിനമായി സഭ ആചരിക്കുന്നു.

## നമുക്ക് പ്രാർത്ഥിക്കാം

*വിശുദ്ധ പക്കോമിയോസ് പിതാവേ, ലോകത്തെയും പാപത്തെയും അതിജീവിച്ച്, ദൈവത്തിനു പ്രീതികരമായി ജീവിക്കുവാൻ ആവശ്യമായ ആത്മനിയന്ത്രണം പ്രാപിക്കുവാൻ ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമേ. ആമ്മീൻ.*

## നിശ്ചയം

**ഞങ്ങളെക്കുറിച്ചുള്ള ദൈവനിയോഗം തിരിച്ചറിയുവാനുള്ള അറിവ് ലഭിക്കുവാൻ ഞങ്ങൾ ദിവസവും പ്രാർത്ഥിക്കും.**

## നമുക്കു ചിന്തിക്കാം

1. വി. പക്കോമിയോസിന്റെ ജന്മസ്ഥലം ഏത്? ജനിച്ച വർഷം ഏത്?
2. മാതാപിതാക്കൾ ആരായിരുന്നു?
3. അദ്ദേഹത്തിന്റെ ജോലി എന്തായിരുന്നു?
4. ക്രിസ്തീയ ജീവിതത്തിലേക്ക് ആകർഷിക്കപ്പെട്ടത് എവിടെവച്ച്? എങ്ങനെ? സന്യാസജീവിതം തെരഞ്ഞെടുക്കുവാൻ കാരണക്കാരൻ ആരായിരുന്നു?
5. സന്യാസജീവിതത്തിന് ആവശ്യമായ ഘടകങ്ങൾ ഏതെല്ലാം?

## തുടർ വായനയ്ക്ക്

| ദിവസം | രാവിലെ | വൈകുന്നേരം |
|---|---|---|
| ഞായർ | * | എബ്രാ. 12:1-9 |
| തിങ്കൾ | 2 കൊരി. 12:1-10 | റോമർ 12:1-10 |
| ചൊവ്വ | റോമർ 6:1-8 | യോഹ. 17:20-23 |
| ബുധൻ | മർക്കോ. 2:13-28 | 1 കൊരി. 15-20-28 |
| വ്യാഴം | 1 യോഹ. 5:1-12 | എഫെ. 6:10-20 |
| വെള്ളി | എഫെ. 4:7-15 | മർക്കൊ. 11:20-26 |
| ശനി | എഫെ. 2:8-9 | * |

## യൂണിറ്റ് 8
# നല്ല ശീലങ്ങൾ

പാഠം 24

## ത്യാഗം - പരമോന്നതഗുണം

**മുഖ്യസന്ദേശം:** നമ്മുടെ കർത്താവ് കാൽവറിയിലെ കുരിശിൽ സഹിച്ച ത്യാഗത്തിന്റെ പ്രചോദനം ഉൾക്കൊണ്ട് മറ്റുള്ളവർക്കുവേണ്ടി ത്യാഗനിർഭരമായ ജീവിതം നയിക്കുന്നത് ക്രിസ്ത്യാനികളുടെ കടമയാണ്.

**മനഃപാഠവാക്യം:** "നിങ്ങൾ ചെയ്യുന്നത് ഒക്കെയും മനുഷ്യർക്കെന്നല്ല, കർത്താവിന് എന്നപോലെ മനസ്സോടെ ചെയ്യുവിൻ" (കൊലൊസ്സ്യർ 3:23)

### ആമുഖം

നമുക്ക് മറ്റുള്ളവരെ സ്നേഹിക്കുവാനും അവർക്കുവേണ്ടി എന്തെങ്കിലും ചെയ്യുവാനും കഴിഞ്ഞിട്ടുണ്ടോ? ചെറുതായെങ്കിലും സ്നേഹത്തിന്റെ കൈനീട്ടി കൊടുക്കുവാനും സ്വയത്തെ മറന്ന് മറ്റുള്ളവർക്കുവേണ്ടി സ്വയം സമർപ്പിക്കുവാനും കഴിയുന്ന ഒരു ജീവിതത്തിനായി ഒരുങ്ങാം. അതിന് ആവശ്യമായ പ്രചോദനം നമുക്ക് ഉൾക്കൊള്ളാം.

### പാഠഭാഗം

നമ്മുടെ ജീവിതത്തിൽ എത്രസമയം ഫലപ്രദമായി കർത്താവിനുവേണ്ടി ചെലവഴിക്കാൻ കഴിയും എന്ന് നാം ചിന്തിക്കണ്ടേ? ദൈവേഷ്ടത്തിനായി സ്വയം സമർപ്പിച്ചവരിൽക്കൂടി ദൈവം ലോകത്തിൽ പ്രവർത്തിക്കുന്നു. നമ്മെ ദൈവത്തിന്റെ സഹപ്രവർത്തകരായി എടുക്കാൻ ദൈവം ആഗ്രഹിക്കുന്നു. നാം അതിനു ബോധപൂർവ്വം തയ്യാറാണോ? 'സ്വയം' എന്നത് മറന്ന്, മറ്റുള്ളവർക്കുവേണ്ടി, പൂർണ്ണമായ അർപ്പണത്തോടെ പ്രവർത്തിക്കുന്നതാണ് 'ത്യാഗം'. ലോകത്തിൽ ഏറ്റവും വലിയ ത്യാഗം നമുക്ക് കാണാൻ കഴിയുന്നത് കാൽവറിയിലെ കുരിശിലാണ്. മനുഷ്യവർഗ്ഗത്തിന്റെ നിലനില്പിന് ഏറ്റവും സഹായകമായത് ക്രൂശിലെ ത്യാഗമാണ്. യേശുവിന്റെ ജീവത്യാഗമായിരുന്നു അത്. യേശുക്രിസ്തുവിന്റെ വാക്കുകൾ ഇവിടെ നാം ഓർക്കാം. "സ്നേഹിതന്മാർക്ക് വേണ്ടി ജീവനെ കൊടുക്കുന്നതിലും അധികമുള്ള സ്നേഹം ആർക്കും ഇല്ല" (യോഹന്നാൻ 15:13).

യഥാർത്ഥ സ്നേഹത്തിന്റെയും ത്യാഗത്തിന്റെയും പാരമ്യതയാണ് യേശുക്രിസ്തുവിൽ ദർശിക്കാൻ കഴിയുന്നത്. മറ്റുള്ളവർക്കുവേണ്ടി തന്റെ ജീവനെ അർപ്പിക്കുകയാണ് തന്റെ ദൗത്യമെന്ന് യേശു വ്യക്തമായി അറിഞ്ഞിരുന്നു. "മനുഷ്യപുത്രൻ ശുശ്രൂഷ ചെയ്യിപ്പാനല്ല, ശുശ്രൂഷിപ്പാനും അനേകർക്കു വേണ്ടി തന്റെ ജീവനെ മറുവിലയായി കൊടുപ്പാനും വന്നതുപോലെ തന്നെ എന്ന് പറഞ്ഞു" (മത്തായി 20:28). ഈ സ്നേഹമാണ് വ്യക്തികളെ ക്രിസ്തുവിലേക്ക് ആകർഷിക്കുന്നത്. അത് വളരെയധികം ആളുകൾക്ക് പ്രചോദനമേകി. അഗതികളെ ശുശ്രൂഷിക്കുന്നതിനും രോഗികളെ ആശ്വസിപ്പിക്കുന്നതിനും എത്രയോ

ക്രിസ്തു ശിഷ്യർ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്വന്തം സുഖങ്ങൾ ത്യജിച്ച് പ്രവർത്തിക്കുന്നു എന്ന് മറക്കരുത്.

പ്രകൃതിതന്നെ നമ്മെ എന്താണ് പഠിപ്പിക്കുന്നത് എന്നു നോക്കാം. പക്ഷിമൃഗാദികൾ കുഞ്ഞുങ്ങളെ സംരക്ഷിക്കുവാനായി എത്രയധികം ബുദ്ധിമുട്ടുന്നു. സ്വന്തം ജീവൻ ബലി കഴിച്ചും ശത്രുക്കളിൽനിന്നു കുഞ്ഞുങ്ങളെ രക്ഷിക്കുവാനുമുള്ള സന്നദ്ധത അവയ്ക്കുണ്ട്. ത്യാഗസന്നദ്ധത ലോകത്തിൽ ഉണ്ടായിരുന്നില്ല എങ്കിൽ ലോകം നിലനില്ക്കുമായിരുന്നോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. ത്യാഗത്തിന് ഉത്തമ മാതൃകയായിരുന്നവരെ ശ്രദ്ധിക്കാം. അവരുടെ ജീവിതം നമുക്ക് എന്നും പ്രചോദനം നല്കും.

1948-ലെ ഒരു രാത്രിയിൽ ഒരു കന്യാസ്ത്രീ ഡാർജ്ജിലിംഗിൽനിന്ന് കൽക്കട്ടയിലേക്ക് ട്രെയിനിൽ യാത്ര ചെയ്യുകയായിരുന്നു. കൽക്കട്ടായിലെ തെരുവീഥികളിൽ ഉപേക്ഷിക്കപ്പെടുന്ന അനാഥ ശിശുക്കളെപ്പറ്റിയും നഗരത്തിൽ അലഞ്ഞുതിരിയുന്ന കുഷ്ഠരോഗികളെപ്പറ്റിയും അവർ അറിഞ്ഞിരുന്നു. ആ രാത്രിയിൽ അവരുടെ ഹൃദയത്തിലേക്ക് യേശുവിന്റെ വാക്കുകൾ മിന്നൽ പോലെ കടന്നുചെന്നു. "ഇവരിൽ ഒരാൾക്ക് ചെയ്യുന്നത് എനിക്കു ചെയ്യുന്നു." ആ കന്യാസ്ത്രീ ധീരമായ ഒരു തീരുമാനമെടുത്തു. ഞാൻ ഈ ചേരികളിലേക്ക് ചെല്ലും അനാഥശിശുക്കൾക്കും അഗതികൾക്കും ഒരു ജീവിതം നല്കുവാൻ എന്റെ ജീവിതം സമർപ്പിക്കും." ആ തീരുമാനം അവർ നടപ്പിലാക്കി. പിന്നീട് 'പാവങ്ങളുടെ അമ്മ'യായി അറിയപ്പെട്ട മദർ തെരേസയാണ് ആ കന്യാസ്ത്രീ. കുരിശിലെ ത്യാഗമാണ് അവർക്കും അതുപോലെ അനേകായിരം ക്രിസ്തുദാസർക്കും പ്രചോദനമേകുന്നത്.

പണവും പദവിയും സുഖസൗകര്യങ്ങളും എല്ലാം ത്യജിച്ച് ആഫ്രിക്കയിലെ വനാന്തരങ്ങളിൽ പോയി അപരിഷ്കൃതരുടെ ഇടയിൽ ചികിത്സയും ദുരിതാശ്വാസപ്രവർത്തനങ്ങളും നടത്തിയ ഡോക്ടർ ആൽബർട്ട് ഷ്വൈറ്റ്സർ പണ്ഡിതനും തത്വചിന്തകനും ഡോക്ടറും സംഗീതജ്ഞനും ആയിരുന്നു. എന്നാൽ അദ്ദേഹത്തിന്റെ ത്യാഗമനോഭാവം കൊണ്ടാണ് അദ്ദേഹം ലോകപ്രശസ്തി നേടിയത്. ആ ത്യാഗത്തിലൂടെ ലോകം ക്രിസ്തുവിനെ കാണുവാനിടയാകുകയും ചെയ്തു.

ബാല്യകാലത്തിൽതന്നെ ത്യാഗം ഒരു സ്വാഭാവമായി സ്വീകരിച്ച മഹാത്മാവാണ് ഫാദർ ഡാമിയൻ. ക്രിസ്തുവിന്റെ ആദർശങ്ങളാണ് കുട്ടിക്കാലം മുതൽക്കേ അദ്ദേഹത്തിന്റെ മനസ്സിൽ പതിഞ്ഞത്. മൊളോക്കോ ദ്വീപിലെ കുഷ്ഠരോഗികൾക്കുവേണ്ടി ജീവൻ അർപ്പിച്ച ഫാദർ ഡാമിയൻ ലോകത്തിന് എന്നും മാതൃകയാണ്. "ലോകത്തിൽ ആരാലും അറിയപ്പെടാത്തവനായി എന്റെ കർമ്മം ചെയ്യാനാണ് ഞാൻ ആഗ്രഹിക്കുന്നത്." ഇതാണ് ഡാമിയന്റെ വാക്കുകൾ. ലോകമെമ്പാടും അദ്ദേഹത്തിന്റെ പ്രശസ്തി വളർന്നു. 1881 സെപ്തംബറിൽ ഹാവായിലെ ഒരു പത്രം എഴുതി "സകല മനുഷ്യരാലും പരിത്യക്തരായി. സർവ്വ മനുഷ്യരും സമീപിക്കാനറയ്ക്കുന്ന കുഷ്ഠരോഗികൾക്കുവേണ്ടി സ്വമനസ്സാലെ ജീവിതം ഉഴിഞ്ഞുവച്ച ഫാദർ ഡാമിയൻ മാനവചരിത്രത്തിലെ മനുഷ്യസ്നേഹിയായ ത്യാഗസമ്പന്നനാണ്. ഒടുവിൽ കുഷ്ഠരോഗിയായി, പരോപകാരത്തിനായി അദ്ദേഹം സ്വജീവനെ ബലികഴിച്ചു."

നമ്മുടെ സഭയിൽ ഇപ്രകാരം മാതൃക കാണിച്ചുതന്നവർ ഉണ്ടായിരുന്നു. അവർ ആരെന്ന് നമുക്ക് നോക്കാം.

1. സമൂഹത്തിൽ അവശരായ ആളുകൾ തള്ളപ്പെട്ടു കിടന്ന സാഹചര്യങ്ങളിലേക്ക് ഇറങ്ങിത്തിരിച്ച് അവരുടെ ഉദ്ധാരണത്തിനായി കഠിനാദ്ധ്വാനം ചെയ്ത് ജീവിതകാലം മുഴുവൻ പ്രവർത്തിച്ച പത്രോസ് മാർ ഒസ്താത്തിയോസ് തിരുമേനി.

2. ഭാരതത്തിന്റെ വിവിധ സ്ഥലങ്ങളിൽ അനാഥക്കുഞ്ഞുങ്ങളെ പരിരക്ഷിക്കുന്നതിന്, പ്രത്യേകിച്ച് കുഷ്ഠരോഗികളുടെ കുഷ്ഠരോഗമില്ലാത്ത കുട്ടികളുടെയും എയ്ഡ്സ് രോഗികളുടെ രോഗമില്ലാത്ത കുഞ്ഞുങ്ങളുടെയും സംരക്ഷണത്തിനായി സ്ഥാപനങ്ങൾ ഉണ്ടാക്കി ശുശ്രൂഷിച്ചു നേതൃത്വം നല്കിയ സഭാരത്നം ഡോ. ഗീവറുഗീസ് മാർ ഒസ്താത്തിയോസ് തിരുമേനി.

3. എളിമയുടെ ഉത്തമമാതൃകയായി ജീവിച്ച് രോഗികളെ എന്നും സഹായിക്കുകയും യുവാക്കളുടെ ആത്മീയവളർച്ചയ്ക്കായി കഠിനാദ്ധ്വാനം ചെയ്യുകയും ചെയ്ത മാത്യൂസ് മാർ ബർന്നബാസ് തിരുമേനി.

ഈ പിതാക്കന്മാർ മലങ്കരസഭയിൽ ത്യാഗത്തിന്റെ ഉത്തമമാതൃക കാണിച്ചു. അനേകമാളുകളുടെ ചെറുതും വലുതുമായ ത്യാഗത്തിന്റെ ഫലമാണ് നാമനുഭവിക്കുന്ന സുഖങ്ങളും സൗഭാഗ്യങ്ങളും. നമ്മുടെ മാതാപിതാക്കൾതന്നെ ത്യാഗബുദ്ധിയോടുകൂടി പരിചരിച്ചും ശുശ്രൂഷിച്ചുമാണ് നമ്മെ വളർത്തിയത്. സ്നേഹമുള്ളയിടത്തുമാത്രമേ ത്യാഗം ഉണ്ടാകൂ. ത്യാഗമില്ലാത്ത സ്നേഹം യഥാർത്ഥ സ്നേഹമാകുകയില്ല. സമൃദ്ധിയുടെ പാരമ്യത്തിൽ സ്നേഹം യഥാർത്ഥ സ്നേഹമാകുകയില്ല. സമൃദ്ധിയുടെ പാരമ്യത്തിൽ സ്നേഹം കുറയുന്നതായി അനുഭവപ്പെടുന്നു. ത്യാഗമില്ലാത്തിടത്ത് സ്നേഹം ദുർബലമാണ്.

ദൈവം നമുക്ക് കഴിവുകൾ തന്നിരിക്കുന്നത് ഒരു ജീവിതവരുമാനമാർഗ്ഗമായിട്ടല്ല. ദൈവശുശ്രൂഷയ്ക്കായിട്ടാണ് പ്രഥമമായി അവ നല്കിയിരിക്കുന്നത്. നമുക്ക് എന്തെങ്കിലും കിട്ടുക എന്നതല്ല. ദൈവത്തിനായി എന്തെങ്കിലും ചെയ്യുക എന്നതായിരിക്കണം നമ്മുടെ ലക്ഷ്യം. മുമ്പേ അവന്റെ രാജ്യവും നീതിയും അന്വേഷിപ്പിൻ. അതോടുകൂടെ ഇതൊക്കെയും നിങ്ങൾക്കു കിട്ടും" എന്ന് കർത്താവ് അരുളിച്ചെയ്തിരിക്കുന്നു (മത്തായി 6:33). "ഓരോരുത്തനു വരം ലഭിച്ചതു പോലെ വിവിധമായുള്ള ദൈവകൃപയുടെ നല്ല കാര്യവിചാരകന്മാരായി അതിനെക്കൊണ്ട് അന്യോന്യം ശുശ്രൂഷിപ്പിൻ (1 പത്രൊസ് 4:10). നമുക്ക് നല്കിയിരിക്കുന്ന ആത്മീയവരങ്ങൾ, കഴിവുകൾ, ഹൃദയത്തിന്റെ ആഗ്രഹങ്ങൾ, ജീവിതാനുഭവങ്ങൾ എന്നിവയെല്ലാം ദൈവശുശ്രൂഷയായി നമുക്ക് സമർപ്പിക്കാം.

## നമുക്ക് പ്രാർത്ഥിക്കാം

*ദൈവമേ, നിന്റെ സ്നേഹത്തിൽ വ്യാപരിച്ച് മറ്റുള്ളവർക്കുവേണ്ടി നല്ലതു ചെയ്യുവാനും ത്യാഗം അനുഷ്ഠിച്ച് നിന്നെ പ്രസാദിക്കുവാനും ഞങ്ങൾക്ക് ഇടയാക്കണമെ. ആമ്മീൻ.*

## നിശ്ചയം

**ഞങ്ങൾ ഏതെല്ലാം കാര്യങ്ങളിൽ സമർത്ഥരാണോ ആ കാര്യങ്ങൾ എല്ലാം ദൈവമഹത്വത്തിനായും ദൈവരാജ്യവ്യാപനത്തിനായും സഭയിലൂടെ പ്രവർത്തിച്ചു ദൈവത്തെ പ്രസാദിപ്പിക്കും.**

## പ്രവർത്തനങ്ങൾ

1. ലോകത്തിൽ ഏറ്റവും വലിയ ത്യാഗം ഏത്? ആ ത്യാഗം ആരുടേത്?
2. ലോകചരിത്രത്തിൽനിന്ന് ത്യാഗത്തിന്റെ മൂന്നു ഉദാഹരണങ്ങൾ, വ്യക്തികളുടെ പേര് എന്നിവ എഴുതുക.

3. ത്യാഗത്തിന്റെ മാതൃക കാണിച്ചുതന്ന മറ്റു വ്യക്തികളെ കണ്ടുപിടിക്കുവാൻ ശ്രമിക്കുക. അവരുടെ പേരുകൾ എഴുതുക.
4. മലങ്കര സഭയിൽ ത്യാഗത്തിന്റെ മാതൃകകൾ കണ്ടുപിടിക്കുക.

## തുടർ വായനയ്ക്ക്

| ദിവസം | രാവിലെ | വൈകുന്നേരം |
|---|---|---|
| ഞായർ | * | മത്തായി 19:27-29 |
| തിങ്കൾ | ഫിലി. 1:1-11 | യോഹ. 3:10-16 |
| ചൊവ്വ | എബ്രാ. 10:8-18 | ലൂക്കോ. 18:28-30 |
| ബുധൻ | റോമർ 8:28-30 | ലൂക്കോ. 17:33-37 |
| വ്യാഴം | യശ. 55:9-13 | 1 യോഹ. 3:16-18 |
| വെള്ളി | റോമർ 8:37-39 | റോമർ 12:1-5 |
| ശനി | 2 പത്രോസ് 3:8-18 | * |

പാഠം 25

# നിയമത്തോടുള്ള ആദരവ്

**മുഖ്യസന്ദേശം:** ദൈവദത്തമായതും രാഷ്ട്രനിർമ്മിതവുമായ നിയമങ്ങളെ നമ്മുടെ വ്യക്തിത്വവളർച്ചയ്ക്ക് ഉപയുക്തമാക്കിത്തീർക്കുക.

**മനഃപാഠവാക്യം:** "സകല മാനുഷനിയമത്തിനും കർത്താവിൻ നിമിത്തം കീഴടങ്ങുവിൻ" (1 പത്രോസ് 2:13).

## ആമുഖം

നമ്മൾ ജീവിക്കുന്ന ലോകത്തിൽ നമുക്ക് ചില നിയന്ത്രണങ്ങൾ ആവശ്യമാണ്. നിയന്ത്രണങ്ങൾ ഇല്ലെങ്കിൽ നമ്മുടെ പ്രയാണം നാശത്തിലേക്കുള്ളതാകും. നാശത്തിലേക്കല്ല നന്മയിലേക്ക് വളർന്നുവരണമെന്നാണ് മനുഷ്യനെക്കുറിച്ച് ദൈവത്തിന്റെ ഉദ്ദേശ്യം. നിയമം മൂലമാണ് ഇങ്ങനെയുള്ള നിയന്ത്രണം ലോകത്തിൽ ലഭ്യമായത്. അത് എന്തിനുവേണ്ടിയാണ്? അത് പരിപാലിക്കുന്നതിൽ നമുക്ക് ലഭ്യമാകുന്ന സന്തോഷമെന്ത്? ഈ ചോദ്യങ്ങൾക്ക് ഉത്തരം തരുന്നതാണ് ഈ പാഠം.

## പാഠഭാഗം

നാം സ്കൂൾ സമയത്തിനുമുമ്പ് സ്കൂളിൽ എത്താറില്ലേ? എത്തിയാൽ നാം എന്താണ് ചെയ്യുന്നത്? ചിലരൊക്കെ കളിവിനോദങ്ങളിൽ ഏർപ്പെടും. മറ്റു ചിലർ കൂട്ടുകാരോട് വർത്തമാനം പറഞ്ഞിരിക്കും. മറ്റുചിലർ ലൈബ്രറിയിലിരുന്നു പുസ്തകങ്ങൾ വായിക്കും, സ്കൂൾ സമയമാകുമ്പോൾ ഒരു മണിയടി കേൾക്കും. എല്ലാവരും ക്ലാസ്സിൽ കയറിയിരിക്കും. ഇതിനു കാരണമെന്താണ്? അതാണ് സ്കൂളിലെ നിയമം. ഈ നിയമം അനുസരിക്കുന്നതു ഗുരുക്കന്മാരുടെ സന്തോഷത്തിനു കാരണമാകും. അനുസരിക്കാതിരുന്നാൽ അത് ശിക്ഷ ലഭിക്കുവാൻ കാരണമാകും.

### നിയമം വിശുദ്ധ വേദപുസ്തകത്തിൽ

ഏദൻതോട്ടത്തിൽ മനുഷ്യനെ സൃഷ്ടിച്ച് കാര്യവിചാരകനായി നിയമിച്ചാക്കിയപ്പോൾ ദൈവം അവന് സ്വാതന്ത്ര്യം നല്കിയിരുന്നു. എന്നാൽ ജീവിതത്തിൽ ഒരു നിയന്ത്രണം ഏർപ്പെടുത്തി. "എന്നാൽ നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷത്തിന്റെ ഫലം തിന്നരുത്; തിന്നുന്ന നാളിൽ നീ മരിക്കും" (ഉല്പത്തി 2:17). മനുഷ്യൻ സ്വതന്ത്രബുദ്ധിയുള്ളവനായിട്ടാണ് (Freewill) സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. എന്നാൽ ദൈവകല്പനകളെ അനുസരിപ്പാൻ അവൻ ബാധ്യസ്ഥനാണ്. ഇത് അറിയിക്കുന്നതിനാണ് ദൈവം ഇപ്രകാരം മനുഷ്യനോട് കല്പിച്ചത്. മോശെയുടെ കാലത്ത് ജനം വർദ്ധിച്ചപ്പോൾ അവർക്ക് ജീവിക്കേണ്ടതിന് പ്രമാണങ്ങളെ കൊടുക്കേണ്ടത് ആവശ്യമായി വന്നു. ദൈവം മോശെ മുഖാന്തിരം പത്തു കല്പനകൾ യിസ്രായേൽ ജനത്തിന് നല്കി (പുറ. 20:1-17). കൂടാതെ കാലാകാലങ്ങളിൽ മനുഷ്യൻ ജീവിക്കേണ്ട വഴികളെ പ്രവാചകന്മാർ മുഖേന ദൈവം അറിയിച്ചു. യേശുക്രിസ്തു പഴയനിയമപ്രമാണങ്ങളുടെ യഥാർത്ഥ അർത്ഥം പഠിപ്പിച്ചു.

നമ്മുടെ കർത്താവിന്റെ അടുത്ത് ശിഷ്യനായ പത്രോസ് വന്ന് ചുങ്കം പിരിവുകാർ കരം ആവശ്യപ്പെട്ടതായി അറിയിച്ചു. ദൈവപുത്രനായ അവിടുന്ന് ദൈവാലയത്തിലേക്കുള്ള കരം കൊടുക്കുവാൻ ബാധ്യസ്ഥനല്ല എന്ന് പത്രോസിനെ അറിയിച്ചു. തുടർന്ന് കർത്താവ് പത്രോസിനോട് പറഞ്ഞു “എന്നാൽ നാം അവർക്ക് ഇടർച്ച വരുത്തേണ്ട, നീ കടലിൽ പോയി ചൂണ്ടയിടുക. ആദ്യം കിട്ടുന്ന മത്സ്യത്തിന്റെ വായിൽനിന്നും കിട്ടുന്ന പണം എനിക്കും നിനക്കുമായി നല്കുക.” ഇവിടെ ലോകൈക നാഥനായ കർത്താവ് രാഷ്ട്രനിയമങ്ങൾക്ക് വിധേയപ്പെടുന്നതു കാണാം. ഏതു സമൂഹത്തിനും അതിന്റെ സുസ്ഥിതിക്കും നിലനില്പ്പിനും ആവശ്യമായ നിയമങ്ങൾ കൂടിയേ തീരൂ. അത് നിർമ്മിക്കുവാനും നടപ്പിൽ വരുത്തുവാനുമുള്ള അധികാരം സമൂഹത്തിനുണ്ട്. അംഗങ്ങൾ ആ നിയമങ്ങൾ സ്വീകരിക്കുകയും അനുസരിക്കുകയും ചെയ്തേ മതിയാകൂ.

### അലിഖിത നിയമങ്ങൾ

പ്രകൃതി മുഴുവൻ ഒരു നിയമത്തിനു വിധേയമായാണ് ചലിക്കുന്നത്. സൂര്യൻ, ചന്ദ്രൻ, നക്ഷത്രങ്ങൾ, വെള്ളം, കല്ല്, മണ്ണ് മുതലായ ഭൗതിക വസ്തുക്കളെ നിയന്ത്രിക്കുന്നത് നിയമമാണ്. ഭൗതികനിയമങ്ങൾക്ക് ഉദാഹരണങ്ങൾ വെള്ളം മുകളിൽനിന്ന് താഴേക്ക് ഒഴുകുക, ഭൂമി സൂര്യന് ചുറ്റും സഞ്ചരിക്കുക മുതലായവയാണ്. ശാസ്ത്രീയനിയമങ്ങൾക്ക് അടിസ്ഥാനം ഈ ഭൗതികനിയമങ്ങളാണ്. ഭൗതികവസ്തുക്കളെ അപേക്ഷിച്ച് ജീവനുള്ള വസ്തുക്കൾക്ക് മറ്റു ചില നിയമങ്ങൾകൂടി ബാധകമാണ്. അവയെ ജീവനിയമങ്ങൾ എന്നു പറയും. ചെടികളിൽ ശലഭങ്ങൾ മുഖേന പരാഗണം നടക്കുക പ്രകൃതി നിയമമാണ്. മനുഷ്യന് ആവശ്യമായ ധാർമ്മികനിയമങ്ങൾ ഉണ്ട്. തിന്മയെ ചെറുക്കുന്നതിന്റെ നന്മയിൽ നിലനില്ക്കുന്നതിനും മനുഷ്യനെ പ്രേരിപ്പിക്കുന്നതും അനശ്വരനന്മയിലേക്ക് മനുഷ്യനെ നയിക്കുന്നവയുമാണ് ധാർമ്മികനിയമങ്ങൾ.

### ലിഖിതനിയമങ്ങൾ

സമൂഹമായും രാഷ്ട്രമായും ജീവിക്കുന്ന മനുഷ്യന്റെ അവകാശങ്ങൾ സംരക്ഷിക്കുന്നതിന് നിയമങ്ങൾ നിർമ്മിക്കേണ്ടത് രാഷ്ട്രത്തിന്റെ ആവശ്യമായി വന്നു. ജന്മനാ സ്വാർത്ഥതല്പരനായ മനുഷ്യൻ മറ്റുള്ളവരുടെ ആവശ്യങ്ങളെ നിഷേധിക്കുന്നതുമൂലം പൊതുജീവിതം വിഷമകരമാക്കിത്തീർക്കുന്നു. അതുപോലെ വ്യക്തികളുടെ സ്വത്തിനും ജീവനും ഭീഷണി ഉയർത്തുന്ന അക്രമവാസനയുള്ളവർ സമൂഹത്തിന്റെ സമാധാന അന്തരീക്ഷം തകർക്കുന്നു. ഇത്തരം സാഹചര്യത്തിൽ മനുഷ്യന്റെ അവകാശങ്ങൾ സംരക്ഷിക്കുവാൻ നിയമങ്ങൾ നിർമ്മിക്കേണ്ടതാവശ്യമായി വന്നു. അങ്ങനെ ലിഖിതനിയമങ്ങൾ രൂപംകൊണ്ടു.

### നിയമങ്ങൾ എന്തിന്?

സാമൂഹ്യജീവിതത്തിന്റെ ഭദ്രതയാണ് എല്ലാ നിയമങ്ങളുടെയും ഉദ്ദേശ്യം. റോഡിലൂടെ നടക്കുകയും വാഹനങ്ങൾ ഓടിക്കുകയും ചെയ്യുന്നവർ ട്രാഫിക് നിയമങ്ങൾ അനുസരിക്കേണ്ടതുണ്ട്. റോഡ് ഉപയോഗിക്കുന്നവരുടെ സുരക്ഷിതത്വത്തിനുവേണ്ടിയാണ് ഈ നിയമങ്ങൾ. തിന്മയിലേക്ക് കുതിച്ചുപോകുന്ന മനുഷ്യനെ കടിഞ്ഞാണിട്ട് നിർത്തുന്നത് നിയമങ്ങളാണ്. രാഷ്ട്രത്തോടുള്ള കടമയാണ് രാഷ്ട്രനിയമങ്ങൾ അനുസരിക്കുന്നത്. അത് രാഷ്ട്രത്തോടുള്ള ആദരവു മാത്രമല്ല, സമസൃഷ്ടങ്ങളോടുള്ള ആദരവുകൂടിയാണ്. നാം നമ്മുടെ ഇഷ്ടത്തിനൊത്തു കഴിയുമ്പോൾ അത് ചിലപ്പോൾ മറ്റുള്ളവരുടെ ഇഷ്ടത്തെ ഹനിച്ചെന്നു വരാം. എല്ലാവരുടെയും അവകാശങ്ങൾ സംരക്ഷിക്കുവാനാണ് നിയമങ്ങൾ.

**നീതി ലഭിക്കാൻ നിയമങ്ങൾ**

ഒരുവന് അർഹമായത് ലഭിക്കുന്നതാണ് നീതി. നീതി നിഷേധിക്കപ്പെടുമ്പോൾ നിയമം സംരക്ഷയ്ക്കെത്തും. നമ്മുടെ നിയമസംഹിത അനുസരിച്ച് രാഷ്ട്രത്തിന്റെ ഭരണഘടന പ്രഥമമായി ഉറപ്പുതരുന്ന അവകാശം നീതിയാണ്. ഇന്ത്യയിലെ ഓരോ പൗരനും നീതി ലഭിച്ചാൽ മാത്രമേ നാം വിഭാവന ചെയ്യുന്ന ക്ഷേമരാഷ്ട്രം പടുത്തുയർത്താൻ കഴിയൂ.

**നിയമപാലന വകുപ്പ്**

നിയമങ്ങളെപ്പറ്റി നാം ബോധവാന്മാരാണെങ്കിലും അത് ലംഘിപ്പാനുള്ള വാസനയും നമ്മിൽ ഉള്ളതിനാൽ പലപ്പോഴും നിയമലംഘനങ്ങൾ സമൂഹത്തിൽ കാണാം. ഇങ്ങനെയുള്ള സന്ദർഭത്തിൽ കുറ്റാന്വേഷണവകുപ്പും നീതിന്യായകോടതികളും നിയമപാലനത്തിന് നമ്മെ സഹായിക്കും.

**ദൈവദത്തമായ നിയമത്തിനുള്ള സ്ഥാനം**

സർവ്വ അധികാരങ്ങളും ദൈവത്തിൽനിന്നാണ് ലഭിക്കുന്നത് (റോമർ 13:1-3). എന്നാൽ ചിലപ്പോൾ അധികാരങ്ങളും പൈശാചികമായിത്തീരാം. വെളിപ്പാട് 13:1 ലെ കൊമ്പുകൾ അധികാരത്തിന്റെ സൂചനയാണ്. സിവിൽ നിയമങ്ങൾ ദൈവദത്തമായ നിയമങ്ങളോട് പൊരുത്തപ്പെടുന്നവയാകണം. സൃഷ്ടാവായ ദൈവത്തോടുള്ള കടമയാണ് എല്ലാത്തിനും വലുത്.

ഇന്ത്യയിൽ നടപ്പിൽ വന്നിരിക്കുന്ന വിവരാവകാശ നിയമം വഴി രാജ്യരക്ഷാപരവും മറ്റുമായുള്ള ചില രഹസ്യ സ്വഭാവമുള്ളവയൊഴികെ മറ്റു കാര്യങ്ങൾ അറിയാൻ ഒരു ഇന്ത്യൻ പൗരന് അവകാശം നല്കുന്നു. മനുഷ്യന്റെ ഉയർച്ചയും അഭിവൃദ്ധിയും ലക്ഷ്യമാക്കിയുള്ളവയാണ് നിയമങ്ങൾ. ദൈവകല്പനകളെയും അങ്ങനെയാണ് നമ്മൾ മനസ്സിലാക്കേണ്ടത്. 'പത്തു കല്പനകൾ' ദൈവം നല്കിയത് യിസ്രായേൽ ജനത്തിനിടയിൽ ദൈവഭക്തിയും സ്നേഹവും സഹോദരസ്നേഹം, നീതി, സത്യനിഷ്ഠ മുതലായവയും നടക്കുന്നതിനുവേണ്ടിയായിരുന്നു. നമ്മുടെ കർത്താവിന്റെ പർവ്വതപ്രസംഗത്തിലെ ഭാഗ്യവർണ്ണനകൾ (മത്തായി 5: 3-12) ഇതിന്റെ തുടർച്ചയാണ്. എല്ലാ നിയമങ്ങളുടെയും ലക്ഷ്യം ജനങ്ങളുടെ നന്മ മാത്രം. തിന്മയെ തടഞ്ഞുനിർത്താനും നിയമങ്ങൾ സഹായിക്കുന്നു. ശിക്ഷയുടെ കാഠിന്യമോർത്തെങ്കിലും തിന്മ ചെയ്യാതിരിക്കട്ടെ എന്നതും നിയമത്തിന്റെ ഒരു വശമായിക്കാണാം. ദൈവകല്പനകളും സദാചാര നിയമങ്ങളുമെല്ലാം ഈ പശ്ചാത്തലത്തിലാണ് കാണേണ്ടത്. എല്ലാ കല്പനകളും നമ്മുടെ നന്മയെ ലക്ഷ്യമാക്കിയുള്ളവതന്നെ. നിയമങ്ങൾ നമ്മുടെ സ്വാതന്ത്ര്യം ഹനിക്കുന്നതിനല്ല, സ്വാതന്ത്ര്യം സംരക്ഷിക്കുന്നതിനാണ് ഉതകുന്നത്.

## നമുക്ക് പാടാം

യാതന വേദന വന്നാലും
കഷ്ടത പലതു വന്നാലും
നിയമങ്ങളൊക്കെ കാക്കുക നാം
അങ്ങനെ നല്ലവരാകുക നാം

## പ്രാർത്ഥിക്കാം

*ഞങ്ങളുടെ സൃഷ്ടാവായ ദൈവമേ, നീ ഞങ്ങൾക്കു തന്നിട്ടുള്ള പ്രമാണങ്ങളെ അനുസരിച്ച് ജീവിക്കുവാൻ സത്യത്തിന്റെയും നീതിയുടെയും വഴികളിൽ ഞങ്ങളെ നടത്തേണമെ. ആമ്മീൻ.*

## നിശ്ചയം

**ഞങ്ങൾ ജീവിക്കുന്ന രാജ്യത്തിൽ നിശ്ചയിക്കപ്പെട്ടിരിക്കുന്ന നിയമങ്ങൾക്കും ദൈവകല്പനകൾക്കും കീഴ്പ്പെട്ട് അവയോടു ആദരവ് കാണിച്ച് ഞങ്ങൾ ജീവിക്കും.**

## തുടർ വായനയ്ക്ക്

| ദിവസം | രാവിലെ | വൈകുന്നേരം |
|---|---|---|
| ഞായർ | * | 1 പത്രോസ് 5:1-11 |
| തിങ്കൾ | 1 പത്രോസ് 2:13-17 | റോമർ 13:1-7 |
| ചൊവ്വ | പുറപ്പാട് 22:1-3 | റോമർ 9:19-26 |
| ബുധൻ | 1 കൊരി. 10:23-33 | യോഹ. 18:28-32 |
| വ്യാഴം | 1 തിമോ. 2:22-26 | റോമർ 16:17-20 |
| വെള്ളി | മത്തായി 5:43-48 | എഫെ. 4:25-32 |
| ശനി | 1 യോഹ. 4:19-21 | * |

❖